# [illegible]

ജോസഫ് വെഷ്ബെഗ്ഗ്

1461

# A REPORTER AT LARGE

# സഞ്ചാരിയായ പത്രലേഖകൻ

# A REPORTER AT LARGE

By
JOSEPH WECHSBERG

*Translated by*
M. S. MONY

FIRST IMPRESSION MAY 1961.

Copyright, 1950, 1951 and 1952 by
The New Yorker Magazine, Inc.

PUBLISHERS
The Vidyarambham Press & Book Depot Private Ltd.,
MULLAKKAL, ALLEPPEY.

★

Printing: VIDYARAMBHAM PRESS

Rs. 2/-

# സഞ്ചാരിയായ പത്രലേഖകൻ

(ഇംഗ്ലീഷ് മൂലഗ്രന്ഥത്തിന്റെ പരിഭാഷ)

KOTT-AYAM PUBLIC LIBRARY
70846
KOTTAYAM.

ഗ്രന്ഥകർത്താ

**ജോസഫ് വെഷ്ബർഗ്ഗ്**

വിവർത്തകൻ

**എം. എസ്സ്. മണി**

★

പ്രകാശകർ

**ദി വിദ്യാരംഭം പ്രസ്സ് & ബുക്ക് ഡിപ്പോ**

പ്രൈവററ് ലിമിററഡ്

മുല്ലയ്ക്കൽ, ആലപ്പുഴ.

★

ഒന്നാം പതിപ്പ്

മലയാള വിവൎത്തനത്തിന്റെ
പകൎപ്പവകാശം
പ്രകാശകൎക്ക്.

മേയ് 1961.

വില ക. 2-00.

അച്ചടി:
വിദ്യാരംഭം പ്രസ്സ്
ആലപ്പുഴ.

# ജോസഫ് വെഷ്ബർഗ്ഗ്

ജോസഫ് വെഷ്ബർഗ്ഗ് നാല്പത്തിയാറു വഷങ്ങൾക്കു മുമ്പു് ചെക്കൊസ്ലോവാക്കിയായിൽ ഭൂജാതനായി. പ്രേഗ് സർവ്വകലാശാലയിലെ നിയമവിദ്യാലയത്തിലും വിയന്നാ സംഗീതവിദ്യാലയത്തിലും, അദ്ദേഹം പഠിക്കുകയും ഔപചാരികമായ അദ്ധ്യയനത്തിനു പുറമേ ഒരു കപ്പലിലെ ഗായകനെന്നനിലയിൽ ലോകം ചുററിസഞ്ചരിച്ചു് അനൗപചാരികമായ അഭ്യസനം നടത്തുകയും ചെയ്തു. കഴിഞ്ഞ 21 വർഷക്കാലമായി അദ്ദേഹം ലേഖനങ്ങൾ എഴുതിവരികയാണു്. ആദ്യം ജമ്മൻ ഭാഷയിലും, പിന്നീടു് ചെക്കു് ഭാഷയിലും, അതിനുശേഷം ഫ്രഞ്ചു് ഭാഷയിലും, എഴുതിക്കൊണ്ടിരുന്ന വെഷ്ബർഗ്ഗ് ഒടുവിൽ ഇംഗ്ലീഷിൽ എഴുതിത്തുടങ്ങി. 1938-ൽ അദ്ദേഹം അമേരിക്കയിൽ വന്നു് ഒരമേരിക്കൻ പൗരനായിത്തീരുന്നതിനുമുമ്പു് ഇംഗ്ലീഷ് ഭാഷയിൽ അദ്ദേഹത്തിനു വലിയ സ്വാധീനമൊന്നും ഉണ്ടായിരുന്നില്ല. അനുക്രമമായി ബഹുവിധം ജീവിതവൃത്തികളിൽ അത്ഭുതാവഹമാംവണ്ണം അദ്ദേഹം ഏപ്പെട്ടിട്ടുണ്ടു്. അഭിഭാഷകൻ, വയലിൻ ഗായകൻ, ക്യാമറാമാൻ, കലാസ്വാദകൻ, മാർട്ടു് വില്പനക്കാരൻ, പത്രലേഖകൻ, ഭടൻ എന്നീ നിലകളിൽ ഒരു തൊഴിലല്ലെങ്കിൽ മറെറാരു തൊഴിൽ അദ്ദേഹം എപ്പോഴും ചെയ്തുവന്നു. സ്വജീവിതത്തിൽ ഏതാണ്ടു് കാൽ

ഭാഗം അദ്ദേഹം യൂണിഫോറത്തിലായിരുന്നു. യുദ്ധാനന്തര ചെക്കൊസ്ലോവാക്ക് സേനയിൽ ആദ്യം ഒരു ലെഫ്റ്ററനൻറായും, അമേരിക്കൻ സൈക്കാളജിക്കൽ വാർഫെയർ ഡിവിഷണിലും ഓ. എസ്സ്. എസ്സിലും ഒരു ടെക്നിക്കൽ സർജന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഈ യോദ്ധാവ് യൂറോപ്പിലാണ് നിയോഗിക്കപ്പെട്ടിരുന്നത്.

യുദ്ധാനന്തരം മി. വെഷ്ബർഗ്ഗ് അമേരിക്കൻ മാസികകൾക്ക് റിപ്പോർട്ടുകൾ അയച്ചുകൊണ്ടു്, യൂറോപ്പ്, ആഫ്രിക്കാ, മദ്ധ്യപൂർവ്വദേശം എന്നിവിടങ്ങളിൽ തുടർച്ചയായി സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ അവസരങ്ങളിൽ ഒട്ടുമിക്കവാറും അദ്ദേഹം ഇരുമ്പുമറയ്ക്കു സമീപമോ അതിനു തൊട്ടു പുറകിലോ ആയിരുന്നു. പ്രമുഖ വ്യക്തികളെ സംബന്ധിച്ചു് അവിടെനിന്നു് പത്രങ്ങൾക്കു് തലക്കെട്ടു സന്ദേശങ്ങൾ അയയ്ക്കാൻ കഴിഞ്ഞാൽ അതു് വ്യക്തിപരമായിത്തന്നെ ഒരു നേട്ടമാണ്. എന്നാൽ അത്തരം വത്തമാനങ്ങൾ അയയ്ക്കുന്നതിൽ വെഷ്ബർഗ്ഗിനു് വലിയ താല്പര്യമില്ല. പത്രങ്ങളിലെ തലക്കെട്ടുകളിൽ അപൂർവ്വമായി മാത്രം പ്രത്യക്ഷപ്പെടുന്നവരും, എന്നാൽ ലോകത്തിൽ യഥാർത്ഥമായി എന്തു നടക്കുന്നു എന്നു് കൂടുതലായി പറയാൻ കഴിയുന്നവരുമായ സാധാരണ ജനങ്ങളിലാണു് വെഷ്ബർഗ്ഗ് കൂടുതൽ താൽപര്യം പ്രദർശിപ്പിക്കുന്നതു്.

അമേരിക്കയിൽ വ്യാപകമായി സഞ്ചരിച്ച് ഈ രാജ്യത്തിന്റെ വൈപുല്യവും വിഭവസമൃദ്ധിയും, ജനങ്ങളുടെ വികാരാവേശങ്ങളും നേരിട്ടു മനസ്സിലാക്കിയിട്ടുള്ള വെഷ്ബർഗ്ഗ് ഒരമേരിക്കൻ പൗരനായിരിക്കുന്നതിൽ അഭിമാനംകൊള്ളുന്നു. അദ്ദേഹം വിവാഹിതനാണ്. പെപ്പി എന്ന പേരിൽ മൂന്നു വയസ്സുള്ള ഒരു പെൺകുട്ടിയുടെ പിതാവാണദ്ദേഹം. കണക്റ്റിക്കട്ടിൽ അദ്ദേഹത്തിന് സ്വന്തമായി ഒരു വീടുണ്ട്. സുഖഭക്ഷണം, വയലിൻ വായന, പത്രങ്ങൾക്കു ലേഖനമെഴുത്ത് എന്നിവയാണ് അദ്ദേഹത്തിൻെറ വിശ്രമപരിപാടികൾ.

സാററർഡേ ഈവ്നിങ് പോസ്റ്റ്, റീഡേഴ്സ് ഡൈജസ്റ്റ്, കോളിയേഴ്സ് മാസിക, ന്യൂയോർക്കർ, അററ്ലാന്റിക്ക് മന്ത്‌ലി, ഹാപ്പേഴ്സ് ബസാർ മുതലായ അമേരിക്കൻ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം വളരെയധികം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

വെഷ്ബർഗ്ഗ് താഴെ പറയുന്ന ഗ്രന്ഥങ്ങളുടെ കർത്താവാണ്. ബ്ളൂ ട്രൗട്ട് & ബ്ലാക്ക് ട്രഫിൾസ്, ദി കാണ്ടിനന്റൽ ടച്ച്, സ്വീററ് ആൻഡ് സോർ, ലുക്കിങ് ഫോർ ഏ ബ്ളൂ ബേർഡ്, ഹോംകമിങ്.

★

സഞ്ചാരിയായ പത്രലേഖകൻ

# യുദ്ധാനന്തരകാലത്തെ യൂറോപ്പിലെ അനുഭവ സ്മരണകൾ

★

## ഇതിനുള്ളിൽ


| | | പേജ് |
|---|---|---|
| 1. | ചെന്നായ്ക്കളോടൊത്തു് ഓലിവിളി. | 1 |
| 2. | പശ്ചിമബർലിനിലെ ലാർഡ് മേയർ. | 59 |
| 3. | ബുഷ്ബെക്ക് ആൻഡ് ഹോംസ്മാൻ കമ്പനിയുടെ ഭാഗ്യനിർഭാഗ്യങ്ങൾ. | 107 |
| 4. | അവരുടെ മുഖങ്ങൾ ഓർമ്മിക്കൂ, പേരുകൾ കുറിച്ചുവയ്ക്കൂ. | 139 |
| 5. | ധാതുജലസുഖവാസകേന്ദ്രത്തിലെ ലഘുപ്രയത്നനിയമങ്ങൾ. | 177 |
| 6. | വിലങ്ങുതടി. | 217 |


★

# സഞ്ചാരിയായ പത്രലേഖകൻ

## 1

### ചെന്നായ്ക്കളോടൊത്ത് ഓലിവിളി

കാറൽ ജൻഡായെ—ഞാൻ തല്ക്കാലം അദ്ദേഹത്തെ അങ്ങനെതന്നെ വിളിക്കട്ടെ—കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷക്കാലമായി, എന്നുവച്ചാൽ, ഞാൻ പ്രേഗ് സർവകലാശാലയിൽ ഒരു വിദ്യാർത്ഥിയായിരുന്ന കാലം മുതൽ എനിക്കറിയാം. അദ്ദേഹം അക്കാലത്ത് ഒരു ചെറിയ വ്യാപാരശാലയിൽ ക്ലാർക്കായിരുന്നു; പിന്നീട് അതിൻെറ മാനേജരായി. ഞങ്ങൾ ഭിന്നരുചികളായിരുന്നെങ്കിലും എന്നും ഉററ സുഹൃത്തുക്കളായിരുന്നു. ഞാൻ മാത്താ എന്നുവിളിക്കുന്ന പ്രസന്നമുഖിയും

പിംഗലഗാത്രിയുമായ വനിതയെയാണ് അദ്ദേഹം വിവാഹം കഴിച്ചതു്. അവരുടെ കല്യാണത്തിന് ഞാനും പോയിരുന്നു. ചെക്കൊസ്ലൊവാക്കിയായുടെ വിമോചനം നടന്നുകഴിഞ്ഞ കാലത്തോടടുപ്പിച്ചു് ഞാൻ അവരുടെ ഭവനം സന്ദർശിക്കുകയും ആ ദമ്പതികളുടെ രണ്ടു കുട്ടികളേയും കാണുകയുംചെയ്തു. അന്റോണിൻ എന്നും മററിൽഡാ എന്നുമാണ് ഞാൻ അവരെ വിളിക്കുന്നതു്. ആ കുട്ടികൾക്കു് ഇപ്പോൾ യഥാക്രമം പതിനേഴും പന്ത്രണ്ടും വയസ്സായിട്ടുണ്ടു്. വീണ്ടും 1948-ൽ ഞാൻ അവരെ സന്ദർശിച്ചു. ഈയിടെ ഒരിക്കൽക്കൂടി, ഒരുപക്ഷെ, ഇതൊടുവിലത്തേതായിരിക്കാം, ഞാൻ പ്രേഗിലെത്തിയപ്പോഴും അവരെ കാണുകയുണ്ടായി. ഈ അവസരത്തിൽ, ഞാൻ ജൻഡായെ അദ്ദേഹത്തിന്റെ ആഫീസ് സമയത്തു് ഫോണിൽ വിളിച്ചു് എൻെറ ആഗമനവിവരം അറിയിക്കുകയാണുണ്ടായതു്. സന്തോഷപൂർവ്വം അദ്ദേഹം വിളികേട്ടു. എന്നാൽ ഉത്തരക്ഷണത്തിൽ എന്റെ സ്നേഹിതൻ എന്നോടു ചോദിച്ചു; ഞാൻ എവിടെനിന്നാണ് വിളിക്കുന്നതെന്നു്. എന്റെ ഹോട്ടലിൽനിന്നാണെന്നു ഞാൻ പറഞ്ഞു. ഇതു കേട്ടപ്പോൾ അദ്ദേഹത്തിൻെറ സ്വരത്തിൽനിന്നു് ആ ഹൃദ്യഭാവം മങ്ങിമായുന്നതുപോലെ എനിക്കു തോന്നി. തിടുക്കത്തിൽ അദ്ദേഹം എന്നോടു ചോദിച്ചു. “ഇന്നു രാത്രി ഏഴു് മുപ്പതിന് ഡിന്നർകഴിക്കാൻ വരാമോ?” വരാമെന്നു ഞാൻ പറഞ്ഞു. ധ്രുതഗതിയിൽ അദ്ദേഹം സംഭാഷണം അവസാനിപ്പിക്കുകയും ചെയ്തു.

അന്നു വൈകുന്നേരം ഞാൻ ജൻഡായുടെ ഭവനത്തിലേയ്ക്കു് ഇറങ്ങിത്തിരിച്ചപ്പോൾ, ആ നഗരത്തിലെ പഴയ ഭവനങ്ങളുടെ സ്ഥൂലരൂപങ്ങളും ദേവാലയഗോ

പുരങ്ങളും സന്ധ്യാകാശത്തിൽ മങ്ങി ഇരുണ്ടുകാണപ്പെട്ടു. വ്ളാട്ടാവാനദിക്കു കുറുകെ, ഹിരാകാൻഡി പ്രാകാരനിരകൾക്കു താഴെ, പഴയ കൊട്ടാരങ്ങളിൽ വിളക്കുകൾ കൊളുത്തിത്തുടങ്ങിയിരുന്നു. എന്റെ ചെറുപ്പകാലത്തു് ഇതുപോലെയുള്ള സായാഹ്നങ്ങളിൽ മങ്ങി മങ്ങിക്കത്തുന്ന ദീപങ്ങളും ഇരുണ്ട നിഴലുകളും, അടഞ്ഞ വാതലുകളിൽ നിന്നു് പതിഞ്ഞ ശബ്ദങ്ങളും, മന്ദമന്ദം വീശിയിരുന്ന ഇളംകാററും ഈ തെരുവീഥികളിലെ ജനങ്ങളിൽ അത്ഭുതാവഹമായ ഒരു പ്രതികരണമുണ്ടാക്കിയിരുന്നതു് ഞാൻ ഒരിക്കലും മറന്നിട്ടില്ല. അന്നൊക്കെ ഈ നഗരവാസികൾ നടത്തയുടെ ഗതിവേഗം കുറയ്ക്കുകയോ, നദീജലത്തിൽ ദീപങ്ങളുടെ പ്രകാശപൂരം പ്രതിഫലിക്കുന്ന കമനീയമായ കാഴ്ച കാണാനായിത്തന്നെ തെല്ലിട നില്ക്കുകയോ ചെയ്യുമായിരുന്നു. അത്രമാത്രമല്ല, തങ്ങൾ ഏതോ ഒരു പർവ്വതസാനുപ്രദേശത്തുള്ള വിശ്രമസങ്കേതത്തിൽ എത്തിയിരിക്കുകയാണോ എന്നു് കാണികൾക്കു തോന്നത്തക്കവിധം അവർ ശുദ്ധവായു വലിച്ചു ശ്വസിക്കുന്നതും അന്നു് ഇവിടങ്ങളിൽ സാധാരണമായ ഒരു കാഴ്ചയായിരുന്നു. ഇന്നാകട്ടെ, ഞാൻ ഈ തെരുവീഥികളിലൂടെ നടന്നപ്പോൾ പണ്ടത്തെപ്പോലെതന്നെ ഇളംകാററു വീശുന്നുണ്ടായിരുന്നു. വിളക്കുകളും, നിഴലുകളും, കെട്ടിടങ്ങളുടെ മട്ടുപ്പാവുകളുമെല്ലാം പഴയതുപോലെതന്നെയായിരുന്നു. എങ്കിലും എന്തോ ഒരു വ്യത്യാസം അനുഭവപ്പെട്ടുകയുണ്ടായി. അല്പം കഴിഞ്ഞപ്പോൾ, എനിക്കു മനസ്സിലായി, ആ വ്യത്യാസം ജനങ്ങൾക്കാണെന്നു്. ക്ഷീണം തീർക്കാനുള്ള ഒരു സാവകാശബോധംപോലും അവർ പ്രദർശിപ്പിച്ചുകണ്ടില്ല. ഏതോ നിർബ്ബന്ധ

ത്തിനു വിധേയരെന്നപോലെ അവർ ധ്രുതഗതിയിലാണു് നടന്നിരുന്നതു്. പരസ്പരം കണ്ണിൽപെടാതെ ഒഴിഞ്ഞുമാറി ഒരുവശത്തേയ്ക്കു് തുറിച്ചുനോക്കിക്കൊണ്ടായിരുന്ന അവരുടെ ഈ പോക്കു്. പ്രേഗിലെതെരുവീഥീകളിൽ മുമ്പൊക്കെ കേൾക്കാമായിരുന്ന ഗാനാലാപങ്ങളും, ആഹ്ലാദാരവങ്ങളുമെല്ലാം ഇന്നെങ്ങോ പോയ് മറഞ്ഞു. ഉന്തുവണ്ടികളുടേയും എഞ്ചിനുകളുടേയും ഘർഘരശബ്ദം മാത്രമേ ഇന്നു കേൾക്കാനുള്ളൂ.

ഒരുകാലത്തു് മാർഷൽ ഫോഷ്പിൻെറ നാമധേയം വഹിച്ചിരുന്നതും, അതിനുശേഷം റീച്ച്പ്രൊട്ടക്റ്റർ ബാരൺയ്യൂറത്തിൻെറ സ്മരണയെ നിലനിർത്തിയിരുന്നതും, ഇപ്പോൾ സ്റ്റാലിൻ സ്മാരകമായി നിലകൊള്ളുന്നതുമായ ഒരു തെരുവീഥിയുടെ മദ്ധ്യത്തായി ഇടത്തരക്കാരായ ആളുകൾ പാർക്കുന്ന മനോഹരമായ ഒരു സ്ഥലത്തു് അഞ്ചുമുറിയുള്ള ഒരു കെട്ടിടത്തിലാണു് ജൻഡാ ദമ്പതികൾ താമസിക്കുന്നതു്. ജൻഡാ ഭവനത്തിലേയ്ക്കുള്ള കോവ്ണിപ്പടിയുടെവാതൽ ഈ അവസരത്തിൽ അടച്ചുപൂട്ടിയിരുന്നു. ഒരു കോറുണാനാണയം പൂട്ടിൻെറ ദ്വാരത്തിൽ ഇട്ടാൽ ആർക്കും അതു തുറക്കാമായിരുന്നെങ്കിലും, എൻെറ കയ്യിൽ കോറുണാനാണയം തല്ക്കാലം ഇല്ലാതിരുന്നതിനാൽ വീട്ടുസൂക്ഷിപ്പുകാരിയുടെ താമസസ്ഥലത്തേയ്ക്കു് ഞാൻ മണികിലുക്കുകയാണുണ്ടായതു്. അല്പം കഴിഞ്ഞപ്പോൾ ഒരു തടിച്ച സ്ത്രീ താഴത്തെ നിലയിൽനിന്നു് കേറിവരുന്നതു കാണായി. മുടിപോലും ചീകിയൊതുക്കാതെ, ശയനമുറിയിലെ പാദുകകൾ ധരിച്ചുകൊണ്ടാണു് അവളുടെ വരവു്. ആ തടിച്ചസ്ത്രീസംശയദൃഷ്ട്യാഎന്നെ നോക്കി. എൻെറ മുൻ സന്ദർശനവേളകളിലും ഇവളെ കണ്ടിട്ടുള്ളതായി

ഞാൻ സ്മരിച്ചു. എന്നാൽ അവൾ എന്നെ ഓർത്തില്ല. അത്രയും നല്ലതുതന്നെ എന്ന് എനിക്കു തോന്നി. എനിക്ക് ആരെ കാണണമെന്ന് അവൾ ചോദിച്ചു. ഞാൻ വിവരം പറഞ്ഞശേഷം അവൾ ഒരു താക്കോൽ കൊണ്ട് കോവണിപ്പടിയുടെവാതിൽ തുറക്കുകയുണ്ടായി. തുടൎന്ന് എന്തൊക്കെയോ അവൾ സ്വയം പിറുപിറുത്തുകൊണ്ടിരിക്കേ, ഞാൻ നാലാം നിലയിലേയ്ക്കു് കടക്കുകയും, ജൻഡാ ഭവനത്തിലേയ്ക്കു മണികിലുക്കുകയും ചെയ്തു.

കതകുതുറക്കുന്നതു് ജൻഡായുടെ വീട്ടിലെ പാചകക്കാരിയായ എമ്മാ ആയിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചതു്. ഈ വീട്ടിലെ കുട്ടികൾ ജനിച്ച നാൾ മുതലേ അവൾ ഈ കുടുംബത്തിൽതന്നെയായിരുന്നു. എന്നാൽ എൻെറ പ്രതീക്ഷയ്ക്കു വിപരീതമായി ഇത്തവണ എമ്മായല്ല, മാർത്താ തന്നെയാണ് കതകുതുറന്നതു്. അവൾ തൻെറ ഉടുവസ്ത്രങ്ങൾക്കു മീതേ ഒരു മേലങ്കിധരിച്ചിരുന്നു. "ഹെല്ലോ," കൈ നീട്ടിക്കൊണ്ടു് മാൎത്താ പറഞ്ഞു. "അകത്തു വരൂ. കാറൽ ഇപ്പോഴാണ് ആഫീസിൽനിന്നു് നിങ്ങളെപ്പററി ഫോണിൽ വിളിച്ചറിയിച്ചതു്. ഇനി ഏതു നിമിഷത്തിലും അദ്ദേഹം ഇവിടെ എത്തിയേയ്ക്കും. ഈ വൈകുന്നേരം നിങ്ങൾ ഇവിടെ വരുമെന്നു് കുറെ നേരത്തെ ഞാൻ അറിഞ്ഞിരുന്നെങ്കിൽ! നിങ്ങൾക്കുവേണ്ടി എന്തെങ്കിലും വിശേഷാലായി തയാറാക്കാൻ എനിക്കു കഴിയുമായിരുന്നു. നമുക്ക് മുമ്പു കിട്ടിയിരുന്ന സാധനങ്ങളെല്ലാം ഇക്കാലത്തു കിട്ടുക അത്ര എളുപ്പമല്ല." അക്ഷമയായി ശ്വാസം പോലും വിടാതെയാണ് അവൾ സംസാരിച്ചതു്. മാൎത്താ ആകപ്പാടെ പരിഭ്രമിച്ചുവശായിരിക്കുകയാണെ

ന്നെനിക്കു തോന്നി. അതോടൊപ്പംതന്നെ താൻ സന്തുഷ്ടയാണെന്നു് ഭാവിക്കാൻ അവൾ ബദ്ധപ്പെടുകയുമായിരുന്നു. ഞാൻ മുമ്പു കണ്ടതിനെക്കാൾ ഇന്നു് അവളുടെ ശരീരത്തിന്റെ തൂക്കം വർദ്ധിച്ചിട്ടുണ്ടു്; കൈകൾക്കു മുമ്പില്ലാത്ത ഒരു പരുപരുപ്പുംകാഠിന്യവും വന്നിട്ടുമുണ്ടു്. ഹാളിന്റെ അററത്തുള്ള അടുക്കളയ്ക്കു നേരേ അവൾ തലയാട്ടി. "എമ്മാ എന്നെന്നേയ്ക്കുമായി ഇവിടം വിട്ടു കഴിഞ്ഞു"— മാർത്താ തുടർന്നു: മനഃപൂർവ്വമായിട്ടാണു് അവൾ അങ്ങനെ പറഞ്ഞതെന്നു് എനിക്കു തോന്നി. "കഴിഞ്ഞ മഞ്ഞുകാലത്തു് ഞങ്ങൾക്കു് അവളെ പറഞ്ഞയയ്ക്കേണ്ടിവന്നു. അവളെ ജോലിക്കു നിർത്തത്തക്ക വരവു് ഈ കുടുംബത്തിനില്ലെന്നാണു് കാറൽ പറഞ്ഞതു്. മാത്രമല്ല........" മാർത്താ അല്പമൊന്നു പതറി; അനന്തരം ഇങ്ങനെ തുടർന്നു: "വേലക്കാരെ നിർത്താവുന്ന കാലമല്ലിതു്. അയല്ക്കാരുടെ ഇടയിൽ അതു സംസാരവിഷയമായി."

മാർത്താ എന്നെ വീട്ടിന്റെ ഉൾമുറിയിലേയ്ക്കു നയിച്ചു. "നോക്കട്ടെ;" അവൾ പറഞ്ഞു. "നിങ്ങൾ കഴിഞ്ഞ തവണ എന്നാണിവിടെവന്നതു്?"

"1948 ജനവരിയിൽ," ഞാൻ അനുസ്മരിപ്പിച്ചു. "അട്ടിമറിക്കു് അല്പം മുമ്പു്."

"വിപ്ലവത്തിനു മുമ്പെന്നു പറയൂ"— അവൾ നിർദ്ദേശിച്ചു. എനിക്കു് ആശ്ചര്യം തോന്നി. പാർട്ടി മനഃസ്ഥിതിക്കാർ "അട്ടിമറി" എന്ന പദപ്രയോഗം ഒഴിവാക്കുന്നതിനു് എപ്പോഴും നിഷ്കർഷിച്ചിരുന്നു. എന്നാൽ മാർത്തായ്ക്കു് രാഷ്ട്രീയകാര്യങ്ങളിൽ അത്രവലിയ താല്പര്യമുള്ളതായി ഞാൻ ഒരിക്കലും അറിഞ്ഞിരുന്നില്ല.

വിശാലവും പ്രസന്നവുമായ ആ മുറിയിൽ ഓക്കു് മരപ്പലകകൾ നിരത്തിപ്പാകിയിരുന്ന തറ എന്നത്തേയും

പോലെ ഇന്നും വൃത്തിയായും വെടിപ്പായും തന്നെ കാണപ്പെട്ടു. ശുചിത്വബോധമുള്ള പ്രേഗ് വീട്ടമ്മമാർ നിലം കഴുകുന്നതിനു് സോപ്പും വെള്ളവും ഉപയോഗിക്കാറില്ല. അങ്ങനെ ചെയ്താൽ തറ ഇരുണ്ടുപോകുമെന്നാണവരുടെ അഭിപ്രായം. സോപ്പും വെള്ളവും ഉപയോഗിക്കുന്നതിനു പകരം അവർ ചെയ്യുന്നതു്, കമ്പിളി കൊണ്ടു് തറ തുടച്ചു് മിനുസപ്പെടുത്തുകയാണു്— കൊള്ളാം, നല്ല ജോലി! ഞാൻ നിലത്തേയ്ക്കു സൂക്ഷിച്ചു നോക്കുന്നതുകണ്ടു് മാത്താ പുഞ്ചിരിതൂകി. "തുത്തുതളിക്കാൻ സഹായത്തിനു് എനിക്കൊരു സ്ത്രീയുണ്ടായിരുന്നു. എന്നിട്ടും മുറി മുഴുവൻ വെടിപ്പാക്കാൻ മൂന്നുദിവസം വേണ്ടിവന്നു," അവൾ പറഞ്ഞു. "ഈസ്റ്റർ കാലത്തായിരുന്നു അതു്. വെറും മറയത്തരമാണിതെന്നു് കാറൽ അഭിപ്രായപ്പെട്ടു. എന്നാൽ ജീവിച്ചനാൾ മുഴുവൻ എല്ലാ കാര്യങ്ങളിലും ഒരു ശുചിത്വം ശീലിച്ചുപോയവൾക്കു്........" അർത്ഥഗർഭമായ രീതിയിൽ അവൾ തലകുലുക്കി. ഭിത്തികളിൽ നെടുകെ ഇടത്തരക്കാരുടെ സുഖഭോഗസാധനങ്ങൾ നിരന്നുകാണാമായിരുന്നു. നീലയും ചുവപ്പും നിറമുള്ള ബൊഹീമിയൻ പളുങ്കുമണികൾ നിറച്ച ഒരു സ്ഫടികചഷകം, മാൻവേട്ടരംഗങ്ങൾ ആലേഖനംചെയ്ത രണ്ടു കണ്ണാടിഭരണികൾ, പുരാതനമായ കാറൽസ്റ്റീൻ പ്രാകാരനിരയുടെ ഒരു എണ്ണച്ഛായാപടം—ഇതെല്ലാം അവിടെ ഉണ്ടായിരുന്നു. ജൻഡായുടെ മേശ മുറിയുടെ ഒരു കോണിലായിരുന്നു. അതിൻെറ ഒരു വശത്തു് ഒരു ഗ്ലോബും, മറേറവശത്തു് പുസ്തകങ്ങൾ അടുക്കിവച്ചിരുന്ന അലമാരികളും കാണപ്പെട്ടു. ഒററനോട്ടത്തിൽ ആ മുറി പഴയതുപോലെതന്നെയാണെന്നു് എനിക്കു തോന്നിയെങ്കിലും അല്പം കഴി

ഞ്ഞപ്പോൾ അവിടെ എന്തോ ഒന്നിന്റെ കുറവ് എന്റെ ശ്രദ്ധയിൽപ്പെട്ടു. ജനാലയ്ക്കരികിലുള്ള മൂലയിൽ ഉണ്ടായിരുന്ന പിയാനോയാണു് തല്ക്കാലം അവിടെ കാണാതിരുന്നതു്. അതുവച്ചിരുന്ന സ്ഥാനത്തു് ഇപ്പോൾ ഒരു പരുക്കൻ കമ്പിളി വിരിച്ചിരുന്നു. എങ്കിലും ആ പിയാനോയുടെ രണ്ടു കാലുകൾ നിലത്തുണ്ടായിരുന്ന പാടുകളെ ആ കമ്പിളി മറച്ചിരുന്നില്ല. മാർത്തായും അവളുടെ സഹായിയായിരുന്ന അടിച്ചുതളിക്കാരിയും കൂടി ആ പാടുകളെ തേച്ചുമാച്ചുകളയാൻ വളരെ മണിക്കൂറുകൾ ചെലവഴിച്ചിരിക്കാം; പക്ഷേ അവയ്ക്കിന്നും അഴിവില്ല.

"ആ പിയാനോ ഞങ്ങൾ വിററു," മാർത്താ പറഞ്ഞു. "ഗവർമ്മെന്റ്—അതിന്മേൽ ഒരു നികുതി ചുമത്താൻ പോവുകയാണെന്നു കേട്ടു. മാത്രമല്ല, മററിൽഡാ പിയാനോ അഭ്യാസം നിർത്തി. അവൾ ഇപ്പോൾ അവളുടെ മററുകാര്യങ്ങളിൽ വളരെയധികം മുഴുകിയിരിക്കുകയാണു്. രണ്ടാം നിലയിലുള്ള പുതിയ വാടകക്കാരനു് ഞങ്ങൾ അതു വിററു; നല്ല വില കിട്ടുകയും ചെയ്തു."

"കാറലും പിയാനോവായന നിർത്തിയോ?" ഞാൻ ചോദിച്ചു. മുമ്പൊക്കെ, ഞാൻ ഈ വീടു സന്ദർശിച്ചിരുന്നപ്പോഴെല്ലാം എന്റെ വയലിൻകൂടി കൊണ്ടുപോവുക പതിവായിരുന്നു. ഫ്രാങ്ക്, ഡിബസ്സി, മോസാർട്ടു്, ബ്രാഹംസ് എന്നിവരുടെ ഗാനങ്ങൾ ജൻഡായും ഞാനും സംയുക്തമായി. ആലപിച്ചിരുന്നു. ബ്രാഹംസിന്റെ കൃതികളിൽ ജൻഡായ്ക്കു എന്തൊരു ഭ്രമമായിരുന്നെന്നോ!"

"ജൻഡാ വളരെ ക്ഷീണിച്ചാണു് രാത്രി വീട്ടിലെത്തുന്നതു്," ഒരു നെടുവീർപ്പോടുകൂടി മാർത്താ പറഞ്ഞു.

"അതിരിക്കട്ടെ. പിയാനോ പോയെങ്കിൽ പോട്ടെ എന്നുമാത്രമേ ഞാനിപ്പോഠം കരുതുന്നുള്ളു. പൊടി തുടച്ചു വൃത്തിയാക്കിവയ്ക്കേണ്ട ജംഗമസാധനങ്ങളിൽ ഒന്നെങ്കിലും ഈ വീട്ടിൽ കുറഞ്ഞല്ലോ എന്നാണ് അതേപ്പററി ഞാൻ സാധാരണ പറയാറുള്ളതു്."

ഏതാനും മിനിട്ടുകഴിഞ്ഞു് ജൻഡാ വന്നുചേൎന്നു. അദ്ദേഹം സ്വപത്നിയെ ചുംബിക്കുകയും, അത്യുത്സാഹപൂർവ്വം എനിക്കു ഹസ്തദാനം നല്കുകയും ചെയ്തു. "ഫോണിൽ ദീർഘനേരം സംസാരിക്കാൻ ഞാൻ ആഗ്രഹിച്ചില്ല," അദ്ദേഹം പറഞ്ഞു. "സംസാരിക്കുമ്പോഠം ആരെങ്കിലും ഇടയ്ക്കു് ചെവിയോൎത്തു കേഠക്കുന്നുണ്ടോ എന്നു് അറിയാൻ നിവൃത്തിയില്ലല്ലോ." ബലിഷ്ഠഗാത്രനും, ഊർജ്ജസ്വലനുമായ ഒരൊത്തയാളാണ് ജൻഡാ. അദ്ദേഹത്തിൻെറ ഇരുണ്ട തലമുടി പാറിപ്പറന്നുകിടന്നിരുന്നു. നല്ലനിലയിൽ ജീവിക്കുവാനുള്ള ആസക്തിയും, ചെയ്യുന്ന ഏതൊരു ജോലിയും ശരിക്കു ചെയ്യുവാനുള്ള ആവേശവും അദ്ദേഹത്തിൻെറ സ്വഭാവഗുണങ്ങളായിരുന്നു. എന്നാൽ ഈ അവസരത്തിലാകട്ടെ, അദ്ദേഹം ക്ഷീണിതനായിട്ടാണ് കാണപ്പെട്ടതു്. അദ്ദേഹം പ്രകടിപ്പിച്ച ഉന്മേഷം തികച്ചും യഥാൎത്ഥമല്ലെന്നും എനിക്കു തോന്നി. എന്നാൽ ഏററവും കൂടുതൽ ഏകാഗ്രമായി എൻെറ ശ്രദ്ധയിൽ പതിഞ്ഞതു് ജൻഡാ ഈ അവസരത്തിൽ തൻെറ കുപ്പായത്തിനുമീതെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചിഹ്നം ധരിച്ചിരുന്നു എന്നുള്ളതാണ്. "കുട്ടികളെവിടെ" അദ്ദേഹം ചോദിച്ചു.

"മററിൽഡാ ഏതു നിമിഷത്തിലും ഇവിടെ എത്തിയേയ്ക്കും" അദ്ദേഹത്തിന്റെ ഭാൎയ്യ മറുപടിനല്കി. അൻേറാണിൻ എട്ടുമണിക്കകം വരാനിടയില്ല. ഇന്നു ചൊവ്വാഴ്ചയാണ്."

"ചൊവ്വാഴ്ചയോ?" അദ്ദേഹം ചോദിച്ചു.

മാത്താ—അതു നിങ്ങൾക്കറിയാമല്ലോ—രാഷ്ട്രീയ വിദ്യാഭ്യാസത്തിൻെറ കാര്യം.

"ഹൊ! അതോ!" തോൾ ചുളിച്ചുകൊണ്ടു് ഒരു ക്ഷീണഭാവത്തിൽ ജൻഡാ പറഞ്ഞു. അത്തരത്തിലുള്ള ചുളിവു് ഇന്നു് ലോകത്തിൻെറ ഒട്ടധികം ഭാഗങ്ങളിൽ ഗതികെട്ട വിധേയത്വത്തിൻെറ ഒരു സാധാരണലക്ഷണമായിത്തീന്നിട്ടുണ്ടു്. അദ്ദേഹം കട്ടിലിലിരുന്നു; പുറകോട്ടൊന്നു ചാഞ്ഞു; കണ്ണടച്ചുകൊണ്ടു് ഇങ്ങനെ തുടന്നു: "രാഷ്ട്രീയവിദ്യാഭ്യാസം. ആഴ്ചയിൽ മൂന്നുപ്രാവശ്യം." ഈ വാക്കുകൾ അദ്ദേഹം ഏതാണ്ടു സ്വാഗതമായിട്ടാണു പറഞ്ഞതു്. ആ കുട്ടിക്കു് സ്വൈരമായ ഒരു സായാഹ്നംപോലും കിട്ടുകയില്ലെന്നായിരിക്കുന്നു. ഞായറാഴ്ച ദിവസങ്ങളിൽ അവൻ പട്ടാളക്കാരുമൊത്തു് പാടത്തു് പണിയെടുക്കാനോ റോഡുവേല ചെയ്യാനോ പോകണമെന്നാണു ചട്ടം. രാഷ്ട്രീയവിദ്യാഭ്യാസം!"

"മേലധികാരികളുടെ ഉത്തരവാണതു്," മാർത്താ എന്നോടു പറഞ്ഞു. "എല്ലാവരും അതു ചെയ്യുന്നുണ്ടു്. കാറലിനു് അതറിയുകയും ചെയ്യാം. എന്നാൽ കാലം മാറിയിരിക്കുകയാണെന്നു് സ്വയം ബോദ്ധ്യപ്പെടാൻ ഇദ്ദേഹം ഇനിയും തയാറില്ല. ചെക്കു് ഭാഷയിൽ ഞങ്ങൾക്കു് ഒരു പഴഞ്ചൊല്ലുണ്ടു്. 'നിങ്ങൾ ചെന്നായ്ക്കളോടു ചേരുമ്പോൾ ഓലിവിളിക്കണം; ഇല്ലെങ്കിൽ അവ നിങ്ങളെ തിന്നുകളയും.' എത്ര ശരിയാണതു്! ഈ പഴമൊഴി ആവത്തിച്ചാവത്തിച്ചു് ഞാനിദ്ദേഹത്തെ ഓർമ്മിപ്പിക്കാറുണ്ടു്.

"അവരോടുചേന്നു് ഞാനും ഓലിവിളിക്കുന്നുണ്ടു്; അതൊക്കെ ശരിയാണു്"— തന്റെ പാർട്ടി ബാഡ്ജിൽ

വിരൽചൂണ്ടിക്കൊണ്ടു്, ഒരു വിരക്തിയോടെ ജൻഡ്ഡാ പറഞ്ഞു. "എന്നാൽ അതെനിക്കിഷ്ടപ്പെടണമെല്ലോ. എന്തായാലും ഇതൊന്നും മനസ്സിനു പിടിക്കുന്നില്ല. അത്രതന്നെ."

"നിങ്ങൾ കരുതുന്നിടത്തോളം അത്ര ചീത്തയല്ല ഇതൊന്നും," എന്നു് മാർത്താ പ്രതിവചിച്ചു. അവളുടെ സ്വരത്തിൽ ഒരു പതർച്ച വീണ്ടും എൻെറ ശ്രദ്ധയിൽപ്പെട്ടു. "ഒട്ടധികം കാര്യങ്ങളിൽ അവരുടെ മെച്ചം നാം സമ്മതിച്ചുകൊടുക്കണം."

"എങ്ങനെയുള്ള കാര്യങ്ങൾ?"

മാർത്താ—"എല്ലാവരും ഇപ്പോൾ ജോലിചെയ്യുന്നുണ്ടു്. 1930-നും-'40-നും ഇടയ്ക്കുള്ള കാലങ്ങൾ നിങ്ങൾ മറന്നുപോയോ? അന്നു കുടുംബംപോററാൻ നാമെത്ര വിഷമിച്ചു?"

ഒരു മുഷിപ്പൻ വർണ്ണന കേൾക്കുന്നമട്ടിൽ ജൻഡ്ഡാ നീരസഭാവം അവലംബിച്ചു. "ആട്ടെ," ഏതാണ്ടൊരു പാരവശ്യത്തോടുകൂടി അവൾ പറഞ്ഞു. "ഞാൻ അകത്തുപോയി മധുരപലഹാരത്തിനുള്ള വട്ടങ്ങൾ എന്തൊക്കെയാണെന്നു് നോക്കട്ടെ. രുചികരമായ പഴങ്ങളും വെണ്ണയും പഞ്ചസാരയും ചേർത്തു് നെയ്യിൽ പൊരിച്ച പലഹാരം നിങ്ങൾക്കിപ്പോഴും ഇഷ്ടമാണല്ലോ?" അവൾ എന്നോടു ചോദിച്ചു.

അതേ, ഞാൻ പറഞ്ഞു.

മാർത്താ—"ഭേഷ്! കൊള്ളാം. ഞാൻ പോയി വീഞ്ഞു കൊണ്ടുവരാം."

അവൾ മുറിവിട്ടുപോകുന്നതു് ജൻഡ്ഡാ നിർന്നിമേഷനായി നോക്കി. ഒരു ക്ഷമാപണഭാവത്തിൽ അദ്ദേഹം എന്നെനോക്കി പുഞ്ചിരിതൂകി. "മാർത്താ പറയുന്നതു്

നിങ്ങൾ കാര്യമാക്കേണ്ട," അദ്ദേഹം പറഞ്ഞു. പെണ്ണുങ്ങളല്ലേ, ഇത്തരം കാര്യങ്ങളിൽ അവർ പെട്ടെന്നു് വികാരംകൊള്ളുക പതിവാണു്. ഒരു വക്കത്തുകെട്ട സഹോദരൻ എനിക്കുള്ളതു് നിങ്ങൾക്കറിയാമല്ലോ? അവൻ പറയുന്നതൊക്കെകേട്ടു് ഇവൾ മതിമയങ്ങിയിരിക്കുകയാണു്. വാക്ലാവിനെ നിങ്ങൾ ഓക്കുന്നില്ലേ?

ഞാൻ സമ്മതഭാവത്തിൽ തലകുലുക്കി. വാക്ലാവിനെ ഞാൻ പരിചയപ്പെട്ടകാലത്തു് അയാൾ വലിയ മിടുക്കൊന്നും ഇല്ലാത്ത ഒരു ജ്ഞാനലവ ദുർവിദഗ്ദ്ധനായിരുന്നു. പത്രപ്രവത്തനത്തിലും ചലച്ചിത്രത്തിലും നാടകവേദിയിലും രാഷ്ട്രീയകാര്യങ്ങളിലും ഇടവിട്ടു് മാറി മാറി കളിക്കുകയായിരുന്നു അയാൾ. എന്നാൽ മിക്കവാറും സന്ദർഭങ്ങളിൽ പ്രേഗിലെ കാപ്പിക്കടകൾക്കു ചുററും താങ്ങിത്തൂങ്ങിനടക്കുകയല്ലാതെ ഒന്നിലും അയാൾക്കൊരു മേൽഗതി ഉണ്ടായില്ല. സഹോദരൻെറ സഹായത്തെ ആശ്രയിച്ചാണു് അയാൾ കഴിയുന്നതെന്നു് ഞാൻ എപ്പോഴും സംശയിച്ചിരുന്നു.

"വാക്ലാവു് ഇപ്പോൾ ഒരു വലിയ ആളായിപ്പോയി" ജൻഡാ തുടൎന്നു. പാർട്ടിയുടെ രാഷ്ട്രീയകാര്യങ്ങൾ നടത്തുന്നതിനു് തനിക്കുള്ള സാമത്ഥ്യവിശേഷം അയാൾ കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു. തൊട്ടതിലും പിടിച്ചതിലും എല്ലാം അയാൾക്കൊരു കയ്യുണ്ടു്. അവനിപ്പോൾ ഒരു സമരസമിതിയിലെ അംഗമാണു്. അയാൾ പറയുന്നതുകേട്ടാൽ ആത്മാത്ഥതയുള്ളവനാണെന്നു് നിങ്ങൾ മിക്കവാറും വിശ്വസിച്ചേയ്ക്കും. പക്ഷേ വാക്ലാവിനെപ്പററി ഞാൻ അഭിമാനംകൊള്ളുന്നില്ല. തീർച്ചയായും ഞാൻ ഒരു നേതാവല്ലെന്നു് സമ്മതിക്കുന്നു. ഇവിടെ ജർമ്മൻകാരുടെ വാഴ്ചക്കാലത്തു് ഞാൻ ഒന്നും നേടിയില്ല. എന്നാൽ—"

"അന്നു് ഒളിവിലായിരുന്ന ഒരുവനെ നിങ്ങൾ രഹസ്യമായി പാർപ്പിച്ചില്ലേ?," ഞാൻ ഇടയ്ക്കുകയറി ചോദിച്ചു. ഞങ്ങൾ ഇപ്പോൾ ഇരിക്കുന്ന ഇതേ മുറിയിൽ 1944-ലെ ശൈത്യകാലത്തു് ദേശാഭിമാനിയായ ഒരു യോദ്ധാവു് രണ്ടാഴ്ചക്കാലം കഴിച്ചുകൂട്ടിയിരുന്നു. അയാൾ മുറിവേററു് അവശനിലയിൽ കഴിയുകയായിരുന്നു.

ജൻഡാ തലകുലുക്കി. "അതത്ര വലിയ കാര്യം ഒന്നുമല്ല" അദ്ദേഹം പറഞ്ഞു. "യുദ്ധം മിക്കവാറും അവസാനിക്കാറായ കാലമായിരുന്നു അതു്. എന്നിരുന്നാലും ആ ജർമ്മൻ ഉദ്യോഗസ്ഥന്മാരുടെകൂട്ടത്തിൽ ചേൻറു് ലൂസേർണ്ണാബാറിനു ചുററും വാക്ലാവിനെപ്പോലെ ഞാൻ ഒരിക്കലും തെണ്ടിനടന്നിട്ടില്ല. കഷ്ടം! അതെല്ലാം പറഞ്ഞിട്ടെന്തുപ്രയോജനം?" അദ്ദേഹം കിടക്കയിൽനിന്നെണീററു് ജനാലയ്ക്കരികിൽപ്പോയി വെളിയിലേക്കു് തുറിച്ചുനോക്കി. "താൻ ഒരു നല്ല കമ്മ്യൂണിസ്റ്റാണെന്നു് വാക്ലാവു് പലവട്ടം അയാളോടു പറഞ്ഞിരിക്കാം. താനതു് വിശ്വസിക്കുകയും ചെയ്തിരിക്കാം," വിദൂരതയിൽ മാറെറാലിക്കൊണ്ട ഒരു സ്വരത്തിൽ അദ്ദേഹം പറഞ്ഞു. "എനിക്കെൻെറ കുടുംബത്തെ തീററിപ്പോററണമായിരുന്നു അതുകൊണ്ടു് ഞാൻ പാർട്ടിയിൽച്ചേൻറു. ജോലി കളഞ്ഞുകുളിക്കാൻ എനിക്കു് സാദ്ധ്യമല്ല. അതു് നഷ്ടപ്പെടാതിരിക്കുന്നതിനു് ഏററവും പററിയ മാർഗ്ഗം പാർട്ടിയിൽ ചേരുകയായിരുന്നു. ഞാനങ്ങനെ വിചാരിച്ചിട്ടുണ്ടെങ്കിൽതന്നെയും അതു് രണ്ടുവർഷം മുമ്പായിരുന്നു. എന്നാൽ വിപ്ലവത്തിനുശേഷം പാർട്ടിയിൽ ചേന്നവരെ ചികഞ്ഞു പരിശോധിക്കാനാണു് അവർ ഇപ്പോൾ തുടങ്ങിയിരി

ക്കുന്നതു്. അടുത്തൊരുദിവസം അവർ എന്നേയും പിടി ക്കൂടമായിരിക്കാം. അവർ അങ്ങിനെ ചെയ്യുമ്പോൾ... ......" ആ വാചകം അദ്ദേഹം പൂർത്തിയാക്കിയില്ല. ഇക്കാലത്തു് പ്രേഗിൽ പല വാചകങ്ങളും മുഴുവനാ ക്കാതെ അവശേഷിക്കുകയാണു്.

"ജനങ്ങളിൽ ഏറെക്കുറെ അഞ്ചിൽ നാലുഭാഗവും അവക്കെതിരാണു്. പക്ഷേ, അവർ അതു് സമ്മതിച്ചു തരില്ല." ജനാലയ്ക്കു വെളിയിലേയ്ക്കു് തുറിച്ചുനോക്കി ക്കൊണ്ടു് ജൻഡാ തുടർന്നു. "എന്നാൽ ഒരു മനുഷ്യൻ വിചാരിച്ചാൽ എന്തുചെയ്യാൻ കഴിയും? അവർക്കു പോലീസുണ്ടു്, തോക്കുകൾ ഉണ്ടു്. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നതിനുള്ള ബുദ്ധിസാമർത്ഥ്യമോ ആത്മധൈര്യമോ ഞങ്ങൾക്കില്ല. ജർമ്മൻകാർ ഞങ്ങ ളുടെ ധീരതയ്ക്കു് എന്തോ തകരാറു് ഉണ്ടാക്കിയിട്ടുണ്ടു്. ഞങ്ങളുടെ അന്തസ്സിൻേറയും ദേശാഭിമാനത്തിൻേറയും നട്ടെല്ലു് അവർ തകർത്തുകളഞ്ഞു. ചെക്കു് ദേശക്കാർ പ്രകൃത്യാ ഭീരുക്കളല്ല. ഞങ്ങളുടെ ചരിത്രം അതു തെളി യിക്കും. ഹാപ്സ്ബർഗ്ഗ് വാഴ്ചയെ എതിർത്തുതോല്പിച്ച വരാണു് ഞങ്ങൾ. ഒന്നാം ലോകമഹായുദ്ധകാലത്തു് ഞങ്ങളുടെ സൈന്യവിഭാഗങ്ങൾ ഏററവും കടുത്ത സമ രരംഗങ്ങളിലേയ്ക്കാണു് നീങ്ങിയിട്ടുള്ളതു്. എന്നാൽ ഇപ്പോൾ ഞങ്ങൾ മാത്രാ പറയുന്നതുപോലെ ചെന്നാ യ്ക്കളോടു് ചേർന്നു് ഓലിയിടുകയാണു്. ഞാൻ റഷ്യൻ ഭാഷ പഠിക്കണമെന്നു് നിർദ്ദേശം വന്നിട്ടുണ്ടു്. ദേശ സാൽകരിക്കപ്പെട്ട ഒരു വ്യവസായത്തിനുവേണ്ടി പണി യെടുക്കുന്നവരെല്ലാം റഷ്യൻഭാഷ പഠിക്കുകയും അതിൽ ഒരു പരീക്ഷ പാസ്സാകുകയും ചെയ്താലേ അവർക്കു് ജോലിയിൽ തുടരാൻ സാധിക്കൂ. അതുപോലെതന്നെ

നഗരസഭയ്ക്കുവേണ്ടിയോ ദേശീയ ഗവൺമെൻറിനുവേണ്ടിയോ പ്രവൃത്തിക്കുന്നവരും, എന്തെങ്കിലും തൊഴിൽ ചെയ്തു് കാലക്ഷേപം ചെയ്യുന്നവർപോലും അങ്ങിനെ ചെയ്താൽ മതിയാകും. നാട്ടുകാർ ചിരിക്കുകയാണു്. റഷ്യാക്കാർ സൈബീരിയായിലുള്ള അവരുടെ പാളയങ്ങളിലേയ്ക്കു് ഞങ്ങളെ അയയ്ക്കുമ്പോൾ അവരുമായി സഹവസിക്കാൻ ഞങ്ങൾക്കു കഴിയത്തക്കവിധം എല്ലാപേരും റഷ്യൻഭാഷ പഠിക്കണമെന്നാണു് ഈ നാട്ടുകാർ പരിഹസിച്ചു പറയുന്നതു്. ഒരു നല്ല തമാശതന്നെ! ആഴ്ചയിൽ രണ്ടുപ്രാവശ്യം ഞാനും അൻേറാണിനെപ്പോലെ രാഷ്ട്രീയവിദ്യാഭ്യാസത്തിൻെറ ഒരദ്ധ്യയനമുറിയിൽ പങ്കെടുക്കേണ്ടിയിരിക്കുന്നു. എനിക്കിഷ്ടമുള്ള സഞ്ചാരകഥകളും നോവലുകളും വായിക്കാൻ ഇനിമേലിൽ സമയം കിട്ടുകയില്ല. എന്തെന്നാൽ മാർക്സിൻേറയും ഏൻഗൽസിൻേറയും ലെനിൻേറയും സ്റ്റാലിൻേറയും മററും കൃതികൾ ഞാൻ പഠിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ ഇതൊന്നുമല്ല എന്നെ സങ്കടപ്പെടുത്തുന്നതു്. എനിക്കുള്ള വേവലാധി മുഴുവൻ എൻെറയും എന്നെപ്പോലെയുള്ള മററാളുകളുടേയും കുട്ടികളുടെ കാര്യത്തിലാണു്. അവർ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളാണു് സ്കൂളിൽ പഠിക്കുന്നതു്. അതെല്ലാം ഉരുവിട്ടശേഷം അവർ വീട്ടിൽവരുമ്പോൾ വ്യത്യസ്തമായ കാര്യങ്ങളായിരിക്കും അഛനമ്മമാർ പറഞ്ഞുകൊടുക്കുന്നതു്. ഒട്ടുകാലം അങ്ങനെ കഴിഞ്ഞാൽ ഈ പാവപ്പെട്ട കിടാങ്ങൾക്കു് തങ്ങൾ എന്താണു ചെയ്യുന്നതെന്നു് ഒരു വിവരവുമില്ലാതാകും. എന്തോ ഒരാശയക്കുഴപ്പം—ഒരു പരിഭ്രാന്തി—അവരെ ഗ്രസിക്കും. ഈ രാത്രിയിൽ ഞാൻ സ്ട്രീററ്കാറിൽ വീട്ടിലേയ്ക്കുവരുമ്പോൾ എന്നെ ഭയ

പ്പെട്ടത്തിയ ഒരു സംഭവമുണ്ടായി. എൻെറ ഇരിപ്പിടത്തിന്നു വിലങ്ങനെ സ്ഥലംപിടിച്ചിരുന്ന ഒരാൾ എന്റെനേക്ക് വിനോദകരമായ ഒരു നോട്ടമിട്ടു. ഞാൻ തിരിഞ്ഞങ്ങോട്ടു നോക്കി. അപ്പോൾ മിക്കവാറും സ്വാഭാവികമായിത്തന്നെ ആ ചോദ്യങ്ങൾ എൻെറ മനസ്സിലുദിച്ചു."

"എന്തു ചോദ്യങ്ങൾ?" ഞാൻ ആരാഞ്ഞു.

ജൻഡാ—ഭയപ്പെടേണ്ട എന്തെങ്കിലും കാര്യങ്ങൾ എല്ലാവക്കും കാണുമെന്നാണ് എനിക്കു തോന്നുന്നത്. സകലവും എന്തോ ചിലതു് ഉള്ളിലൊളിക്കുകയാണു്. നിങ്ങളുടെ സംശയങ്ങളും ഉദ്ദേശങ്ങളും മുഖത്തു പ്രതിഫലിച്ചേയ്ക്കുമെന്നു തോന്നുമ്പോഴാണ് നിങ്ങൾക്കു പരിഭ്രമംവരുന്നതു്. ഞാൻ ഈ മനുഷ്യനെ ഒന്നു നോക്കിയ ശേഷം സ്വഗതമായി ഇങ്ങനെ പറഞ്ഞു: "ഇയ്യാൾ ആരായിരിക്കാം? എന്തുകാര്യത്തിൽ ഏപ്പെട്ടിരിക്കാം? ഈ മനുഷ്യൻ പാർട്ടിബാഡ്ജ് ധരിച്ചുകാണുന്നില്ല. അപ്പോൾ ഇയ്യാൾ ഒരു കമ്മ്യൂണിസ്റ്റല്ലേ? അല്ലെങ്കിൽ ഒരു ബാഡ്ജ് ധരിക്കേണ്ട ആവശ്യമില്ലാത്തവിധം അത്ര വലിയ പ്രമാണിയായ കമ്മ്യൂണിസ്റ്റായിരിക്കുമോ? ഒരു പക്ഷെ, കേന്ദ്രകമ്മിററിയിലെ മെംബറായിരിക്കാം. അതല്ലെങ്കിൽ രഹസ്യപ്പോലീസിലെ ഒരംഗമായിരിക്കാം. ഇതൊന്നുമല്ലെങ്കിൽ ഒരു പിൻതിരിപ്പനായിരിക്കാം. ഞാനൊരവസരവാദിയാണെന്നു് ഈ മനുഷ്യൻ അറിഞ്ഞിരിക്കുമോ? ഇയ്യാൾ എന്തിനാണു് ഇത്ര ഏകാഗ്രമായി എന്നെ നോക്കുന്നതു്. സ്വയം കുഴപ്പത്തിലാകത്തക്ക എന്തെങ്കിലും കാര്യം ഞാൻ ഇന്നോ ഇന്നലെയോ കഴിഞ്ഞയാഴ്ചയോ കഴിഞ്ഞ വർഷമോ ചെയ്തുപോയിട്ടുണ്ടോ? ഒരമേരിക്കൻ സുഹൃത്തു്, എന്നെ

ഫോണിൽ വിളിച്ചതായിരിക്കുമോ ഇയ്യാളുടെ ഈ നോട്ടത്തിന്നു കാരണം?"

"കാറൽ, എനിക്കു വ്യസനം തോന്നുന്നു," ഞാൻ പറഞ്ഞു. അങ്ങനെ വിചാരിച്ചില്ല......"

ജൻഡാ—"ഓ, സാരമില്ല; അതൊന്നുമല്ല ഞാൻ പറയുന്നതു്. ഞങ്ങളുടെ നാട്ടിൽ രാഷ്ട്രവ്യാപകമായ തോതിൽ പടർന്നുപിടിച്ചിരിക്കുന്ന സിരാവീര്യക്ഷയത്തിന്റെ സ്വഭാവം വിശദീകരിക്കാൻ ഞാൻ ശ്രമിച്ചെന്നേയുള്ളു. അസ്ഥികൾക്കുള്ളിൽപോലും വിറങ്ങലിപ്പുണ്ടാക്കുന്ന ഒരു ഭീതിയോടുകൂടിയാണു് ഞങ്ങൾ രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നതു്. രാവിലെ ഉണർന്നെണീക്കുമ്പോഴും ആ ഭയം വിട്ടുമാറുകയില്ല. നിരന്തരമായി അതങ്ങനെ തുടരുകയാണു്. ജർമ്മൻ അധിനിവേശകാലത്തു്, ഒരു സ്ട്രീററ് കാറിൽ എസ്സ്. എസ്സ്. ഭടന്മാരും ജർമ്മൻ പടയാളികളും ചുററും നിരന്നിരിക്കവേ അതിൽ സഞ്ചരിക്കുകയെന്നതു് ഒരു തമാശയായിരുന്നില്ല എങ്കിലും അക്കാലത്തു് ഞാൻ ഒരിക്കലും ഭയപ്പെട്ടിട്ടില്ല. ഞാൻ ഒരു സ്ട്രീററ് കാറിൽ കയറി ഒരു ചെക്കുകാരന്റെ അടുത്തിരിക്കുകയോ നില്ക്കുകയോ ചെയ്യും. അയാളോടു് ഒന്നും സംസാരിക്കുമായിരുന്നില്ലെങ്കിലും അയാളുടെ സാന്നിദ്ധ്യംകൊണ്ടുമാത്രം ഒരു മനസ്സുഖവും ആത്മധൈര്യവും എനിക്കു ലഭിക്കുമായിരുന്നു. ഞാൻ തനിച്ചല്ല എന്നൊരു ബോദ്ധ്യം അന്നെനിക്കുണ്ടായിരുന്നു. ചെക്കുകാരായ ഞങ്ങളെല്ലാം അന്നു് ഒത്തൊരുമിച്ചു കഴിയുകയായിരുന്നു. യുദ്ധത്തിന്നു മുമ്പു് ഞങ്ങളുടെ പാർലിമെന്ററിൽ പതിനഞ്ചു രാഷ്ട്രീയപാർട്ടികളാണുണ്ടായിരുന്നതു്. അവർ അന്യോന്യം പല്ലും നഖവുംകൊണ്ടു മല്ലടിക്കുകയായിരുന്നു. ദേശീയൈക്യ

ത്തെപ്പററി ആളുകഠം എപ്പോഴും വളരെയൊക്കെ പറയാറുണ്ടായിരുന്നു. പക്ഷെ, ആരും അതിനുവേണ്ടി ഒന്നും ചെയ്തില്ല. പിന്നീട്ട് ജമ്മൻകാർ ഈ രാജ്യത്തെ അധിനിവേശിച്ചു. തൽക്ഷണം രാഷ്ട്രം യഥാർത്ഥത്തിൽ തന്നെ ഒന്നായി. വളരെയൊക്കെപ്പറഞ്ഞു പറഞ്ഞു് കേവലം പറച്ചിലായി അവശേഷിച്ചിരുന്ന ഐക്യസ്വപ്നം അവസാനം ഒരു യാഥാർത്ഥ്യമെന്ന നിലയിൽ സാക്ഷാല്ക്കരിക്കപ്പെട്ടു. എന്നാൽ ഇന്നോ?" ജൻഡാ യുടെ സ്വരം കടുത്തു. "സഹോദരനെതിരായി സഹോദരൻ തിരിഞ്ഞിരിക്കുന്നു. പാൻക്രാക്ക് ജയിലിലേയ്ക്കു കൊണ്ടുപോകപ്പെടുന്ന ചെക്കുസഹോദരങ്ങളെ അവരുടെ സ്വന്തം ആളുകളായ ചെക്കുകാർ തന്നെ തല്ലി എല്ലൊടിക്കുന്നു. അതാണു് ദുസ്സഹമായിരിക്കുന്നതു്. നിങ്ങഠം ഒരു കടവാതുക്കലേയ്ക്കു നടന്നുചെല്ലുകയാണെന്നിരിക്കട്ടെ. അവിടെ രണ്ടു സ്ത്രീകഠം പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുകയാണെന്നും വച്ചോളൂ. നിങ്ങളെ കണ്ടുകഴിയുമ്പോഠം അവർ സംഭാഷണം മതിയാക്കി നിശ്ശബ്ദരായി ഒഴിഞ്ഞുമാറിക്കളയുന്നു. അവർക്കു നിങ്ങളെ ഭയമാണു്. നിങ്ങഠം ഒരു രഹസ്യക്കാരനാണെന്നാണു് അവർ വിചാരിക്കുന്നതു്. ഓരോരുത്തരും തനിത്തനിയായി കഴിയുന്നു. ഈ ജീവിതത്തിൽ ഇതിനു മുമ്പു് ഏതു കാലത്തേയുംകാഠം രൂക്ഷതരമായ ഒരു ഏകാന്തത—കൂട്ടത്തിൽ നിന്നു വിട്ടു് ഒററപ്പെട്ടതു പോലെ ഒരു തോന്നൽ—ഇന്നു് അനുഭവപ്പെടുകയാണു്. എന്നെങ്കിലും ഇതെല്ലാം അവസാനിക്കുമെന്നു് പ്രത്യാശിക്കാൻപോലും വഴിയില്ലാതായിരിക്കുന്നു."

ജനാലയ്ക്കരികിൽ നിന്നിരുന്ന ജൻഡാ പെട്ടെന്നു പുറകോട്ടു തിരിഞ്ഞു. "1945 മേയ് ആരംഭത്തിൽ ഒരു വൈകുന്നേരം നിങ്ങഠം ഇവിടെ വന്നിരുന്നതു്

ഓർക്കുന്നില്ലേ?"—ഹൃദ്യമായ ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം എന്നോടു ചോദിച്ചു. "നിങ്ങൾ ഇപ്പോളിരിക്കുന്ന അതേ സ്ഥാനത്തുതന്നെയാണ് അന്നും നിങ്ങൾ ഇരുന്നതു്. ഒരു വെള്ള ബ്ലൗസും ധരിച്ചു്, കൈപ്പിടിയിൽ ഒരു തോക്കും, റിപ്പബ്ലിക്കൻ ഗാർഡിൻെറ സൈനികമുദ്രയുമണിഞ്ഞു് ആ പെൺകുട്ടി നിങ്ങളുടെ തൊട്ടടുത്തിരിക്കുന്നുണ്ടായിരുന്നു......"

ആ രംഗം ഞാനോർത്തു. വിമോചനം കഴിഞ്ഞു് രണ്ടാം ദിവസത്തെ സായാഹ്നത്തെക്കുറിച്ചാണു് അദ്ദേഹം സംസാരിച്ചതു്. സമീപത്തുള്ള ഓൾസാനി സിമിത്തേരിഭാഗത്തു് അപ്പോഴും അങ്ങുമിങ്ങും വെടിവച്ചു നടക്കുന്നുണ്ടായിരുന്നു എന്നാൽ തെരുവീഥികളിൽ അലയടിച്ചുകൊണ്ടിരുന്ന ആഹ്ലാദാരവങ്ങളുടെ കോലാഹലത്തിൽ വെടിമുഴക്കം കേൾക്കാൻ കഴിഞ്ഞില്ല. ബാലികാബാലന്മാർ തെരുതെരെ വണ്ടികളിൽ വന്നിറങ്ങുകയായിരുന്നു. ആറുവർഷമായി തങ്ങൾ അക്ഷരംപ്രതി ഉരുവിട്ടു് ഹൃദിസ്ഥമാക്കിയിരുന്നതും, തങ്ങളുടെ കയ്യിലുണ്ടായിരുന്ന ചെക്കുപതാക (ചുവപ്പും വെള്ളയും നീലവും ഇടകലന്നതു്) യുടെ അമിതവർണ്ണപ്പകിട്ടുപോലെ അത്യധികമായ വാക്കുകളുടെ ബാഹ്യഗാംഭീര്യം തുളുമ്പുന്നതുമായ ചെക്കുഗാനങ്ങൾ ആലപിച്ചുകൊണ്ടാണു് അവരുടെ വരവു്. അക്കാലത്തു് ഞാൻ ഒരു അമേരിക്കൻ സർജൻറായിരുന്നു. ഒരു ജീപ്പിലാണു് ഞാൻ പ്രേഗിലേയ്ക്കു കടന്നതു്. റഷ്യാക്കാർ അതിനകംതന്നെ നഗരത്തിലെത്തിക്കഴിഞ്ഞിരുന്നു. അവരുടെ അണികളിലൂടെ കടന്നുപോകാൻ എനിക്കു യാതൊരു വൈഷമ്യവുമുണ്ടായില്ല. ഓരോരുത്തരും അന്യോന്യം സുഹൃത്തുക്കളായിരുന്നു. ജനക്കൂട്ടത്തിനിടയിലൂടെ തള്ളിക്കയറി ജൻഡായുടെ വീട്ടിലെത്താൻ

മാത്രമേ എനിക്കു പ്രയാസം നേരിട്ടുള്ളു. ഒടുവിൽ ഞാനവിടെ എത്തിയപ്പോൾ ആ ഗൃഹത്തിലെ ഉൾമുറി ഉത്സാഹപുളകിതരും ആവേശഭരിതരുമായ ആളുകളെക്കൊണ്ടു് നിറഞ്ഞുകഴിഞ്ഞിരുന്നു. അവരിൽ മിക്കവരും മദ്യപിച്ചിരുന്നു. ബീയറും വീഞ്ഞും കുടിച്ചതുകൊണ്ടു മാത്രമല്ല, അത്രത്തോളം തന്നെ ആഹ്ലാദത്തിലുൽകൊണ്ടും അവർ മതിമറന്നിരുന്നതായി എനിക്കു തോന്നി. നേരിയ അധരപുടങ്ങളോടുകൂടിയ ഒരു ചെക്കു് ലഫ്റ്റനൻറ് കേണൽ എൻെറ രണ്ടു കവിളിലും ചുംബിച്ചു. മാത്തായുടെ ഇളയ സഹോദരി ജാർമിലാ ഒരു ജിപ്സി നൃത്തമാടുകയും പാടുകയും കുലുകുലെ ചിരിക്കുകയും ഓരോരുത്തരേയും മാറിമാറി ചുംബിക്കുകയുമായിരുന്നു. അലക്ഷ്യമായ രീതിയിൽ വസ്ത്രധാരണം ചെയ്തിരുന്ന വീട്ടുസൂക്ഷിപ്പുകാരിയായ മിസ്സിസ് പി. കട്ടിലിൽ ഇരിക്കുകയായിരുന്നു. വീട്ടുടമസ്ഥൻ മി. കെ. അവളുടെ തോളിൽ ചുററിപ്പിടിച്ചുകൊണ്ടു് തൊട്ടടുത്തു സ്ഥാനംപിടിച്ചിരുന്നു. മി. കെ. മൂന്നു വീടുകളുടേയും രണ്ടു ഫാക്ടറികളുടേയും ഉടമസ്ഥനും "നാർഡോണി ലിസ്റ്റി" എന്ന പിൻതിരിപ്പൻ പത്രത്തിൻെറ വരിക്കാരനുമായിരുന്നു. എന്നാൽ ആ രാത്രിയിൽ അദ്ദേഹം ഒരു റഷ്യൻ സൈനികോദ്യോഗസ്ഥനുമൊന്നിച്ചു് കുടിച്ചു കൂത്താടുന്നതാണു് ഞാൻ കണ്ടതു്. ഈ റഷ്യൻ ഉദ്യോഗസ്ഥനാകട്ടെ, സ്റ്റാലിൻ ഗ്രാഡ് മുതൽ ജൻഡായുടെ ഈ വീടുവരെ മൂന്നു വഷംകൊണ്ടു് തൻെറ പട്ടാളവിഭാഗവുമായി കാലിനു യാതൊരു ഇടച്ചിലും പതർച്ചയുമില്ലാതെ മാർച്ചുചെയ്തുവന്ന ഒരു വീരനാണു് താനെന്നു് സ്വയം വമ്പുപറഞ്ഞിരുന്നു. സ്വന്തം മഹൽസിദ്ധിക്കു് അനിഷേദ്ധ്യമായ തെളിവു നല്കി. അതു സമത്ഥിക്കുന്നതിനായി അയാൾ തൻെറ ബൂട്ട്സി

ലൊന്നു് അഴിച്ചുമാററി കാലിൻെറ അടിഭാഗം പ്രദശി പ്പിക്കുകയും ചെയ്തു. മി. കെ. അയാളുടെ കാലിൽ തീർത്ഥം തളിച്ചശേഷം, "ഈ രാജ്യത്തെ വിമോചി പ്പിക്കാൻവേണ്ടി സ്റ്റാലിൻ ഗ്രാഡിൽനിന്നു് ദീർഘദൂരം യാത്രചെയ്തുവന്ന റഷ്യൻ പാദങ്ങളെ ദൈവം അനുഗ്ര ഹിക്കട്ടെ" എന്നു് ആശംസിക്കുകയുണ്ടായി.

ഇതുവരെ നില്ക്കുകയായിരുന്ന ജൻഡാ എൻെറ അടുത്തുവന്നിരുന്നു. "ആ സൽക്കാരത്തിൽ പങ്കുകൊ ള്ളാനായി നിങ്ങൾ വന്നപ്പോൾ നിങ്ങളെ ചുംബിച്ച ലെഫ്ററനൻറ് കേണലിനെ ഓക്കുന്നോ?" എന്നു ചോദിച്ചുകൊണ്ടു് അദ്ദേഹം തുടന്നു: "പാവം! അയാൾ ആകപ്പാടെ കുഴപ്പത്തിലായി. കേണൽപദവിയി ലേയ്ക്കു് അയാൾക്കു് ഉദ്യോഗക്കയററം കിട്ടാറായ സന്ദ ഭത്തിലാണു് കമ്മ്യൂണിസ്ററുകാർ അധികാരമേററതു്. യുദ്ധകാലത്തു് അയാൾ മോസ്ക്കോയിലെ ഗോട്ട്വാൾ ഡ് ഗ്രൂപ്പുമായിട്ടല്ല, നേരെമറിച്ചു് ലണ്ടനിലെ ബന സ്സ്ഗ്രൂപ്പുമായിട്ടാണു് സമ്പക്കം പുലത്തിവന്നതു്. അതിനാൽ സ്വാഭാവികമായിത്തന്നെ കമ്മ്യൂണിസ്ററു കാർ അയാൾക്കു് ഉദ്യോഗക്കയററം നല്കിയില്ല. അപ്പോൾ ആ മനുഷ്യൻ നാട്ടിൽ ചുററിനടന്നു് ഒരു പ്രചരണം തുടങ്ങി. ഒന്നാം ലോകമഹായുദ്ധകാലത്തു് ചെക്കു് സേനയുമൊത്തു് മസ്സാറിക്കിനുവേണ്ടി താൻ സമരംചെയ്തതും, രണ്ടാം യുദ്ധകാലത്തു് ബനസ്സിനു വേണ്ടി പടവെട്ടിയതുമായ കഥകൾ അയാൾ സകല രോടും പറഞ്ഞു എന്നിട്ടു നോക്കണേ! ഒരു ദേശാഭി മാനിയായിരുന്നതിനു് ഒരാൾക്കുകിട്ടിയ സമ്മാനം! അവർ ദേശാഭിമാനിയെ അന്വേഷിച്ചുവന്നു; പിടിച്ചു കൊണ്ടുപോയി ജയിലിലിലടച്ചു; ഇപ്പോഴും അയാൾ അവിടെത്തന്നെയാണു്."

മി. കേയ്ക്കു് എന്തു സംഭവിച്ചു എന്നു് ഞാൻ ജൻഡായോടു ചോദിച്ചു.

"അതു നിങ്ങൾക്കു് ഊഹിക്കാവുന്നതേയുള്ളൂ"—എന്റെ സ്നേഹിതൻ പറഞ്ഞു. "എക്കാലത്തും അയാൾ ഒരു വിഡ്ഢിയായിരുന്നു. അന്നിവിടെ നടന്ന ആ വലിയ സല്ക്കാരവേളയിൽ മാത്രമാണു് അയാൾ വർഗ്ഗവ്യത്യാസങ്ങൾ മറന്നു പെരുമാറുന്നതായി ഞാൻ കണ്ടിട്ടുള്ളതു്. അന്നു രാത്രി ആ മനുഷ്യൻ വീട്ടുസൂക്ഷിപ്പുകാരിയുമായി ചങ്ങാത്തത്തിൽ കഴിയുകയായിരുന്നല്ലോ. എന്നാൽ രണ്ടാഴ്ച കഴിഞ്ഞു് അവളുമായി അയാൾ സംസാരിക്കുന്നതുപോലും കാണാൻ കഴിയുമായിരുന്നില്ല. ഇന്നു് ആ വീട്ടുസൂക്ഷിപ്പുകാരി അയാളോടു് ഒരക്ഷരം ഉരിയാടാൻപോലും ആഗ്രഹിക്കുകയില്ല. അയാൾ അത്രയ്ക്കു് അഹങ്കാരിയായിത്തീർന്നു. പലതരത്തിൽ സദാസമയവും അയാൾ ഞങ്ങളെ ശല്യപ്പെടുത്തുന്നു. എന്നാലും ആ മനുഷ്യനെപ്പററി എനിക്കിപ്പോൾ വ്യസനം തോന്നുന്നു. കുറെക്കാലം തന്റെ വീടുകളുടേയും ഫാക്റ്ററികളുടേയും ഉടമസ്ഥനായിരിക്കാൻ കമ്മ്യൂണിസ്റ്റുകാർ അയാളെ അനുവദിച്ചു. പിന്നീടു് അവർ ഫാക്റ്ററികൾ ദേശസാൽക്കരിക്കുകയും, അയാളുടെ വീടുകൾക്കുമേൽ കണ്ടുകെട്ടൽ സ്വഭാവമുള്ള കരങ്ങൾ ചുമത്തുകയും ചെയ്തു. അയാൾ വായടച്ചു മിണ്ടാതിരിക്കുകയും, തന്റെ കെട്ടിടത്തിന്റെ ഒരു ഭാഗത്തു് അവർ അയാൾക്കനുവദിച്ചിരുന്ന താമസസ്ഥലംകൊണ്ടു തൃപ്തിപ്പെട്ടുകഴിയുകയും ചെയ്തിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. അതു ചെയ്യാതെ അയാൾ ഒരു വക്കീലിന്റെ അടുക്കൽ പോവുകയും, വ്യവഹാരത്തിനു വട്ടംകൂട്ടുകയുമാണുണ്ടായതു്. അതുകൊണ്ടു് അവർ അയാളെ ഒരു ദുർഗ്ഗുണപരിഹാരതൊഴിൽപാളയത്തിലേയ്ക്കു കൊണ്ടുപോയി. അയാ

ളുടെ ഒരു വാടകക്കെട്ടിടത്തിൻെറ ഒരു മുറിയിലേയ്ക്കു മാററുകയും ചെയ്തു. മി. കെ-യുടെ വസതി ആരാണു വാങ്ങിയതെന്നു നിങ്ങൾക്കു് ഊഹിക്കാവുന്നതാണു്."

ഞാൻ—വീട്ടുസൂക്ഷിപ്പുകാരിയോ?

ജൻഡാ—അല്ല; അത്ര ലേശാക്കിപ്പറയാവുന്ന ഒരു കാര്യമല്ലതു്. വീട്ടുസൂക്ഷിപ്പുകാരിയുടെ ജാമാതാവാണു് അതു വാങ്ങിയതു്. ട്രേഡ്യൂണിയനുകളുടെ കേന്ദ്രത്തിൽ അയാളൊരു സിക്രട്ടറിയാണു്. ഞങ്ങളുടെ പിയാനോ വാങ്ങിയതും അയാൾതന്നെ.

മാത്താ ഒരു തളികയുമായി അകത്തുവന്നു. ഗ്ലാസുകളും, ഒരുകുപ്പി വെള്ള വീഞ്ഞും, കറുത്ത റൊട്ടിക്കഷണങ്ങളുമാണു് അതിലുണ്ടായിരുന്നതു്. ജൻഡാ ഗ്ലാസ്സുകൾ നിറച്ചു. "ഞങ്ങളുടെ പക്കലുള്ള നല്ല മൊറാവിയൻ വീഞ്ഞിൻെറ അവസാനക്കുപ്പികളിൽ ഒന്നാണിതു്," അദ്ദേഹം പറഞ്ഞു.

"ശരിതന്നെ. പക്ഷേ, നിങ്ങൾ ഈ കുററംപറച്ചിൽ ഒന്നു നിർത്തുകയും, ഏതു കാര്യത്തിൻേറയും നല്ല വശം കാണാൻ ശ്രമിക്കുകയും ചെയ്താൽ നിങ്ങൾക്കാവശ്യമുള്ള വീഞ്ഞു മുഴുവൻ കിട്ടുമല്ലോ!"—അദ്ദേഹത്തിൻെറ ഭാര്യ ചുട്ട മറുപടി നല്കി. "പാർട്ടി അംഗങ്ങൾക്കു് മുൻഗണന കൊടുക്കാറുണ്ടു്, ഇല്ലേ?"

ജൻഡാ—മാത്താ! ഞാൻ ആവർത്തിച്ചാവർത്തിച്ചു നിന്നോടു പറഞ്ഞിട്ടുണ്ടു്, ഇപ്പോഴും പറയുന്നു, എൻെറ ഉദ്യോഗത്തെ കരുതി മാത്രമാണു് ഞാൻ പാർട്ടിയിൽ ചേർന്നതു്. അതുപോലെയല്ല, ഡംഭനായ ഒരു കീഴ്സിൽബന്ധിയുടെ അടുക്കൽപോയി ആനുകൂല്യങ്ങൾ യാചിക്കുന്നതു്.

ടെലിഫോൺ കിലുങ്ങി. വിളികേട്ടു മറുപടി പറയാനായി മാത്താ ഹാളിലേയ്ക്കു പോയി. "ഞങ്ങളുടെ

കുടുംബത്തിനകത്തു് രാഷ്ട്രീയത്തർക്കങ്ങളുണ്ടാകുന്ന ഒരു കാലം വരുമെന്നു് ഞാനൊരിക്കലും വിചാരിച്ചിരുന്നില്ല"—വിഷാദാകുലനായി തന്റെ ഗ്ലാസിനുള്ളിലേയ്ക്കു നോക്കിക്കൊണ്ടു് ജൻഡാ തുടന്നു: "രാഷ്ട്രീയകാര്യങ്ങൾ മുമ്പൊക്കെ ഒരുതമാശയായിരുന്നു.കാര്യമായിമററൊന്നും നിങ്ങളുടെ മനസ്സിലില്ലാതിരിക്കുമ്പോൾ വല്ല ബിയർശാലയിലും കടന്നു് പിൽസ്നർമദ്യം നിറച്ച ഒരു ഗ്ലാസിൻെറ മുമ്പിലിരുന്നുകൊണ്ടു് വാദപ്രതിവാദം ചെയ്യാൻ കൊള്ളാവുന്ന ഒരു വിഷയമായിരുന്നു അതു്. ഇന്നാകട്ടെ, ഞങ്ങളിലൊരാൾ സംസാരിക്കാൻ വാതുറക്കുമ്പോഴെല്ലാം ഞങ്ങൾ ഒരു കലഹത്തിലേപ്പെട്ടുകയാണു്. ഇതിൽ കുട്ടികളും ഉൾപ്പെട്ടുന്നുണ്ടു്. അന്റോണിൻ കമ്മ്യൂണിസ്ററുകാരെ വെറുക്കുന്നു. മററിൽഡായാകട്ടെ, തൻെറ സവ്ശക്തിയോടുംകൂടി അവരുടെ പക്ഷത്താണു്. കയ്പേറിയ രാഷ്ട്രീയകാര്യങ്ങൾ ഞങ്ങളുടെ നിത്യാഹാരമായിത്തീന്നിരിക്കുന്നു. ഇതല്ലാതെ മറെറാരു സംഭാഷണവിഷയവും ഇല്ലെന്നാണു് തോന്നിപ്പോകുന്നതു്. എനിക്കിതു കേട്ടുകേട്ടു വെറുത്തു." അദ്ദേഹം തലകുലുക്കി. "പക്ഷേ, ഇതൊരു ഒഴിയാബാധയായിത്തീന്നിരിക്കുകയാണു്. ജനങ്ങൾക്കിനി ഇഷ്ടംപോലെ സഞ്ചരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞവഷം എല്ലാവരും അവരുടെ പാസ്പോർട്ടുകൾ തിരിച്ചേല്പിക്കേണ്ടതായി വന്നുകൂടി. ഇപ്പോൾ ഒരാൾക്കു് ഈ രാജ്യംവിട്ടു പോകണമെങ്കിൽ അയാൾ സമുന്നതനായ ഒരുദ്യോഗസ്ഥനോ, അല്ലെങ്കിൽ ഒരു വ്യാപാരദൗത്യസംഘത്തിലെ അംഗമെങ്കിലുമോ ആയിരിക്കണം. ഒരു ചെക്കു് പട്ടണത്തിൽനിന്നു് മറെറാന്നിലേയ്ക്കു പോകണമെങ്കിൽപോലും പെർമിററുവേണം. ഞങ്ങൾ യഥാ

KOTT- LIBRARY 70846 KOTTAYAM

ത്ഥത്തിൽ ബന്ധനസ്ഥരായിട്ടാണിവിടെ കഴിയുന്നതു്. കാരാഗൃഹഭീതിയുണ്ടാക്കുന്ന അന്തരീക്ഷമാണിതു്."

വീട്ടിന്റെ മുൻവാതൽ തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന ശബ്ദം ഞങ്ങൾ കേട്ടു. "ആ വരുന്നതു മററിൽഡായായിരിക്കണം" ജൻഡാ പറഞ്ഞു. ഒരു നിമിഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പുത്രി മുറിക്കകത്തു കടന്നുവന്നു. രണ്ടുവർഷം മുമ്പ് ഞാനവളെ കണ്ടതിനു ശേഷമുള്ള കാലത്തിനിടയ്ക്കു് അവൾ വളരെയധികം വളൎന്നിരുന്നു. കൃശഗാത്രിയായ ആ കുമാരിയിൽ ബാല്യത്തിന്റെ ഓമനത്വം ഇന്നും കളിയാടുന്നുണ്ടു്. എന്നാലിപ്പോൾ പന്ത്രണ്ടുവയസ്സിൽ കവിഞ്ഞു പ്രായംതോന്നിക്കത്തക്കവണ്ണം ചിന്താപൂൎണ്ണവും ഗൗരവസമന്വിതവുമായ ഒരു ഭാവമാണു് അവളിൽ കാണുന്നതു്. അവൾ തലമുടിയിൽ അണിഞ്ഞിരുന്ന ചുവപ്പുനാടയോ, കണങ്കാലിൽ ധരിച്ചിരുന്ന ചെറിയ ഉറയോ യൗവ്വനത്തിന്റെ ഒരു പ്രതീതിയുളവാക്കാൻ തീരെ സഹായകമായിരുന്നില്ല. ഉന്മേഷരഹിതമായ ഒരു മന്ദസ്മിതത്തോടുകൂടിയാണു് അവൾ എന്നെ അഭിവന്ദിച്ചതു്. ഞാൻ കൈനീട്ടിയപ്പോൾ അവൾ അതിലൊന്നു തൊട്ടശേഷം വിരൽ മാററിക്കളഞ്ഞു. ഈ അവസരത്തിലെല്ലാം അസ്വസ്ഥയായിട്ടാണു് അവൾ എന്നെ നോക്കിയതു്.

"ഹെല്ലോ!"—മററിൽഡാ തന്റെ പിതാവിന്റെ അടുത്തു പോകാതെ വിളിച്ചുപറഞ്ഞു.

"സ്കൂളിൽ പുതിയതായി എന്തൊക്കെയുണ്ടു്"—ജൻഡാ ചോദിച്ചു.

ആ ബാലിക സംശയാലുവായി അറച്ചുനിന്നു. അവളെന്നെ ചികഞ്ഞുനോക്കി. അനന്തരം ഇങ്ങനെ സംസാരിച്ചുതുടങ്ങി: "ഒരു പിൻതിരിപ്പൻവാദിയായ

കരോലിനാ എന്ന ഞങ്ങളുടെ സാംസ്കാരികവിദഗ്ദ്ധ കൂടുതൽ ശല്യങ്ങൾ ഉണ്ടാക്കി. ഗോട്ട്‌വാൾഡിന്റേയും സ്റ്റാലിന്റേയും ചിത്രങ്ങൾക്കു ചുവട്ടിലായി മസ്സാറി ക്കിന്റെ ഒരു പടം തൂക്കണമെന്ന് അവർ ഞങ്ങളോടു പറഞ്ഞു. ഇക്കാര്യം വിദ്യാർത്ഥിക്കമ്മിററിയിൽ എനി ക്കുന്നായിക്കേണ്ടിവന്നു."

"മററിൽഡാ വിദ്യാർത്ഥിക്കമ്മിററി സിക്രട്ടറി യാണ്"—ജൻഡാ എന്നോടു പറഞ്ഞു. ഈ വസ്തുതയെ ക്കുറിച്ച് അദ്ദേഹം അഭിമാനംകൊള്ളുകയായിരുന്നുവോ, അതോ, അതിനുവേണ്ടി ക്ഷമാപണം ചെയ്യുകയായി രുന്നുവോ എന്നു തിട്ടംവരുത്താൻ എനിക്കു കഴിഞ്ഞില്ല.

"എന്താണീ വിദ്യാർത്ഥിക്കമ്മിററി?"—ഞാൻ ആരാഞ്ഞു.

ഇതുകേട്ട് മററിൽഡാ അമ്പരന്നതുപോലെ എനിക്കു തോന്നി. "എന്ത്! ഓരോ ക്ലാസിനും ഓരോ കമ്മിററിയുണ്ട്," അവൾ വിശദീകരിക്കാൻ തുടങ്ങി. "രാഷ്ട്രീയ വിദ്യാഭ്യാസം, കായിക വിനോദങ്ങൾ, പത്ര ങ്ങൾ, പ്രസംഗങ്ങൾ, ധനതത്വശാസ്ത്രം, വിനോദസ ഞ്ചാരങ്ങൾ, പിന്നെ സാംസ്കാരികരംഗം ഇവയിലെല്ലാം പ്രത്യേകപഠനം നടത്തുന്ന ക്ലാസിലെ അംഗങ്ങളെ ഞങ്ങൾ തിരഞ്ഞെടുക്കുന്നു. സാംസ്കാരികരംഗത്തെ പ്പററി പറഞ്ഞില്ലേ? അവിടെയാണ് ഒന്നിനെതി രായി ആറു വോട്ടുകൊണ്ട് കരോലിനായെ ഞങ്ങൾ തറ പററിച്ചതു്. മസ്സാറിക്കിന്റെ ഒരു പടം ഞങ്ങൾ ഞങ്ങളുടെ ക്ലാസ് മുറിയിൽ വയ്ക്കേണ്ട ആവശ്യമെന്ത്?"

ജൻഡാ ഒരു നെടുവീർപ്പുവിട്ടു. ക്ഷമാപൂർവ്വം അദ്ദേഹം പറഞ്ഞു: "മററിൽഡാ, ഞാൻ പറയട്ടെ, മസ്സാറിക്കില്ലായിരുന്നെങ്കിൽ നമുക്ക് ഈ റിപ്പബ്ലിക്കു ണ്ടാകുമായിരുന്നില്ല."

അവൾ മുഖംകൊണ്ടു് ഒരു കൊഞ്ഞനംകാട്ടി. "അതു നേരല്ല. എനിക്കതു തെളിയിക്കാൻ കഴിയും. റൂഡ്പ്രാവോ പറഞ്ഞിരിക്കുന്നതെന്താണെന്നു് അച്ഛനറിയാമോ?" ചെക്കോസ്ലോവാക്കിയായിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഔദ്യോഗികപത്രമാണു് "റൂഡ് പ്രാവോ." അവൾ തുടൎന്നു: "റൂഡ്പ്രാവോ പറഞ്ഞിരിക്കുന്നതെന്താണെന്നുവെച്ചാൽ, നമ്മുടെ ചരിത്രത്തിൽ മസ്സാറിക്കുമായി ബന്ധപ്പെട്ട അദ്ധ്യായം ഇപ്പോൾ അവസാനിച്ചിരിക്കുകയാണെന്നാണു്. അദ്ദേഹം പാശ്ചാത്യരെ ആശ്രയിച്ചയാളാണു്. ഇന്നാകട്ടെ, ചെക്കോസ്ലോവാക്കു് രാഷ്ട്രം റഷ്യയെ മാതൃകയാക്കിക്കൊണ്ടും സോഷ്യലിസത്തെ ലക്ഷ്യമാക്കിക്കൊണ്ടും മുന്നോട്ടു മാർച്ചുചെയ്യുകയാണു് " കാണാപ്പാഠം പഠിച്ച ആ വരികൾ പതിഞ്ഞ സ്വരത്തിലും യാതൊരു ശബ്ദവ്യത്യാസവും വരാതെ ഏകരീതിയിലും അവൾ ഉരുവിട്ടു. താൻ പറയുന്നതെന്താണെന്നു് ശരിക്കവൾ മനസ്സിലാക്കിയോ എന്നു നിൎണ്ണയിക്കാൻ എനിക്കു പ്രയാസമായിരുന്നു. ബാല്യലക്ഷണങ്ങൾ മിക്കവാറും അസ്തംഗതമായിരുന്നെങ്കിലും, അവളിൽ യൗവ്വനം ഉദിച്ചുകഴിഞ്ഞിരുന്നില്ല. ഞാൻ ജൻഡായെ കടക്കണ്ണുകൊണ്ടൊന്നു നോക്കി. അദ്ദേഹം എന്റെ നേരേ തിരിഞ്ഞു നോക്കിയപ്പോൾ ആ നോട്ടത്തിൽ അസ്വാസ്ഥ്യം നിഴലിച്ചിരുന്നതു ഞാൻ കണ്ടു. എന്റെ സുഹൃത്തു് മററിൽഡായെ നഷ്ടപ്പെടുകയായിരുന്നു. ആ സംഭാവ്യതയെ ഒഴിവാക്കാൻ എന്തെങ്കിലും ചെയ്യുന്നതിനു് അദ്ദേഹം അപ്രാപ്തനമായിരുന്നു.

"മററിൽഡാ," ഞാനവളോടായി പറഞ്ഞു: പ്രസിഡൻറു് മസ്സാറിക്കു് ഈ രാജ്യത്തിനുവേണ്ടി എന്തു ചെയ്തിട്ടുണ്ടെന്നറിയാൻ നിനക്കു പ്രായമായിട്ടില്ല."

ആ ബാലിക വീണ്ടും മുഖംകൊണ്ടൊരു കൊഞ്ഞനംകാട്ടി. അവളുടെ അഛന്റെ മുഖം ചുവന്നു. മററിൽഡാ, നീ ക്ഷീണിച്ചിരിക്കുകയാണെങ്കിൽ അകത്തേയ്ക്കു പൊയ്ക്കൊള്ളൂ." എന്ന് അദ്ദേഹം അവളോടു പറഞ്ഞു.

അവളൊന്നു ചുളിഞ്ഞു; പിന്നീടു മുറിവിട്ടുപോയി.

പിന്നീട് അല്പനേരം ഞങ്ങളിരുവരും അന്യോന്യം യാതൊന്നും സംസാരിച്ചില്ല. ജൻഡായുടെ കണ്ണുകളിൽ അത്യധികമായ ശോകപാരവശ്യം നിഴലിച്ചിരുന്നു. ആ നോട്ടം എനിക്കു വളരെ മനോവേദനയുണ്ടാക്കി. ഒടുവിൽ, എന്തെങ്കിലും പറഞ്ഞു് അദ്ദേഹത്തെ ആശ്വസിപ്പിക്കേണ്ടതു് എൻെറ കടമയാണെന്നു് എനിക്കു തോന്നി. "അവൾ കേവലം ഒരു കുഞ്ഞാണു്," ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

ജൻഡാ ഒരു നെടുവീർപ്പുവിട്ടുകൊണ്ടു് "അവൾക്കു പന്ത്രണ്ടു വയസ്സു ആയിട്ടുള്ളൂ", അദ്ദേഹം തുടർന്നു: "ഈ പ്രായത്തിലുള്ള പെൺകുട്ടികൾക്കു് കൗതുകകരമായി തോന്നുന്ന കാര്യങ്ങൾ എന്തൊക്കെയായിരിക്കുമെന്നാണു് സാധാരണ സങ്കല്പം? പുസ്തകങ്ങൾ, കളികൾ, പാവകൾ—ഇതൊക്കെയല്ലേ? എനിക്കറിഞ്ഞുകൂടാ. മററിൽഡായുടെ ശ്രദ്ധ ഈവക കാര്യങ്ങളിലൊന്നുമല്ല. അവളുടെ മുറിയിലെ ഭിത്തികൾ റഷ്യൻ മാർഷൽമാരുടെ ഛായാപടങ്ങൾകൊണ്ടു മൂടിയിരിക്കുന്നു. മാർഷൽ റൊക്കൊസോവ്സ്കിയെക്കുറിച്ചു് അവൾക്കു വലിയ ഭ്രമമാണു്. റഷ്യാക്കാർ അദ്ദേഹത്തെ പോളിഷ് സൈന്യത്തിൻെറ അധിപനായി നിയമിച്ചപ്പോൾ അവൾ കരഞ്ഞു നിലവിളിച്ചു. അദ്ദേഹത്തെ പ്രേഗിലേയ്ക്കയയ്ക്കേണ്ടതായിരുന്നു എന്നാണവൾ പറഞ്ഞതു്. അവളുടെ അമ്മാവി ജാർമിലാ തന്റെ കുഞ്ഞുമകളെ സന്തോ

ഷിപ്പിക്കാനായി ക്ലാർക്ക് ഗേബിളിൻേറയും റോബർട്ട് ടെയ്‌ലറുടേയും പടങ്ങൾ കൊണ്ടുവന്നു. എന്നാൽ മററിൽഡായ്ക്കു് ചലച്ചിത്രതാരങ്ങളോട് അശേഷം പ്രതിപത്തിയില്ല. രാഷ്ട്രീയകാര്യങ്ങളിലല്ലാതെ മറെറാന്നിലും അവൾക്കു ശ്രദ്ധയില്ലെന്നാണു കാണുന്നതു്. കഴിഞ്ഞ തിരഞ്ഞെടുപ്പിനു മുമ്പു്, അവളും അവളുടെ സഹപാഠികളുംകൂടി രാത്രികാലങ്ങളിൽ പന്ത്രണ്ടാം ഡിസ്ട്രിക്ടിൽ സർവത്ര ചുററിനടക്കുകയും മററു മൂന്നു പാർട്ടികളുടെ പ്രചരണപരസ്യങ്ങൾക്കെതിരായി കമ്മ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളടങ്ങിയ പത്രികകൾ ഒട്ടിക്കുകയും ചെയ്തു. അവൾ പിയാനോ പഠിത്തം മതിയാക്കി. ഇപ്പോൾ എനിക്കു പഠിക്കേണ്ടിയിരിക്കുന്ന മാർക്സിന്റേയും ഏംഗൽസിൻേറയും പുസ്തകങ്ങൾ വായിക്കാനാണു് അവൾ ഉററു ശ്രമിച്ചുവരുന്നതു്. കൽക്കണ്ടും മിഠായിയും മററും അവൾക്കിഷ്ടമാണു്. എന്നാൽ ഏതാനും ദിവസങ്ങൾക്കു മുമ്പു് ഞാൻ കുറെ ചോക്ക്ലററു് കൊണ്ടുവന്നപ്പോൾ അതു തിന്നുകയില്ലെന്നവൾ ശാഠ്യംപിടിച്ചു. കാരണം, ഐക്യരാഷ്ട്രദുരിതാശ്വാസപുനരധിവാസഭരണ (യു. എൻ. ആർ. ആർ. ഏ.) വകുപ്പിൽനിന്നുള്ള പഴയ സപ്ലൈസിൽപ്പെട്ട ചോക്ക്ലററായിരുന്നു അതു്.

ജൻഡാ എണീററു. അദ്ദേഹം മുറിക്കുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു് ഇങ്ങനെ തുടന്നു: "ഒരുവിധം നല്ല സ്ഥിതിയിൽ കഴിയുന്ന ആളുകൾ താമസിക്കുന്നസ്ഥലമാണിതെന്നു നിങ്ങൾക്കറിയാമല്ലോ. എന്നാൽ മററിൽഡായുടെ ക്ലാസിൽ പഠിക്കുന്ന ഇരുപത്തിയൊമ്പതു പെൺകുട്ടികളിൽ ഇരുപത്തിയേഴുപേരും കമ്മ്യൂണിസ്റ്റ് യുവജനസംഘടനയിലെ അംഗങ്ങളാണു്. മററു രണ്ടുപേരെ പിൻതിരിപ്പൻ വാദികളെന്നാണു്

വിളിക്കുന്നതു്. ആ വാക്കുകേട്ടു നിങ്ങൾ അന്യഥാ ധരിക്കരുതു്. ഭരണക്രൂടത്തിന്റെ അനുയായിയല്ലാത്ത ഏതൊരാളിനേയും അങ്ങനെ വിളിക്കാമെന്നാണു് വിവക്ഷ. ഇപ്പറഞ്ഞ രണ്ടു പിൻതിരിപ്പൻ വാദികളും സാധുകുടുംബങ്ങളിൽപെട്ട കുട്ടികളാണു്. അവരിൽ ഒരു കുട്ടിയുടെ അച്ഛൻ ഒരു റെയിൽറോഡു തൊഴിലാളിയാണെന്നാണു് തോന്നുന്നതു്. ഇതൊന്നും ക്രൂടുതൽ വിശദീകരിക്കാൻ എന്നോടു് ആവശ്യപ്പെടരുതെന്നൊരപേക്ഷയുണ്ടു്. ഒന്നിനും ഒരത്ഥം കാണുന്നില്ല. അതൊക്കെപ്പോട്ടെ. നമുക്കു കുറച്ചുക്രൂടി വീഞ്ഞുകുടിക്കാം."

മാത്താ അകത്തുവന്നു. "നിങ്ങളൊന്നും കഴിച്ചില്ലല്ലോ," തളികയിലേയ്ക്കു നോക്കിക്കൊണ്ടു് അവൾ പറഞ്ഞു:

"നെയ്യിൽ പൊരിച്ച റൊട്ടി നിങ്ങൾക്കിഷ്ടമല്ലേ?"—അവൾ ചോദിച്ചു.

"മററിൽഡാ് പറഞ്ഞതൊക്കെ കേട്ടുകഴിഞ്ഞപ്പോൾ തന്നെ ഞങ്ങളുടെ വിശപ്പടങ്ങി"—അവളുടെ ഭത്താവു മറുപടി നല്കി.

മാത്താ വിമർശനദൃഷ്ട്യാ അദ്ദേഹത്തെ നോക്കി; അനന്തരം ദീർഘമായി ഒന്നു നിശ്വസിച്ചു. "നിങ്ങൾ വീണ്ടും തക്കിക്കുകയായിരുന്നോ? കാറൽ, നിങ്ങൾ ആ കുട്ടിയെ വെറുതേ ശുണ്ഠിപിടിപ്പിക്കരുതേ!"—അവൾ അഭ്യത്ഥിച്ചു.

ജൻഡാ—അവളുടെ തലമണ്ടയിൽ കടന്നുക്രൂടിയിരിക്കുന്ന അബദ്ധധാരണകളെയെല്ലാം ഞാൻ തല്ലിച്ചതച്ചുകളയും."

മാർത്താ—അങ്ങനെയാണെങ്കിൽ അടുത്തൊരു ദിവസം തന്നെ അവൾ അവളുടെ സാറിനോടു പറയും, നിങ്ങൾ—

ജൻഡാ (ചൊടിച്ചുകൊണ്ടു്)—നീ ഒരു മറയിയാകരുതു്.

ഇതുകേട്ടു് അദ്ദേഹത്തിൻെറ ഭാര്യ പകച്ചുനിന്നു; അവളുടെ മുഖം തുടുത്തു. ഒരു പരീക്ഷണനിമിഷംതന്നെയായിരുന്നു അതു്. അല്പം കഴിഞ്ഞപ്പോൾ ജൻഡായുടെ കോപം എരിഞ്ഞടങ്ങി. "എനിക്കു സങ്കടം തോന്നുന്നു," അദ്ദേഹം പറഞ്ഞു. "ആ അനിയന്ത്രണം കൈവിടുന്ന ഒരു ശീലമല്ല മുമ്പെനിക്കുണ്ടായിരുന്നതു്."

മാർത്താ—എന്നാൽ ഈയിടെയായി അങ്ങു് പലപ്പോഴും അതു കൈവിടുകയാണു്.

ജൻഡാ—ഫോണിൽ വിളിച്ചതു് ആരായിരുന്നു?

മാർത്താ—ജാർമിലാ. അവൾ ഡിന്നറിനു് ഇങ്ങോട്ടു വരുന്നുണ്ടു്.

ജൻഡാ—ഹാ! ദൈവമേ! അവളെ ഇന്നു രാത്രി ഇവിടേയ്ക്കു ക്ഷണിക്കാൻ നീ നിർബ്ബന്ധിതയായോ?

മാർത്താ—"ജാർമിലായെ ആരും ഒരിക്കലും അങ്ങോട്ടു ക്ഷണിക്കാറില്ലെന്നു് നിങ്ങൾക്കറിയാമല്ലോ. എൻെറ ഓമനസഹോദരിയെ എന്നെപ്പോലെതന്നെ നിങ്ങൾക്കും അറിയാം. അവൾ എപ്പോഴും സ്വയം ക്ഷണിക്കുകയാണു പതിവു്. നല്ല വേഷവിധാനങ്ങൾ നോക്കി നോക്കി ഇന്നു പകൽ മുഴുവൻ അവൾ പട്ടണം ചുററുകയായിരുന്നെന്നു തോന്നുന്നു. അതെല്ലാം കഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തിയപ്പോഴാണു് അവിടെ തിന്നാനൊന്നുമില്ലെന്നു കണ്ടുപിടിച്ചതു്. എന്തിനധികം പറയുന്നു! പെപ്പിക്കിനു് അവളെ അറിയാമല്ലോ." എന്റെ നേക്കു് ഒരപാംഗവീക്ഷണത്തോടുകൂടിയാണു് അവൾ ഇതു പറഞ്ഞതു്. പെപ്പിക്കു് എന്നതു് എൻെറ വീട്ടുപേരിൻെറ ഹ്രസ്വമായ ചെക്കു്ഭാഷാരൂപമാണു്.

ജാർമിലായെ നല്ലപോലെ എനിക്കറിയാമായിരുന്നു. ഊർജ്ജസ്വലയും, നിർബന്ധശീലയും, കോമളാകാരയുമായ ഒരു രമണിയാണവൾ. എൻെറ ഓർമ്മയെത്തുന്നിടത്തോളം പിന്നോട്ടു നോക്കുമ്പോൾ എപ്പോഴും എന്തെങ്കിലും കുഴപ്പത്തിൽപെട്ടു വിഷമിക്കുന്ന ഒരു സ്ത്രീയായിട്ടാണു് ഞാനവളെ കണ്ടിട്ടുള്ളതു്. ചിലപ്പോൾ ഒരു സ്കൂളിൽനിന്നു പിരിച്ചുവിടപ്പെട്ട സ്ഥിതിയിലായിരിക്കും; മററു ചിലപ്പോൾ ജോലി നഷ്ടപ്പെട്ടിരിക്കും; വേറൊരു സന്ദർഭത്തിൽ ഒരു പുരുഷനുമായി തെററിനില്ക്കുകയായിരിക്കും. കാര്യങ്ങൾ എത്ര കട്ടത്തായിരുന്നാലും അതുകൊണ്ടൊന്നും അവൾ അടിപെട്ടുകയില്ല. നാടകശാലയിലും ചലച്ചിത്രരംഗത്തും അവൾക്കു സർവസ്വാതന്ത്ര്യമുണ്ടു്. പട്ടണവാസികളുടെ ഇടയ്ക്കു് അവൾ സുപരിചിതയാണു്. സർവസ്വവും കളഞ്ഞുകുളിക്കുന്ന ഉദാരശീല—സ്വഭാവേന ഒരു കടക്കാരി—അങ്ങേയററം സത്യസന്ധ—വികാരാവേശത്തിൽ ഒരു സാഹസിക—അതാണു് ജാർമിലാ. ജർമ്മൻ അധിനിവേശകാലത്തു് അവൾ ദേശീയ പ്രതിരോധസമരസമിതിയിൽ ചേരുകയും, ഒരു സംഘം ദേശഭക്തന്മാരുമൊന്നിച്ചു് സ്ലോവാക്കു് വനങ്ങളിൽ ഒളിച്ചുതാമസിക്കാൻ പോവുകയും ചെയ്തപ്പോൾ അതിലാർക്കും വലിയ ആശ്ചര്യംതോന്നിയില്ല. പുരുഷപ്രായമാകാത്ത ഒരു കൊച്ചു വീരനുമായി അവൾ അവിടെവച്ചു് വിവാഹബന്ധത്തിലേർപ്പെട്ടു. എന്നാൽ, വിമോചനകാലമായതോടുകൂടി ആ വിവാഹബന്ധം തകർന്നു. ജാർമിലാ നിർധനയായി. ഒരു കൈക്കുഞ്ഞിനെ പോററേണ്ട ഭാരവും അവൾക്കു വന്നുകൂടി. പിന്നീടു് ഒട്ടുനാൾ അവൾ ഒരു വില്പനക്കാരിയായി പണിയെടുത്തു. അതും കഴിഞ്ഞപ്പോൾ അവൾ തൻെറ സ്വകാര്യസ്വത്തുക്കൾ വിററുതുടങ്ങി.

“നിങ്ങൾ, ജ്യേഷ്ഠത്തിയും അനുജത്തിയുംകൂടി ഈ സായാഹ്നത്തിൽ ദീർഘമായ ഒരു കലഹത്തിലേപ്പെട്ടു കയില്ലെന്നാണ് എന്റെ വിശ്വാസം,” ജൻഡാ സ്വപ്നതിയോടു പറഞ്ഞു. ജാർമിലായുടെ കാര്യം പറയുമ്പോഴെല്ലാം അവളുടെ ദയാവായ്പിനേയും കൂറിനേയും അദ്ദേഹം പുകഴ്ത്താറുണ്ടായിരുന്നു.

മാർത്താ—ഞാൻ കലഹിക്കാറില്ല. ജാർമിലായാണ് എപ്പോഴും തർക്കമെടുത്തിടുന്നത്. അങ്ങയെപ്പോലെ അവളും ഒരു പിൻതിരിപ്പൻവാദിയാണ്. കാലം മാറിയിരിക്കുന്നു എന്നു മനസ്സിലാക്കാൻ അവൾ ഒരുക്കമില്ല. ജീവിതം ഒരു നിശാസമാജത്തിലെ ഹൃദ്യമായ ഒരു സായാഹ്നമായിമാത്രം കരുതാവുന്ന ഒരു കാലം ഉണ്ടായിരുന്നെങ്കിൽ അതു് ഇങ്ങിനിവരാതെവണ്ണം കഴിഞ്ഞുപോയിരിക്കുന്നു.

ജൻഡാ—ജാർമിലാ നിശാസമാജത്തിൽ പോകുന്ന പതിവു് നിർത്തിക്കഴിഞ്ഞിരിക്കുകയാണല്ലോ.

മാർത്താ—അതേ; എങ്കിലും വളരെക്കാലം അതവളുടെ ഒരു പതിവായിരുന്നല്ലോ.

കുറെ കഴിഞ്ഞപ്പോൾ ജാർമിലാ വന്നുചേർന്നു. ആറുവയസ്സുള്ള തന്റെ ഓമനപ്പുത്രി അന്നായുമായിട്ടാണ് അവൾ വന്നതു്. ആ കുട്ടിയുടെ മുഖഛായ ഒട്ടധികം അവളുടെ അമ്മയുടേതായിരുന്നു പ്രേഗിലെ മിക്ക സ്ത്രീകളും ഇന്നു് ക്ഷീണിച്ചുതളർന്നു് ആരോഗ്യം തകർന്നവരായിട്ടാണു കാണപ്പെടുന്നതു്. തലമുടി ചീകി ഭംഗിയാക്കി വയ്ക്കുന്നതിലോ, വെടിപ്പായി വസ്ത്രധാരണം ചെയ്യുന്നതിലോ അവർ വളരെയൊന്നും ശ്രദ്ധിക്കുന്നില്ല. അഴുക്കുപുരണ്ടവശം മറിച്ചിട്ടു കാളറോടുകൂടിയ കോട്ടുകളും, തേഞ്ഞ ഷൂസുമാണ് അവരിന്നു ധരി

ക്കുന്നതു്. പക്ഷേ, ജാർമിലാ അങ്ങനെയല്ല. അവളുടെ വേഷം പ്രസാദാത്മകവും പ്രസരിപ്പുള്ളതുമായിരുന്നു. നഖങ്ങൾ നിർമ്മലമായി സൂക്ഷിക്കപ്പെട്ടിരുന്നു—കണ്ണെഴുതിയിരുന്നു — മുടി ചീകിയൊതുക്കിയിരുന്നു. അങ്ങനെ പ്രിയദർശനയായിട്ടാണു് അവൾ പ്രത്യക്ഷപ്പെട്ടതു്. വന്ന വരവിൽതന്നെ അവൾ രണ്ടു കൈകൊണ്ടും എന്നെ ചുററിക്കെട്ടിപ്പിടിച്ചുകൊണ്ടു്, സ്നേഹസമ്പൂർണ്ണമായ ഒരു ദീർഘചുംബനമാണു് എനിക്കു നല്കിയതു്. "പെപ്പിക്കു്! ദൈവം അമേരിക്കയെ അനുഗ്രഹിക്കട്ടെ! നിങ്ങൾ ബില്ലിയെ കണ്ടുകഴിഞ്ഞോ?"—അവൾ ചോദിച്ചു

"അന്നൊരിക്കൽ ഞാൻ ആ സല്ക്കാരവേളയിൽ കണ്ട ചെമ്പിച്ച തലമുടിക്കാരൻ ലെഫ്ററനൻറിനേയോ?"—ഞാൻ ആരാഞ്ഞു. ജാർമിലായുടെ ബാല്യകാലസുഹൃത്തുക്കളെ ഓർമ്മിക്കുകയെന്നതു് അത്ര ക്ഷിപ്രസാദ്ധ്യമായിരുന്നില്ല.

"അല്ല, അതു ടെഡ്ഡിയായിരുന്നു. ഇരുണ്ട നിറവും, ചെക്കുകാരുടെ മൂക്കുമുള്ള ആ ക്യാപ്റ്റനെയാണു് ഞാൻ ബില്ലി എന്നു വിളിച്ചതു്."

"അതൊരു ഐറിഷ് മൂക്കായിരുന്നല്ലോ!"—ഒന്നോർമ്മിച്ചശേഷം ഞാൻ അഭിപ്രായപ്പെട്ടു.

ജാർമിലാ—ആയിരിക്കട്ടെ; രണ്ടും എനിക്കു് ഒരുപോലെതന്നെ. ബില്ലിയെ ഞാനിത്രവളരെ സ്നേഹിക്കാൻ കാരണം, ചെക്കുകാരുടെ പ്രത്യേകതയായ ഒരു മൂക്കു് അദ്ദേഹത്തിനുണ്ടെന്നുള്ളതാണു്. അദ്ദേഹം വഹിച്ചിരുന്ന പതാക ഇന്നും എൻെറ കയ്യിലുണ്ടു്. ഇതാ നോക്കൂ.

അവൾ തൻെറ ജായ്ക്കററു് തുറന്നു. അവളുടെ ബ്ലൗസിൽ ഒരു വെള്ളിപ്പതക്കം തുന്നിപ്പിടിപ്പിച്ചിരുന്നു.

അതിൻെറ ഒത്തമദ്ധ്യത്തായി ഒരു വെറിയ അമേരി ക്കൻ പതാക ദൃശ്യമായി. "ജെസിസ്, എനിക്കു ക്ഷീണ മുണ്ടു്," എൻെറ പ്രശംസകൾ കേട്ടശേഷം ജാർമിലാ ഗൃഹനാഥനോടു പറഞ്ഞു. "ഒരു ജോടി ഷൂസിനുവേണ്ടി ഞാൻ പട്ടണം മുഴുവൻ ചുററിനടന്നു."

"അതു ഞാൻ നേരത്തേ നിങ്ങളോടു പറഞ്ഞില്ലേ?" മാർത്താ അവളുടെ ഭർത്താവിനെ ഓർമ്മിപ്പിച്ചു.

ജാർമിലാ—നിങ്ങൾ തെററിദ്ധരിക്കാതിരുന്നാൽ കൊള്ളാം. അന്നായുള്ളപററിയ ഷൂസന്വേഷിച്ചാണു് ഞാൻ നടന്നുവലഞ്ഞതു്. അതിരിക്കട്ടെ. മാർട്ടിക്കായെ പ്പററിയുള്ള ഏററവും ഒടുവിലത്തെ തമാശ നിങ്ങൾ കേട്ടുവോ?

പ്രസിഡൻറ് ഗോട്ട്വാൾഡിൻെറ പത്നിയുടെ പരിഹാസപ്പേരാണു് മാർട്ടിക്കാ. പ്രചുരപ്രചാരമായ ഒട്ടധികം തമാശകൾക്കു വിഷയമായ ഈ സ്ത്രീ വൃത്തി ഹീനയും സ്ഥൂലഗാത്രിയും ഒട്ടൊക്കെ വികൃതരൂപിണി യുമാണു്.

ജാർമിലാ തുടന്നു: "മാർട്ടിക്കായോടു് ആരോ ചോദിച്ചു: 'മാഡം പ്രസിഡൻറ്! നിങ്ങൾ ഫിഗറോ യുടെ വിവാഹ(മായാവിവാഹം)ത്തിനു പോകുന്നുണ്ടോ?' എന്നു്. അതിനു് മാർട്ടിക്കായുടെ മറുപടി, "ഇല്ല; എനിക്കു വളരെ ജോലിക്കൂടുതലുണ്ടു്. എന്നാൽ ഞാന വൾക്കു് ഒരു കമ്പിയടിക്കാനുദ്ദേശിക്കുന്നു" എന്നായിരുന്നു.

ജാർമ്മിലാ ഈ തമാശ പറഞ്ഞുകഴിഞ്ഞപ്പോൾ ഞാനും അവളും പൊട്ടിച്ചിരിച്ചു. മററാരും അങ്ങനെ ചെയ്തില്ല. ജൻഡാ മുഖഭാവത്തിൽ ഒരു സഹികേടാണു് ദൃശ്യമായതു്. "കളിപറച്ചിലോ?" പരുഷസ്വരത്തിൽ അദ്ദേഹം ആക്രോശിച്ചു. "നമ്മുടെ സ്വാതന്ത്ര്യവും

ആത്മാഭിമാനവുമെല്ലാം നഷ്ടപ്പെട്ടിട്ട് നാമെന്താണിവിടെ ചെയ്യുന്നതു്? കളിപറഞ്ഞു രസിക്കുകയാണു്."

"കാറൽ, നിങ്ങൾ നിരാശനാകരുതു്"—ആ കുടുംബനാഥന്റെ നെററിത്തടത്തിൽ ചുംബിച്ചുകൊണ്ടു് ജാർമിലാ അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു. "ഇതൊന്നും എന്നെന്നേയ്ക്കും നീണ്ടുനില്ക്കില്ല. ഒന്നും ശാശ്വതമല്ല. ഒക്ടോബർ 28-ാം തീയതി അവരിവിടെ എത്തും."

"ആരു്?"—ഞാൻ ചോദിച്ചു. ഒക്ടോബർ 28-ാം തീയതി ചെക്കോസ്ലോവാക്കിയായുടെ സ്വാതന്ത്ര്യദിനമാണു്.

"ആരെന്നോ?"—ജാർമിലാ ഒരമ്പരപ്പോടുകൂടി എന്റെ ചോദ്യം ആവർത്തിച്ചു. "എന്തു്! അമേരിക്കാക്കാർ, തീർച്ചയായും അവരിവിടെ എത്തും. നിങ്ങൾക്കറിഞ്ഞുകൂടേ? അമേരിക്കൻ എംബസിയുമായി ബന്ധമുള്ള ഒരാളിൽനിന്നാണു് ഞാനീ വിവരമറിഞ്ഞതു്. ഇതു വെറും വിനോദമൊന്നുമല്ല. ശരിക്കു കാര്യമറിഞ്ഞുകൊണ്ടുതന്നെയാണു് എന്റെ സ്നേഹിതൻ ഇതെന്നോടു പറഞ്ഞതു്.

ജൻഡാ നെടുവീർപ്പുവിട്ടു. "ജാർമിലാ, നീ എവിടെനിന്നാണീ കഥകളെല്ലാം തട്ടിയെടുക്കുന്നതെന്നെനിക്കറിഞ്ഞുകൂടാ," അദ്ദേഹം പറഞ്ഞു.

ജാർമിലാ—കാറൽ, ഇതൊരു കഥയൊന്നുമല്ല. കാര്യമാണിതു്. (എന്റെ നേരേ തിരിഞ്ഞിട്ടു്) പെപ്പിക്കു്! ഞങ്ങളോടു പറയൂ. എപ്പോഴാണു് അമേരിക്കക്കാർ ഇവിടെയെത്തി ഞങ്ങളെ വിമോചിപ്പിക്കാൻ പോകുന്നതു്?

ആശയും ആശാശൂന്യതയുംകൊണ്ടു് കലങ്ങിയിരുന്ന കണ്ണുകൾകൊണ്ടു് ഏകാഗ്രമായി അവളെന്നെ

നോക്കി. ഞാൻ മറുപടി പറഞ്ഞില്ല. നീണ്ട ഒരു മൗനത്തിനുശേഷം അവൾ ഒരു ദീർഘശ്വാസംവിട്ടു. "പറഞ്ഞതുപോലെതന്നെ. എന്നൊങ്കിലും അവരിവിടെയെത്തും," ദൃഢസ്വരത്തിൽ അവൾ പറഞ്ഞു. "കാറൽ, ഞാനല്പം വീഞ്ഞു കുടിക്കട്ടെ." അവൾ വൈൻ കുടിക്കുകയും, തുടൻ് ഒരു റൊട്ടിക്കഷണം തിന്നുകയും ചെയ്തു. "ഞാൻ എൻെറ രൂപസൗഭാഗ്യം സൂക്ഷിക്കണം; ഇല്ലെങ്കിൽ താമസിയാതെ മാട്ടിക്കായെപ്പോലെയായേക്കും," അവൾ തുടൻ: "ഇവിടത്തെ ജനങ്ങൾ ഇപ്പോൾ സദാസമയവും എന്തെങ്കിലും ഭക്ഷിച്ച് വയറുനിറയ്ക്കുകയാണെന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചുവോ? യുദ്ധകാലത്ത് ആഹാരം കുറച്ചു കഴിക്കേണ്ടിവന്നതിനു പകരമായി ഇപ്പോൾ കൂടുതൽ കഴിക്കുകയാണെന്നു തോന്നും ഇതു കണ്ടാൽ. തപാലാഫീസിലെ കുമാരി സ്റ്റാമ്പുവില്പന നടത്തിക്കൊണ്ടിരിക്കവേ തന്നെ റൊട്ടിയും പന്നിയിറച്ചിയും തിന്നുന്നതു കാണാം. അഴുക്കുപുരണ്ട സ്റ്റാമ്പുകളാണ് അവൾ വില്ക്കുന്നത്. സ്ട്രീററ് കാറിലെ കണ്ടക്റ്റർ നിങ്ങൾക്കു ടിക്കററു തരുമ്പോൾ അയാളുടെ വാനിറച്ച് കേക്കു കിടക്കുകയായിരിക്കും."

"അനേകവർഷക്കാലം അവർ വിശന്നുപൊരിയുകയായിരുന്നില്ലേ?"—മാർത്താ അഭിപ്രായപ്പെട്ടു.

ജാർമിലാ—പന്നികളെപ്പോലെ തിന്നുന്നതിന് അതൊരു കാരണമല്ല "പ്രേഗ്",എന്തൊരു മനോഹരനഗരമായിരുന്നു! ഇപ്പോൾ ഈ പട്ടണം കാഴ്ചയിൽ റഷ്യയിലെ ഒരു പട്ടിക്കാട്ടുപോലെയായിത്തുടങ്ങിയിരിക്കുകയാണ്. തുറന്നു പറയുകയാണെങ്കിൽ, ഹ്രാഡ്കാനി അരമനയിലെ മാന്യന്മാർ ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. ഈ ഉദ്ദേശം നടന്നാൽ, യഥാർത്ഥ റഷ്യൻഗ്രാ

മങ്ങളിൽനിന്നു വരുന്ന അവരുടെ രക്ഷിതാക്കൾക്ക് സ്വന്തം വീടുപോലെ ഇവിടെ കഴിച്ചുകൂട്ടാൻ സാധിക്കും. പെപ്പിക്ക്! ഈ "പ്രേഗ് നഗരം" ആകപ്പാടെ മാറിപ്പോയെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? ആളുകളുടെ മുഖങ്ങൾ നിങ്ങൾ സൂക്ഷിച്ചോ? അതേ, അവരുടെ മുഖഭാവത്തെക്കുറിച്ചുതന്നെയാണു് ഞാൻ ചോദിക്കുന്നതു് മുഖലക്ഷണങ്ങളിൽ ഒരു ചന്തവും അന്തസ്സുമുണ്ടായിരുന്ന ആളുകൾക്കെന്തു സംഭവിച്ചു? അവരെല്ലാം മരിച്ചുപോയോ?

ജൻഡാ—ഒട്ടധികംപേർ. ആദ്യം ജർമ്മൻകാർ ചെക്കുദേശക്കാരെയും, ജൂതന്മാരേയും കൊന്നു. തുടന്നു് ചെക്കുകൾ സുഡറ്റൻ ജർമ്മൻകാരെ കൊന്നു. ഇപ്പോഴിതാ, ചെക്കുകൾ ചെക്കുകളെത്തന്നെ കൊല്ലുന്നു.

ജാർമിലാ സ്വയം ഒരു ഗ്ലാസ് വൈൻകൂടി പകന്നു. "അന്നാ, നീ മററിൽഡായുടെകൂടെ പോയി കളിക്കു," എന്നു പറഞ്ഞിട്ടു് എന്നോടായി അവൾ തുടന്നു: "ഇവൾ എപ്പോഴും പ്രായമുള്ളവരെ ഒട്ടിനില്ക്കുകയാണു ചെയ്യുന്നതു്. സമപ്രായക്കാരായ കുട്ടികളുമായി കളിക്കാൻ ഇവൾക്കിഷ്ടമില്ല."

അന്നാ സമ്മതഭാവത്തിൽ തലകുലുക്കി. "മററിൽഡായുടെകൂടെ കളിക്കാൻ എനിക്കിഷ്ടമില്ല. അവൾ ഒരു കമ്മ്യൂണിസ്റ്റാണു്."

ഇതുകേട്ടു് ഞാൻ അത്ഭുതപ്പെട്ടുപോയി മററാക്കും യാതൊരു ഭാവഭേദവുമുണ്ടായില്ല., "അന്നാ, നീ ഇവിടെ വരുമ്പോൾ ഇങ്ങനെയൊന്നും സംസാരിക്കാൻ പാടില്ലെന്നല്ലേ ഞാൻ പറഞ്ഞിട്ടുള്ളതു്"—ജാർമിലാ പരുഷസ്വരത്തിൽ പുത്രിയെ ശാസിച്ചു.

മാർത്താ (സഹോദരിയോടായി)—ഈവക കാര്യങ്ങൾ അവളെ പഠിപ്പിച്ചതിനു് നീയാണു നാണിക്കേ

KOTT-AYAM PUBLIC LIBRARY KOTTAYAM.

ണ്ടതു്. അന്നായ്ക്കു് ആറുവയസ്സേയായിട്ടുള്ളു. എന്നിട്ടും അവൾ മുതിർന്നവരെപ്പോലെ സംസാരിക്കുന്നതു കണ്ടില്ലേ?

ജാർമിലാ—ശരിതന്നെ. പക്ഷെ, അവൾ പറയുന്നതു നേരല്ലേ? മററിൽഡായും അവളുടെ തടിമാടന്മാരായ റഷ്യൻ മാർഷൽമാരും! റഷ്യയിൽനിന്നു വന്ന പടങ്ങൾ അന്നായ്ക്കു കാണിച്ചുകൊടുക്കാൻവേണ്ടി കഴിഞ്ഞയാഴ്ച മററിൽഡാ ഒരു മണിക്കൂർ ചെലവഴിച്ചു. ആ പടങ്ങളിൽ കണ്ട ആളുകളെല്ലാം ഇത്ര വളരെ ഭംഗിയായി വസ്ത്രധാരണം ചെയ്തിരിക്കുന്നതെന്തുകൊണ്ടാണെന്നു് അന്നാ എന്നോടു ചോദിക്കുന്നു. അവർക്കെന്തുകൊണ്ടതു വയ്യ? ഞങ്ങൾ ഇവിടെയുണ്ടാക്കുന്ന സാധനങ്ങളെല്ലാം അങ്ങോട്ടു കൊണ്ടുപോയശേഷം രണ്ടാംതരം ഗോതമ്പല്ലേ അവരിങ്ങോട്ടയയ്ക്കുന്നതു്? ഇവിടെയുള്ളവർ കൊററിനുവകയില്ലാതെ അരിഷ്ടിച്ചു കഴിയുകയായിരുന്നു എന്നു തോന്നും ഇതു കണ്ടാൽ. ഇന്നലെ അന്നായുമൊത്തു് ഞാൻ ബസ്സിൽ യാത്രചെയ്യുകയായിരുന്നു. കണ്ടക്ടറും ഞാനും തമ്മിൽ സംഭാഷണം തുടങ്ങി. അന്നായ്ക്കു് ഒരു ജോടി ഷൂസ് വാങ്ങാൻ ശ്രമിക്കുകയാണെന്നും, എന്നാൽ അവയ്ക്കെല്ലാം വില വളരെ കൂടുതലാണെന്നും ഞാൻ അയാളോടു പറഞ്ഞു. അതു വാങ്ങാൻ ത്രാണിയുള്ളവരായി ഏതാനും ചിലർ കണ്ടേയ്ക്കുമെന്നു ഞാൻ അഭിപ്രായപ്പെട്ടപ്പോൾ കണ്ടക്ടർ എന്നോടുയോജിച്ചു. അപ്പോഴേയ്ക്കും, പാർട്ടിബാഡ്ജുള്ള ഒരാൾ ബസ്സിൽ കയറി. ഞങ്ങൾ സംഭാഷണം നിർത്തി. എന്നാൽ ഞാൻ ബസ്സിൽനിന്നിറങ്ങിയപ്പോൾ കണ്ടക്ടർ എൻെറ ചെവിയിൽ ഇങ്ങനെ മന്ത്രിച്ചു: 'വ്യസനിക്കണ്ടാ. ഇവരുടെ ഭരണം ശാശ്വതമൊന്നുമല്ല.

ജർമ്മൻകാർ ആയിരം വർഷത്തേപ്പററിയാണ് എപ്പോഴും സംസാരിച്ചിരുന്നതു്. ആറുവർഷം കഴിഞ്ഞപ്പോൾ നാമവരെ പുറത്താക്കി"

മാർത്താ—ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ ആൾ തെററി സംസാരിച്ചേക്കും; കുഴപ്പത്തിലാവുകയും ചെയ്യും. ഈ കാലങ്ങളിൽ ആ അമേരിക്കൻ പതാക ധരിക്കുന്ന നീ ഒരു ഭ്രാന്തിയാണ്.

ജാർമിലാ—ഞാൻ ആണ്ടുതോറും എൻെറ ക്രുരമാറാറില്ല. ഈയിടെ ഒരുദിവസം സ്ട്രീററ് കാറിലെ ഒരു യാത്രക്കാരൻ എന്നോടു പറഞ്ഞു, ഞാനീ പതാകയെടുത്തു മാററണമെന്ന്. എനിക്കു കല്പനകൾ തരാൻ എന്തവകാശമാണയാൾക്കുള്ളതെന്നു ഞാൻ ചോദിച്ചു. ഉരുക്കുവ്യവസായത്തിൽ താനൊരു മേലധികാരിയാണെന്ന് അയാൾ എന്നോടു പറഞ്ഞു. "ബഹുഭേഷ്!" എൻെറ മറുപടി ഇതായിരുന്നു. "ഹിററ്ലർക്കു തോക്കുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി വർഷം മുഴുവൻ പണിയെടുക്കുന്ന ഒരു ഉരുക്കുതൊഴിലാളിയായിരിക്കാം നിങ്ങൾ. ജർമ്മൻകാരിൽനിന്ന് ഇരട്ടി ഭക്ഷ്യവിഹിതം വാങ്ങുന്ന ഒരു മേലധികാരിതന്നെയായിരിക്കാം." ഞാനിതു പറഞ്ഞപ്പോൾ അയാളുടെ മുഖം നിങ്ങളൊന്നു കാണേണ്ടതായിരുന്നു. അടുത്ത ബസ്സ്സ്റ്റാപ്പിൽ അയാളിറങ്ങി. ഞാനിപ്പോഴും എൻെറ അമേരിക്കൻ പതാക ധരിക്കുകയും ചെയ്യുന്നു.

മാർത്താ—ഞാൻ പറഞ്ഞതും അതുതന്നെയാണ്. കരുതലും വീണ്ടുവിചാരവുമില്ലാതെയാണ് നീ പെരുമാറുന്നതു്. ഇങ്ങനെ പോയാൽ ഒരുനാൾ നീ കുഴപ്പത്തിലായെന്നുവരും.

ജാർമിലാ—ഒരുനാൾ ഞാൻ നിങ്ങളെയെല്ലാം കുഴപ്പത്തിൽ ചാടിക്കുമെന്നല്ലേ അതിൻെറ അൎത്ഥം? വിഷ

മിക്കണ്ടാ. ഞാനതു ചെയ്യുകയില്ല. എനിക്കെന്തെങ്കിലും സംഭവിച്ചാൽത്തന്നെയും, എന്റെ കുടുംബത്തിലെ അംഗങ്ങളെല്ലാം സഖാവ് ഗോട്ട്‌വാൾഡിന്റെ ശ്രീകോവിലിലെ പരമഭക്തരായ ആരാധകന്മാരാണെന്ന് ഞാൻ നിസ്സന്ദേഹം വ്യക്തമാക്കിക്കൊടുക്കും.

ജൻഡാ—ദൈവത്തെ ഓർത്ത് നിങ്ങൾ രണ്ടുപേരും വഴക്കുകൂടാതിരിക്കിൻ. നമുക്കിന്നൊരതിഥിയുണ്ട്.

ജാർമിലാ—അമേരിക്കയിൽനിന്നു വരുന്ന ഒരതിഥി ഒരതിഥിയല്ല. അദ്ദേഹം ഒരു സുഹൃത്താണ്. ഇതാ, അമേരിക്കയ്ക്കുവേണ്ടി എന്റെ പാനോപചാരം.

അവൾ തന്റെ ഗ്ലാസൊഴിച്ചു.

ജൻഡാ എന്റെനേക്കു തിരിഞ്ഞു. "ഞാനിതു കാലേക്കൂട്ടി അറിയേണ്ടതായിരുന്നു," അദ്ദേഹം പറഞ്ഞു. "ഞാൻ നിങ്ങളെ ഒരു റസ്റ്റാറന്റിലേയ്ക്കു കൂട്ടിക്കൊണ്ടുപോകേണ്ടതായിരുന്നു. കഥയില്ലാത്ത ഈ തർക്കങ്ങൾക്കു ചെവികൊടുക്കാതെ പഴയ കാലങ്ങളെക്കുറിച്ച് നമുക്കു സൈ്വരമായി സംസാരിക്കാമായിരുന്നു."

ജാർമിലാ—ഈ തർക്കങ്ങൾ പെപ്പിക്ക് എന്തുകൊണ്ടു കേൾക്കാൻ പാടില്ല. ഇക്കാലത്ത് പ്രേഗിലെ ഒരുകുടുംബത്തിനകത്തുനടക്കുന്നതെന്തൊക്കെയാണെന്ന് അദ്ദേഹം നേരിട്ടു കണ്ടു മനസ്സിലാക്കട്ടെ. ഈ രാജ്യത്ത് ഇന്ന് ഏതു മുടിഞ്ഞ വീട്ടിലും ഇതുപോലെയുള്ള കാര്യങ്ങൾതന്നെയാണു നടക്കുന്നതു്. കുട്ടികൾ അവരുടെ മാതാപിതാക്കളോടു കലഹിക്കുന്നു. മാതാപിതാക്കൾക്കു കുട്ടികളെ ഭയമാണു്. "സ്നോ വൈററ് ആൻഡ് സെവൻ ഡ്വാർഫ്സ്" എന്ന ഫിലിമിനു് അന്നായെ കൂട്ടിക്കൊണ്ടുപോകാമെന്നു ഞാൻ വിചാരിച്ചു. എന്നാൽ

റഷ്യൻ പടങ്ങൾ കാണാൻ മാത്രമേ അവൾ പോകാവൂ എന്നാണ് സ്കൂളധികാരികൾ അവളോടു പറഞ്ഞിരിക്കുന്നതു്. ആ ട്രാക്റ്ററുകളും ഗോതമ്പുവയലുകളും ഒരു കൂട്ടകൃഷിപ്പാടത്തിലെ അത്ഭുതകരമായ ജീവിതവും ആര് കാണണം? അവർ അത്രവളരെ സൗഖ്യമായിട്ടാണവിടെ കഴിയുന്നതെങ്കിൽ ഞങ്ങളെ എന്തിനു സഹികെടുത്തുന്നു? ഞങ്ങൾ ഞങ്ങളുടെ പാടുനോക്കി കഴിയാൻ എന്തുകൊണ്ടവർ അനുവദിക്കുന്നില്ല.

മാർത്താ—ചില റഷ്യൻ ചിത്രങ്ങൾ വളരെ നല്ലതാണ്.

ജാർമിലാ—അതു നിനക്കല്ലേ അറിയാവൂ. നീ അതെല്ലാം കണ്ടിട്ടുള്ളവളാണ്. ആ വീടുസൂക്ഷിപ്പുകാരി, അതേ, പോലീസിനു വിവരംകൊടുക്കുന്ന ആ മൂധേവിതന്നെയാണോ റഷ്യൻ ചിത്രങ്ങൾ കാണാൻ നിന്നെ ആജ്ഞാപിക്കുന്നതു്?

മാർത്താ—പോലീസിനു വിവരം കൊടുക്കുന്നവരെന്നു നീ പറയുന്ന ആളുകളെല്ലാം അങ്ങനെയുള്ളവരാണെങ്കിൽ ഈ രാജ്യത്തെ ജനങ്ങളിൽ പകുതിപ്പേരും ഇന്ന് ജയിലിലായിക്കഴിഞ്ഞിരിക്കും.

ജാർമിലാ—അതേ, അതങ്ങനെതന്നെയല്ലേ?

മാർത്താ—ബഹളംകൂട്ടാതിരിക്കൂ. നീ ഒരു ഫാസിസ്റ്റിനെപ്പോലെ സംസാരിക്കുന്നു.

ജാർമിലാ (ഉച്ചത്തിൽ)—അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കട്ടെ; നീ ആരാണ്?

മാർത്താ (തിരിച്ചങ്ങോട്ട് അത്രയും തന്നെ ഉച്ചത്തിൽ) ഞാനൊരു........ജനാധിപത്യവാദിയാണ്!

ജൻഡാ—നിങ്ങൾ രണ്ടുപേരും ബഹളംകൂട്ടാതിരിക്കിൻ. നിങ്ങളുടെ വഴക്കുകേട്ട് എനിക്കു സഹികെട്ടു. നമുക്കു ഡിന്നർ കഴിക്കാം; അങ്ങനെയല്ലേ?

മാർത്താ ചുണ്ടുകടിച്ചു. "ഞാൻ പോയി എല്ലാം തയാറായോ എന്നു നോക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു് അവൾ അടുക്കളയിലേയ്ക്കു പോയി.

മുറിയിൽ ശേഷിച്ച ഞങ്ങൾ കുറേനേരം മൗനമായിരുന്നു. അന്നാ അത്ഭുതസ്തബ്ധയായി എന്നെ മിഴിച്ചു നോക്കിക്കൊണ്ടിരുന്നു. ഒടുവിൽ ജാർമിലാ എണീററു. "ഞാനിവിടെ ഇരിക്കുന്നതിലും ഭേദം അകത്തുപോയി മാർത്തായെ സഹായിക്കാം. വരൂ, അന്നാ!" എന്നു പറഞ്ഞുകൊണ്ടു് അവൾ പുത്രിയേയും വിളിച്ചുകൊണ്ടു് മുറിവിട്ടുപോയി.

ജൻഡ്രാ കട്ടിലിൽ ചാഞ്ഞിരുന്നുകൊണ്ടു് കണ്ണു തിരുമ്മി. അദ്ദേഹം ഇങ്ങനെ തുടൻ: "ഇനി അടുക്കളയിലായിരിക്കും അവരുടെ ലഹള. പെട്ടെന്നു രമ്യപ്പെടുകയും ചെയ്യും. എന്തെന്നാൽ ആ സഹോദരികൾ തമ്മിൽ അത്ര സ്നേഹമാണു്. എന്നാൽ അഞ്ചുമിനിട്ടു കഴിയുമ്പോൾ ആദിയേ അവർ ശണ്ഠതുടങ്ങും. അതൊരു രോഗംപോലെയായിത്തീർന്നിരിക്കുകയാണു്. ചിലപ്പോൾ ജാർമിലാ ഇവിടെ വന്നാൽ ആ ദിവസങ്ങളിൽ രാത്രി പത്തുമണിവരെ ഞാൻ ആഫീസിൽതന്നെ കഴിച്ചുകൂട്ടും. വീട്ടിൽ വരാതിരുന്നാൽ അനന്തമായ ഈ തർക്കങ്ങൾ കേൾക്കേണ്ടിവരികയില്ലല്ലോ. മാർത്താ എന്നോടു വളരെ പിണക്കത്തിലാണു്. കാരണം, അവൾ പറയുന്നതുപോലെ, ജാർമിലായ്ക്കെതിരായി ഞാൻ അവളുടെവശം ചേരുന്നില്ല. എന്നാൽ, ജാർമിലാ പലപ്പോഴും ഒട്ടധികം അസംബന്ധങ്ങൾ സംസാരിക്കാറുണ്ടെങ്കിൽതന്നെയും, അവളെ ബഹുമാനിക്കാതിരിക്കാൻ എനിക്കു സാദ്ധ്യമല്ല. വളരെ ഉയർന്നനിലയിലുള്ള ഒരു കമ്മ്യൂണിസ്റ്റ് ഉദ്യോഗസ്ഥനെ വിവാഹംകഴിക്കാൻ

അവൾക്കു സാധിക്കും. അയാൾ സമൎത്ഥനാണു്; സത്യസന്ധനാണു്; ഇരുപത്തിയഞ്ചു വർഷക്കാലം ഒരു സംഘാടകനായിരുന്ന ഈ മനുഷ്യൻ കൎത്തവ്യനിൎവ്വഹണത്തിൽ ഒരിക്കലും ഒന്നിനേയും വകവയ്ക്കാതെ പ്രവർത്തിച്ചിട്ടുള്ളയാളാണു്. ജാർമിലാ അയാളുടെ ഭാൎയ്യാപദം അലങ്കരിച്ചിരുന്നെങ്കിൽ അവൾക്കു് മനോഹരമായ ഒരു ബംഗ്ലാവും, കാറും, അന്നായ്ക്കു് ധാരാളം ഷൂസും വസ്ത്രങ്ങളുമെല്ലാം കിട്ടുമായിരുന്നു. പക്ഷെ, ഈ മനുഷ്യനോടൊന്നിച്ചു് ഡിന്നർകഴിക്കുകയോ, ഒരു നിശാസമാജത്തിലേയ്ക്കുപോലും പോവുകയോ ഇല്ലെന്നാണവളുടെ നിർബ്ബന്ധം. നിശാസമാജമെന്നുവച്ചാൽ ജാർമിലായ്ക്കു ജീവനാണെന്നു് നിങ്ങൾക്കറിയാമല്ലോ. ഇന്നു് അവളുടെ കയ്യിൽ വീട്ടുവാടക കൊടുക്കാൻ പണമില്ല. സ്വന്തം വസ്ത്രങ്ങൾ വിലയ്ക്കുവിററാണു് അവൾ ദിവസങ്ങൾ തള്ളിനീക്കുന്നതു്. നിങ്ങൾ ഇവിടെ വന്നിട്ടുണ്ടെന്നു് മാർത്താ അവളെ അറിയിച്ചപ്പോൾ, അവൾ തന്റെ വിശിഷ്ടവസ്ത്രങ്ങളിൽ ഒടുവിലത്തേതും, തനിക്കു് ആകപ്പാടെയുള്ള ഒരേ ഒരു ജോടി നൈലൻസുമാണു് ധരിച്ചതെന്നു് ഞാൻ നിങ്ങളോടു പന്തയംവച്ചു പറയുന്നു. അവളെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്ന പുരുഷൻ ഏതായാലും ആഴ്ച്ചമുമ്പു് അവൾക്കു് വളരെ നല്ല ഒരു ഉദ്യോഗം—ഒരു സ്റ്റോറിലെ അസിസ്റ്റൻറു് മാനേജർ ജോലി—വാങ്ങിക്കൊടുക്കാമെന്നുപറഞ്ഞു. പക്ഷെ, ഒരു കാൎയ്യമുണ്ടു്. ഈ ജോലി കിട്ടണമെങ്കിൽ അവൾക്കു് ഒരു ട്രേഡ്യൂണിയൻ കാർഡുണ്ടായിരിക്കണം. കാർഡു വേണമെങ്കിൽ അവൾ പാർട്ടിയിൽ ചേരണം. അതു് കേവലം ഔപചാരികമായ ഒരു കാൎയ്യമാണെന്നു് ആ മനുഷ്യൻ അവളോടു പറഞ്ഞു. എന്നിട്ടും, “അങ്ങനെ

എനിക്കു ജോലിവേണ്ടാ" എന്നായിരുന്നു ജാർമിലായുടെ മറുപടി. ജൻഡ്വാ ഒരു ദീർഘശ്വാസംവിട്ടു. "അവളുടെ സ്വഭാവദാർഢ്യം എനിക്കുണ്ടായിരുന്നെങ്കിൽ!"—അദ്ദേഹം തേങ്ങിപ്പറഞ്ഞു.

"എന്നാൽ നിങ്ങൾക്ക് ഒരു ഭാര്യയും രണ്ടു കുട്ടികളുമുണ്ടല്ലോ," എന്നായി ഞാൻ.

അതിനു മറുപടിയായി ജൻഡ്വാ തുടന്നു: "ഈ നാട്ടിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങൾ ചുരുക്കം ചില ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ഉത്തമഗുണങ്ങളും ശേഷിച്ചവരെ സംബന്ധിച്ചിടത്തോളം അവരുടെ ഏററവും ഹീനമായ സ്വഭാവങ്ങളും വെളിവാക്കുകയാണു ചെയ്തിട്ടുള്ളതു്. ഈയിടെയായി എനിക്കു സുഖനിദ്രയില്ല. ഞാൻ ഇരുട്ടത്തു കിടക്കുമ്പോൾ ഓർമ്മിച്ചുനോക്കാൻ ശ്രമിക്കുന്നതു് ഇങ്ങനെയൊക്കെ സംഭവിക്കുന്നതിനു മുമ്പു് എൻെറ ജീവിതം എങ്ങനെയായിരുന്നു എന്നാണു്. ഒരുകാലത്തു് എൻെറ ഏററവും വിഷമംപിടിച്ച പ്രശ്നങ്ങൾ, ന്യൂമോണിയാരോഗം പിടിപെട്ട അൻേറാണിനെ ദീനശയ്യയിൽ നിന്നു് എണീപ്പിക്കുകയും, കുടുംബത്തിലെ വരവറിഞ്ഞു് ചെലവുകൾ ക്രമീകരിക്കാൻ മാർത്തായെ നിർബ്ബന്ധിക്കുകയുമായിരുന്നു. വേണ്ടിടത്തോളം മനോവേദനകൾ അന്നും എനിക്കുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ അതെല്ലാം എത്ര നിസ്സാരം! രാത്രിയിൽ ഉറങ്ങാൻ കിടന്നാൽ പിറേറദിവസവും പതിവുപോലെ എണീക്കുമോ, അതോ, അതിനു മുമ്പുതന്നെ അവർ വന്നു് എന്നെ പിടികൂടുമോ എന്നു് ഉൽക്കണ്ഠാകുലനായി ഇന്നത്തെപ്പോലെ അന്നൊരിക്കലും എനിക്കു ചിന്തിക്കേണ്ടിവന്നിട്ടില്ല.

അയല്ക്കാരുടെ ശ്രദ്ധയിൽപെടാതിരിക്കത്തക്കവിധം അവർ വെളുപ്പാൻകാലത്താണു് വരാറുള്ളതു്. എല്ലാ വർഷവും മുടങ്ങാതെ വസന്തകാലം മോണ്ടികാർലോയിൽ കഴിച്ചുകൂട്ടിയിരുന്ന ആ വക്കീൽ ഡാക്ടർ എം-ന്റെ കാര്യം ഒന്നോർമ്മിക്കൂ. മൂന്നാഴ്ച മുമ്പു് അവർ അദ്ദേഹത്തെ പിടികൂടാൻവന്നു. അതും പുലച്ചയ്ക്കു മുമ്പാണു്.

"എന്തിനു്?"

ജൻഡാ തൻെറ കൈകളുയർത്തി. അടുത്തനിമിഷത്തിൽ ആശാശൂന്യമായ ഒരു നെടുവീർപ്പോടുകൂടി അദ്ദേഹം അവയെ താഴ്ത്തുകയുംചെയ്തു; എന്നിട്ടിങ്ങനെ തുടർന്നു: "എന്തിനെന്നൊരു കാര്യമില്ല. അവർ ആ മനുഷ്യനെ പിടിച്ചുകൊണ്ടുപോകാൻ വന്നു. അത്രതന്നെ. അദ്ദേഹം എവിടെയാണെന്നു് ആർക്കും അറിഞ്ഞുകൂടാ. മാർക്സിയൻ സാമൂഹ്യവ്യവസ്ഥിതിക്കു പ്രയോജനപ്പെടത്തക്ക ഒരു സമുദായാംഗമാക്കിത്തീർക്കുന്നതിനു് ഏതെങ്കിലും ദുർഗ്ഗുണപരിഹാര തൊഴിൽക്യാമ്പിലേയ്ക്കു് അദ്ദേഹത്തെ മാററിയതായിരിക്കാം. ഭാഗ്യമുണ്ടെങ്കിൽ അദ്ദേഹത്തെ മൂന്നാഴ്ചയ്ക്കുശേഷം ആറാഴ്ചയ്ക്കകം മോചിപ്പിക്കാനിടയുണ്ടു്. ഇതിനിടയ്ക്കു് അദ്ദേഹത്തിൻെറ താമസസ്ഥലം പുതിയ കുടികാർക്കു് കൊടുത്തുകഴിഞ്ഞു. അദ്ദേഹത്തിൻെറ ജംഗമസാധനങ്ങൾ അവർക്കുതന്നെ വില്ക്കുകയുംചെയ്തു. വക്കീലിൻെറ വെള്ളിയുരുപ്പടികളെല്ലാം അപ്രത്യക്ഷമായി. അദ്ദേഹം തിരിച്ചുവരുമ്പോൾ, ഒരു വ്യവസായശാലയിൽ ജോലി ഏല്ക്കേണ്ടിവരും. അദ്ധ്വാനിക്കുന്ന ജനവർഗ്ഗത്തിലേയ്ക്കുള്ള അദ്ദേഹത്തിൻെറ പരിവർത്തനം അതോടുകൂടി പൂർത്തിയാവുകയും ചെയ്യും."

ഞാൻ— എന്നാൽ ഈ നടപടികളെല്ലാം അദ്ദേഹം എന്തെങ്കിലും ചെയ്തതുകൊണ്ടായിരിക്കും.

ജൻഡാ—ഓ, തീച്ച്യയായും. അദ്ദേഹം രാജ്യത്തിൻെറ ഒരു ശത്രുവായിരുന്നു. നിങ്ങഠം ഇതൊന്നു ശ്രദ്ധിക്കൂ. തൊഴിൽപരമായ രഹസ്യങ്ങഠം വെളിക്കു വിടാതെ സൂക്ഷിക്കുന്നതിനു് ഒരു വക്കീലിനെ അനുവദിച്ചിരുന്ന കാലം കഴിഞ്ഞുപോയിരിക്കുന്നു. അദ്ദേഹം തൻെറ കക്ഷികളെപ്പററിയും, അവരുടെ രഹസ്യകാര്യ്യങ്ങളെപ്പററിയും അധികാരികഠംക്കു റിപ്പോർട്ടുചെയ്യണം. രാഷ്ട്രത്തിൻെറ താല്പര്യ്യത്തിനു വിരുദ്ധമെന്നു വിളിക്കപ്പെടുന്ന ഒരു കേസാണെങ്കിൽ അദ്ദേഹം അതു വക്കാലത്തെടുക്കാൻ പാടില്ല. ഒട്ടുവളരെ ഇടത്തരക്കാർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നതെന്തുകൊണ്ടാണെന്നു് ഇപ്പോഠം നിങ്ങഠംക്കു മനസ്സിലായോ? അവർ ഇടത്തരക്കാരായിത്തന്നെ കഴിയാനാണാഗ്രഹിക്കുന്നതു്. പാർട്ടിയുടെ മർമ്മമാണു് ഇടത്തരക്കാർ. പാർട്ടി അംഗങ്ങഠംക്കു് ഉദ്യോഗങ്ങളും, ദീർഘകാലവിശ്രമവും, താമസസ്ഥലങ്ങളും, നാടകശാലകളിൽ ഇരിപ്പിടങ്ങളുമെല്ലാം ലഭിക്കും. പാർട്ടിയിൽ ചേരാത്ത ഇടത്തരക്കാരെ ഒരു പുതിയ തൊഴിലാളിവർഗ്ഗമാക്കി—വിടുപണിക്കാരുടെ ഒരു വിഭാഗമാക്കി—മാററുകയാണു ചെയ്യുന്നതു്. ഇവർ ഒരു രണ്ടാംതരം തൊഴിലാളിവർഗ്ഗമാണു്. അവർക്കു് ചുമതലകഠം മാത്രമേയുള്ളു. അവകാശങ്ങളൊന്നുമില്ല. ഇതൊക്കെ ചെയ്തിട്ടാണു് ഇക്കൂട്ടർ പുതിയ വർഗ്ഗരഹിതസമുദായത്തെപ്പററി സംസാരിക്കുന്നതു്."

വീട്ടിൻെറ മുൻവാതിൽ വീണ്ടും തുറന്നടയ്ക്കപ്പെട്ടു. അന്റോണിൻ മുറിയിൽ പ്രവേശിച്ചു. നല്ല പൊക്കമുള്ള ഒരു കോമളകുമാരനാണവൻ. അവൻ പുഞ്ചിരിതൂകിയപ്പോഠം, അവൻെറ പിതാവിൻെറ—വിപ്ലവത്തിനു മുമ്പു് ഞാൻ കണ്ടിട്ടുള്ള അവൻെറ പിതാവിൻെറ രൂപമാണെനിയ്ക്കോർമ്മവന്നതു്. അവന്റെ മുഖം പ്രിയംകര

മായിരുന്നു; കണ്ണുകളിൽ സ്നേഹം തുളുമ്പിയിരുന്നു. ഒരു കാലത്തു് ജൻഡായ്ക്കുണ്ടായിരുന്ന ആ ഹൃദയലാഘവവും അവൻെറ ഭാവത്തിലും പെരുമാററത്തിലും കാണാമായിരുന്നു. അവൻ ധരിച്ചിരുന്ന കട്ടിയുള്ള വരയൻ ജാക്കററും, സ്ലാക്ക്സും കണ്ടാൽ ഒരു അമേരിക്കൻ കോളേജുകുമാരനാണെന്നു് തോന്നിപ്പോകും. അവൻ എൻെറ കൈപിടിച്ചു കുലുക്കിക്കൊണ്ടു്, "അങ്ങു് ഞങ്ങളെ കാണാനായി ഇവിടംവരെ വന്നതു് ഒരു മഹൽ സന്ദർശനമാണു്" എന്നു് പ്രശംസിക്കുകയുണ്ടായി. "അമേരിക്ക എങ്ങനെയിരിക്കുന്നു?"—അവൻ ചോദിച്ചു. "സർവേശ്വര! അവിടെപ്പോകാൻ ഞാൻ എങ്ങനെ ആഗ്രഹിക്കുന്നെന്നോ!" അവൻെറ ദൈന്യഭാവം വിലക്ഷണമായ ഒരു നിശ്ശബ്ദനിമിഷമാണവിടെ സൃഷ്ടിച്ചതു്. അനന്തരം ക്ഷീണസ്വരത്തിൽ അവൻ തൻെറ മനോഗതി ഇങ്ങനെ വെളിവാക്കി: "ഒരു സന്ദർശനാർത്ഥം—അതാണെൻെറ ഉദ്ദേശം."

ജൻഡാ—(മന്ദസ്വരത്തിൽ) നീ അവിടെപ്പോയി താമസിച്ചാൽ കൊള്ളാമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. ഒരു കാര്യംമാത്രം. ഇക്കാര്യം നിൻെറ അമ്മയോടു പറയരുതു്.

അൻേറാണിൻ—സൈന്യത്തിൽ നിങ്ങൾക്കുണ്ടായിരുന്ന ജീപ്പിനെന്തു സംഭവിച്ചു.

ഗവമ്മെൻറു് വളരെക്കാലം മുമ്പുതന്നെ അതിനെ മററുതരത്തിൽ വിനിയോഗിച്ചിരിക്കാമെന്നു ഞാൻ പറഞ്ഞു.

അൻേറാണിൻ—എന്തൊരു കാറാണതു്! നാം അന്നൊരിക്കൽ ആ പൊക്കമേറിയ അണക്കെട്ടിനു പുറകിലുള്ള കുന്നിലേയ്ക്കു കേറിപ്പോയതു് നിങ്ങൾ

ഓക്കുന്നുണ്ടോ? ഗ്യാസിലും വെള്ളത്തിലും ഓടിക്കാവുന്ന ഒരു വാഹനമാണതെന്നെനിക്കു തോന്നി. യൂണൈററഡ് സ്റ്റേററ്സ് ഇൻഫർമേഷൻ സർവീസ് കാര്യാലയത്തിലുണ്ടായിരുന്ന ഒരു മാസികയിൽ നിങ്ങളുടെ പുതിയ കാറുകളുടെ പടങ്ങൾ ഞാൻ കണ്ടു. നാം ചെല്ലുംതോറും അവ കൂടുതൽ കൂടുതൽ വലുതായിവരുന്നു. അത്തരം കാറുകൾ എന്നെങ്കിലും ഇവിടെ കടത്തിക്കൊണ്ടുവരാൻ നിങ്ങൾക്കു സാധിക്കുമോ എന്നാണ് ഞാനിപ്പോൾ നിങ്ങളോടു ചോദിക്കുന്നത്.

ഈ ചോദ്യത്തിന് മറുപടികണ്ടെത്താൻ ഒട്ടനവധി അമേരിക്കക്കാർ ശ്രമിച്ചുവരികയാണെന്ന് ഞാൻ അവനോടു പറഞ്ഞു.

മാർത്താ ഞങ്ങളെ ഭക്ഷണമുറിയിലേയ്ക്കു വിളിച്ചു. ഞങ്ങൾ മേശയ്ക്കുചുററും കൂടിയപ്പോൾ അവൾ സൂപ്പ് പ്ലേററുകൾ കൊണ്ടുവന്നു. ജാർമിലാ ഒരു വലിയ കുണ്ടൻ പിഞ്ഞാണവുമായി അവളെ പിൻതുടൻു. അവരുടെ കണ്ണുകൾ ചുവന്നിരുന്നു. ജൻഡാ പറഞ്ഞതു ശരിയാണെന്ന് എനിക്കപ്പോൾ ബോദ്ധ്യമായി. ഞങ്ങളെല്ലാം തീൻകഴിക്കാനിരുന്നു, എൻെറ തൊട്ടരികിലായി ജാർമിലാ, അവളുടെ അടുത്ത് അന്നാ, ഞങ്ങൾക്ക് അഭിമുഖമായി അൻേറാണിനും മററിൽഡായും, അവരുടെ മാതാപിതാക്കൾ മേശയുടെ രണ്ടററത്തും. "ആ സുന്ദരനായ മാർഷൽ ഇന്നു രാത്രി സുഖമായിരിക്കുന്നോ?" അൻേറാണിൻ. അവൻെറ അനുജത്തിയോടു ചോദിച്ചു. അനന്തരം എന്നോടായി ഇങ്ങനെ തുടൻു: "ഇവിടത്തെ ലാപാഷണേറിയായുമായി നിങ്ങൾ ഇതിനകം സംഭാഷണം നടത്തിക്കഴിഞ്ഞിരിക്കുമെന്നാണ് എൻെറ വിശ്വാസം. ഇവൾ ഒരു മാർഷലിനെ സ്നേഹിക്കുന്നു;

എന്നുവച്ചാൽ മാണ്ട്ഗോമറിയെയല്ല അവൾ അർത്ഥമാക്കുന്നത്."

മററിൽഡാ ഈ സംഭാഷണഗതിക്കു കടിഞ്ഞാണിട്ടു. "പിൻതിരിപ്പൻ മൂരാച്ചി!"—അവൾ ആക്രോശിച്ചു. "ഉം! അൻേറാണിൻ! മററിൽഡാ!"—രണ്ടു കുട്ടികളേയും മാർത്താ വിലക്കി. അവർ വായടച്ചു. മാർത്താ സംഭാഷണവിഷയം മാററി. എൻെറ ബഹുമാനാർത്ഥം തങ്ങളുടെ ഏററവും നല്ല ചീനപ്പാത്രങ്ങളാണ് താൻ മേശപ്പുറത്തു നിരത്തിയിരിക്കുന്നതെന്നവൾ പറഞ്ഞു. "വിശേഷാലായുള്ള പ്രത്യേകാഘോഷങ്ങൾക്കുവേണ്ടിമാത്രം ഞാനിതു സൂക്ഷിച്ചുവരികയായിരുന്നു. ഒരിക്കൽ എമ്മാ ഒരു കപ്പ് തട്ടിയിട്ടുടച്ചു. അന്നെൻെറ ഹൃദയം തകന്നു. എന്നാലിപ്പോൾ ഞാനിതത്ര കാര്യമാക്കുന്നില്ല. ഞങ്ങളുടെ പിയാനോ വില്ക്കേണ്ടിവന്നതുപോലെ ഇതും വില്ക്കുന്നതിനു മുമ്പ് കുറെ ഉപയോഗിച്ചെങ്കിലും തൃപ്തിവരുത്താമെന്നാണു ഞാൻ കരുതുന്നത്.

ജാർമിലാ—(ആഹ്ലാദത്തോടെ) എനിക്ക് വേവലാധിപ്പെടേണ്ട കാര്യങ്ങളൊന്നുമില്ല. ഞാൻ എൻെറ സർവസ്വവും ഇതിനകം വിററുകഴിഞ്ഞു.

ഡിന്നറിനുശേഷം ആ സ്ത്രീകളും കുട്ടികളുംകൂടി പിഞ്ഞാണികൾ കഴുകുന്നതിന് അടുക്കളയിലേയ്ക്കു പോയി. ജൻഡാ മറെറാരു കുപ്പി വീഞ്ഞുകൂടി എടുത്തുകൊണ്ടുവന്നു. അദ്ദേഹവും അൻേറാണിനും ഞാനുംകൂടി അകമുറിയിലേയ്ക്കു കടന്നു: അൻേറാണിൻ അവൻെറ സ്ഥാനത്തിരുന്ന് ഒരു റഷ്യൻ വ്യാകരണഗ്രന്ഥം പഠിക്കാൻതുടങ്ങി. അവൻ എട്ടാം ക്ലാസിൽ പഠിക്കുന്ന കളരി (ജിംനേഷ്യം)യിൽ ഏററവും പ്രധാനപ്പെട്ട വിദേ

ശീയ ഭാഷ റഷ്യനാണെന്നും, എന്നാൽ ലാററിനും, ഇംഗ്ലീഷും, ഫ്രഞ്ചുംകൂടി അവൻ പഠിക്കുന്നുണ്ടെന്നും ജൻഡാ എന്നെ ധരിപ്പിച്ചു.

ഒടുവിൽ അൻേറാണിൻ പുസ്തകത്തിൽനിന്നു കണ്ണെടുത്തിട്ട് ഞങ്ങളെ നോക്കി. "അവസാനം കാറ സേക്കിനെ അവർ കണ്ടെത്തി," അവൻ തന്റെ അമ്മ നോടു പറഞ്ഞു.

"അതേ സ്ഥലത്തുതന്നെയോ?" ജൻഡാ ആരാഞ്ഞു.

അൻേറാണിൻ—അതേ, അവൻെറ അമ്മ ഇന്നു് അങ്ങോട്ടു പോയി. വിഴപ്പായ അണ്ടർവെയറിനു പകരം മറെറാരു അണ്ടർവെയറും, വിശേഷാലായി ചില ആഹാരസാധനങ്ങളും അവനു കൊടുക്കാൻവേണ്ടിയാണു് ആ സ്ത്രീ പോയതു്. എന്നാൽ അക്കൂട്ടർ അതനുവദിച്ചില്ല.

"ഇതിൽ നീ കുരുങ്ങിയിട്ടില്ലല്ലോ," വ്യാകുലഭാവത്തിൽ ജൻഡാ അന്വേഷിച്ചു. "കഴിഞ്ഞയാഴ്ച ഒരു രാത്രി മുഴുവൻ നിൻെറ അമ്മ കരയുകയായിരുന്നു. ഇക്കാര്യത്തിൽ അത്ര വലിയ പരിഭ്രമമാണവൾക്കു്."

"അമ്മാ, അതിൽ കുരുങ്ങേണ്ട കാര്യമൊന്നുമില്ല," അവൻ മറുപടി നല്കി.

"അതുതന്നെയാണു ഞാനും പറയുന്നതു്; നീ ആ കുട്ടികളുമായി കൂട്ടുകൂടാതെ നിൻെറ കാര്യം നോക്കിക്കഴിയണമെന്നാണു് എൻെറ ആഗ്രഹം"—എന്നു പറഞ്ഞശേഷം ജൻഡാ എന്നോടായി ഇങ്ങനെ തുടൎന്നു: "രണ്ടാഴ്ച മുമ്പു് അൻേറാണിൻെറ സഹപാഠികളിൽ രണ്ടുപേർ പെട്ടെന്നു് അപ്രത്യക്ഷരായി. അവരുടെ അമ്മനമ്മമാർ പരിഭ്രമിച്ചു. എന്നിട്ടു് കഴിഞ്ഞയാഴ്ച ഒരാളിൽനിന്നു് വിവരംകിട്ടി. അവൻ പോലീസ്

കപാർട്ട്മെൻസിലെ ഒരു സെല്ലിലാണടയ്ക്കപ്പെട്ടതു്. അതിൻെറ അർത്ഥമെന്താണെന്നു് നിങ്ങൾക്കൂഹിക്കാമല്ലോ. ഇപ്പോൾ ഞങ്ങളുടെ സംഭാഷണത്തിനു വിഷയമായ മറേറ കുട്ടിയും അവിടെത്തന്നെയുണ്ടെന്നാണു തോന്നുന്നതു്. രാഷ്ട്രവിരുദ്ധപ്രവർത്തനങ്ങളെപ്പററി കുറേ ദിവസങ്ങളായി അവരെ ചോദ്യംചെയ്തുവരികയായിരിക്കാം."

"രാഷ്ട്രവിരുദ്ധമോ! കഷ്ടമാണങ്ങനെ പറയുന്നതു്," അൻേറാണിൻ പറഞ്ഞു. "അവർ ചില അമേരിക്കൻ മാസികകൾ കണ്ടെത്തി; അവ ക്ലാസ്മുറിയിൽ കൈമാറി. ലാററിൻ ടീച്ചർ അതു കണ്ടു. അത്രമാത്രമാണു് നടന്നതു്. താനൊരു പിൻതിരിപ്പൻ പക്ഷക്കാരനാണെന്നാണു് ടീച്ചറുടെഭാവം. യഥാർത്ഥത്തിൽ അദ്ദേഹം പോലീസിനു വിവരംകൊടുക്കുന്ന ആളാണു്. ആ പാട്ടിൻെറ കാര്യവും അദ്ദേഹം കണ്ടുപിടിച്ചു.

ഏതു പാട്ടെന്നു ഞാൻ ചോദിച്ചു.

"ഞങ്ങളുടെ ക്ലാസിൽ പകുതിപ്പേരും കമ്മ്യൂണിസ്ററുകാർക്കെതിരാണു്"—ആ കുട്ടി മറുപടി നല്കി. "മററു കുട്ടികളെ ശുണ്ഠിപിടിപ്പിക്കണമെന്നു ഞങ്ങൾക്കു് തോന്നുമ്പോൾ ആ പാട്ടാണു് ഞങ്ങൾ പാടാറുള്ളതു്. അതു കേൾക്കണമെന്നുണ്ടോ?"

ഞാൻ സമ്മതഭാവത്തിൽ തലകുലുക്കി. അവനൊരു ഹാസ്യപ്പുഞ്ചിരിതൂകി. അനന്തരം ഗാനമാലപിക്കാൻ തുടങ്ങി. "ദൂരദൂരം പോകുന്നു നാം, ശ്യാമളകോമളവനഭൂവിൽ" എന്നു തുടങ്ങുന്ന പാട്ടിൻെറ ഒരു ചെക്ക് ഭാഷാവിവർത്തനമായിരുന്നു അതു്........

ജൻഡാ—നീ ആ പാട്ടു പാടരുതെന്നാണെൻെറ ആഗ്രഹം. അഥവാ പാടിയാൽതന്നെ ഇത്ര ഉച്ചത്തിൽ പാടില്ല. നീ സൂക്ഷിച്ചിരുന്നാൽ കൊള്ളാം.

അൻേറാണിൻ—അഛാ! ഞാൻ സൂക്ഷിച്ചിരിക്കുകയാണു്. പക്ഷേ, അതുകൊണ്ടെന്തു പ്രയോജനം? ആ ക്രൂട്ടരെ പററിക്കാൻ സാദ്ധ്യമല്ല. ഞാനൊരു പാശ്ചാത്യനാണെന്നവർക്കറിയാം.

അവൻ വിമാനസൈന്യത്തിൻെറ ഗാനം മൂളിപ്പാട്ടായി പാടിത്തുടങ്ങി.

ജൻഡാ എന്നോടായി ഇങ്ങനെ തുടന്നു: "സ്കൂളിൽ തന്നെയും അൻേറാണിനോട്ട് അന്യായമായിട്ടാണവർ പെരുമാറുന്നതു്. കഴിഞ്ഞവർഷം എന്തോ ഒരു പൊതു ആഘോഷവേളയിൽ അൻേറാണിനും, കമ്മ്യൂണിസ്റ്റ് യുവജനസംഘടനയിൽ അംഗങ്ങളല്ലാത്ത അവൻെറ സുഹൃത്തുക്കളും സ്കൂൾ കെട്ടിടം തുത്തുതുടച്ചു വൃത്തിയാക്കാൻ നിയോഗിക്കപ്പെട്ടുകയാണുണ്ടായതു്. ആഘോഷങ്ങളോടനുബന്ധിച്ചുള്ള കളികളും മററും കാണാൻ മററു കുട്ടികൾക്കുമാത്രമേ അനുവാദം നല്കിയിരുന്നുള്ളു.

മററിൽഡാ അകത്തു കടന്നുവന്നു. അൻേറാണിൻ മൂളിപ്പാട്ടനിർത്തി. "ആളുകൾ സൂക്ഷിച്ചിരിക്കട്ടെ"—പരിഹാസസ്വരത്തിൽ അവൾ പറഞ്ഞു. "ലാ പാഷണേറിയാ തിരിച്ചുവന്നുകഴിഞ്ഞു."

ആ ബാലിക അവിടെ ഇരിപ്പായി. "അൻേറാണിനെപ്പററിയുള്ള വിവരങ്ങളെല്ലാം എനിക്കറിയാം." ആരുടെയും മുഖത്തു നേരേനോക്കാതെ അന്തരീക്ഷത്തിലേയ്ക്കു് അവൾ വിളിച്ചുപറഞ്ഞു. "അവൻ അവൻെറ ക്ലാസിലെ പിൻതിരിപ്പൻവിഭാഗത്തിൽ ഒരംഗമാണു്. അവൻെറ പാട്ടിനെപ്പററിയും എനിക്കറിയാം."

"മററിൽഡേ!"—ജൻഡാ അലറിയ സ്വരത്തിൽ പുത്രിക്കു താക്കീതു നല്കി.

ഇതുകേട്ട് ഒരു വിജയശ്രീലാളിതയുടെ ഭാവത്തിൽ നിലത്തു ചവിട്ടിക്കൊണ്ടു് അവൾ ഇങ്ങനെ തുടന്നു:

"കതകിനു പുറകിൽ മറഞ്ഞുനിന്നുകൊണ്ടു് ഞാൻ സകലതും കേട്ടു. അതേ, കേട്ടു, കേട്ടു, കേട്ടു!"

ജൻഡാ ചാടിയെണീററു. അപ്പോഴത്തെപ്പോലെ ഒരു രൂക്ഷതയും വിളർച്ചയും ഞാനൊരിക്കലും അദ്ദേഹത്തിൻെറ മുഖത്തു കണ്ടിട്ടില്ല ആ കുട്ടിയെ അദ്ദേഹം തല്ലിച്ചതച്ചുകളയുമെന്നെനിക്കു തോന്നി, "നീ നിൻെറ മുറിയിലേയ്ക്കു പോകൂ; പുറത്തിറങ്ങിപ്പോകരുതു്. ഈ രാത്രി ഇനി നിന്നെ എനിക്കു കാണണമെന്നില്ല. കതകിനു പുറകിൽ മറഞ്ഞുനിന്നു കേട്ടതിനുള്ള ശിക്ഷയാണിതു്. ഉം; പുറത്തുപോകൂ."

മററിൽഡാ പ്രതിഷേധസൂചകമായി തൻെറ കാലുകൾ പിണച്ചു; പിന്നീടവയെ ഇണക്കി. "ശരി, ശരി"—ഒടുവിൽ അവൾ പറഞ്ഞു "ഞാൻ പോകുന്നു." അവൾ കടന്നു പുറത്തുപോയി.

കോപംകൊണ്ടു് വിറങ്ങലിച്ച ജൻഡാ ഒരു കക്ശഭാവത്തിൽ അവിടെനിന്നു. അദ്ദേഹത്തിന്റെ നെററിത്തടത്തിലെ ഞരമ്പുകൾ തുടിക്കുകയായിരുന്നു. പിന്നീടദ്ദേഹം സ്വസ്ഥാനത്തു് ഇരിപ്പുറപ്പിച്ചശേഷം രണ്ടു കൈകൊണ്ടും മുഖം തിരുമ്മി. "സന്തുഷ്ടമായ ജൻഡാ കുടുംബം—എന്നു് നിങ്ങൾ ഞങ്ങളെ വിളിക്കാറുണ്ടായിരുന്നു." അദ്ദേഹം പറഞ്ഞു: "കണ്ടില്ലേ, സന്തുഷ്ടമായ ഈ കുടുംബത്തെ."

അൻേറാണിൻ—അഛാ, മററിൽഡാ കഥയില്ലാത്തവളാണു്. ഇന്നാളൊരുദിവസം അവളെന്നെ ഭത്സിക്കാൻ മുതിർന്നു. എന്നിട്ടു്—

"നിർത്തു നിൻെറ സംസാരം," ജൻഡാ അട്ടഹസിച്ചു "നിർത്തു നിൻെറ സംസാരം; മിണ്ടാതിരുന്നു നിൻെറ റഷ്യൻഭാഷ പഠിക്കൂ."

മാർത്തായും ജാർമിലായും അകത്തുവന്നു. തങ്ങൾ അന്നായെ മാർത്തായുടെ മുറിയിൽ കിടത്തിയുറക്കിക്കഴിഞ്ഞു എന്നവർ പറഞ്ഞു.

ജാർമിലാ—(ജൻഡായോടു്) നിങ്ങൾക്കിവിടെ എന്തുപററി. മറെറാരു തക്ക്മുണ്ടായോ?

ജൻഡാ മറുപടി പറഞ്ഞില്ല. അദ്ദേഹം അടുക്കളയിലേയ്ക്കു പോയി, ഒരുകുപ്പി ബ്രാൻഡിയുമായിവന്നു. ഒരുഗ്ലാസ് നിറച്ചു; സ്വസ്ഥാനത്തു പടഞ്ഞിരുന്നു; ഒരു വലിയ കവിൾ മദ്യം അകത്താക്കി. അൻേറാണിൻ പഠിക്കാനായി അവന്റെ കിടക്കമുറിയിലേയ്ക്കു പോയി. ശേഷിച്ച ഞങ്ങൾ പഴയ സുഹൃത്തുക്കളെക്കുറിച്ചു സംസാരിച്ചുകൊണ്ടു് കുറേനേരം കഴിച്ചുകൂട്ടി. വിദേശത്തേയ്ക്കു പോവുകയോ, അപ്രത്യക്ഷരാവുകയോ, "ഇരിപ്പാവുകയോ" (എന്നുവച്ചാൽ ജയിലിലാവുകയോ) ചെയ്തിട്ടുള്ള സ്നേഹിതന്മാരെക്കുറിച്ചായിരുന്നു ഞങ്ങളുടെ സംഭാഷണം.

കതകിൻെറ മണികിലുങ്ങി. ജൻഡാ ഒരു കട്ടത്ത ഭാവത്തിൽ ഞെളിഞ്ഞിരുന്നു. അദ്ദേഹം ശങ്കാഭരിതനായി തന്റെ ഭാര്യയെ നോക്കി. "അതാരു്?" അദ്ദേഹം ചോദിച്ചു.

മാർത്താ—ഹാ! എൻെറ ദൈവമേ!

ജാർമിലാ ചാടി എണീററു. "ഞാൻ പോയി നോക്കാം," അവർ പറഞ്ഞു. "കാറൽ, നിങ്ങൾ വിഷമിക്കാതിരിക്കൂ." അവൾ വെളിയിലേയ്ക്കു പോയി; വീട്ടിൻെറ മുൻവാതൽ തുറന്നു. ചില ശബ്ദങ്ങൾ കേൾക്കായി. കുറേക്കഴിഞ്ഞു് ജാർമിലാ വീട്ടുസൂക്ഷിപ്പുകാരിയുമൊന്നിച്ചു് തിരിച്ചുവന്നു. വീട്ടുസൂക്ഷിപ്പുകാരി തോളിനുചുററും ഒരു ഷാൾ ഇട്ടിരുന്നു. അവൾ അപ്പോഴം

കിടക്കമുറിവേഷത്തിലായിരുന്നു. ജാർമിലാ കടക്കണ്ണു കൊണ്ടെന്നെ നോക്കി. "മിസ്സിസ് പി. സംശയിക്കുകയായിരുന്നു"—ജൻഡായോടവൾ പറഞ്ഞു.

"സംശയിക്കുകയോ?"

"പെപ്പിക്ക് ഇവിടം വിട്ടുമ്പോൾ നിങ്ങൾ അദ്ദേഹത്തെ താഴത്തേയ്ക്കു കൊണ്ടുപോയി യാത്രയാക്കിയ ശേഷം കതകടച്ചു പൂട്ടുമോ എന്നാണവളുടെ സംശയം. അവൾ ഇപ്പോൾതന്നെ ഉറങ്ങാൻ പോവുകയാണ്."

ജൻഡാ അമ്പരന്നു നോക്കി. "എന്താണീ ചോദിക്കുന്നതു്. ഞാനെപ്പോഴും എന്റെ സ്നേഹിതനെ താഴത്തേയ്ക്കുപോയി യാത്രയാക്കുകയാണല്ലോ പതിവ്. ഞങ്ങളുടെ അതിഥികളോട് ആ രീതിയിൽതന്നെയാണ് ഞങ്ങൾ എപ്പോഴും പെരുമാറുന്നതും. അവർ പൊയ്ക്കഴിഞ്ഞാലുടൻ കതകടച്ചു പൂട്ടാറുമുണ്ടല്ലോ, സഖാവ് പി!"

വീട്ടുസൂക്ഷിപ്പുകാരി മുറിക്കുചുറ്റും നോക്കി. "സഖാവേ, ഇതൊരു ചട്ടമാണ്," അവൾ പറഞ്ഞു. "വീട്ടുവാതലുകൾ തുറന്നിടുന്നതുനിമിത്തമുണ്ടാകുന്ന കുഴപ്പങ്ങൾ ഒഴിവാക്കണമെന്നാണ് അധികാരികൾ ആഗ്രഹിക്കുന്നതു്." അവൾ എന്നെ തുറിച്ചുനോക്കി. "പ്രത്യേകിച്ചും, അപരിചിതരായ ആളുകൾ നാട്ടിൽ ചുററിനടക്കുന്ന ഇക്കാലത്തു്."

മാർത്താ—പക്ഷേ, ഇദ്ദേഹം ഒരപരിചിതനല്ലല്ലോ. നീ ഇദ്ദേഹത്തെ ഓർമ്മിക്കുന്നില്ലേ? ഇതിനു മുമ്പും ഇവിടെ വന്നിട്ടുണ്ട്.

ജൻഡാ—ഒരു ഗ്ലാസ് വീഞ്ഞുകുടിക്കാൻ വിരോധമുണ്ടോ? നല്ല ഒന്നാംതരം മൊറാവിയൻ വൈൻ.

വീട്ടുസൂക്ഷിപ്പുകാരി—കൊള്ളാം. നല്ലൊരഭിപ്രായമാണതു്.

KOTTAYAM PUBLIC LIBRARY KOTTAYAM

അവൾ ഗ്ലാസെടുത്തു. അതോടുകൂടി എന്റെ കാര്യത്തിൽ അവൾക്കൊരു നോട്ടവുമില്ലാതായി. "നിങ്ങളുടെ ആരോഗ്യത്തിനു്!" അവൾ കുടിച്ചു; ഗ്ലാസ് താഴെ വച്ചു. "ശരി ഞാൻ ഉറങ്ങാൻ പോവുകയാണു്. ഗുഡ് നൈററു്. കതകടച്ചു പൂട്ടാൻ മറന്നുപോകരുതു്. കേട്ടോ, സഖാവു് ജൻഡാ!"

വീട്ടിന്റെ മുൻവാതൽ അടയുന്ന ശബ്ദം ഞങ്ങൾക്കു കേൾക്കായി. മാർത്താ എണീററു; ഹാളിലേയ്ക്കു നോക്കി; എന്നിട്ടു തിരിച്ചുവന്നു. "അവൾ പൊയ്ക്കഴിഞ്ഞു," മാർത്താ അടക്കിയ സ്വരത്തിൽ പറഞ്ഞു.

"പോലീസിനു വിവരംകൊടുക്കുന്ന വൃത്തികെട്ട മൂധേവി," ജാർമിലാ ആക്രോശിച്ചു.

"അതേ," ജൻഡാ പറഞ്ഞു. "പെപ്പിക്കു് ഇവിടെ വന്നിരുന്നു എന്നു് നാളെ എല്ലാവരും അറിയും."

മാത്താ—പെപ്പിക്കു്, കുറച്ചുകൂടി വൈൻ കുടിക്കൂ. ഒരാപ്പിൾകൂടി തിന്നാൽ എങ്ങനെയിരിക്കും?

ഞാൻ നന്ദിപറഞ്ഞു. അവിടം വിടുന്നതാണു് നല്ലതെന്നെനിക്കുതോന്നി. കാരണം, പിറേറന്നു രാവിലെ എനിക്കൊരു പരിപാടിയുണ്ടായിരുന്നു. ആ സ്ത്രീകളോടും, പിന്നീടു് ജൻഡായോടും യാത്രപറഞ്ഞിട്ടു് ഞാൻ താഴത്തേയ്ക്കിറങ്ങി. തെരുവിലേയ്ക്കു വാതൽ അടച്ചശേഷം അദ്ദേഹവും എന്റെകൂടെ പുറത്തിറങ്ങി. തെരുവീഥി അന്ധകാരമയവും വിജനവുമായിരുന്നു.

"ഞാനെത്രകാലം ഈ ജീവിതഭാരം താങ്ങിനില്ക്കും?" മന്ദസ്വരത്തിൽ സ്വഗതമായിട്ടെന്നപോലെ അദ്ദേഹം പറഞ്ഞു. "ഇനിയൊരുവർഷം—ഏറിയാൽ പതിനെട്ടുമാസം—കൂടി കഴിയുമ്പോൾ എന്റെ മിച്ച സമ്പാദ്യം മുഴുവൻ തീരും. അവർ ഞങ്ങളെ വീട്ടിനു

പുറത്തെറിയും. അതിനു മുമ്പുതന്നെ അതു സംഭവി ച്ചെന്നുംവരാം ഞങ്ങളെല്ലാം വേർപിരിഞ്ഞുപോ യെന്നും വന്നേയ്ക്കാം." അദ്ദേഹം ഒരു ദീർഘശ്വാസം വിട്ടു "ഗുഡ്നൈററ്" ജൻഡാ എന്നെ യാത്രയാക്കി. "ഞാനിനി അകത്തേയ്ക്കു പോകട്ടെ. ഞാൻ നിങ്ങളെ ഫോണിൽ വിളിക്കാം."

അദ്ദേഹം ഹാളിനകത്തേയ്ക്കുപോയി കതകടച്ചു. വിജനമായ തെരുവിഥിയിലൂടെ ഞാൻ നടന്നുതുടങ്ങിയ പ്പോൾ അദ്ദേഹം പൂട്ടിൽ താക്കോലിട്ടുതിരിക്കുന്ന ശബ്ദം കേട്ടു. ജൻഡാ എന്നെ ഫോണിൽ വിളിക്കുകയില്ലെ ന്നെനിക്കറിയാമായിരുന്നു; താൻ അതു ചെയ്യുകയി ല്ലെന്ന് അദ്ദേഹത്തിനും അറിയാമായിരുന്നു; അദ്ദേഹം അതു ചെയ്തതുമില്ല.

★

## 2

### പശ്ചിമബർലിനിലെ ലാർഡ് മേയർ

ഏൺസ്റ്റ് റോയിട്ടർ, പശ്ചിമബർലിനിലെ സോഷ്യലിസ്റ്റ് നഗരാധികാരി, അല്ലെങ്കിൽ ലാർഡ് മേയർ, റഷ്യൻ ഉപരോധകാലത്തു് സിററിയിൽ തന്റെ ആധിപത്യസീമയിൽപെട്ട വിഭാഗത്തിലെ ജനങ്ങളെടുത്ത ദൃഢനിശ്ചയപൂർവ്വമായ നിലപാടിനു് മുഖ്യ ഉത്തരവാദിത്വം വഹിച്ച ആളാണെന്നാണു് സമൂഹത്തിലെ പല പൗരന്മാരും മിക്ക വിദേശികളും കരുതുന്നതു്. ഇന്നത്തെ ജർമ്മനിയിൽ ഏററവും വ്യക്തിവൈശിഷ്ട്യമുള്ള ആളായിട്ടാണു് നിരവധി ആരാധകന്മാർ അദ്ദേഹത്തെ കൊണ്ടാടുന്നതു്. അദ്ദേഹത്തെ പുഛിക്കുന്നവരും ധാരാളമുണ്ടു്. അവർ മിക്കവാറും റഷ്യാക്കാരോ ജർമ്മൻ കമ്മ്യൂണിസ്ററുകളോ ആയിരിക്കും. ഇന്നു ജീവിച്ചിരിക്കുന്ന ഏതൊരു ജർമ്മൻകാരനേയുംകാൾ

കൂടുതലായി അവർ അദ്ദേഹത്തെ വെറുക്കുന്നു. ഏറിയ ക്രൂരം അതിനുള്ള കാരണം ഒരുകാലത്തു് അദ്ദേഹം ലെനിൻെറ ഒരാശ്രിതനും, ആ നിലയിൽ ബർലിൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽ സിക്രട്ടറിയുമായിരുന്നു എന്നതാണു്. റഷ്യൻ ഉപരോധകാലത്തു് റോയിട്ടരുടെ ജനസമ്മതി അതിൻെറ പാരമ്യത്തിലെത്തിയെങ്കിലും അതിനുശേഷം അധഃപതിക്കുകയാണുണ്ടായതു്. ബർലിൻ പ്രതിരോധനയം ആസൂത്രണംചെയ്തു നടപ്പിലാക്കുന്നതിനു സഹായിച്ച ധീരപുരുഷനാണദ്ദേഹമെന്നു് പശ്ചിമജർമ്മനിയിലെ വലതുപക്ഷകേന്ദ്രങ്ങൾ വിചാരിച്ചിരുന്ന കാലം കഴിഞ്ഞുപോയിരിക്കുന്നു. മറെറാരു പഴഞ്ചൻ "വിപ്ലവ"സോഷ്യൽ ഡെമോക്രാററായിട്ടാണു് ഇന്നവർ അദ്ദേഹത്തെ കാണുന്നതു്. അങ്ങനെ, സ്വഭാവനിഷ്ഠയുള്ളയാളെന്നു സ്വശത്രുക്കൾപോലും സമ്മതിക്കുന്ന റോയിട്ടർ ഇന്നു് തീവ്രവാദികളായ ഇടതുപക്ഷക്കാരുടേയും, വലതുപക്ഷക്കാരുടേയും അവിശ്വാസത്തിനു പാത്രമായി ഒരു മദ്ധ്യമാർഗ്ഗനിലക്കാരന്റെ പരമ്പരാഗതമായ സോഷ്യലിസ്റ്റ് ധർമ്മസങ്കടത്തിലാണിന്നു നില്ക്കുന്നതു്.

ഇക്കഴിഞ്ഞ വേനല്ക്കാലത്തു് ഞാൻ ബർലിനിലായിരുന്നപ്പോൾ മേയർ റോയിട്ടരുമായി ഒരു കൂടിക്കാഴ്ച ആഗ്രഹിച്ചു. ഇക്കാലത്തു് അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ലെന്നാണു് അന്വേഷണത്തിൽ ഞാനറിഞ്ഞതു്. 1948-ൽ ബർലിൻ നഗരം പശ്ചിമബർലിനെന്നും പൂർവ്വബർലിനെന്നും രണ്ടായി വിഭജിക്കപ്പെടുകയും, റഷ്യാക്കാർ അവരുടെ മേഖലയിൽ ഒരു പ്രത്യേക മുനിസിപ്പൽഭരണം ഏർപ്പെടുത്തുകയും ചെയ്തതിനുശേഷം റോയിട്ടരുടെ ആഫീസായിരുന്ന ഷോൺ

ബഗ്ഗ്ഹാളിൽ ചെന്നന്വേഷിച്ചപ്പോഴെല്ലാം, അദ്ദേഹം ഒരു കാൺഫ്രൻസിൽ സംബന്ധിക്കുകയാണെന്നോ അല്ലെങ്കിൽ ഒരു റാലിയെ അഭിസംബോധനചെയ്തു പ്രസംഗിക്കുകയാണെന്നോ, അതുമല്ലെങ്കിൽ ജനറൽ ടെയ്ലറുമായി രഹസ്യസംഭാഷണത്തിലേപ്പെട്ടിരിക്കുകയാണെന്നോ, ചാൻസലർ അഡനോവറെ കാണാൻ ബോണിലേയ്ക്കു പോയിരിക്കുകയാണെന്നോ, സഖ്യകക്ഷി ഹൈക്കമ്മീഷണർമാരുടെ ഒരു യോഗത്തിൽ പങ്കെടുക്കുകയാണെന്നോ, ഒരു പ്രസംഗത്തിനായി ഫ്ലെൻസ്ബഗ്ഗിലേയ്ക്കു യാത്രയായിരിക്കുകയാണെന്നോ, ഇതൊന്നുമല്ലെങ്കിൽ വളരെ ധൃതിയായി എന്തോ ജോലിയിലേപ്പെട്ടിരിക്കുകയാണെന്നോ ഒക്കെയാണു് അവിടെയുള്ളവർ എന്നോടു പറഞ്ഞതു്. ഒടുവിൽ ഞാൻ റായിട്ടറുടെ പ്രസ്വകുപ്പു മേധാവിയായ ഡാക്ടർ ഹാൻസ് ഹെർഷ്ഫീൽഡിനെ കാണാനായി അങ്ങോട്ടുപോയി. മുടികൊഴിഞ്ഞു് മിക്കവാറും കഷണ്ടിത്തലയനായിത്തീന്നിട്ടുള്ള ഒരു പരിഭ്രമക്കാരനാണു് ഈ മനുഷ്യൻ. യുദ്ധകാലത്തു് സമരതന്ത്രസർവീസ് കാര്യാലയത്തിലെ ഒരു സിവിലിയൻ ജോലിക്കാരനായി അദ്ദേഹം ന്യൂയാക്ക് സിററിയിൽ കഴിച്ചുകൂട്ടിയിരുന്നു. തന്റെ ഇംഗ്ലീഷും ജർമ്മനും വാചകങ്ങളിൽ ഇടയ്ക്കിടയ്ക്കു് ചില അമേരിക്കൻ ഗ്രാമ്യപദപ്രയോഗങ്ങൾ കുത്തിച്ചെലുത്തുകയെന്നതു് അദ്ദേഹത്തിന്റെ ഒരു ശീലമാണു്.

"ബർലിനിലെ ഏതൊരു പത്രലേഖകനേയും കാണാൻ മേയർക്കിഷ്ടമാണു്," ഡാക്ടർ ഹെർഷ്ഫീൽഡ് ഇംഗ്ലീഷിൽ എന്നോടു പറഞ്ഞു. ഇതു പറയുന്നതിനിടയിൽ അദ്ദേഹം മിക്കവാറും ഒരേ അവസരത്തിൽ രണ്ടു കത്തുകൾ ഒപ്പുവയ്ക്കുകയും, ഒരു സപ്ലിച്ചിൽ

കടന്നുപിടിക്കുകയും, ടെലിഫോൺവിളി കേൾക്കുകയും ചെയ്തു. "ഇല്ല, ഇല്ല, ഇല്ല," ടെലിഫോണിൽ അദ്ദേഹം വിളിച്ചുപറഞ്ഞു "എനിക്കിപ്പോൾ സമയമില്ല. ഇല്ല, നാളെയുമില്ല. പതിനൊന്നുമണിക്ക് സിററി അസംബ്ലിയോഗമുണ്ട്. അതേ, അടുത്തയാഴ്ച, ഒരുപക്ഷേ." അദ്ദേഹം ഫോൺ താഴെവച്ചു, മററാരുകത്ത് ഒപ്പിട്ടു, മേശയുടെ ഒരു വലിപ്പുതുറന്നു, ചില കടലാസുകളെടുത്തു, എന്നിട്ട് ഒരു നെടുവീർപ്പുവിട്ടു. മേയറെ, അദ്ദേഹത്തിൻെറ ആഫീസ് ജോലിസമയത്ത് എനിക്കൊന്നു കണ്ടാൽകൊള്ളാമെന്ന് ഡാക്റ്റർ ഹെർഷ്ഫീൽഡിനെ അറിയിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചു. ഇതുകേട്ട് അദ്ദേഹം ആകപ്പാടെ കുഴങ്ങിയ ഒരു മട്ടാണ് കാണിച്ചതു്. "അങ്ങനെയൊരു കൂടിക്കാഴ്ചയ്ക്ക് സൗകര്യമുണ്ടാക്കാൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നില്ല," അദ്ദേഹം അഭിപ്രായപ്പെട്ടു. "പശ്ചിമബർലിൻ സിററി കൗൺസിൽ വെറുമൊരു നഗരഭരണസഭയല്ലെന്നുള്ള കാര്യം നിങ്ങൾ മറക്കരുതു്. പശ്ചിമബർലിൻ സ്വതേ ഒരു ലോകമാണ്; ചുവപ്പുവേലിയേററം ചുററും അലയടിക്കുന്ന ഒരു ജനാധിപത്യദ്വീപാണിതു്." ഈ വർണ്ണനയിൽ അദ്ദേഹം സ്വയം സംതൃപ്തനായതുപോലെ എനിക്കു തോന്നി. അതിൻെറ പ്രതിധ്വനി അന്തരീക്ഷത്തിൽ ലയിക്കാൻവേണ്ടി അദ്ദേഹം അല്പസമയം മൗനമായിട്ടിരുന്നു; അനന്തരം ഇങ്ങനെ തുടന്നു: "ബർലിനിലെ നഗരഭരണം മിക്കവാറും ഒരു സ്വതന്ത്രദേശീയ ഗവമ്മെൻറിൻെറ പ്രവത്തനംപോലെയാണ്. ഈ ഗവമ്മെൻറിൽ ലാർഡ്മേയറാണ് പ്രധാനമന്ത്രി. സഖ്യകക്ഷികളുമായും, ബോണുമായും അദ്ദേഹം നേരിട്ടാണിടപെടുന്നതു്. ബോണിലെ ഫെഡറൽ ഗവർമ്മെ

ൻറിൽ ഞങ്ങളുടെ സിററി കൗൺസിലർമാരിൽ ഒരാൾ ബർലിനെ പ്രതിനിധാനംചെയ്യുന്നു. അദ്ദേഹത്തിന വിടെ വോട്ടില്ല. എന്നാൽ ഏതു കാര്യത്തിലും റോയിട്ടരുടെ അഭിപ്രായം ഈ നഗരപ്രതിനിധിമുഖേന അറിയാതെ അവർ പ്രധാനപ്പെട്ട തീരുമാനമൊന്നും എടുക്കാറില്ല. യൂറോപ്യൻ സഖ്യസഭ (കൗൺസിൽ ആഫ് യൂറോപ്പ്)യിൽ ജർമ്മനി ചേരണമോ എന്ന പ്രശ്നം വന്നപ്പോൾ അതേപ്പററി നേരിട്ടു ചർച്ചചെയ്യുന്നതിനായി മേയർതന്നെ ബോണിലേയ്ക്കു പോയി."

വോട്ടർമാർ തിരഞ്ഞെടുക്കുന്ന നൂററിമുപ്പതു് അസംബ്ലി അംഗങ്ങളടങ്ങിയതാണ് പശ്ചിമബർലിൻ സിററി അസംബ്ലിയെന്നു് ഡാക്ടർ ഹെർഷ്ഫീൽഡ് എനിക്കു വിശദീകരിച്ചുതന്നു. അസംബ്ലി അംഗങ്ങൾ മേയറേയും, രണ്ടു ഡെപ്യൂട്ടി മേയർമാരേയും തിരഞ്ഞെടുക്കുന്നു. ഇന്നത്തെ ഡെപ്യൂട്ടി മേയർമാർ ഫ്രാല്യൂയി ഫ്രോഡറും, ഡാക്റ്റർ ഫെർഡിനാൻഡ് ഫ്രീഡൻസ് ബർഗ്ഗുമാണ്. പന്ത്രണ്ടു മുനിസിപ്പൽ കൗൺസിലർമാർ മേയറുടെ മന്ത്രിസഭയായി പ്രവർത്തിക്കുന്നു. പോലീസ്, ബാങ്കിങ്ങും ഇൻഷൂറൻസും, കംപ്ട്രോളർ ആഫീസ് (മേയർ നേരിട്ടു ഭരിക്കുന്നതു്) എന്നിവ ഒഴികെയുള്ള വിവിധ മുനിസിപ്പൽ വകുപ്പുകളുടെ ഭരണം അവരാണ് നടത്തുന്നതു്. ബർലിൻനഗരം കിഴക്കനും പടിഞ്ഞാറനുമായി വിഭജിക്കപ്പെടുന്നതിനു മുമ്പ് 1946-ൽ അവിടെ നടന്ന ആദ്യത്തെ യുദ്ധാനന്തര ജനാധിപത്യതിരഞ്ഞെടുപ്പിൽ• കമ്മ്യൂണിസ്റ്റുകാരൊഴികെയുള്ള എല്ലാ അസംബ്ലി അംഗങ്ങളുടെയും ഐകകണ്ഠ്യേനയുള്ള വോട്ടോടുകൂടി റോയിട്ടർ മുഴുവൻ നഗരത്തിൻേറയും മേയറായി തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ

റോയിട്ടറുടെ തിരഞ്ഞെടുപ്പിനെ നിഷേധാധികാരം പ്രയോഗിച്ച് അസ്ഥിരപ്പെടുത്താൻ റഷ്യാക്കാർക്ക് കഴിയത്തക്കവിധം അന്ന് നഗരം ചതുശ്ശക്തിനിയന്ത്രണത്തിലായിരുന്നു. അവർ അങ്ങനെതന്നെ ചെയ്തു. തുടർന്ന് ഫ്രാഫ്രോഡർ ആക്ടിങ്ങ് മേയറായി. വിഭജനത്തിനുശേഷം 1948 ഡിസംബർ 7-ാം തീയതി റോയിട്ടർ പശ്ചിമബർലിൻ നഗരസഭാദ്ധ്യക്ഷനായി (ലോർഡ് മേയറായി) ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു.

ഡാക്ടർ ഹെർഷ്ഫീൽഡ് തുടർന്നു: "യാതൊരു സിററിയിലേയും മേയർക്ക് ഇത്ര ഭീമമായ പ്രശ്നങ്ങളെ നേരിടേണ്ടിവന്നിട്ടില്ല. ന്യൂയോർക്കിലുള്ളവർ സദാസമയവും അവരുടെ ഉയർന്ന പുരോഗതിയെക്കുറിച്ചു പറയാറുണ്ട്. ന്യൂയോർക്കിലെ ജനങ്ങൾ ഇവിടെവന്ന് ഞങ്ങളുടെ പുരോഗതിയുടെ ഉയർച്ച് ഒന്നു കാണണം. എൻെറ സഹോദര! മുപ്പതുലക്ഷം ജനങ്ങൾ അധിവസിക്കുന്ന ഈ നഗരം അഞ്ചുകൊല്ലം മുമ്പ് തൊണ്ണൂറുശതമാനവും ശാരീരികമായും സാമ്പത്തികമായും ആത്മീയമായും തകർന്നു നശിച്ചുകിടക്കുകയായിരുന്നു. 1945 വസന്തകാലത്ത് ചുവപ്പുപട്ടാളം ബർലിൻ ഭരണം ഏറെറടുത്തപ്പോൾ അവർ സകല ബാങ്ക് അക്കൗണ്ടുകളും തടഞ്ഞുവയ്ക്കുകയും, പണം മുഴുവൻ എടുത്തുകൊണ്ടുപോവുകയും ചെയ്തു. ഓരോരുത്തരുടേയും കീശയിൽ അപ്പോൾ അവശേഷിച്ചിരുന്ന കാശൊഴിച്ച് അവർക്ക് മറെറാരു ധനവും ഇല്ലാതെയായി. ഞങ്ങളുടെ യന്ത്രങ്ങളുടേയും പണിആയുധങ്ങളുടേയും എൺപതു ശതമാനവും റഷ്യാക്കാർ പിടിച്ചെടുത്തുകൊണ്ടുപോയി. ആസ്പത്രിയില്ല, ഔഷധങ്ങളില്ല, ഗതാഗതസൗകര്യമില്ല—ഇതായിരുന്നു അന്നത്തെ അവസ്ഥ. ഭക്ഷണസാധനങ്ങൾ ദുർലഭമായി.

അതൊരുകൊലപാതകമായിരുന്നു. മൂന്നുവർഷം കഴിഞ്ഞു് 1948 വസന്തകാലമായപ്പോഴേയ്ക്കും ഈ നഗരം അതിനെ ഗ്രസിച്ചിരുന്ന ഏററവും വലിയ കെടുതികളുടെ പാതാളക്കുണ്ടിൽനിന്നു് ക്രമേണ തല ഉയർത്തിത്തുടങ്ങി. ഗതാഗതം പുനരാരംഭിച്ചു. വിദ്യുച്ഛക്തിവിതരണത്തിനും ജലവിതരണത്തിനുമുള്ള ഏർപ്പാടുകൾ പുനഃസ്ഥാപിതമായി. വ്യാപാരത്തിലും വ്യവസായത്തിലും ഒരാരംഭമിടുകയുംചെയ്തു. അപ്പോഴാണു് റഷ്യാക്കാർ ഉപരോധമേർപ്പെടുത്തിയതു്. ബർലിൻ നിവാസികൾക്കു് വൈദ്യുതപ്രകാശം കിട്ടാതായി. പ്രതിദിനം ഒരു മണിക്കൂർ ഗ്യാസുകൊണ്ടുമാത്രം അവർ കഴിഞ്ഞുകൂടേണ്ടിവന്നു. കല്ക്കരിയും ആഹാരവും അത്യല്പമായി മാത്രമേ ലഭിച്ചിരുന്നുള്ളു. എന്നിട്ടും സഖ്യകക്ഷിവിമാനങ്ങളുടെസഹായത്തോടുകൂടി റഷ്യാക്കാരെ അവർ എതിർത്തുനിന്നു. ഇതെല്ലാം ഞാൻ പറയാതെതന്നെ നിങ്ങൾ കേട്ടറിഞ്ഞിരിക്കും. ഇതിനെല്ലാം ഉപരിയായിട്ടാണു് നാണ്യ (കറൻസി)പരിഷ്കാരം നടപ്പായതു്. ഒരു സാമ്പത്തികഘടകമെന്ന നിലയിൽ ബർലിനെ രണ്ടായി പിളന്ന ഒരേർപ്പാടായിരുന്നു അതു്. ഈ പിളപ്പിന്റെ വിദൂരവ്യാപകമായ അനന്തരഭവിഷ്യത്തുകളുടെ ഗൗരവം എന്തായിരുന്നു എന്നു് അപൂർവ്വമായിമാത്രമേ ആളുകൾ മനസ്സിലാക്കിയിട്ടുള്ളു." ഡാക്റ്റർ ഹെർഷ്ഫീൽഡ് എണീററു. ബർലിൻ നഗരത്തിന്റെ ഒരു വലിയ ഭൂപടം ഭിത്തിയിൽ തൂക്കിയിരുന്നു. അദ്ദേഹം ആ ചിത്രത്തിനരികിൽ ചെന്നുനിന്നു് അതിൽ കൈചൂണ്ടികൊണ്ടു് ഇങ്ങനെ തുടന്നു: "ബർലിനാവശ്യമായ കല്ക്കരിയിൽ ഒട്ടധികവും ഇപ്പോൾ പോളൻഡായിത്തീന്നിരിക്കുന്ന പ്രദേശത്തുനിന്നാണു് വന്നുകൊണ്ടിരു

ന്നതു്. അലക്കശാലകളെല്ലാം ട്രെപ്ടോവിലും, കോപ്പ നിക്കിലുമാണു്. ഈ സ്ഥലങ്ങൾ നഗരത്തിന്റെ സോവി യററ് ഭാഗത്താണു കിടക്കുന്നതു്. തുണിവ്യവസായശാ ലകളിൽ ഒരു നല്ലഭാഗം ഡസ്സൻഡോർഫിലേയ്ക്കു മാറി യിട്ടുണ്ടു്. ഈ മാററത്തോടൊപ്പം അവയുടെ അവകാ ശസാക്ഷ്യപത്രികകളും രൂപരേഖകളും(പേററൻറ്സും, ബ്ളൂപ്രിൻററ്സും) അങ്ങോട്ടു മാറിപ്പോയിട്ടുമുണ്ടു്. സോവിയററ് ഭാഗത്തുള്ളവൎക്കു് വിദഗ്ദ്ധത്തൊഴിലാളി കൾ കുറവാണു്. ബർലിനിലെ തുണിവ്യവസായത്തൊ ഴിലാളികൾ അലസരാണെന്നുകൂടി ഇവിടെ ചൂണ്ടിക്കാ ണിക്കേണ്ടിയിരിക്കുന്നു. സംഗതിവശാൽ ഒരു ഉദാഹ രണം പറയാം.” തൻെറ ഡെസ്കിനരികിൽ തിരിച്ചു വന്നിരുന്നിട്ടു് അദ്ദേഹം തുടൎന്നു: “വിഭജനത്തിനു മുമ്പു്, ബർലിൻ നഗരസഭാകാൎയ്യാലയത്തിൽ രണ്ടായിരം അച്ചെഴുത്തു് (ടൈപ്പ് റൈററർ) യന്ത്രങ്ങളും മുന്നൂററി യറുപതു് സങ്കലന (ആഡ്ഡിങ്ങ്) യന്ത്രങ്ങളും ഉണ്ടായി രുന്നു. പിന്നീടതു് യഥാക്രമം തൊള്ളായിരത്തിത്തൊ ണ്ണൂറും, നൂററിനാലുമായി കുറഞ്ഞു.” ഫോൺ കിലുങ്ങി. ഡാക്ടർ ഹെർഷ്ഫീൽഡ് ആദ്യം ഇംഗ്ലീഷിലും പിന്നീടു ജർമ്മൻ ഭാഷയിലും ധൃതഗതിയിൽ മറുപടി പറഞ്ഞു. മേയർ ബോണിലേയ്ക്കുപോയിരിക്കുകയാ ണെന്നും വൈകുന്നേരത്തിനകം മടങ്ങിയെത്തുകയില്ലെ ന്നുമാണു് ഫോണിൽ അറിയിക്കപ്പെട്ടതു്.

ഈസംഭാഷണാനന്തരം ഡാക്ടർ ഹെർഷ്ഫീൽഡ് ചില നോട്ടുകൾ കുറിച്ചു. ആദ്യം ഒരു പാഡിലും, പിന്നീടു മറെറാന്നിലുമാണു് അദ്ദേഹം എഴുതിയതു്. അനന്തരം വ്യാകുലമായ ഒരു മുഖഭാവത്തോടുകൂടി ഇങ്ങനെ തുടൎന്നു: “അദ്ദേഹം വരികയാണെന്നു് ഞാൻ

ആശിക്കുന്നു. അദ്ദേഹത്തിൻെറ നിലയിലുള്ള മിക്ക ആളുകളും സോവിയററ് മേഖല കടക്കാൻ വിമാനം കേറുകയാണു ചെയ്യുന്നതു്. പക്ഷേ റോയിട്ടർ അതു ചെയ്യില്ല. ഇല്ല, സർ! അദ്ദേഹം തൻെറ കാറിൽത്തന്നെയാണു് അവിടം കടന്നുവരുന്നതു്. കൂടെ ഡ്രൈവറല്ലാതെ മററാരും കാണുകയില്ല. കമ്മ്യൂണിസ്റ്റ് കിഴക്കേ ജർമ്മൻപോലീസും, റഷ്യൻ പട്ടാളക്കാരും നിലയുറപ്പിച്ചിട്ടുള്ള പരിശോധനാസ്ഥാന (ചെക്ക് പോയിൻറ്) ത്തേയ്ക്കു് യാതൊരു ക്രൂസല്യമില്ലാതെ നേരിട്ടു ചെല്ലുകയാണദ്ദേഹം ചെയ്യുന്നതു്. ആ കാവൽ ഭടന്മാരുടെ നില്പുകണ്ടാൽ. അവർ അദ്ദേഹത്തിൻെറ വരവുകാത്തു നില്ക്കുകയാണോ എന്ന തോന്നിപ്പോകും. അവർക്കു് അദ്ദേഹത്തിന്റെ കാർനമ്പർ (001) അറിയാം. അദ്ദേഹം തങ്ങളുടെ മേഖല കടക്കുമ്പോൾ ആ ഭടന്മാർ കണ്ണെടുക്കാതെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുമെന്നു ഞാൻ തീർത്തു പറയുന്നു. ഈ മനുഷ്യൻെറ കഥകഴിക്കാൻ ഒരു തരംകിട്ടിയാൽ അതിലവർ സന്തോഷിക്കും. ഇങ്ങനെയിരിക്കേ, 'വരുന്നതു വരട്ടെ' എന്നു സാഹസികബുദ്ധിയോടുകൂടി എന്തിനാണദ്ദേഹം അവരുടെ മുമ്പിൽ സ്വയം വലിഞ്ഞുകേറിച്ചെല്ലുന്നതു്?" ഡാക്ടർ ഹെർഷ്ഫീൽഡ് ആകാംക്ഷാഭരിതനായി തൻെറ നെററിത്തടം തിരുമ്മിക്കൊണ്ടു് ഇങ്ങനെ തുടന്നു: "കാരണം ഞാൻ പറയാം. 1945-ൽ സഖ്യനിയന്ത്രണസമിതി എടുത്ത ഒരു തീരുമാനമനുസരിച്ചു് ബർലിൻ—ഹെംസ്റ്റെഡ്ററ് ആട്ടോബാൻപ്രദേശം സോവിയററ് മേഖലയിലൂടെയുള്ള ഒരു സാർവദേശീയ സഞ്ചാര ഇടനാഴിയായി വ്യവസ്ഥചെയ്തിരിക്കുകയാണു്. അതുപയോഗിക്കാനുള്ള അവകാശം പ്രായോഗികമാക്കേണ്ട

ഒരവകാശമാണെന്ന് റായിട്ടർ ദൃഢമായി വിശ്വസി ക്കുന്നു. അതു ചെയ്യാത്തപക്ഷം, എന്തും ചെയ്യാൻ മടി ക്കാത്ത റഷ്യാക്കാർ (അവർ ഇന്നതേ ചെയ്യൂ എന്നു് ആർക്കും ഊഹിക്കാൻ വയ്യാത്തവിധത്തിൽ പ്രവചനാ തീതരാണ്) നാം ആ അവകാശം കൈവെടിയുകയാ ണെന്നുള്ള നിഗമനത്തിൽ മുന്നുംപിന്നും നോക്കാതെ ചാടിവീഴും. 'ഞാൻ സോവിയററ് മേഖല കടക്കാൻ ഭയപ്പെടുകയാണെങ്കിൽ നമ്മുടെ ട്രക്ക് ഡ്രൈവർമാർ അവിടം കടന്നു് നമുക്കു വേണ്ട അത്യാവശ്യസാധനങ്ങൾ കൊണ്ടുവരുമെന്നു് നമുക്കെങ്ങനെ പ്രതീക്ഷിക്കാം'— എന്നാണ് റോയിട്ടർ ചോദിക്കുന്നതു്. അങ്ങനെ അദ്ദേഹം കടന്നുപോകുന്നു; ഞങ്ങൾ ഇവിടെയിരുന്നു വ്യാകുലപ്പെടുന്നു. അദ്ദേഹത്തിന്റെ നിലയിൽ ഞാനാ യിരുന്നെങ്കിൽ പരിഭ്രമിച്ചു വിരണ്ടു മരിച്ചുപോകുമാ യിരുന്നു."

"എന്നാൽ അദ്ദേഹം യഥാർത്ഥത്തിൽ ഭയപ്പെട്ടി ന്നില്ലേ?" ഞാൻ ചോദിച്ചു.

ഡാക്ടർ ഹെർഷ്ഫീൽഡ് വീണ്ടും എണീററു. വീണ്ടും കിലുങ്ങിത്തുടങ്ങിയ ടെലിഫോൺ മണിനാ ദത്തെ അവഗണിച്ചുകൊണ്ടു് അദ്ദേഹം അങ്ങോട്ടുമി ങ്ങോട്ടും നടന്നുതുടങ്ങി. അപ്പോഴും അദ്ദേഹം തന്റെ നെററിത്തടം തിരുമ്മുന്നുണ്ടായിരുന്നു. ഡാക്ടർ ഹെർഷ് ഫീൽഡ് തുടർന്നു: "ഞാൻ കഴിഞ്ഞവർഷം ഇവിടെ മടങ്ങിയെത്തിയശേഷം എന്നെ ചിന്താകുലനാക്കിക്കൊ ണ്ടിരുന്ന ഒരു വിഷയമാണതു്. റഷ്യൻ ഉപരോധം ആരംഭിച്ചശേഷം 1948 ജൂണിൽ റോയിട്ടർ ചെയ്ത ഒരു പ്രസംഗം എനിക്കു് ഓർമ്മവരുന്നു. '1933–ലേയും 1948-ലേയും രീതികൾക്കു തമ്മിൽ യാതൊരു വ്യത്യാ

സവുമില്ല' എന്നാണ് ബർലിനിൽവച്ച് റഷ്യൻ പീര ങ്കികളുടെ വിവൃതമുഖങ്ങൾക്കു മുമ്പിൽ നിന്നുകൊണ്ടു തന്നെ ഒരു ബഹുജനയോഗത്തെ അദ്ദേഹം അറിയിച്ചതു്. 1933-ൽ നാസികൾ റോയിട്ടറെ ഒരു തടങ്കൽ പാളയത്തിലടച്ചു. തനിക്കെന്തു സംഭവിക്കുമായിരുന്നു എന്ന് അറിയാവുന്ന ആളാണദ്ദേഹം. പെരുമാററം പിഴച്ചിരുന്നെങ്കിൽ......" ഡാക്ടർ ഹെർഷ്ഫീൽഡ് ഈ വാചകം മുഴമിച്ചില്ല. വശംമാറി ചാഞ്ഞിരുന്നു കൊണ്ടു് അദ്ദേഹം തുടന്നു: "സേലൻഡോർഫിലുള്ള ഒരു ചെറിയ ഭവനത്തിൽ അദ്ദേഹം ഭാര്യാസമേതനായി താമസിക്കുകയാണ്. ആ വീട്ടിനു ചുററും കാവല്ക്കാരോ തോക്കുകളോ ഇല്ല. ആക്കും വായിക്കത്തക്കവിധത്തിൽ അദ്ദേഹത്തിൻെറ പേർ വീട്ടുവാതുക്കൽ രേഖപ്പെടുത്തിയിട്ടുണ്ടു്." ഈ അവസരത്തിൽ ഒരു സിക്രട്ടറി ആഫീസിനകത്തേയ്ക്കു് എത്തിനോക്കിക്കൊണ്ടു് ടെലിഫോണിലേയ്ക്കു വിരൽചൂണ്ടി. ഡാക്ടർ ഹെർഷ്ഫീൽഡ് ഒരു കോപഭാവത്തിൽ തൻെറ കൈകൾ ആഞ്ഞു വീശി. ഇതുകണ്ടു് ലേഡി സിക്രട്ടറി വിരണ്ടോടി. "ധൈര്യം ഒരു വിചിത്രകാര്യമാണ്," അദ്ദേഹം തുടന്നു. റോയിട്ടറുടെ ധൈര്യം ഭയത്തിൻെറ ഒരു നിഷേധംമാത്രമാണെന്നു ഞാൻ കരുതുന്നില്ല. എന്നുവച്ച്, ആപത്തിൻെറനേക്കു് അദ്ദേഹം കണ്ണടയ്ക്കുന്നുമില്ല. അതൊരു മറയന്റെ ധൈര്യമാണ്. റോയിട്ടറുടെ ധൈര്യം നമ്മിൽ മിക്കപേക്കുമുള്ളതിനേക്കാൾ വലുതാണ്. കാരണം, അദ്ദേഹം അപകടങ്ങൾ മനസ്സിലാക്കുകയും, നമ്മെയെല്ലാംപോലെ ഭയത്തിൻെറ സാധാരണഗതിയിലുള്ള പ്രതികരണങ്ങൾ അനുഭവിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, തൻെറ വിശ്വാസങ്ങളെ വിഘാതപ്പെടുത്താൻ

യാതൊന്നിനേയും അനുവദിക്കുകയില്ല. അതിൻെറ ഭവിഷ്യത്തുകൾ എത്ര അസുഖകരമാണെങ്കിലും അതൊന്നും അദ്ദേഹത്തെ തൻെറ മാൎഗ്ഗത്തിൽനിന്നു വ്യതിചലിപ്പിക്കുകയില്ല. ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പ് അദ്ദേഹം മാർബർഗ്ഗിൽ ഒരു വിദ്യാൎത്ഥിയായിരുന്നപ്പോൾ, തൊഴിലാളിവൎഗ്ഗത്തിൻെറ സാമൂഹ്യപ്രശ്നങ്ങളിൽ അദ്ദേഹത്തിനു് ആവേശഭരിതമായ താൽപര്യം വളരുകയും, അങ്ങനെ സോഷ്യലിസ്റ്റ് പാൎട്ടി വിദ്യാഭ്യാസസമിതിയുടെ ആഭിമുഖത്തിൽ ഒരു സഞ്ചാരാദ്ധ്യാപകനായിത്തീരുകയും ചെയ്തു. ഒരുപക്ഷേ, ഇതിലൊന്നും നിങ്ങൾക്കു് ഒരു കൗതുകം തോന്നുന്നില്ലായിരിക്കാം."

എനിക്കിതു രസകരമായിരിക്കുന്നു എന്നു് ഞാൻ അദ്ദേഹത്തിനു് ഉറപ്പുനല്കി.

ഡാക്ടർ ഹെർഷ്ഫീൽഡ് തുടൎന്നു: "സ്വകുടുംബക്കാർ തനിക്കു ഭ്രഷ്ടുകല്പിക്കുമെന്നു് റോയിട്ടർക്കറിയാമായിരുന്നു. അദ്ദേഹത്തിൻെറ അച്ഛൻ ഒരു ജൎമ്മൻ വാണിജ്യക്കപ്പലിലെ കപ്പിത്താനായിരുന്നു. അക്കാലത്തു് ഓസ്റ്റ്ഫ്രീസ്‌ലൻഡിലെ ലിയർ എന്ന സ്ഥലത്തുള്ള ഒരു നാവികവിദ്യാലയത്തിൽ അദ്ദേഹം ഒരദ്ധ്യാപകനുമായിരുന്നു. ഒരു ഉദ്യോഗസ്ഥനെന്ന നിലയിൽ അദ്ദേഹം കൈസർഭക്തന്മാരുടെ ഒരു സാക്ഷാൽ മാതൃകയായിരുന്നു. ഷ്ലീസ്വിഗ്-ഹോൾസ്റ്റീനിൽ അപ്പൻറേഡ് എന്ന സ്ഥലത്താണു് റോയിട്ടർ ജനിച്ചതു്. അതു് 1889-ലായിരുന്നു. 'പ്രോട്ടസ്റ്റൻറ് വൈദികന്മാരുടെ ഒരു കുടുംബത്തിൽപെട്ടവളാണു് റോയിട്ടറുടെ മാതാവു്. ആലോചിച്ചുനോക്കൂ. അങ്ങനെയുള്ള ഒരു തറവാട്ടിൽ ഒരു സോഷ്യലിസ്റ്റുകാരൻ ഉണ്ടായിരി

ക്കുക എന്നുവച്ചാൽ മാതാപിതാക്കൾക്ക് അതെത്ര ഹൃദയഭേദകമായ ഒരു കാര്യമായിരിക്കും! അതങ്ങനെ നില്ക്കട്ടെ. ഒരുവർഷം കഴിഞ്ഞു് അദ്ദേഹം സോഷ്യൽ ഡെമോക്രാററിക് പാർട്ടിയിൽ ചേന്നു. ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. സോഷ്യലിസ്ററുകൾ കൈസരുടെ യുദ്ധത്തിനനുകൂലമായി വോട്ടുചെയ്തു. സാവ്ദേശീയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തോടു കാണിച്ച ഒരു വഞ്ചനയാണിതെന്നു് റോയിട്ടർ വിചാരിച്ചു. വ്യക്തിപരമായ ഒട്ടധികം ത്യാഗങ്ങളനുഷ്ഠിച്ചു് താൻ അംഗമായി ചേന്ന പാർട്ടിയിൽനിന്നു് അദ്ദേഹം ഇറങ്ങിപ്പോയി. കൈസരുടെ യുദ്ധകാലഗവമ്മെൻറിനെ എതിർത്തും, പരസ്യമായിത്തന്നെ വിധ്വംസകപ്രവർത്തനങ്ങളിലേപ്പെട്ടതുമായ ഒരു പുതിയ സഹനസമര സംഘത്തിൻെറ സഹസ്ഥാപകന്മാരിലൊരാൾ റോയിട്ടറായിത്തീന്നു. കൈസരുടെ പോലീസ് അദ്ദേഹത്തെ പിടികൂടി, നിർബന്ധിതമായി പട്ടാളത്തിൽ ചേർത്തു. ഫെൽഡ്ജാഗേർ എന്നനിലയിൽ അദ്ദേഹം അർഗോണിലേയ്ക്കും, പിന്നീടു് കിഴക്കേ പോളൻഡിലെ ഗലീഷ്യായിലേയ്ക്കും അദ്ദേഹം നിയോഗിക്കപ്പെട്ടു. ഗലീഷ്യായിൽവച്ചു് തുടയ്ക്കു വെടിയേററു് ഗുരുതരമായ പരുക്കു പററിയ റോയിട്ടർ തടവുകാരനായി പിടിക്കപ്പെട്ടു. റഷ്യൻ റെഡ്ക്രോസ്സും, സർവോപരി ശുദ്ധഹൃദയരായ റഷ്യൻ കർഷകരുടെ ഔദാര്യവുമാണു് തൻെറ ജീവനു രക്ഷനല്കിയതെന്നു് അദ്ദേഹം പറയാറുണ്ടു്. ഇപ്പോഴും അദ്ദേഹം മുടന്തിയാണു നടക്കുന്നതു്. ഒരു യുദ്ധത്തടവുകാരനെന്ന നിലയിൽ കല്ക്കരിഖനികളിൽ പണിയെടുക്കാൻ അദ്ദേഹം നിയുക്തനായി. റോയിട്ടർ റഷ്യൻ ഭാഷ പഠിക്കുകയും, തൻെറ ജമ്മൻ കൂട്ടുതടവുകാർക്കും

തടങ്കൽപാളയത്തിനു സമീപം താമസക്കാരായ റഷ്യൻ ജനാവലിക്കും ഇടയ്ക്കു് ഒരു അനൗദ്യോഗിക ദ്വിഭാഷി യെന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. വിപ്ലവത്തിനുശേഷം 1918-ൽ ലെനിൻ ചെറുപ്പക്കാരനായ ഒരു ജർമ്മൻ സോഷ്യലിസ്റ്റിനെപ്പററി കേൾക്കാനിടയായി. ഏതു കാര്യവും വെട്ടിത്തുറന്നു പറയുന്ന ശീലക്കാരനായ ആ യുവാവു് കല്ക്കരിഖനികളിലാണു് പണിയെടുക്കുന്നതെന്നു് റഷ്യൻ നേതാവു് അറിഞ്ഞു; അയാളെ മോസ്കോയിലേയ്ക്കു വിളിച്ചുവരുത്തി. അതു റോയിട്ടറായിരുന്നു. അതോടുകൂടി അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു"

ഡാക്റ്റർ ഹെർഷ്ഫീൽഡ് തടഞ്ഞുനിർത്തി; നിശ്ചലനായി നിന്നുകൊണ്ടു്, ഗൗരവപൂർവ്വം എന്നെ നോക്കി. അദ്ദേഹം തുടർന്നു: "ഇന്നു് പാശ്ചാത്യരാജ്യങ്ങളിലെ ഒട്ടധികമാളുകൾ തങ്ങളുടെ ഭൂതകാലജീവിതത്തിലെ ഇത്തരമൊരദ്ധ്യായം വിസ്മൃതകോടിയിൽ തള്ളിയെന്നുവരാം. പക്ഷേ, റോയിട്ടർ അതു ചെയ്തില്ല. ഇല്ല, സർ! ഇന്നും ലെനിനെപ്പററി ആദരവോടുകൂടിയാണു് അദ്ദേഹം പലപ്പോഴും സംസാരിക്കുന്നതു്. വോൾഗാ ജർമ്മൻ ഡിസ്ട്രിക്റ്റിലെ ആദ്യത്തെ ജനനായക (പീപ്പിൾസ് കമ്മിസ്സാർ) സ്ഥാനത്തു് ലെനിൻ അദ്ദേഹത്തെ നിയമിച്ചു. റോയിട്ടറുടെ തൊട്ടടുത്ത മേലധികാരി ഡ്ഷുഗാഷ്വിലി എന്നുപേരായ ഒരു വികൃതനായിരുന്നു. അയാൾ കോബോ എന്ന തന്റെ കള്ളപ്പേരുമാററി പിന്നീടു് സ്റ്റാലിൻ എന്ന നാമത്തിലാണറിയപ്പെടുന്നതു്. റോയിട്ടറും സ്റ്റാലിനും തമ്മിൽ ഇണങ്ങിപ്പോയില്ല. റോയിട്ടർ യാതൊരനുസരണയ്ക്കും വഴങ്ങാതെ മേലധികാരിയെ അങ്ങേയററം ധിക്കരിച്ചിരി

ക്കമെന്നാണു തോന്നുന്നതു്." ഡാക്ടർ ഹെഷ്ഫീൽഡ് പൊട്ടിച്ചിരിച്ചു.

വോൾഗാ ജർമ്മൻകാർക്കെന്തു സംഭവിച്ചെന്നു് ഞാൻ ആരാഞ്ഞു. ഡോക്ടർ ഹെർഷ്ഫീൽഡിന്റെ മറുപടി ഇപ്രകാരമായിരുന്നു. "റഷ്യൻ-ജർമ്മൻയുദ്ധത്തിന്റെ ആരംഭകാലത്തുതന്നെ സ്റ്റാലിൻ അവരിൽ മിക്കവരേയും ലിക്വിഡേററുചെയ്തു. എന്നാൽ നമ്മുടെ ഇപ്പോഴത്തെ സംസാരവിഷയമായ സംഭവകാലം കഴിഞ്ഞു് വളരെ പിന്നീടാണതെല്ലാം നടന്നതു്. അതവിടെ നില്ക്കട്ടെ. റോയിട്ടർ വോൾഗാ ജർമ്മൻകാരെ സംഘടിപ്പിച്ചശേഷം അദ്ദേഹം ബർലിനിലേയ്ക്കയയ്ക്കപ്പെട്ടു. ഇവിടത്തെ ജർമ്മൻ കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ക്ലാരാ സെട്കിനു് ലെനിന്റെ ഒരു കത്തുമായിട്ടാണദ്ദേഹം വന്നതു്. ആ കത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചു് റോയിട്ടർ ഇപ്പോഴും രസിക്കാറുണ്ടു്. പ്രത്യേകിച്ചും, "ഈ ചെറുപ്പക്കാരനായ റോയിട്ടറുടെ മനസ്സ് പ്രസന്നവും സ്വച്ഛവുമാണ്. പക്ഷേ, അല്പം അതിരുകവിഞ്ഞു സ്വാതന്ത്ര്യവുമാണതു്" എന്നു് ആ കത്തിൽ ലെനിൻ പറഞ്ഞിട്ടുള്ളതാണു്. അദ്ദേഹത്തിനു കൂടുതൽ ആസ്വാദ്യമായി തോന്നുന്നതു്. ജർമ്മനിയിൽ തിരിച്ചെത്തിയശേഷം റോയിട്ടർ ഫ്രീസ്ലൻഡ് എന്ന വ്യാജനാമം സ്വീകരിക്കുകയും, അപ്പർ സൈലീഷ്യായിലെ ഖനിതൊഴിലാളികളെ സംഘടിപ്പിക്കുകയും ചെയ്തു. 1919-ൽ അദ്ദേഹം അറസ്ററുചെയ്യപ്പെട്ടുകയും തുടന്നു് മൂന്നുമാസം ജയിലിൽ കഴിച്ചുകൂട്ടേണ്ടിവരികയും ചെയ്തു. അടുത്തവർഷം അദ്ദേഹം ബർലിനിലേയും ബ്രൻഡൻ ബർഗ്ഗിലേയും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനറൽ സിക്രട്ടറിയായി. എന്നാൽ റഷ്യൻ കമ്മ്യൂ

ണിസ്റ്റുകളുമായി അദ്ദേഹം ഇണങ്ങിക്കഴിഞ്ഞുവോ? ഇല്ല അദ്ദേഹം വീണ്ടും കുഴപ്പത്തിലായി. അദ്ദേഹത്തിൻെറ മുടിഞ്ഞ വിശ്വാസങ്ങൾ! ജർമ്മൻ കമ്മ്യൂണിസ്റ്റുകൾ മോസ്ക്കോയുടെ താളത്തിനൊപ്പിച്ചു തുള്ളേണ്ടിവരുമെന്ന് ധരിക്കാൻ ഏതാനും മാസക്കാലമേ അദ്ദേഹത്തിന വേണ്ടിവന്നുള്ളു. ജർമ്മനിയിലെ തൊഴിലാളികളെ ഒരു വിദേശീയ സർവാധിപത്യത്തിൻകീഴിൽ നിത്തുകയെന്ന ആശയവുമായി പൊരുത്തപ്പെടാൻ അദ്ദേഹത്തിന കഴിഞ്ഞില്ല. അദ്ദേഹം അതിനെ എതിക്കുകയും, കമ്മ്യൂണിസ്റ്റ് പാർട്ടിയെ അപലപിക്കുകയും ചെയ്തു. കോമിൻേറണിൻെറ അടിസ്ഥാനപരമായ അധാർമ്മികസിദ്ധാന്തമാണ് പാർട്ടിയുമായി താൻ ഭിന്നിച്ചതിന കാരണമെന്ന് പരസ്യമായും സ്പഷ്ടമായും അദ്ദേഹം പ്രഖ്യാപിച്ചു. ഒന്നിലധികം പ്രാവശ്യം അദ്ദേഹത്തെ കുഴപ്പത്തിലാക്കിയ ആ വാശിയും ദൃഢനിശ്ചയവും തത്വങ്ങളിൽ യാതൊരു സന്ധിയുമില്ലാത്ത മനോഭാവവും തന്നെയല്ലേ ഈ പ്രകൃതത്തിലും നിങ്ങൾ കാണുന്നതു്. അദ്ദേഹം വീണ്ടും സോഷ്യൽ ഡെമോക്രാററിക് പാർട്ടിയിൽ ചേരുകയും 'വോർവാർട്ട്സ്' എന്ന അതിൻെറ ഔദ്യോഗിക പത്രത്തിൻെറ അധിപരായിത്തീരുകയും ചെയ്തു. റോയിട്ടറുടെ മുൻ യജമാനനായിരുന്ന സ്റ്റാലിൻ പൂർവ്വവിരോധംവച്ചുകൊണ്ടു് പിന്നീടൊരിക്കലും അദ്ദേഹത്തിന മാപ്പുനൽകിയില്ലെന്നാണു് ഞാൻ ഊഹിക്കുന്നതു്. റോയിട്ടറെപ്പോലെയുള്ള ആളുകൾ സ്റ്റാലിൻെറ ഇഷ്ടാനിഷ്ടങ്ങളറിഞ്ഞു് അദ്ദേഹത്തിൻെറ ഇംഗിതാനുസരണം പെരുമാറാൻ കൂട്ടാക്കുന്നവരല്ല. കാരണം അവക്കു കൂടുതൽ വിവരമുണ്ടു്. ദാസ്യവൃത്തി സ്വീകരിക്കാൻ കഴിയാത്തവിധം അവർ കൂടു

തൽ സത്യസന്ധരുമാണ്. മുമ്പ് പ്രമാണികളായി രുന്ന നാസികളെ റഷ്യാക്കാർ സോവിയററ് മേഖല യിലെ ഉയന്ന സ്ഥാനങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഒരൊററ സോഷ്യലിസ്ററുകാരൻപോലും ഇക്കൂട്ടത്തിലില്ല സംഗ തിവശാൽ ഇവിടെ ഒരുകാൎയ്യം പറഞ്ഞുകൊള്ളട്ടെ. റോയിട്ടറെ പിൻതുടൎന്ന് ഇവിടെ കമ്മ്യൂണിസ്റ്റ് പാർ ട്ടിയുടെ ജനറൽ സിക്രട്ടറിയായതു് വിൽഹെംപീ ക്കാണ്. ആ മനുഷ്യൻ ഇപ്പോൾ കിഴക്കേജർമ്മൻ പാവഗവൺമെൻറിൻെറ പ്രസിഡൻറായിരിക്കുന്നു."

ഫോൺ വീണ്ടും കിലുങ്ങി. അതു കാൎയ്യമാക്കാതെ ഡാക്ടർ ഹെഷ്ഫീൽഡ് സംഭാഷണം തുടൎന്നു: "നാസി കളിൽനിന്നുകൂടി റോയിട്ടർ പല ശല്യങ്ങളും അനുഭവി ച്ചിട്ടുണ്ടു്. തല്ക്കാലം നിങ്ങളെനിക്കു മാപ്പുതരണം. മേയർ ഇന്നു രാത്രി മടങ്ങിയെത്തുകയാണെങ്കിൽ ഞാൻ അദ്ദേഹത്തോടു കാൎയ്യംപറയാൻ ശ്രമിക്കാം. കാൎയ്യം ഫലിച്ചാൽ ഫോണിൽ വിവരമറിയിക്കുകയും ചെയ്യാം."

അന്നു രാത്രി കുറെ ഇരുട്ടിയശേഷം ഡാക്ടർ ഹെർ ഷ്ഫീൽഡ് എന്നെ വിളിച്ചു. റോയിട്ടർ മടങ്ങിയെ ത്തിയിട്ടുണ്ടെന്നും, പിറേറന്നു രാവിലെ കൃത്യം ഒമ്പതു മണിക്കു് ലോർഡ് മേയറുടെ ആഫീസിലേയ്ക്കു ചെല്ലാൻ സൗകൎയ്യപ്പെടുമോ എന്നും അദ്ദേഹം എന്നോടു ചോദിച്ചു. അങ്ങനെയാവാമെന്നു ഞാൻ പറഞ്ഞു. പിറേറദിവസം അല്പം നേരത്തേതന്നെ ഞാൻ ഷോൺ ബർഗ്ഗ് സിററിഹാളിലെത്തി. ബർലിൻ വിഭജനത്തി നുശേഷം സ്ഥലസൗകൎയ്യമില്ലാത്ത ഒരു വളപ്പിൽ കുത്തി ച്ചെലുത്തി സ്ഥാപിക്കപ്പെട്ടിരുന്ന നിരവധി മുനിസി പ്പൽ ആഫീസുകൾക്കിടയിൽക്കൂടി അകത്തേയ്ക്കു് ഉന്തി ത്തള്ളിക്കയറിപ്പോകുന്നതിന് എനിക്കു ധാരാളം സമയം

കിട്ടി. വിഭജനകാലത്താണ് പശ്ചിമബർലിൻ ഗവൺമെൻറ് സിററികൗൺസിൽ കെട്ടിടത്തിൽ (അതിപ്പോൾ കിഴക്കേ ബർലിനിലാണ്) നിന്ന് ഷോൺബർഗ്ഗ് ഡിസ്ട്രിക്റ്റിലേയ്ക്കു മാറിയതെന്നുള്ളതും ഇവിടെ സ്മരണീയമാണ്. റോയിട്ടറുടെ ആഫീസിനു വെളിയിലുള്ള ഒരു മുൻമുറിയിൽ രണ്ടു യുവതികളിരുന്ന് ടൈപ്പുചെയ്യുന്നതും, ടെലിഫോൺവിളികൾക്കു മറുപടി പറയുന്നതും, മേയറെ കാണാൻ ചെല്ലുന്ന ആളുകളോട് അദ്ദേഹത്തിന് ഒട്ടധികം പരിപാടികളുണ്ടെന്നും അന്നേദിവസം രാവിലെ പതിനൊന്നു മണിക്ക് സിററി അസംബ്ലിയുടെ ഒരു യോഗമുണ്ടെന്നും അതിനാൽ കാണാൻ സൗകര്യപ്പെട്ടുകയില്ലെന്നും മററും വിശദീകരിക്കുന്നതുമായ രംഗമാണ് ഞാൻ കണ്ടതു്. ആ യുവതികളിൽ ഒരുവൾ എൻെറ കാർഡുവാങ്ങി അകത്തുകൊണ്ടുപോയി. അല്പം കഴിഞ്ഞപ്പോൾ ഡാക്ടർ ഹെർഷ്ഫീൽഡ് പുറത്തേയ്ക്കുവരികയും എന്നെ അകത്തേയ്ക്കു് ആനയിക്കുകയും ചെയ്തു. റോയിട്ടർ തൻെറ മുറിയുടെ വാതലിനരികിൽ നില്ക്കുകയായിരുന്നു. ഞങ്ങൾ പരസ്പരം ഹസ്തദാനംചെയ്തു. ഒത്ത ശരീരവും നല്ല അംഗദാർഢ്യവുമുള്ള ഒരു പ്രൗഢഗംഭീരനാണദ്ദേഹം. അദ്ദേഹത്തിൻെറ നീണ്ട മുഖത്തിന്റെ ഭാവവിശേഷങ്ങൾക്ക് മദ്ധ്യകാലത്തെ ഒരു മരശില്പത്തിൻെറ പരുപരുപ്പുണ്ടു്. അതൊരു മിനുസമുള്ള മുഖമല്ലെങ്കിലും, മനോവികാരങ്ങൾ മറയ്ക്കുന്നതിന് അതു വളരെയൊന്നും പര്യാപ്തമല്ല. അദ്ദേഹത്തിൻെറ കണ്ണുകളിൽ സാധാരണയായി ഒരു സ്നേഹഭാവമാണ് തുളുമ്പുന്നതു്. വിനോദകരമായ ഫലിതങ്ങളെന്നു തീർത്തുപറയാൻ പാടില്ലാത്ത തമാശകൾ തട്ടിമൂളിക്കുന്നതിനുവേണ്ടി ആളുകൾ തങ്ങളുടെ

അധികസമയവും വിനിയോഗിക്കുന്ന ഒരു സിററിയിലെ മേയറെ സംബന്ധിച്ചിടത്തോളം അനുപേക്ഷണീയമായ ഒരു നർമ്മബോധം അദ്ദേഹത്തിനുണ്ടെന്നു് അതു സൂചിപ്പിക്കുന്നു. തലയിൽ പിടിച്ചുകിടക്കുന്ന ഒരു തൊപ്പിധരിച്ചാണു് അദ്ദേഹം പൊതുരംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്. (ഹാററിനെക്കാൾ തൊപ്പിക്കു് അസഹ്യത കുറയുമെന്നതാണിതിനു കാരണം) എന്നിട്ടും അദ്ദേഹത്തിൻെറ നരച്ച തലമുടി നെററിത്തടത്തിൽ വീണുകിടക്കുന്നതുകാണാം. ശരീരത്തിനിണങ്ങാത്ത ഒരു നീല സൂട്ടാണു് ഈ അവസരത്തിൽ അദ്ദേഹം ധരിച്ചിരുന്നതു്. തൻെറ ഈ വേഷത്തെപ്പററി മററുള്ളവർ എന്തുവിചാരിച്ചാലും തനിക്കൊന്നും വരാനില്ലെന്നാണു് അദ്ദേഹത്തിൻെറ ഭാവം. അദ്ദേഹത്തിൻെറ ആഫീസ് വിശാലവും, ഉന്മേഷകരവുമായിരുന്നു. ആ മുറിയുടെ ഭിത്തികൾ സ്ഫടികാലംകൃതവും, തറ പരവതാനിവിരിച്ചു വെടിപ്പാക്കിയതുമായിരുന്നു. ഓക്ക്മരത്തടിയിൽ പണിചെയ്തിരുന്ന ഒരു മേശമേലും ജനാലപ്പടികളിലും പുഷ്പങ്ങൾ നിരത്തിവച്ചിരുന്നു. തുറന്നിട്ടിരുന്ന വാതായനങ്ങളിലൂടെ സൂര്യപ്രകാശം നിർബാധം മുറിക്കുള്ളിൽ പ്രസരിച്ചുകൊണ്ടിരുന്നു. വെളിയിലേയ്ക്കു നോക്കിയാൽ ഷോൺബർഗ്ഗിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളും മരങ്ങളും കാണാം. ബർലിനിൽ കെട്ടുതിയുടെ ലക്ഷണങ്ങളില്ലാതെ ഞാൻ കണ്ടിട്ടുള്ള ചുരുക്കം ചില മുറികളിൽ ഒന്നായിരുന്നു അതു്.

റോയിട്ടർ തൻെറ ഡെസ്കിലേയ്ക്കു് കടക്കണ്ണുകൊണ്ടൊന്നു നോക്കി. മനംമടുപ്പിക്കുന്ന വിധത്തിൽ ഒട്ടധികം കടലാസുകൾ അതിന്മേൽ നിറഞ്ഞുകിടക്കുകയായിരുന്നു. ഒരു സൗമ്യഭാവത്തിൽ അദ്ദേഹം എന്നെ

നോക്കി പുഞ്ചിരിതൂകുകയും, ഡാക്ടർ ഹെർഷ്ഫീൽഡിനോടും എന്നോടും ഇരിക്കാൻ പറയുകയും ചെയ്തു. വാതലിനു സമീപം കിടന്ന മേശയ്ക്കരികിലാണ് അദ്ദേഹം ഞങ്ങളോടൊപ്പം ഉപവിഷ്ടനായതു്. അനന്തരം റോയിട്ടർ ഇംഗ്ലീഷ് ഭാഷയിൽ ഇങ്ങനെ സംഭാഷണം ആരംഭിച്ചു: "ജോലിചെയ്യേണ്ട മേശയ്ക്കരികിൽ നിന്നു് അല്പസമയം ഒന്നു മാറാൻ എന്തെങ്കിലും ഒരു കാരണമുണ്ടാകുന്നതിൽ ഞാൻ എപ്പോഴും സന്തുഷ്ടനാണു്. അതിരിക്കട്ടെ. നിങ്ങൾക്കുവേണ്ടി എനിക്കെന്തു ചെയ്യാൻ കഴിയും?"

ബർലിനിലെ ലോർഡ് മേയർ തന്റെ ആഫീസിൽ ജോലിചെയ്യുന്ന രംഗം വീക്ഷിക്കുകയാണു് എന്റെ സന്ദർശനോദ്ദേശമെന്നു് ഞാൻ അദ്ദേഹത്തെ അറിയിച്ചു. ഇതുകേട്ടു് റോയിട്ടർ തന്റെ ഉള്ളംകൈകൾ പരസ്പരം തിരുമ്മി. എന്റെ അഭ്യർത്ഥനയേയും എന്നേയും അദ്ദേഹം കൈകഴുകിക്കളെയുകയാണോ എന്നാണു് ഈ കരലനം കണ്ടപ്പോൾ എനിക്കു തോന്നിയതു്. അദ്ദേഹം ചിരിച്ചു: "നിങ്ങൾ ഉദ്യോഗസ്ഥപ്രഭുത്വത്തിന്റെ രീതികൾ കണ്ടുപഠിക്കാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിയാണെന്നു തോന്നുന്നല്ലോ." എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം തുടന്നു: "ഞാനതിൽ അത്ഭുതപ്പെടുന്നില്ല. രസകരമായ ഒരു വിഷയംതന്നെയാണതു്. എന്റെ അറുപത്തിയൊന്നു വയസ്സിനകം നാലുതരം ഉദ്യോഗസ്ഥപ്രഭുത്വം ഞാൻ കണ്ടിട്ടുണ്ടു്—റഷ്യൻ, ജർമ്മൻ, അമേരിക്കൻ, ടർക്കിഷ്."

"ടർക്കിഷോ? ഏതാണ്ടു് ആശ്ചര്യത്തോടുകൂടി ഞാൻ ചോദിച്ചു. എന്റെ അറിവിന്റെ പോരായ്മ പരിഹരിക്കാൻ ഡാക്ടർ ഹെർഷ്ഫീൽഡ് ഭാവിച്ച

പ്പോൾ, അതിനനുവദിക്കാതെ റോയിട്ടർ തന്നെ കാര്യം വിശദീകരിച്ചു. "അതേ; ടക്കിയിൽ ഞാൻ വളരെക്കാലം കഴിച്ചുകൂട്ടിയിട്ടുണ്ടു്. എന്നാൽ ഒരുകാര്യം പറയട്ടെ; ഇക്കൂട്ടത്തിലെല്ലാംവച്ചു് ഏററവും വഷളായതാണു് റഷ്യൻ ഉദ്യോഗസ്ഥമേധാവിത്വം. സ്ഥിതിവിവരക്കണക്കുകളുടെ ഭയാനകമായ ഒരു കളിയിൽ അവക്കു് മനുഷ്യജീവികൾ കേവലം അക്കങ്ങളാണു്; ഉൽപാദനയന്ത്രങ്ങളുടെ അനുബന്ധങ്ങൾ മാത്രമാണു്. അത്രയ്ക്കു നിസ്സാരമായിട്ടാണു് മനുഷ്യജീവികളെ അവർ കണക്കാക്കുന്നതു്. അല്പന്മാരായ ജർമ്മൻ ഉദ്യോഗസ്ഥദുഷ്പ്രഭുക്കളേയും എനിക്കറിയാം. എന്റെ ആയുസ്സിൽ ഏറിയഭാഗവും അവരുടെ ഇടയ്ക്കാണു് ഞാൻ കഴിച്ചുകൂട്ടിയതു്. തുക്കികളെ സംബന്ധിച്ചും കുറെയൊക്കെ മനസ്സിലാക്കാൻ എനിക്കു സാധിച്ചിട്ടുണ്ടു്. അവരുടെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൻെറ പ്രവത്തനരീതികളെക്കുറിച്ചെങ്കിലും എനിക്കു സാമാന്യം നന്നായി അറിയാമെന്നാണെൻെറ വിശ്വാസം. എന്നാൽ അമേരിക്കൻ ഉദ്യോഗസ്ഥ പ്രഭുത്വമാകട്ടെ, ദുർഗ്രഹമായിട്ടാണെനിക്കു തോന്നിയിട്ടുള്ളതു്. കഴിഞ്ഞ വഷം ഞാൻ അമേരിക്ക സന്ദശിക്കുകയുണ്ടായി; മേയർ ഒഡയറുമായി സംസാരിച്ചിട്ടും ഇക്കാര്യത്തെക്കുറിച്ചു് എനിക്കൊരു രൂപവും കിട്ടിയില്ല." അദ്ദേഹം പുറകോട്ടു ചാഞ്ഞിരുന്നുകൊണ്ടു് മന്ദഗതിയിലെങ്കിലും ദൃഢസ്വരത്തിൽ സംസാരിച്ചുതുടങ്ങി. പ്രകൃതകാര്യത്തെക്കുറിച്ചു് ഒരു നിർവചനം കിട്ടാൻ അദ്ദേഹം ശ്രമിക്കുകയാണെന്നു് അതുകണ്ടപ്പോൾ എനിക്കു തോന്നി. "ഭരണത്തിൻെറ വിവിധതലങ്ങളിൽ വിവിധരീതിയിലുള്ള ഒട്ടധികം ഏജൻസികൾ ഉണ്ടായിരിക്കുകയും, അവ

ഓരോന്നും, ഒരേ ജോലിതന്നെ ഒരേ സമയത്തു ചെയ്യുകയും, എന്നാൽ പരസ്പരം ഭയങ്കരമായി അവഗണിക്കുകയും ചെയ്യുന്ന ഒരേർപ്പാടാണ് ആ നാട്ടിലെ ബ്യൂറോക്രസിയുടെ പ്രധാന ഉദ്ദേശമെന്നെനിക്കു തോന്നി. ശരിയല്ലേ, ഹെർഷ്ഫീൽഡ്?"

യുദ്ധകാലത്തു് ഓ. എസ്സ്. എസ്സിന്റെ ചുമതലകൾക്കായി താൻ കൂടെക്കൂടെ വാഷിംങ്ടൺ സന്ദർശിച്ചിട്ടുള്ളപ്പോൾ തന്റെ അനുഭവം ഇതുതന്നെയായിരുന്നു എന്നു് ഡാക്കർ ഹെർഷ്ഫീൽഡ് പറഞ്ഞു. "ഓരോരുത്തരും മററാളുകൾക്കുവേണ്ടി ഒട്ടധികം വിശേഷാൽ ജോലികൾ സദാ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതായിട്ടാണു് ഞാൻ കണ്ടിട്ടുള്ളതു്." അദ്ദേഹം വിശദീകരിച്ചു.

റോയിട്ടർ—ഇവിടെ വിശേഷാൽ ജോലിക്കു സാവകാശം കിട്ടിയെങ്കിൽ എന്നു ഞാൻ ആശിക്കുകയാണു്. ഇക്കാര്യം എത്രയും വേഗം ചെയ്തുതീർക്കാൻ നാം ശ്രമിക്കണം. (എൻറനേക്കു തിരിഞ്ഞിട്ടു്) ഇന്നു രാവിലെ നടക്കുന്ന നഗരസഭായോഗത്തിലേയ്ക്കു് നിങ്ങളെക്കൂടി കൊണ്ടുപോയാൽ കൊള്ളാമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. എന്നാൽ ഇവിടത്തെ പ്രശസ്തരായ നഗരപിതാക്കൾ അതുസംബന്ധിച്ചു് ഒരു വിപ്ലവത്തിനു വട്ടംകൂട്ടും. ഈ ഉദ്യോഗത്തിനുള്ള കുഴപ്പം, ഏററവും നിസ്സാരമായ ഒരു പ്രവൃത്തിപോലും സാർവദേശീയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാനിടയുണ്ടെന്നുള്ളതാണു്. എൻറ കഴുത്തുസൂക്ഷിക്കാൻ രണ്ടു ജനറൽമാരില്ലാതെ അക്കാണുന്ന പുഷ്പങ്ങൾപോലും ഒരു പതിഞ്ഞു് അകലേയ്ക്കുമാററാൻ എനിക്കു നിർവാഹമില്ല.

ഈ അഭിപ്രായംകേട്ടു പരിഭ്രാന്തനായ ഡാക്കർ ഹെർഷ്ഫീൽഡ് ചെറുതായൊന്നു കനച്ചു് കണ്ഠം

തെളിച്ചു. റോയിട്ടർ വീണ്ടും ചിരിച്ചു. "ഹെർഷ് ഫീൽഡ്! അതൊക്കെ ശരി," അദ്ദേഹം തുടന്നു: "ജനറൽമാരെ സംബന്ധിച്ചിടത്തോളം മുമ്പിലത്തെക്കാൾ കൂടുതൽ നന്നായിട്ടാണ് ഞാനിപ്പോൾ പെരുമാറുന്നതു്. ക്ലേ ഇവിടെ വന്നപ്പോൾ എന്നിലുണ്ടായ ആദ്യത്തെ പ്രതികരണം പഴയകാലത്തെ ഒരു തനി സോഷ്യലിസ്റ്റിൻ്റേതായിരുന്നു—'ഇതാ മറെറാരു ശപിക്കപ്പെട്ട ജനറൽ' എന്നാണ് എൻെറ മനസ്സിലുദിച്ച അഭിപ്രായം. എന്നാൽ അദ്ദേഹം ഇവിടം വിട്ടതോടുകൂടി എൻ്റെ അഭിപ്രായം മാറി. അദ്ദേഹം പോയല്ലോ എന്നു് ഞാൻ വ്യസനിക്കുകയാണു ചെയ്തതു്. അദ്ദേഹത്തോട് നാം അതുവളരെ കടപ്പെട്ടിരിക്കുകയാണു്. അതിരിക്കട്ടെ; ഹെർഷ്ഫീൽഡ്, നിങ്ങൾ എന്തുദ്ദേശിച്ചാണു് രാവിലെ ഇങ്ങോട്ടിറങ്ങിയതു്."

ഡാക്ടർ ഹെർഷ്ഫീൽഡ് ഒരു മെമ്മോറാണ്ടത്തിൽ കണ്ണോടിച്ചു. രണ്ടു ബ്രിട്ടീഷ് ലേഖകന്മാർ ബർലിനിൽ വന്നിട്ടുണ്ടെന്നും, അവർക്കു് അടുത്തദിവസം റോയിട്ടറെ സന്ദർശിച്ചാൽ കൊള്ളാമെന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. റോയിട്ടർ തലയാട്ടിക്കൊണ്ടു പറഞ്ഞു: "എനിക്കു സമയമില്ലെന്നുമാത്രം. (എന്നോടായി) കാരണം, ഇന്നുച്ചതിരിഞ്ഞു് ഒരേസമയത്തു് മൂന്നു സ്ഥലങ്ങളിൽ ഞാൻ ചെല്ലേണ്ടിയിരിക്കുന്നു. എൻെറ അസിസ്റ്റൻറുമാരിൽ ഒരാളായ വാൺബ്രൂഷിനോടു് ഇക്കാര്യം ഒന്നു ശരിപ്പെടുത്തിത്തരണമെന്നു ഞാൻ പറഞ്ഞു. ഇക്കാലത്തു് എൻെറ സമയത്തിൽ ഒട്ടുമിക്കവാറുംവിനിയോഗിക്കപ്പെടുന്നതു്. ഞാൻ എവിടെയൊക്കെ പോകണ്ടോ എന്നും എന്തൊക്കെ ചെയ്യണ്ടോ എന്നും തീരുമാനിക്കാനാണു്. പത്രക്കാർ ഭയങ്കര ശല്യമായി

ത്തീരാനിടയുണ്ടു്. അതെനിക്കറിയാം. ഞാനും ഒരു പത്രപ്രവൎത്തകനായിരുന്നു." അദ്ദേഹം പുറകോട്ടുച രിഞ്ഞു. "ജൎമ്മനിയിലെ സോഷ്യൽ ഡെമോക്രാററിക് പത്രങ്ങൾക്കു് ഞാൻ ലേഖനങ്ങൾ എഴുതിയിട്ടുണ്ടു്. 1940-ാമാണ്ടിടയ്ക്കു് ടൎക്കിയിലെ പത്രങ്ങൾക്കും ലേഖനങ്ങൾ എഴുതിയവനാണു് ഞാൻ. എനിക്കു് ഇരുപത്തിയാറുവയസ്സു പ്രായമായിരുന്നപ്പോൾ റഷ്യൻ ഭാഷ പഠിക്കാൻ എളുപ്പമായിരുന്നു. എന്നാൽ നാല്പത്തിയാറാം വയസ്സിൽ തുൎക്കി ഭാഷ പഠിക്കുകയെന്നതു് നരകമായിട്ടാണനുഭവപ്പെട്ടതു്. എനിക്കറിയാവുന്നയാതൊരു ഭാഷയോടും ടൎക്കിഭാഷയ്ക്കു ബന്ധമില്ല. തുൎക്കികൾ സമൎത്ഥന്മാരാണു്. അവർ എന്നോടു ദയാപൂൎവ്വമായിട്ടാണു പെരുമാറിയിട്ടുള്ളതു്. പക്ഷേ, ഞാനന്നൊരു ബഹിഷ്കൃതനായിരുന്നു. അതേ, അതുതന്നെ. ബഹിഷ്കരണം ഒരിക്കലും മധുരമല്ല. പക്ഷേ, പലരേയുംകാൾ ഞാൻ ഭാഗ്യവാനായിരുന്നു."

റോയിട്ടർ ഇടയ്ക്കല്പനേരം സംഭാഷണം നിൎത്തി. അദ്ദേഹം നാസികളുമായി അലോഹ്യത്തിലായശേഷം 1935-ൽ ടൎക്കിയിലേയ്ക്കുപോയെന്നും അവിടെ രണ്ടുവൎഷക്കാലം താമസിച്ചെന്നും മററുമുള്ള വിവരങ്ങൾ വിശദീകരിക്കാൻ ഡാക്കർ ഹെർഷ്ഫീൽഡ് ഈ അവസരം വിനിയോഗിക്കുകയുണ്ടായി.

ഒടുവിൽ റോയിട്ടർ ജൎമ്മൻഭാഷയിൽ ഇങ്ങനെ തുടൎന്നു: "ജാ, ജാ. അവർ ഒരിക്കലും എന്നെ ഇഷ്ടപ്പെട്ടിരുന്നില്ല. 1933-ൽ ഞാൻ മാഗ്ഡിബൎഗ്ഗ് സിററിയിലെ സോഷ്യലിസ്റ്റ് മേയറായിരുന്നപ്പോൾ റീഷ്സ്റ്റാഗിലേയ്ക്കു് സോഷ്യൽ ഡെമോക്രാററ് സ്ഥാനാൎത്ഥിയായി. ആറായിരം വോട്ടിൻെറ ഭൂരിപക്ഷത്തോടുകൂടി

ഞാൻ തിരഞ്ഞെടുക്കപ്പെട്ടതു് നാസികളെ കോപിപ്പിച്ചു. അതിനാൽ അവർ എന്നെ ലിച്ച്റെൻബഗ്ഗ് തടങ്കൽ പാളയത്തിലേയ്ക്കു കൊണ്ടുപോയി." യാതൊരു വികാരാവേശവും കൂടാതെ, ജനാലയിലൂടെ സൂര്യപ്രകാശത്തിലേയ്ക്കു് തുറിച്ചുനോക്കിക്കൊണ്ടാണു് അദ്ദേഹം സംസാരിച്ചതു്. "എന്നാൽ ഭാഗ്യവശാൽ ലണ്ടൻ സിററികൗൺസിലിൽ എനിക്കു സുഹൃത്തുക്കളുണ്ടായിരുന്നു. അവർ എൻെറ കാര്യത്തിൽ ഇടപെട്ടു. ആറു മാസം കഴിഞ്ഞു് ഞാൻ വിമുക്തനായി. തടങ്കൽപാളയത്തിലെ 'ക്യാമ്പു് കമാൻഡർ' എന്നോടു പറഞ്ഞതു്, വീണ്ടും ഒരിക്കൽക്കൂടി എന്നെ കയ്യിൽകിട്ടിയാൽ എന്റെ കഥകഴിച്ചുകളയുമെന്നായിരുന്നു. മാഗ്ഡിബഗ്ഗിലെ വീട്ടിൽ ഞാൻ മടങ്ങിയെത്തിയപ്പോൾ എല്ലാവരും എന്നെ കാണാനായിവന്നു. ചില കൃഷിക്കാർ സമ്മാനങ്ങളുമായിട്ടാണു വന്നതു്. രണ്ടുമാസം അങ്ങനെ കഴിഞ്ഞപ്പോൾ, ഗെസ്റ്റാപോ എന്നെ വീണ്ടും തടങ്കൽപാളയത്തിലേയ്ക്കു കൊണ്ടുപോയി. ഭാഗ്യവശാൽ, അന്നവിടെ മറെറാരു കമാൻഡറായിരുന്നു. ആ പ്രാവശ്യം ഞാൻ രക്ഷപ്പെട്ടതു് എൻെറ ഭാര്യ ഹന്നാ എനിക്കു വേണ്ടി സാഹസികശ്രമം നടത്തുകയും, ഇംഗ്ലണ്ടിലെ ജീവകാരുണ്യസഭക്കാരായ ഞങ്ങളുടെ ചില സുഹൃത്തുക്കളോടു് അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ടുമാത്രമാണു്. രാഷ്ട്രീയകാരണങ്ങളാൽ നാസികൾ തങ്ങളെപ്പററി ഇംഗ്ലണ്ടിൽ നല്ല അഭിപ്രായമുണ്ടാക്കാൻ ശ്രമിക്കുകയായിരുന്നു. ഹിംലർ എൻെറ വിമോചനത്തിനെതിരായിരുന്നു. ഒടുവിൽ എങ്ങനെയൊക്കെയോ ഞാൻ വിമുക്തനാവുകതന്നെ ചെയ്തു. ഏതായാലും എനിക്കു തീരെ സുഖമില്ലാതായി. ഹന്നായും ഞാനും ഹനോവറിലേയ്ക്കു

താമസംമാററി. ഏതാനും മാസംകഴിഞ്ഞു് നാസികൾ എന്നെ വീണ്ടും പിടികൂടുമെന്നു മുന്നറിവുകിട്ടി. ഇപ്രാവശ്യം എൻെറ അവസാനമായിരിക്കുമെന്നു് എനിക്കു് ഏതാണ്ടു തീർച്ചയായിക്കഴിഞ്ഞിരുന്നു. 1935 ജനവരിയിൽ ഹന്നായും ഞാനുംകൂടി ഡച്ചു് അതിർത്തികടക്കുകയും, ഇംഗ്ലണ്ടിലേയ്ക്കു യാത്രയാവുകയും ചെയ്തു. ഞങ്ങൾ നാടുവിട്ടു് രണ്ടുദിവസം കഴിഞ്ഞു് ഗസ്റ്റാപ്പോ, ഹനോവറിലുള്ള ഞങ്ങളുടെ സ്ഥലത്തുചെന്നന്വേഷിച്ചതായി അറിയാം. കുറേക്കാലം ഞങ്ങൾ ലണ്ടനിൽ താമസിച്ചു. അപ്പോഴേയ്ക്കും ടർക്കിഷ് ഗവർമ്മെൻറ് എനിക്കൊരു ഉദ്യോഗംതന്നു. അങ്കാറായിലെ ദേശീയസാമ്പത്തികവാണിജ്യവകുപ്പിൻെറ ഉപദേഷ്ടാവായിരിക്കാനാണു് അവർ എന്നെ ക്ഷണിച്ചതു്. യാത്രയ്ക്കുള്ള പണം കടംവാങ്ങിക്കൊണ്ടു് ഞാൻ അങ്ങോട്ടുപോയി. പിന്നീടും ഹന്നായും എൻെറകൂടെ താമസമായി."

ഡാക്ടർ റൈർഷ്ഫീൽഡ്—ടർക്കിയിൽ അങ്ങയുടെ സേവനം വളരെ മെച്ചപ്പെട്ടതായിരുന്നല്ലോ.

റോയിട്ടർ പത്രക്കെ എണീററു. അദ്ദേഹം ചെറിയ ഒരു മുടന്തലോടുകൂടി ജനാലയിലേയ്ക്കു നടന്നുചെന്നു. അല്പനേരം പുറത്തേയ്ക്കു നോക്കിനിന്നശേഷം വീണ്ടും വന്നു് സ്വസ്ഥാനത്തിരുന്നു. "ജാ!" അദ്ദേഹം തുടർന്നു: "മെച്ചപ്പെട്ട സേവനം: അങ്കാറായിലെ സിവിൽ സർവീസ് ഇൻസ്റ്റിററ്യൂട്ട് പ്രൊഫസർ, ടർക്കിഷ് സ്റ്റേററ് കപ്പൽ വ്യവസായവകുപ്പിൻെറ ഉപദേഷ്ടാവു്, സ്വയംഭരണം സിററിപ്ലാനിങ് ധനകാര്യം മുതലായ വിഷയങ്ങളെക്കുറിച്ചു് ടർക്കിഷ് പാഠ്യപുസ്തകങ്ങളുടെ എഡിററർ. എന്നാൽ ഈ അവസരങ്ങളിലെല്ലാം ജർമ്മനിയുടേയും എനിക്കു പ്രിയതരമായ സകലതിൻേറയും തക-

ച്ചയെ ഞാൻ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതെനിക്കു ഹൃദയഭേദകമായിരുന്നു. 1945-ൽ ഞാൻ വീണ്ടും ജർമ്മനിയിലേയ്ക്കു മടങ്ങാൻശ്രമിച്ചു. എന്നാൽ അതിനുള്ള സന്ദർഭം എനിക്കു കാത്തിരിക്കേണ്ടിവന്നു സഖ്യകക്ഷികൾ സംശയദൃഷ്ടിയോടുകൂടിയാണു് ബഹിഷ്കൃതരെ കാണുന്നതു്. ബഹിഷ്കൃതരായ ഞങ്ങൾക്കു് അവരോടു് നീരസമാണെന്നാണു് അവരുടെ വിചാരം." അദ്ദേഹം കൈകൾ പൊക്കി, ഉള്ളംകൈ വെളിക്കു കാട്ടി. "ഞാൻ വന്നതു പകവീട്ടാനൊന്നുമല്ല. പ്രയത്നിക്കുവാനും, സഹായിക്കുവാനും, പുനരുദ്ധരിക്കുവാനും വേണ്ടിയാണു് ഞാൻ വന്നതു്. ഒടുവിൽ 1946 അവസാനം ഞാൻ വന്നുചേർന്നു."

"ബർലിനിലെ ലോർഡ് മേയറെന്നനിലയിൽ മൂന്നാമത്തെ ജീവിതാദ്ധ്യായം ആരംഭിച്ചു," ഡാക്ടർ ഹെർഷ്ഫീൽഡ് ഓർമ്മപ്പെടുത്തി.

"പശ്ചിമബർലിൻ, ഹെർഷ്ഫീൽഡ്, ബർലിനല്ല," റോയിട്ടർ പറഞ്ഞു. "ബർലിൻെറ രണ്ടുഭാഗങ്ങളും പ്രത്യേകം പ്രത്യേകം ലോകങ്ങളായിത്തീർന്നിരിക്കുന്നു. നാം വ്യത്യസ്തമായ ഗ്രഹങ്ങളിൽ വേർപെട്ടു താമസിക്കുന്നതുപോലെയുള്ള ഒരു കാര്യമാണിതു്. സോവിയററധികാരികൾ അവരുടെ മേഖലയിൽ നടപ്പാക്കിയ കറൻസിയെപ്പററിത്തന്നെ ഒന്നോർമ്മിക്കൂ. ഇവിടെയുള്ളവരാരും അതു കൈകൊണ്ടു തൊടാൻപോലും ആഗ്രഹിച്ചില്ല. പേപ്പററൻമാക്ക് (വാൾപേപ്പർമാർക്ക്സ്—വർണ്ണക്കടലാസ് മാർക്സ് നോട്ടുകൾ) എന്നാണു് ഇവിടെയുള്ളവർ അതിനെ വിളിച്ചതു്. ജാ, ജാ. ഇക്കാലത്തു് പാശ്ചാത്യസഖ്യകക്ഷികളും, സോവിയററുകളും തമ്മിൽ ശരിക്കു നടക്കുന്ന

ഏകസമ്പർക്കം സഖ്യഹൈകമാൻഡ് ഹെഡ്കചാർട്ടേഴ്സിലെ സന്ദേശവാഹകന്മാരായ കുട്ടികഠം തമ്മിലാണു്. അവർ അന്യോന്യം സംസാരിക്കുകയെങ്കിലും ചെയ്യുന്നുണ്ടു്. ഞങ്ങളുടെ രണ്ടു നഗരസഭകളുടെ നിലയും അതുതന്നെയാണു്. വാർത്താവിനിമയ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകഠം തമ്മിൽ ചില ഇടപാടുകഠം നടക്കുന്നുണ്ടെന്നല്ലാതെ ഉയൎന്നതലങ്ങളിൽ യാതൊരു സമ്പക്കവുമില്ല. ഏതായാലും, ബസ്സുകളും സ്ട്രീററ് കാറുകളും ഇന്നും സിററിയുടെ ഇരുഭാഗങ്ങളിലൂടെയും കടന്നുപോകുന്നുണ്ടു്."

"അതേ, ഇന്നും," ഡാക്കർ ഹെർഷ്ഫീൽഡ് വ്യാകുലസ്വരത്തിൽ ഒത്തുമൂളി.

റോയിട്ടർ തുടൎന്നു: "1945–നു മുമ്പു് ബർലിനിലെ ലോർഡ്മേയർമാൎക്കുണ്ടായിരുന്ന അധികാരത്തിന്റെ മുപ്പതുശതമാനം മാത്രമേ എനിക്കുള്ളു. ഒരുഭാഗത്തു് പാശ്ചാത്യസഖ്യകക്ഷികഠം എന്റെ ഓരോ അടിവയ്പും പുറകിൽനിന്നു സൂക്ഷിക്കുന്നു. പക്ഷേ, ഞാൻ പറയുന്നതു വിശ്വസിക്കൂ. അവരിവിടെ ഉണ്ടായിരിക്കുന്നതു് എനിക്കു സന്തോഷകരമാണു്. മറുഭാഗത്തു് ബോണിൽ ആസ്ഥാനമുറപ്പിച്ചിരിക്കുന്ന ഞങ്ങളുടെ ഫെഡറൽ ഗവമ്മെൻറാണു്. സാമ്പത്തികമായി ഞങ്ങഠം ബോണിനെ ആശ്രയിച്ചു കഴിയുകയാണു്. ഞങ്ങളുടെ പ്രതിമാസച്ചെലവിൽ പകുതിയും അവർ വഹിക്കുന്നു. ഈ തുക ഇപ്പോഠം പത്തുകോടി മാർക്കു് (രണ്ടരക്കോടി ഡാളർ) കവിയുന്നു. ഇതിന്റെ ഫലമായി ഞാനെന്റെ പകുതി സമയം സ്വന്തം വിദേശകാര്യസിക്രട്ടറിയായി സ്വയം പ്രവൎത്തിക്കാനും, പകുതി സമയം സിററിയുടെ ഭരണനടത്തിപ്പിനു പണമുണ്ടാക്കാനും വേണ്ടിയാണു്

ചെലവിടുന്നതു്. അധിനിവേശത്തിനു പണം കൊടു ക്കേണ്ടിയില്ലായിരുന്നെങ്കിൽ, ഞങ്ങളുടെനികുതികളിൽ നിന്നുള്ള വരുമാനംകൊണ്ടുതന്നെ ബഡ്ജറ്റ് സമീകരി ക്കാൻ ഞങ്ങൾക്കു കഴിയും. ഞങ്ങൾ എന്തിനെല്ലാം പണം കൊടുക്കണമെന്നോ! ഹെസ്സിയിൽ ആരെങ്കിലും ഒരു പുതിയ വിമാനത്താവളം നിർമ്മിക്കുകയാണെന്നി രിക്കട്ടെ; അതിനു സംഭാവനചെയ്യാൻ ബർലിനോട് ആവശ്യപ്പെടുന്നു. സാമൂഹ്യക്ഷേമ പരിപാടികൾ ഞങ്ങൾക്ക് ഒട്ടേറെയുണ്ട്. തൊഴിലില്ലാത്തവരായി 2,70,000 ആളുകൾ ഈ പശ്ചിമബർലിനിലുണ്ട്. അവരെ സംരക്ഷിക്കേണ്ടതാവശ്യമാണു്. ഓരോ മാസവും അവർക്കുവേണ്ടി രണ്ടുകോടി മാർക്ക്സ് ഞങ്ങൾ ചെലവിടുന്നുണ്ട്. എന്നാൽ യുവജനങ്ങളെക്കുറിച്ചാണു് എനിക്ക് ഏററവും ഉൽക്കണ്ഠയുള്ളതു്. എൻെറ സമ പ്രായക്കാരായ സുഹൃത്തുക്കളിൽ ഒട്ടധികംപേർ നല്ല പണിക്കാരും പരിശ്രമശീലരും കരകൗശലവിദഗ്ദ്ധന്മാ രുമാണു്. എന്നാൽ, അവരുടെ കുട്ടികൾ പണിക്കാരാ കാൻ ആഗ്രഹിക്കുന്നില്ല. ബർലിനിൽ ഇന്നു് കൈത്തൊ ഴിലുകൾക്കുള്ള സാദ്ധ്യത വളരെ കുറവാണു്: സ്കൂളിൽ കഴിഞ്ഞുകൂടാനും പിന്നീടു സർവകലാശാലാവിദ്യാഭ്യാ സത്തിനു പോകാനുമാണു് കുട്ടികൾ കൂടുതൽ ഇഷ്ടപ്പെ ടുന്നതു്. സുപ്രസിദ്ധമായ ബർലിൻ കൈത്തൊഴിലു കൾ ഇനി പത്തുവർഷംകൂടികഴിയുമ്പോൾ ഒരു മങ്ങിയ ഓർമ്മയായിമാത്രം അവശേഷിക്കും."

തലനരച്ച ഒരു മനുഷ്യൻ, ശ്വാസമടക്കിക്കൊണ്ടു്, മുറിക്കുള്ളിൽ കടന്നുവന്നു. അയാൾ കതകിൽ മുട്ടി യില്ല. ഒരു പാഡും പെൻസിലുമായിട്ടാണയാൾ വന്നതു്. "ഡു" എന്ന പരിചിതപ്രയോഗത്തോടുകൂടി, "എനിക്കു്

അങ്ങയോട് ഒരുനിമിഷം സംസാരിക്കാനുണ്ട്" എന്ന് ആഗതൻ റോയിട്ടറെ അറിയിച്ചു. ഡാക്ടർ ഹെഴ്സ് എന്ന പേരിൽ അറിയപ്പെടുന്ന ആളാണതെന്ന് റോയിട്ടർ അയാളെ എനിക്കു പരിചയപ്പെടുത്തി. വിശ്വസ്തനായ ഒരനുചരനായിരിക്കാം അയാളെന്നു ഞാൻ മനസ്സിലാക്കി. പരിചയപ്പെടുത്തലിനെ ധൃതഗതിയിൽ അംഗീകരിച്ചുകൊണ്ടു് ഡാക്ടർ ഹെഴ്സ് റോയിട്ടറോടായി ഇങ്ങനെ പറഞ്ഞു: "മുനിസിപ്പൽ ലൈഫ് ഇൻഷൂറൻസ് ഇൻസ്റ്റിററ്യൂട്ടിലേയ്ക്കു് ഒരു ട്രസ്റ്റിയായി നിർദ്ദേശിക്കപ്പെട്ട എക്സ്സിനെ അങ്ങ് ഓർമ്മിക്കുന്നുണ്ടോ?"

അതു് ഓർമ്മിക്കാൻ ശ്രമിക്കുകയാണോ എന്നു തോന്നുമാറു് റോയിട്ടർ കണ്ണുതിരുമ്മി. "ജാ, ജാ," ഒടുവിൽ അദ്ദേഹം പറഞ്ഞു. "വളരെ മോശപ്പെട്ട ഒരുത്തൻ. ഏററവും വഷളനാണെന്ന് എനിക്കിപ്പോഴും തോന്നുന്നു."

"അതു തന്നെ," ഡാക്ടർ ഹെഴ്സ് ഒത്തുമൂളി. "അതുതന്നെയാണു് ഞാൻ അവരോടു പറഞ്ഞതും. എന്നിട്ട് അവരെന്താണു പറഞ്ഞതെന്നറിയാമോ? എക്സ്സിനെ അവക്കാവശ്യമുണ്ടെന്നു്. കിട്ടാവുന്നതിൽ വച്ചു് ഏററവും വിദഗ്ദ്ധനാണത്രേ അയാൾ." ഡാക്ടർ വെറുപ്പു പ്രകടിപ്പിച്ചു.

ദൃഢനിശ്ചയം ദ്യോതിപ്പിച്ചുകൊണ്ടു് റോയിട്ടർ തലയാട്ടി. "പാടില്ല," അദ്ദേഹം പറഞ്ഞു. "എക്സ്സിനെപ്പോലെയുള്ള വിദഗ്ദ്ധന്മാർ നമുക്കുവേണ്ടാ. അത്ര വലിയ അറിവൊന്നുമില്ലെങ്കിലും സത്യസന്ധരായ ആളുകളുമൊത്തു പ്രവത്തിക്കാനാണു് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്. നാം വഴങ്ങിക്കൊടുക്കുംതോറും കുഴിയിലേയ്ക്കു കാൽനീട്ടുകയാണു്. നാസികൾ അധികാരത്തിൽ വരു

ന്നതിനു മുമ്പ് നാം കുഴപ്പത്തിലായതു്, ഇങ്ങനെ ഓരോ കാര്യത്തിനും വഴങ്ങിവഴങ്ങിയാണു് സ്വഭാവശുദ്ധി ഒന്നു മാത്രമാണു് നമ്മുടെ കയ്യിൽ അവശേഷിച്ചിട്ടുള്ള ഒരേ ഒരായുധം. അതെങ്കിലും നാം കൈവിടാതിരിക്കുക."

ഇതുതന്നെയാണു് താൻ ആശിച്ചതെന്ന ഭാവത്തിൽ ഡാക്റ്റർ ഹെഴ്സ് തലകുലുക്കി. അയാൾ തന്റെ പാഡിൽ കുറിച്ചിരുന്ന കാര്യം വെട്ടി; അനന്തരം ഇങ്ങനെ തുടന്നു: "97,000 മാർക്കിനുള്ള ഒരു ചെക്കുതരുന്നതിനായി ജനറൽടെയ്ലർ ഇന്നുച്ചയ്ക്കിവിടെ എത്തും. അതെന്തിനാണെന്നെനിക്കറിഞ്ഞുകൂടാ. അങ്ങു് ഇവിടെ ഉണ്ടായിരിക്കുമോ?"

റോയിട്ടർ—അതു സ്വീകരിക്കാൻ ഞാൻ ഫ്രോഡ റോടു പറഞ്ഞിട്ടുണ്ടു്. ഉച്ചയ്ക്കു് ഞാൻ യോഗത്തിൽ സംബന്ധിക്കുകയായിരിക്കും.

ഡാക്റ്റർ ഹെഴ്സ്—ഒരു ലോഹ്യത്തിനുവേണ്ടിയെങ്കിലും ഒരു നിമിഷം പുറത്തുവന്നുകൂടേ?

റോയിട്ടർ—(വ്യസനസമേതം) ഞാൻ നോക്കാം; ഞാൻ നോക്കാം.

ഡാക്ടർ ഹെഴ്സ് തൻെറ പാഡിലെ മറെറാരു കാര്യംകൂടി വെട്ടിയശേഷം എനിക്കഭിമുഖമായി തിരിഞ്ഞു. "യഥാർത്ഥത്തിൽ അഗ്രഗണ്യനായ ഒരു ലോർഡ് മേയറോടാണു് നിങ്ങൾ സംസാരിക്കുന്നതു്. ഇദ്ദേഹമില്ലായിരുന്നെങ്കിൽ ബി. വി. ജി. ഞങ്ങൾക്കു ലഭിക്കില്ലായിരുന്നു." സ്വാഭിപ്രായം ഉറപ്പിക്കുന്ന രീതിയിൽ അയാൾ തലയാട്ടി. അനന്തരം പുറത്തുപോയി. റോയിട്ടർ ഒരു പച്ചച്ചിരി ചിരിച്ചു. "ബി. വി. ജി." എന്നു വച്ചാൽ എന്താണെന്നു ഞാൻ ചോദിച്ചു.

"ബർലിനർ വർക്കേഴ്സ് ഗെസ്സൽഷാഫ്ററ്" [ബർലിൻ ട്രാൻസിററ് സൊസൈററി] എന്നു് ഡാക്ടർ

ഹെഷ്ഫീൽഡ് വിശദീകരിക്കുകയുണ്ടായി. "1926-ൽ ഹെർ റോയിട്ടർ ഒരു സിററികൗൺസിലറായിരുന്നപ്പോൾ ബർലിനിലെ സബ്ബ്വേ, സ്ട്രീററ്കാർ, ബസ്സ്കമ്പനികളെ അദ്ദേഹം ഒരു മുനിസിപ്പൽ ട്രാൻസിററ് സംഘടനയാക്കിത്തീർക്കുകയും, അങ്ങനെ അവ സംബന്ധിച്ച് അനേകവർഷക്കാലമായി തുടന്നിരുന്ന കലഹങ്ങൾക്കും വഴക്കുകൾക്കും ഒരു പൂർണ്ണവിരാമമിടുകയും ചെയ്തു. നാസികൾപോലും അതിനെ പൊളിക്കാൻ ധൈര്യപ്പെട്ടില്ല; ഹെർറോയിട്ടർ അമേരിക്കയിലേയ്ക്കുപോയി. ബർലിനിൽ പുതിയ സബ്ബ്വേ ലൈനുകളുണ്ടാക്കുന്നതിനും, തെരുവീഥികളും ശൃംഗാടകങ്ങളും നവീകരിക്കുന്നതിനും, ഫ്രാങ്കൻഫർട്ടർ ആലി വിസ്തൃതമാക്കുന്നതിനും കഴിയത്തക്കവിധം ഒരു വായ്പ ലഭിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ അദ്ദേഹം അവിടെവച്ചു ചെയ്തു. ആധുനികരീതിയിൽ തൊഴിലാളിഭവനങ്ങൾ നിർമ്മിക്കപ്പെട്ടു. പിന്നീടു നാസികൾ ഇതെല്ലാം തങ്ങളുടെ സൃഷ്ടികളാണെന്ന് വിദേശികൾക്കു കാണിച്ചുകൊടുത്തു." ഡാക്ടർ ഹെർഷ്ഫീൽഡ് സദാ കൊണ്ടുനടക്കാറുള്ള തൻെറ അനിവാര്യമായ പാഡിൽ ഒരു നോട്ടുകുറിച്ചു. "അടുത്ത തിങ്കളാഴ്ച പത്രസമ്മേളനത്തിൽവച്ച് ഇതേപ്പററി സംസാരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. അവർ ഇക്കാര്യം കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു." അദ്ദേഹം പറഞ്ഞു.

റോയിട്ടർ—(ആശ്ചര്യഭരിതനായി) ആര്? എന്തു പത്രസമ്മേളനം?

ഹെർഷ്ഫീൽഡ്—ആ പതിനഞ്ചു ബനലക്സ് പത്രപ്രവത്തകർ. അങ്ങു മറന്നുപോയോ? കഴിഞ്ഞയാഴ്ച ഇക്കാര്യം ഞാൻ അങ്ങയോടു പറഞ്ഞിരുന്നല്ലോ.

പത്രസമ്മേളനത്തിനുശേഷം അവക്ക് റാററ്സ്കെല്ല റിൽവച്ച് ഒരു ചെറിയ ഡിന്നർനല്കാമെന്നും നാം ആലോചിച്ചിരുന്നു.

റോയിട്ടർ (കൂടുതൽ ആശ്ചര്യഭരിതനായി)—ഡിന്നറിനെപ്പററി നിങ്ങൾ എന്നോടു പറഞ്ഞേ ഇല്ല. അതിന്നു നമുക്കെന്തു ചെലവാകും?

ഹെഴ്സ്ഫീൽഡ്—ആളൊന്നിനു് അഞ്ചു മാർക്കു് [1·20 ഡാളർ] അവർ ഏതാണ്ടു് ഇരുപത്തി യഞ്ചുപേരുണ്ടായിരിക്കും.

റോയിട്ടർ വ്യസനപൂർവ്വം തലയാട്ടി. "ഹെർഷ് ഫീൽഡ്! നമ്മെ സംബന്ധിച്ചിടത്തോളം അതൊരു വലിയ തുകയാണല്ലോ. പക്ഷേ, ഇക്കാര്യം ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്നെനിക്കു തോന്നുന്നു."

"ഇതൊരു പ്രധാന കാര്യമാണു്," ഹെർഷ് ഫീൽഡ് അഭിപ്രായപ്പെട്ടു. അദ്ദേഹവും അസന്തുഷ്ട നായി കാണപ്പെട്ടു.

നേരത്തേ ആഫീസിന്റെ മുൻമുറിയിൽ ഞാൻ കണ്ട യുവതികളിൽ ഒരുവൾ അകത്തുവന്നു. ഫെർ വോൺബ്രൂഷ് വെളിയിൽ കാത്തിരിക്കുകയാണെന്നു് അവൾ റോയിട്ടറെ അറിയിച്ചു.

"ഏതാനും മിനിട്ടിനകം ഞാൻ അദ്ദേഹത്തെ വിളിക്കാം" എന്നു പറഞ്ഞിട്ടു് അവളെ അയച്ചശേഷം റോയിട്ടർ ഡിന്നർകാര്യത്തെ പരാമർശിച്ചു് എന്നോ ടായി ഇങ്ങനെ തുടന്നു: "ഇപ്പോൾ നിങ്ങൾക്കു മനസ്സി ലായോ? നൂറു മാർക്കു് എന്നു പറയുന്നതു് ജർമ്മനിയെ തലസ്ഥാനനഗരിയെ സംബന്ധിച്ചിടത്തോളം ഒരു ഭാരിച്ച സാമ്പത്തികപ്രശ്നമായിത്തീന്നിരിക്കുകയാണു്. റഷ്യൻ ഉപരോധകാലത്തു് കല്ക്കരിയും ഉരുളക്കിഴങ്ങും

ഞങ്ങളുടെ ഫാക്റ്ററികൾക്ക് അസംസ്കൃതസാധനങ്ങളും അച്ചടിശാലകൾക്ക കടലാസ്സും വിമാനമാർഗ്ഗം കൊണ്ടു വരുന്നതിനായി സഖ്യകക്ഷികൾ ലക്ഷക്കണക്കിനു ഡാളർ ചെലവിട്ടു. എന്നാലിപ്പോൾ ഞങ്ങളുടെ വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ വായ്പപോലും ഞങ്ങൾക്ക കിട്ടുന്നില്ല. രാഷ്ട്രീയമായി ഞങ്ങളെ ഉപയോഗപ്പെടുത്താമായിരുന്ന ഒരു പരിതഃസ്ഥിതിയല്ല ഇന്നുള്ളതു്. ബർലിൻ ഇന്നൊരു പ്രശ്നമായിപ്പോലും പരിഗണിക്കപ്പെടുന്നില്ല. ഇനിമേൽ ഞങ്ങൾക്കിവിടെ എന്തു സംഭവിക്കുമെന്നതിനേക്കുറിച്ച് ആരും സാരമാക്കുന്നില്ല. ഏഷ്യയിലെ സ്ഥിതിഗതികളെക്കുറിച്ചാണ് എല്ലാവരും ഉൽക്കണ്ഠാഭരിതരായിരിക്കുന്നതു്. എന്നാൽ ഞങ്ങൾക്കറിയാം, കിഴക്കും പടിഞ്ഞാറും തമ്മിലുള്ള മത്സരത്തിന്റെ മർമ്മം ബർലിനാണെന്നു്." ഒരു നിമിഷനേരം അദ്ദേഹം മൗനമായിരുന്നു; പിന്നീടു തോളൊന്നു ചുളിച്ചു; കൂടുതൽ ദൃഢസ്വരത്തിൽ ഇങ്ങനെ തുടന്നു: "പിടിച്ചാൽ പിടിവിടുന്നവരല്ല ബർലിൻകാർ. തങ്ങൾ പരിത്യക്തരായിപ്പോയെന്നും, അശരണരായിത്തീന്നിരിക്കുന്നെന്നും അവക്കു തോന്നിയേയ്ക്കാം. പക്ഷേ, സ്വന്തം വിധിയെ സ്വയം ശപിച്ചുകൊണ്ടു് അവർ പ്രയത്നം തുടരും. ഇനിയും ഏതെങ്കിലുംതരത്തിലുള്ള ഐശ്വര്യം ഞങ്ങൾക്ക വരണമെങ്കിൽ ഞങ്ങൾ അദ്ധ്വാനിച്ചേ മതിയാകൂ. അതു സാധിക്കുകയും ചെയ്യും."

ഹെർഷ്ഫീൽഡ്—റഷ്യൻ ഉപരോധകാലത്തു് ലോർഡ്മേയറുടെ നേതൃത്വമില്ലായിരുന്നെങ്കിൽ കിഴക്കൻ ശക്തിക്കെതിരായി ഒരു പ്രതിരോധമേ ഉണ്ടാവുകയില്ലായിരുന്നു. പാശ്ചാത്യശക്തികളുടെ നയം എന്താ

യിരുന്നാലും, ഒരു ബർലിൻ നയമെന്ന നിലയിൽ അതം ഗീകരിക്കപ്പെടുന്നതിനു മുമ്പ് പശ്ചിമബർലിന്റെ പ്രതിരോധകാര്യത്തിൽ ആദ്യമായി താല്പര്യം ഇളക്കി വിട്ടതു് ഷെർറോയിട്ടറാണ്.

അതെങ്ങനെ സാധിച്ചെന്നു് ഞാൻ റോയിട്ടറോടു ചോദിച്ചു.

റോയിട്ടർ—ഞാൻ പ്രസംഗങ്ങൾചെയ്തു. ആ പ്രസംഗങ്ങളിൽ കാര്യങ്ങൾ ധീരമായും, നിർദ്ദാക്ഷിണ്യ മായും, പച്ചയ്ക്കുപറഞ്ഞു. നയതന്ത്രപരമായ ലോഹ്യ ങ്ങൾക്കൊന്നും സമയമില്ലായിരുന്നു. സമസ്തലോകത്തി ന്റെയും മുമ്പിൽ സ്വാതന്ത്ര്യത്തിനുവേണ്ടി നാം ഉയർന്നു നിലകൊള്ളുകയാണെങ്കിൽ പാശ്ചാത്യർക്കു് ബർലിൻ കൈവിടാൻ സാധിക്കുകയില്ലെന്നും, അവർ അങ്ങനെ കൈവിട്ടാൽ അവർ അതിലും കൂടുതൽ നഷ്ട പ്പെടേണ്ടിവരുമെന്നും ഞാൻ ജനങ്ങളോടു പറഞ്ഞു. ഇതു വളരെ പുതിയ ആശയമൊന്നുമല്ല. എങ്കിലും ഇന്നും അതിനുഴിവില്ല. ഇതേ ആശയംതന്നെയാണു് കൊറിയായിൽ അമേരിക്കൻ പട്ടാളത്തെ സമരരംഗ ത്തേയ്ക്കയയ്ക്കാൻ പ്രസിഡന്റ് ട്രൂമാനെ പ്രേരിപ്പി ച്ചതു്.

ഹെർഷ്ഫീൽഡ്—പക്ഷേ, അങ്ങേയ്ക്കു് വള രെയധികം എതിർപ്പുകളെ നേരിടേണ്ടിവന്നല്ലോ.

കഴിഞ്ഞ കാര്യങ്ങളെപ്പററി ഓർമ്മിച്ച് റോയി ട്ടർ പുഞ്ചിരിതൂകി. അദ്ദേഹം തുടർന്നു: "ഭാവിക്കുവേണ്ടി ഉറപ്പുവാങ്ങാൻ ആഗ്രഹിക്കുന്നതു് എപ്പോഴും ഉയർന്ന നിലയിലുള്ള ആളുകളാണ്. രണ്ടററവും കൂട്ടിപ്പിടിക്ക ണമെന്നു് ആഗ്രഹിക്കുന്ന മിടുക്കന്മാരാണവർ. എന്നാൽ പരക്കെയുള്ള ജനങ്ങളുടെ നില അത്ഭുതാവഹമായിരുന്നു.

അവക്ക് ഭാവിയെപ്പററി അധൈര്യമോ അങ്കലാപ്പോ ഉണ്ടായിരുന്നില്ല. ഭയപ്പെടാനുള്ള ശക്തി അവക്കു നഷ്ടപ്പെട്ടിരുന്നു എന്നല്ല ഇതിൻെറ അത്ഥം. തീച്ചയായും അവർ ഭയന്നിരുന്നു. എന്നാൽ ഇവിടത്തെ ജനങ്ങൾ സഹിച്ചിടത്തോളം നഷ്ടം സഹിച്ചുകഴിയുമ്പോൾ ജംഗമസാധനങ്ങൾ, കുളിമുറികൾ, വൈദ്യുതവിളക്കുകൾ എന്നിവയെക്കാളെല്ലാം പ്രധാനപ്പെട്ട കാര്യങ്ങൾ ജീവിതത്തിലുണ്ടെന്നു് ആരുംമനസ്സിലാക്കിത്തുടങ്ങും. ചെറിയ കാര്യങ്ങൾകൊണ്ടു് സന്തുഷ്ടരാകാൻ നിങ്ങൾക്കു സാധിക്കും. നാനാതരത്തിലുള്ള കെടുതികൾക്കിടയിൽ കഴിഞ്ഞുകൂടുന്ന ജനങ്ങൾ മററുള്ളവരേക്കാൾ കൂടുതൽ പൂച്ചെടികൾ നടുന്നതു് നിങ്ങൾ ശ്രദ്ധിച്ചുവോ! ഞങ്ങളുടെ സ്വത്തുക്കളെ സംബന്ധിച്ചു് ഞങ്ങൾ ആവശ്യത്തിൽ കൂടുതൽ ശ്രദ്ധവച്ചിരുന്നു. 1935-ൽ എൻെറ ഭാര്യയും ഞാനും ഹാനോവറിലെ വീടു് വിടേണ്ടിവന്നപ്പോൾ ഞങ്ങളുടെ ജംഗമസാധനങ്ങളും പുസ്തകങ്ങളും കൂടി ഉപേക്ഷിക്കേണ്ടിവന്നതു് ഞങ്ങൾക്കു് ഹൃദയഭേദകമായ ഒരനുഭവമായിരുന്നു. പതിനൊന്നു വർഷംകഴിഞ്ഞു്, ഞങ്ങൾ ടക്കിയിലായിരുന്നപ്പോഴും ഞങ്ങളുടെ സാധനങ്ങൾ വീണ്ടും വില്ക്കേണ്ടിവന്നു. എന്തെന്നാൽ പറയത്തക്ക മിച്ചസമ്പാദ്യമൊന്നും ഞങ്ങൾക്കില്ലായിരുന്നു. സ്വദേശത്തേയ്ക്കുവരാൻ യാത്രക്കൂലിക്കുള്ള പണംപോലും കൈവശമില്ലാതെ ഞങ്ങൾ ഞെരുങ്ങേണ്ടിവന്നു. അന്നു ഞങ്ങൾക്കു യാതൊരു ഉൽക്കണ്ഠയും ഉണ്ടായില്ല. ഒരിടത്തല്ലെങ്കിൽ മറെറാരിടത്തു് ഡിന്നർമുറിയും മേശയും കിട്ടും. എന്നാൽ നിങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുപോയാൽ അതു തിരിച്ചുകിട്ടാൻ പ്രയാസമാണു്. റഷ്യാക്കാർ ഇപ്പോൾത്തന്നെ ഇവിടെവന്നു്

എന്നെ കൊന്നുകളഞ്ഞാലും ശരി, ബർലിനിൽ ഞങ്ങൾ ചെയ്തിട്ടുള്ള കാര്യങ്ങൾ ലോകമൊട്ടുക്കുള്ള ലക്ഷോപലക്ഷം ജനങ്ങളുടെ ജീവിതത്തെ സ്പർശിച്ചിട്ടുണ്ടെന്നുള്ള ധാരണയോടുകൂടിയെങ്കിലും എനിക്കു മരിക്കാൻസാധിക്കും. ഞങ്ങൾ സമാധാനത്തെ ശാശ്വതമായി രക്ഷിച്ചിട്ടില്ലെന്നുവരാം. എന്നാൽ അതിനെ ദീർഘിപ്പിക്കുന്നതിൽ ഞങ്ങൾ തീർച്ചയായും സഹായിച്ചിട്ടുണ്ട്. സമാധാനമായി ഒന്നു നിന്നു ശ്വസിക്കാനുള്ള സൗകര്യമെങ്കിലും ലോകത്തിനു ഞങ്ങൾ നല്കിയിട്ടുണ്ട്. കുറെയെങ്കിലും സാരമുള്ള ഒരു കാര്യമാണതു്. എന്നിട്ടു്"—

ഫോൺ കിലുങ്ങി. വിളികേൾക്കാനായി റോയിട്ടർ തന്റെ ഡെസ്കിലേയ്ക്കുപോയി. ബർലിനുവേണ്ടിയുള്ള ജർമ്മൻ ഗവമ്മെൻറിന്റെ ധനവിനിയോഗം വെട്ടിച്ചുരുക്കാനുള്ള നിർദ്ദേശത്തെപ്പററി യാതൊരു ചർച്ചയും സാദ്ധ്യമല്ലെന്നു് ചാൻസലർ അഡനോവരുടെ ആഫീസിലെ ഒരു ഉദ്യോഗസ്ഥനു വിശദീകരിച്ചുകൊടുക്കാൻവേണ്ടി നാലഞ്ചു മിനിട്ടുനേരം അദ്ദേഹം ഈ ഫോൺസംഭാഷണവേളയിൽ ശ്രമിക്കുകയുണ്ടായി. ഡാക്ടർ ഹെർഷ്ഫീൽഡ് ഒരു നെടുവീർപ്പുവിടുകയും, നെററിത്തടം തടവുകയുംചെയ്തു. "എപ്പോഴും പണം സംബന്ധിച്ചുള്ള ക്ഷുദ്രകാര്യംതന്നെ" അദ്ദേഹം എന്റെ ചെവിയിൽ മന്ത്രിച്ചു. "മുനിസിപ്പൽ ജീവനക്കാർക്കു ശമ്പളം കൊടുക്കുന്നതിനുവേണ്ടി പ്രതിമാസച്ചെക്കുവാങ്ങാൻ ചിലപ്പോൾ അദ്ദേഹം കാറെടുത്തു് ബോണിലേയ്ക്കു പോകേണ്ടിയിരിക്കുന്നു. പശ്ചിമജമ്മനിയിലെ വ്യാവസായികോല്പാദനം 1936-ലെ നിരപ്പിൽ നൂറുശതമാനം എത്തിയിരിക്കുമ്പോൾ, പശ്ചിമബർലിനിലെ ഉല്പാദനം കേവലം 25 ശതമാനംവരെയേ എത്തിയി

ട്ടുള്ള എന്ന വസ്തുത മറന്നുകളയാനാണ് ബോണിലെ അധികാരികൾ ആഗ്രഹിക്കുന്നതു്. ഞങ്ങൾ സ്വയം പര്യാപ്തരായിത്തീരണമെന്ന് അവർ പ്രതീക്ഷിക്കുമ്പോൾ, ഞങ്ങളുടെ ചുററും റഷ്യാക്കാരുള്ളിടത്തോളം കാലം ഫലപ്രദമായ പുനരുജ്ജീവനത്തെപ്പററി യാതൊരു പ്രത്യാശയ്ക്കും വഴിയില്ലെന്നുള്ള കാര്യം വിസ്മരിക്കപ്പെട്ടുകയാണു ചെയ്യുന്നതു് ”

റോയിട്ടർ തൻെറ ഫോൺസംഭാഷണം പൂർത്തിയാക്കിയശേഷം, അദ്ദേഹം വോൺബ്രൂഷിനെ അകത്തേയ്ക്കയയ്ക്കാൻ ആവശ്യപ്പെട്ടു. അല്പം കഴിഞ്ഞപ്പോൾ ഒരു കൃശഗാത്രൻ അകത്തു പ്രവേശിച്ചു. ഭാവംകണ്ടാൽ ഒരു പിടിവാശിക്കാരനാണെന്നു തോന്നും. ഭംഗിയായി വസ്ത്രധാരണംചെയ്തിട്ടുണ്ടു്. ഒരു നിർവികാരതയാണ് അദ്ദേഹത്തിൻെറ മുഖത്തു് നിഴലിച്ചിരുന്നതു്. അദ്ദേഹത്തിൻെറ കയ്യിലും ഒരു പാഡുണ്ടായിരുന്നു. പ്രഷ്യൻ സമ്പ്രദായമെന്ന് ലോകമൊട്ടുക്ക് അറിയപ്പെടുന്ന അതിവിശേഷമായ സൈനികരീതിയിൽ അദ്ദേഹം ഞങ്ങളുടെനേക്ക് തലകുനിച്ചു; അനന്തരം ഡെസ്കിനു മുമ്പിൽ റോയിട്ടർക്ക് അഭിമുഖമായി ഇരിപ്പുറപ്പിച്ചു. “ഹെർ ഓബർബർഗ്ഗർ മിസ്റ്റർ! (ലോർഡ് മേയർ!) വളരെ ആവേശകരമായ കാര്യമൊന്നും പറയാനല്ല ഞാൻ വന്നതു്,” അദ്ദേഹം സംഭാഷണം തുടങ്ങി. “ഇന്നുച്ചയ്ക്ക് ജനറൽ ടെയ്ലറിൽനിന്നുള്ള ചെക്ക് ഫ്രാഷ്റോഡർ സ്വീകരിക്കും. ആ ചടങ്ങ് അനാഡംബരവും, അന്തസ്സുള്ളതുമായിരിക്കണമെന്നാണവരുടെ ആഗ്രഹം. എന്നാൽ തദവസരത്തിൽ പത്രപ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതല്ലേ എന്നെനിക്കു സംശയമുണ്ടു്. മൂന്നു മണിക്കു് അങ്ങ് ന്യൂക്കോണിലെ തുണിവ്യവസായശാ

ലയുടെ ശിലാസ്ഥാപനം നിർവഹിക്കേണ്ടതുണ്ട്. അങ്ങ യുടെ പ്രസംഗം തയാറായിട്ടുണ്ടല്ലോ?"

റോയിട്ടർ—എൻെറ കയ്യിൽ ഏതു സമയവും ഒരു പ്രസംഗം തയ്യാറാക്കിവച്ചിരിക്കും. ഒരിക്കൽ ഒരു ശസ്ത്ര ക്രിയാമേശപ്പുറത്ത് ഈതറിൻചുവട്ടിൽ ഞാൻ കിടക്കു മ്പോൾപോലും ഒരു പ്രസംഗം ചെയ്തതായി ആളുകൾ എന്നോടു പറയാറുണ്ട്.

വോൺബ്രൂഷ് ഈ ഫലിതം ആസ്വദിച്ചതായി കണ്ടില്ല. തൻെറ പാഡിൽ നോക്കിക്കൊണ്ട് അദ്ദേഹം തുടൎന്നു: "ന്യൂയോർക്കിലെ കോൺസൽ ജനറൽ ഡോക്ടർ ക്രേകേലർ ഇന്നു നാലുമണിക്ക് അങ്ങയെ കാണാൻ വരും."

"നാലുമണിക്ക് പുതിയ തപാലാഫീസ് കെട്ടിടം ബൺഡിലേയ്ക്കു കൈമാറേണ്ടകാര്യം എനിക്കുണ്ടല്ലോ"- റോയിട്ടർ മറുത്തുപറഞ്ഞു.

"അക്കാര്യം നാലു-പതിനഞ്ചുവരെ താമസിപ്പി ക്കേണ്ടിവരും," വോൺബ്രൂഷ് കണിശമായി മറുപടി പറഞ്ഞു. "വ്യാഴാഴ്ച അങ്ങ് കോളോണിലും ബോണിലും പ്രസംഗിക്കേണ്ടതുണ്ട്. കൂടാതെ, മി: മക്ക്ലോയിയുടെ സല്ക്കാരശാലയിൽ അങ്ങ് സംബന്ധിക്കേണ്ട വിരുന്ന് വെള്ളിയാഴ്ച 6-30-നാണെന്നും ഓർമ്മിപ്പിച്ചുകൊ ള്ളട്ടെ. വെള്ളിയാഴ്ചതന്നെ ഉച്ചയ്ക്ക് പ്ലെൻസ് ബർ ഗ്ഗിലെ മഹായോഗത്തിൽ അങ്ങ് പ്രസംഗിക്കേണ്ടതാ യുമിരിക്കുന്നു. യോഗംകഴിഞ്ഞു് കൃത്യസമയത്തിന് വിരുന്നുസല്ക്കാരത്തിനെത്താൻ അങ്ങേയ്ക്കു കഴിയുമോ എന്നെനിക്കറിഞ്ഞുകൂടാ.

റോയിട്ടർ—തീർച്ചയായും ഞാൻ മടങ്ങിയെത്തി

ക്കൊള്ളാം. രണ്ടുമണിക്കു് അവിടംവിടാൻ എനിക്കു കഴിയും. അപ്പോഴ് വേണ്ടത്ര സമയംകിട്ടും.

വോൺബ്രൂഷ്—കൊള്ളാം. (വീണ്ടും പാഡിൽ നോക്കിയിട്ടു്) നാളെ രാത്രിയാണു് ടൈററാനിയം പാലസ്സിലെ ഫർട്ട്വാംഗ്ലറിനു കീഴിൽ ഫിൽഹാർമോണിക്കു് ഓർക്കെസ്ട്രാ സംഗീതക്കച്ചേരി നടക്കുന്നതു്. നമുക്കു് എട്ടു ടിക്കററുണ്ടു്.

റോയിട്ടർ—ഭേഷ്. എനിക്കു സന്തോഷമാണു്.

വോൺബ്രൂഷ്—വ്യസനപൂർവ്വം ഒരു കാര്യംകൂടി എനിക്കു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. വൈയുടെ ബഹുമാനാർത്ഥമുള്ള ഡിന്നർ സല്ക്കാരത്തിലും അങ്ങു് പങ്കുകൊള്ളണം.

അദ്ദേഹം ഒരു സഖ്യകക്ഷി ഉദ്യോഗസ്ഥൻെറ പേർ പറഞ്ഞു.

"അതിലുംഭേദം സംഗീതക്കച്ചേരിക്കു പോകാനാണെനിക്കിഷ്ടം," ഒരു ക്ഷമാപണസ്വരത്തിൽ റോയിട്ടർ പറഞ്ഞു. (അനന്തരം എന്നോടായി) "ഞാനൊരു വിദ്യാർത്ഥിയായിരുന്നപ്പോൾ സംഗീതനാടകത്തിനു് സൗജന്യടിക്കററു വാങ്ങുന്നതിനായി രാത്രി മുഴുവൻ മൂണിച്ചിൽ ക്യൂ നില്ക്കാറുണ്ടായിരുന്നു."

വോൺബ്രൂഷ് മുഖം ചുളിച്ചു് നീരസം പ്രകടിപ്പിച്ചുകൊണ്ടു് ഇങ്ങനെ അറിയിച്ചു: "നിർഭാഗ്യവശാൽ ഡിന്നറിൽ അങ്ങു് സംബന്ധിച്ചേ തീരൂ. അതിനുശേഷം ഏതാനും മിനിട്ടുനേരം വാൺസിയിലെ കാര്യത്തിനായി കാറിൽനിന്നിറങ്ങാം."

അദ്ദേഹം മറെറാരു സഖ്യകക്ഷി ഉദ്യോഗസ്ഥൻെറ പേർ പറഞ്ഞു.

റോയിട്ടർ (ദൃഢസ്വരത്തിൽ)–എന്തായാലും പതി

നൊന്നുമണിക്കു് എനിക്കു് ഉറങ്ങാൻ പോകണം. ബഡ്ജററു് തയാറാക്കുന്നതിനുള്ള പ്രാരംഭജോലികൾ ചിലതെങ്കിലും നടത്തേണ്ടിയിരിക്കുന്നു. എന്റെ ഭാൎയ്യ വിചാരിക്കുന്നതു് ഞാൻ അവളുടെ അഭിരുചികൾ മോശപ്പെട്ടുവരുന്നു എന്നാണു്. അദ്ദേഹം ഒരു ട്രേഡ് യൂണിയൻ നേതാവായിരുന്നു; ഉറങ്ങാൻ മാത്രമേ വീട്ടിൽ വന്നിരുന്നുള്ളു.

വോൺബ്രൂഷ്—ഇത്രയൊക്കെയേ കാൎയ്യങ്ങളുള്ളു.

അദ്ദേഹം എണീററു; ഞങ്ങളെ മൂന്നുപേരേയും വണങ്ങി; പുറത്തിറങ്ങി. ഡാക്ടർ ഹെഴ്സ് തന്റെ പാഡുമായി തിരിച്ചെത്തി. ഒരു സിക്രട്ടറി അവളുടെ പാഡുമായി വന്നു. പുതിയ സ്പോർട്ട്സ് വേഷങ്ങളുമായി തയ്യൽക്കാരൻ വന്നു നില്ക്കുന്നു എന്ന വിവരം സിക്രട്ടറി റോയിട്ടറെ അറിയിച്ചു.

റോയിട്ടർ—(അവളോടു്) അയാളെ ഇങ്ങോട്ടയയ്ക്കു; ഇങ്ങോട്ടയയ്ക്കു.

തയ്യൽക്കാരൻ ഒരുജോടി സ്ലാക്ക്സും, ഒരു ട്വീഡ് ജാക്കററുമായി വന്നു. റോയിട്ടർ എണീററു് ജാക്കററിന്റെ പാകം നോക്കവേ തന്നെ ഡാക്ടർ ഹെഴ്സുമായി പശ്ചിമബർലിനിലെ ഒരു പുതിയ വിദ്യുച്ഛക്തി സ്റ്റേഷൻ (ബ്രിട്ടീഷ് മേഖലയിൽ) സംബന്ധിച്ചുള്ള ചില പ്രശ്നങ്ങളെക്കുറിച്ചു് ചർച്ച ചെയ്യുകയുണ്ടായി. ഇക്കാൎയ്യത്തിൽ ബ്രിട്ടീഷ് ജനറലുമായി താൻ നേരിട്ടിടപെടാൻ പോവുകയാണെന്നു് റോയിട്ടർ പറഞ്ഞു. അദ്ദേഹം തുടൎന്നു: "ആളുകളുമായി കാൎയ്യങ്ങൾ സംസാരിച്ചു് ഒത്തുതീർപ്പിനു ശ്രമിക്കുകയെന്ന സമ്പ്രദായത്തിൽ ഞാൻ വിശ്വസിക്കുന്നു. കത്തുകൾ നിങ്ങളെ എങ്ങും എത്തിക്കുകയില്ല." പുതിയ ജാക്കററു് നന്നായിട്ടുണ്ട

ന്നാണു് റോയിട്ടർ അഭിപ്രായപ്പെട്ടതെങ്കിലും തയ്യൽക്കാരൻ അതിൻെറ മടക്കുകൾ നിവർത്തുകയും, വീണ്ടും കുറേക്കൂടി ഭംഗിയായി ഇട്ടവിക്കുകയും ചെയ്തു. ഈ രണ്ടാമത്തെ പ്രയോഗത്തിൽ സംതൃപ്തി പ്രകടിപ്പിച്ച ശേഷം അയാൾ സ്ഥലംവിട്ടു. ഡാക്റ്റർ ഹെഴ്സും അയാളെ അനുഗമിച്ചു.

റോയിട്ടർ തൻെറ സൂട്ട്കോട്ട് ധരിച്ചു; ഒരു സിക്രട്ടറിയെ അകത്തേയ്ക്കു വിളിച്ചു; അനന്തരം കത്തുകൾക്കുള്ള മറുപടികൾ പറഞ്ഞുകൊടുത്തുതുടങ്ങി. ഒരു വാക്കോ വാചകമോ പിന്നീടു തിരുത്താനിടയാകാതെ വളരെ പതുക്കെയാണു് അദ്ദേഹം പറഞ്ഞുകൊടുത്തതു്. കത്തുകളിൽ അധികവും പ്രസംഗത്തിനു ക്ഷണിച്ചുകൊണ്ടു് വിവിധ സംഘടനകൾ അയച്ചതായിരുന്നു. എൺപത്തിയേഴ വയസ്സുള്ള ഒരു വൃദ്ധയുടെ ബന്ധുക്കൾ സോവിയററു് മേഖലയിൽനിന്നു് പശ്ചിമബർലിനിലേയ്ക്കു് ആ മുത്തശ്ശിയുടെ താമസം മാററാൻ അനുവാദത്തിനായി അപേക്ഷിച്ചുകൊണ്ടു് അയച്ച ഒരു കത്തായിരുന്നു അവയിലൊന്നു്. "ഇക്കാര്യം അന്വേഷിക്കാൻ ഏർപ്പാടുചെയ്യേണ്ടതാണു്," റോയിട്ടർ സിക്രട്ടറിക്കു നിർദ്ദേശംകൊടുത്തു. "ആ സ്ത്രീക്കു് യഥാർത്ഥത്തിൽ എൺപത്തിയേഴ വയസ്സായിട്ടുണ്ടെങ്കിൽ അവർ ഇങ്ങോട്ടുവരാൻ പാടില്ലെന്നു പറയാൻ കാരണം കാണുന്നില്ല," അദ്ദേഹം തുടർന്നു: "ഇവിടെ താമസസൗകര്യമുണ്ടായിരുന്നെങ്കിൽ, കിഴക്കൻ മേഖലവിടാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഇങ്ങോട്ടു പ്രവേശനം അനുവദിച്ചാൽ കൊള്ളാമെന്നെനിക്കുണ്ടു്. ബർലിൻ എക്കാലത്തും ഔദാര്യശീലവും സാർവദേശീയമനസ്ഥിതിയും പ്രദർശിപ്പിച്ചിട്ടുള്ള ഒരു നഗരമാണു്." ഫോണിൽ മണികി

ലുങ്ങി. റോയിട്ടർ വിളികേട്ടു. സംഭാഷണം ശ്രദ്ധിച്ചു; അനന്തരം പരുഷസ്വരത്തിൽ ഇപ്രകാരം അറിയിച്ചു: "കഥയില്ലാത്ത ഈ കലഹങ്ങളെപ്പററി കേട്ടുകേട്ട് എനിക്കു മുഷിഞ്ഞു; മനംമടുത്തു. തൽവിഷയമായ ഈ അവകാശക്കാര്യം കേവലം ദുരഭിമാനത്തിന്റെ ഒരു പ്രശ്ന മാണ്. കക്ഷികൾ തമ്മിൽ രാജിയായി, പിന്നീടു വിവരം എന്നെ അറിയിക്കാൻ പറയൂ." പെട്ടെന്ന് അദ്ദേഹം റിസീവർ താഴെവച്ചു; മറെറാരു കത്തെടുത്തു; ഇങ്ങനെ പറഞ്ഞുകൊടുത്തു: "മന്ത്രിബെവാന്........ ബെവിനല്ല........ബെ-വാ-ൻ. അനോറിൻ. സേർ ഗേർട്ടർ. ഹെർമിനിസ്റ്റർ. ഇച്ച്... .."

വിവിധപംക്തികളിൽ അക്കങ്ങൾകൊണ്ടു നിറച്ചിരുന്ന ഒരു കടലാസുമായി ഒരു യുവതി മുറിക്കുള്ളിൽ പ്രവേശിച്ചു. അവൾ അതു് റോയിട്ടറുടെ കയ്യിൽ കൊടുത്തു. അദ്ദേഹം ആ കടലാസിൻെറ ചുവട്ടിൽ എഴുതിയിരുന്ന ആ കത്തു നോക്കിയശേഷം ഒരു നെടു വീർപ്പുവിട്ടു. "നാലായിരം മാർക്ക്സ് കമ്മി," മേയർ പറഞ്ഞു. "നാലായിരം മാർക്ക്സ് എവിടെനിന്നാണു നമുക്കു കിട്ടാൻപോകുന്നതു്?" അദ്ദേഹം ആ കടലാസ് തിരിയെ കൊടുത്തു. "സ്റ്റഡ്ററ് ക്ലിൻഗേൽഹോൾ ഫുമായി ഇക്കാര്യം ഒന്നുകൂടി സംസാരിക്കൂ." ആ യുവതി പോയി. റോയിട്ടർ വീണ്ടും കത്തുകൾ പറഞ്ഞു കൊടുത്തുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം എന്നോടായി ഇങ്ങനെ പ്രസ്താവിച്ചു. "ഒരുകെട്ടു കത്തുകൾ മുഴുവൻ ഞാൻ വീട്ടിലിട്ടിട്ടു പോന്നില്ലേ എന്നൊരു സംശയം. അവയെല്ലാം ഞാനിന്നലെ രാത്രി കിടക്കയിലിരുന്നു വായിക്കുകയും നോട്ടുകൾ കുറിച്ചിടുകയും ചെയ്തതാണ്. പോട്ടെ; അവയ്ക്കെല്ലാം നാളെ മറുപടി

അയയ്ക്കാം." അദ്ദേഹം വീണ്ടും ഒരു കത്തെടുത്തു. "ഫാംസിലെ ഈ മനുഷ്യന്റെ കാര്യം എന്താണ്?" മേയർ തന്റെ സിക്രട്ടറിയോടു ചോദിച്ചു.

ആ യുവതി കത്തിലേയ്ക്കു കണ്ണോടിച്ചു. "ന്യൂയോർക്കിലേയ്ക്ക് വീണ്ടുകയററി അയയ്ക്കുന്നതിനല്ല ഒരേപ്പാടിനെ ആശീർവദിച്ചുകൊണ്ടു് അങ്ങയുടെ ഒരു കത്ത് അയാൾക്കു ലഭിച്ചെന്നാണ് ഈ എഴുത്തിൽ അയാൾ അവകാശപ്പെടുന്നതു്. ഈ ഇനത്തിൽ കിട്ടുന്ന പണത്തിൽനിന്ന് കുറേ ബർലിനിലെ യുവജനപരിപാടിക്ക് സംഭാവനചെയ്യാമെന്നും എഴുത്തിൽ പറഞ്ഞിട്ടുണ്ടു്."

ഈ ഫാംസുകാരന്റെ കത്തുകണ്ടു് അത്ഭുതാധീനനായ മേയർ ഒരു പരിഹാസച്ചിരി ചിരിച്ചു. അദ്ദേഹം അതുറക്കെ വായിച്ചു "ഫാംസിലെ ജനങ്ങൾ മുഴുവൻ പ്രത്യാശാഭരിതരായി അങ്ങയെ ഉററുനോക്കുന്നു......" എന്റെ ദൈവമേ! ഞാനിപ്പോൾ വീണ്ടുകച്ചവടമാണോ ചെയ്യുന്നതു്?" അദ്ദേഹം സിക്രട്ടറിയോടായി ഇങ്ങനെ നിർദ്ദേശിച്ചു. "ഫയലുകളിലെങ്ങാനും അത്തരമൊരു കത്തുണ്ടോ എന്നു നോക്കൂ. എന്നിട്ട് പൊമേർഷേലാൻഡ്ഷാഫ്ററിനോടു പറയണം, എനിക്ക് എന്തെങ്കിലും സൗകര്യം കിട്ടിയാൽ അടുത്തയാഴ്ച അവരുടെ യോഗത്തിനു ചെല്ലാൻ കഴിയുന്നതു ശ്രമിക്കാമെന്നു്."

തലനരച്ച ഒരു സ്ത്രീ അകത്തു പ്രവേശിച്ചു. അവരുടെ മുഖഭാവത്തിൽ സ്നേഹം തുളുമ്പിയിരുന്നു. കാഴ്ചയിൽ ഊർജ്ജസ്വലയുമാണു്. റോയിട്ടർ സോത്സാഹം അവൾക്കു ഹസ്തദാനംചെയ്തു. ഈ മഹതിയാണു് ഫ്രാഷ്റോഡർ എന്നു് അദ്ദേഹം അവരെ എനിക്കു

പരിചയപ്പെട്ടത്തി. രണ്ടു യുവജനസദനങ്ങൾ പരിശോധിക്കുകയും, ഒരു പുതിയ വിദ്യാലയത്തിൻെറ ഉൽഘാടനം നിർവഹിക്കുകയും ചെയ്തിട്ടാണു് തൻെറ ഇപ്പോഴത്തെ ആഗമനമെന്നു് അവർ റോയിട്ടരോടു പറഞ്ഞു; അനന്തരം ഇപ്രകാരം തുടൎന്നു: "ആ സാമൂഹ്യപ്രവൎത്തകരുടെ ശമ്പളം സംബന്ധിച്ചു് നാം എന്തെങ്കിലും ചെയ്യണം. പ്രയാസമേറിയതും പ്രധാനവുമായ ജോലികളാണവർ ചെയ്യുന്നതു്. അവൎക്കു് കൂടുതൽ പണം കിട്ടേണ്ടതുമാണു്."

റോയിട്ടർ--അതെനിക്കറിയാം. എന്നാൽ നമുക്കു് അതെവിടെനിന്നു കിട്ടും? അതിരിക്കട്ടെ. ദത്തെടുപ്പുകാൎയ്യത്തെപ്പററി നിങ്ങൾ അന്വേഷിച്ചോ?

ഫ്രോഡർ—കുഞ്ഞുങ്ങളെ ദത്തെടുക്കാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം കുറഞ്ഞിരിക്കുകയാണു്. ഉത്തരവാദിത്വബോധമുള്ള ആളുകൾ പുതിയ ചുമതലകൾ ഏറെറടുക്കുന്നതിനു മുമ്പു് ഇപ്പോൾ രണ്ടുപ്രാവശ്യം ചിന്തിക്കുന്നു. കുഞ്ഞുങ്ങളെ ദത്തെടുക്കാൻ ആഗ്രഹിക്കുന്നവരിൽതന്നെ പലരും, യുവജനകാൎയ്യാലയം നിശ്ചയിച്ചിട്ടുള്ള ഏററവും കുറഞ്ഞ വ്യവസ്ഥകൾ നിറവേററുന്നവരായി കാണുന്നില്ല. അവസാനത്തെ അനുമതി യുവജനകാൎയ്യാലയമാണു് നല്കേണ്ടതെന്നു് നമ്മുടെ ഡിസ്ട്രിക്റ്റ് ആഫീസുകളേയും, സദനാധികൃതരേയും ഞാൻ അറിയിച്ചിട്ടുണ്ടു്. ഏതായാലും വാരാന്ത്യകാലങ്ങളിൽമാത്രം സ്വകാൎയ്യസദനങ്ങൾ ഏറെറടുക്കുന്ന അനാഥക്കുട്ടികളുടെ കാൎയ്യത്തിൽ നാം തികച്ചും വിജയിച്ചിരിക്കുകയാണു്.

റോയിട്ടർ—ആ വാരാന്ത്യസംരക്ഷകരെക്കുറിച്ചും

യുവജനകാര്യാലയം വേണ്ട അന്വേഷണം നടത്തിയിട്ടുണ്ടോ?

ഷ്റോഡർ—തീർച്ചയായും സംരക്ഷകരുടെ കുടുംബനിലയെക്കുറിച്ചു് അറിഞ്ഞല്ലാതെ കുട്ടികളെ നാം അയയ്ക്കുകയില്ല.

ഡാക്ടർ ഹെഴ്സ് കയ്യിൽ തന്റെ പാഡുമായി വീണ്ടും പ്രത്യക്ഷപ്പെട്ടു. അസംബ്ലിയോഗത്തിനു പോകാൻ സമയമായെന്നു് അദ്ദേഹം റോയിട്ടറെ അറിയിച്ചു. "ബോണിൽനിന്നുള്ള മടക്കയാത്ര എങ്ങനെയിരുന്നു?" എന്നു് ഡാക്ടർ ഹെഴ്സ്, ഷ്റോഡറോടു ചോദിച്ചു. ആ മഹതിയും ഈയിടെ കാർമാർഗ്ഗംതന്നെയാണു് തലസ്ഥാനനഗരിയിൽ മടങ്ങിയെത്തിയതെന്നു വെളിവായി.

ഷ്റോഡർ-റഷ്യൻപരിശോധനാസങ്കേതത്തിൽ സകലതും ശരിയായിരുന്നു. എന്നാൽ ഞങ്ങൾ അതിർത്തിക്കോട്ടയിലെത്തിയപ്പോൾ നാല്പതു കാറുകൾ അവിടെ കാത്തുകിടക്കുന്നതു കണ്ടു. അവയിൽ ചിലതു് അനേക മണിക്കൂറുകളായി അവിടെ കിടക്കുകയായിരുന്നു. ഏതാനും ജനകീയപ്പോലീസുകാർ ഓരോ കാറും ചികഞ്ഞു പരിശോധിക്കുകയായിരുന്നു. കാറുകളുടെ പിന്നറകൾ തുറക്കാനും, സീററുകൾ എടുത്തുമാററാനും, മൂടികൾ തുറന്നിടാനും മററും മററും അവർ ഡ്രൈവർമാരെ നിർബന്ധിക്കുകയായിരുന്നു. ഇതിനെല്ലാം പുറമേ, ആ കാററടപ്പുസൂത്രങ്ങളുടെ തിരുക്കു മാററണമെന്നുപോലും അവർ ആവശ്യപ്പെട്ടു.

"എയർ എൽട്ടേഴ്സോ?" റോയിട്ടർ വിശദീകരിച്ചു ചോദിച്ചു.

ഷ്റോഡർ–അതേ, അവർ എന്തു കണ്ടുപിടിക്കാനാണ് ഇങ്ങനെയെല്ലാം ചെയ്യുന്നതെന്നെനിക്കറിഞ്ഞുകൂടാ. അവർ ഒന്നും കണ്ടുപിടിച്ചതായി തോന്നുന്നുമില്ല.

റോയിട്ടർ പല്ലിളിച്ചു. "നിങ്ങൾ എന്തുചെയ്തു?"

ഷ്റോഡർ – അതിർത്തിക്കോട്ടയിലേയ്ക്കു് നേരേ കാർവിടാൻ ഞാൻ ഡ്രൈവറോടു പറഞ്ഞു. ഏററവും അടുത്തുനിന്ന പോലീസുകാരനെ വിളിച്ചു. 'ഫ്രീററ്സ്,' ഞാനയാളോടു പറഞ്ഞു. "താൻ എന്തുവേണേ ചെയ്തുകൊള്ളു. പക്ഷേ, വേഗം വേണം. ഈ സായാഹ്നം മുഴുവൻ ഇവിടെ കാത്തുനില്ക്കാൻ പററില്ല." എന്നിട്ട് ആ പാവം ശുംഭൻ എന്തുചെയ്തെന്നോ? അവൻ വളരെ ലോഹ്യത്തിലായി; എന്നെ സെല്യൂട്ടുചെയ്തു; കോട്ട വേലി മാററി; ഞങ്ങൾ നിർബാധം അവിടം കടന്നു.

റോയിട്ടർ മന്ദഹാസതുന്ദിലനായി. "അതാണ് ഷ്റോഡറുടെ മിടുക്കു്"—അദ്ദേഹം ഡോക്റ്റർ ഹെഴ്സിനോടും എന്നോടും പറഞ്ഞു. "ഒരു റഷ്യൻ പട്ടാളവിഭാഗത്തെ മുഴുവൻ നയിക്കാൻ ഈ മഹതിക്കു കഴിയും. എന്തെന്നാൽ ഇവർക്കു് തരാതരംപോലെ ആളുകളോടു സംസാരിക്കാനറിയാം."

"യോഗത്തിനു സമയമായി; നാം വളരെ താമസിക്കുന്നു," വാതലിനു മുകളിൽ വച്ചിരുന്ന നാഴികമണിയിലേയ്ക്കു ചൂണ്ടിക്കൊണ്ടു് ഡാക്ടർ ഹെഴ്സ് പറഞ്ഞു.

റോയിട്ടർ തലയാട്ടി. അദ്ദേഹം മേശപ്പുറത്തുനിന്ന് ഒരു വലിയകെട്ടു ഫയലുകളെടുത്തു. എനിക്കു ഹസ്തദാനം ചെയ്തശേഷം ഡാക്റ്റർ ഹെഴ്സും, ഫ്രാഫ്രോഡറുമൊന്നിച്ചു് പുറത്തേയ്ക്കുനടന്നു. ഡാക്ടർ ഹെഴ്സ് തന്റെ പാഡും പെൻസിലും കയ്യിലെടുത്തിട്ടുണ്ടു്, തനിക്കും യോഗത്തിനുപോകേണ്ടതുണ്ടെന്നു് എന്നെ അറിയിച്ചു.

അദ്ദേഹം ഇങ്ങനെ തുടന്നു: "ഈയിടെ ഒരുദിവസം റോയിട്ടറെപ്പററി ഞാൻ ഒരു വിനോദകഥകേട്ടു. റഷ്യൻ ഉപരോധകാലത്തു് ബർലിനിലുണ്ടായിരുന്ന സോവിയററ് മാർഷൽ റൊക്കോസ്സോവ്സ്കിയെ നിങ്ങൾക്കറിയാമല്ലോ. ഈ കഥയിൽ പറയുന്നതു്, റൊക്കൊസ്സോവ്സ്കി, ഏതാണ്ടൊരു റഷ്യൻ റോമലാണെന്നാണു്—ഒരു ഉഗ്രശാസനൻ, ഉപദ്രവകാരി! അയാൾ റോയിട്ടറെ തൻെറ മുമ്പിൽ ആളയച്ചുവരുത്തുകയും, വിരട്ടാൻ ശ്രമിക്കുകയും ചെയ്തു. റോയിട്ടർ അയാളെ നോക്കി ചിരിച്ചുകൊണ്ടു പറഞ്ഞത്രേ. "മാർഷൽ, നിങ്ങൾക്കെന്നെ ഭയപ്പെടുത്താൻ സാധിക്കില്ല. ഇതാ നോക്കൂ, രണ്ടുപ്രാവശ്യം നാസികളുടെ തടങ്കൽപാളയത്തിൽ കിടന്നവനാണു് ഞാൻ. റഷ്യൻ കല്ക്കരിഖനിയിൽ ഞാൻ പണിയെടുത്തിട്ടുണ്ടു്. ജയിലിൽ കിടന്നിട്ടുമുണ്ടു്. സൈബീരിയൻ തൊഴിൽപാളയത്തിലേയ്ക്കു് എന്നെ അയച്ചുകളയാമെന്നാണു് നിങ്ങളുടെ ഉദ്ദേശമെങ്കിൽ അതു മനസ്സിലിരിക്കട്ടെ. അവിടവുംകടന്നു് എൻെറ വഴിക്കുപോകാൻ എനിക്കു കഴിയും." ഡാക്ടർ ഹെർഷ്ഫീൽഡ് ചിന്താഭരിതനായി റോയിട്ടറുടെ ഡസ്കിലേയ്ക്കൊന്നു നോക്കി. അതിന്മേൽ അപ്പോഴും കടലാസുകൾ നിറഞ്ഞുകിടന്നിരുന്നു. "ഈ കഥയെ സംബന്ധിച്ചിടത്തോളമുള്ള അത്ഭുതാവഹമായ കാര്യം, അതു് വാസ്തവമായിത്തീർന്നേയ്ക്കാനിടയുണ്ടെന്നുള്ളതാണു്," അദ്ദേഹം അഭിപ്രായപ്പെട്ടു. "എത്ര ഉഗ്രനായ സോവിയററ് മാർഷലിനോടും റോയിട്ടർ ഇതുതന്നെയായിരിക്കും പറയുന്നതു്."

★

KOTTAYAM PUBLIC LIBRARY
KOTTAYAM.

# 3

## ബുഷ്ബെക്ക് ആൻഡ് ഹോൾസ്മാൻ കമ്പനിയുടെ ഭാഗ്യനിർഭാഗ്യങ്ങൾ

പൊട്ടിത്തകൎന്നുപോയേയ്ക്കുമെന്നു തോന്നത്തക്കവിധം ആപല്ക്കരമായ വിഷമസന്ധികളെ അതിജീവിക്കുക, കഠിനപരീക്ഷണങ്ങളിൽ നിന്നു് ആദിയേ തുടങ്ങുക—എന്ന പ്രവൎത്തനക്രമമാണു് പശ്ചിമജൎമ്മനിയിലെ ഒരിടത്തരം നാകവാപ്പുകമ്പനിയുടെ ഉടമസ്ഥന്മാർ മിക്കവാറും നിയമേനതന്നെ സ്വീകരിച്ചുപോന്നിട്ടുള്ളതു്. ബുഷ്ബെക്ക് ആൻഡ് ഹോൾസ്മാൻ എന്നു ഞാൻ വിളിക്കുന്നതു് ഈ കമ്പനിക്കാരെയാണു്. ഞാൻ ഹെർ ഏൺസ്റ്റ് ബുഷ്ബെക്കുമായി സംസാരിച്ചിട്ടു് അധികകാലമായില്ല. ആ പ്ലാന്റിലെ പ്രധാന യന്ത്രശാലയ്ക്കൊട്ടകലെയുള്ള അദ്ദേഹത്തിന്റെ ആഫീസിൽവച്ചു് ഞങ്ങൾ സംസാരിച്ചകാലത്തു് അദ്ദേഹം തന്റെ കമ്പനി നടത്തിപ്പിന്റെ മുപ്പത്തിയഞ്ചുവർഷത്തിനിടയിൽ ആറാം പ്രാവശ്യം പൊളിഞ്ഞു പാപ്പരായശേഷം ഏഴാംപ്രാവശ്യത്തെ പുതിയ തുടക്കത്തിനു വട്ടംകൂട്ടുകയായിരുന്നു. "ഇങ്ങനെ പലതവണ ആപൽസന്ധികളെ നേരിട്ടുകൊണ്ടു് മുന്നേറുന്നതിൽ ഒരു നല്ല കാൎയ്യമുണ്ടു്," അദ്ദേഹം പറഞ്ഞു: "കരങ്ങൾ, രാഷ്ട്രീയക്കാരുടെ വാഗ്ദാനങ്ങൾ, സാധാരണഗതിയിലുള്ള തണുപ്പു് എന്നിവപോലെയുള്ള ഒരു കാൎയ്യംമാത്രമാണു് ഓരോ കാലത്തുമുണ്ടാകുന്ന പ്രവൎത്തനദുർഘടങ്ങളെന്നു കരുതിക്കൊണ്ടു് അവയ്ക്കുതീതമായി നീണ്ട ചുവടുകൾ വയ്ക്കാനുള്ള മനോധൈൎയ്യവും തന്റേടവും ഇതിൽനിന്നു

ലഭിക്കുന്നു. ഈ രാജ്യത്തു് പാപ്പരായ ഒരാളിനു് അയാളുടെ കമ്പനിയിന്മേലുള്ള നിയന്ത്രണാവകാശം നഷ്ടപ്പെട്ടേ തീരൂ എന്നില്ലെന്നില്ലെന്നു് നിങ്ങൾക്കറിയാമല്ലോ. ആദ്യത്തെ തവണ ഞാൻ പാപ്പരായപ്പോൾ, നാണക്കേടുസഹിയാതെ ജനാലയിൽനിന്നു ചാടി ആത്മഹത്യചെയ്തുകളയാമെന്നുപോലും എനിക്കു തോന്നി. രണ്ടാംതവണ ഞാൻ മദ്യപിച്ചു മദോന്മത്തനായി രണ്ടു ദിവസം കഴിച്ചുകൂട്ടി. എന്റെ ഉത്തമർണ്ണന്മാരോടു കാണിച്ച മര്യാദകേടായിരുന്നു അതു്. എന്നാൽ ഇന്നു് അതിനെപ്പററി ഞാനൊരു പുനരാലോചനപോലും നടത്താറില്ല."

ദൃഢഗാത്രനും, പരുഷസ്വഭാവിയുമായ ഒരാളാണു് ബുഷ്ബെക്ക്. അദ്ദേഹം തന്റെ തലമുടി പറെറ വെട്ടിയിരിക്കുന്നു. പടഹധ്വനിപോലെ ഘനഗംഭീരമാണു് അദ്ദേഹത്തിന്റെ ഗർജ്ജനം. അങ്ങേയററം ശബ്ദായമാനമായി ഇരമ്പിക്കൊണ്ടിരിക്കുന്ന ആ പ്ലാന്റിലെ യന്ത്രങ്ങളേക്കാൾ ഉച്ചത്തിൽ അദ്ദേഹം അലറിയാൽ ആ ഒച്ച എവിടെ കേൾക്കുമെന്നു് ആർക്കും ഊഹിക്കാം. എന്നാൽ ആ യന്ത്രങ്ങൾ ഇക്കാലത്തു് അപൂർവ്വമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. വടിപോലെ നിവർന്നു നില്ക്കുന്ന വെള്ളക്കാളറാണു് അദ്ദേഹം ധരിക്കുന്നതു്. വെയിസ്റ്റ്കോട്ടിനു വിലങ്ങനെ കൊളുത്തിയിട്ടുള്ള ഒരു കനത്ത വാച്ച്ചെയിനും അദ്ദേഹം അണിഞ്ഞിട്ടുണ്ടു്. റഷ്യാക്കാരുടെ അട്ടപ്പുംകൊണ്ടു് നിരുദ്ധമാകാതെ ഇന്നും പശ്ചിമജർമ്മൻകാരിൽ പലരിലും അവശേഷിക്കുന്ന സ്ഫോടകമായ ഫലിതബോധത്തെയാണു് ആഹ്ലാദഭരിതമായ നിന്ദാരസത്തിൽ അദ്ദേഹം പ്രതിഫലിപ്പിക്കു

ന്നതു്. "ഒന്നാം ലോകമഹായുദ്ധത്തിൽ മരിച്ച എന്റെ അച്ഛന്റെ സ്വത്തായി ഒരു ഫാക്ടറി എനിക്കു കിട്ടി," അദ്ദേഹം എന്നോടു പറഞ്ഞു. "ഈ ഫാക്ടറിയല്ല— 1949-ലെ വസന്തകാലം കഴിഞ്ഞാണു് ഞങ്ങൾ ഇവിടെവന്നു താമസമായതു്—റഷ്യൻ മേഖലയിൽ കിടക്കുന്ന 'വീസ്സെൻസിയിലാണതു്. 1918-ൽ ജർമ്മനി യുദ്ധത്തിൽ തോററു; ഞങ്ങളുടെ കമ്പനിക്കു് അതിന്റെ പട്ടാളക്കാണ്ട്രാക്ടുകൾ നഷ്ടപ്പെട്ടു; ഞാൻ അധഃപതിച്ചു. അപ്പോഴാണു് എന്റെ ഒരു സഹപാഠിയായിരുന്ന വിൽഹെംഹോൾസ്മാൻ ഒരു പങ്കാളിയായി എന്നോടൊത്തു ചേരുകയും, പുതുതായി കുറേ പണം മുടക്കുകയുംചെയ്തതു്. 1920-ാമാണ്ടിടയ്ക്കുണ്ടായ പണപ്പെരുപ്പത്തിൽ ഞങ്ങൾക്കു് അതു നഷ്ടപ്പെട്ടു. വീണ്ടും 1932-ലുണ്ടായ സാമ്പത്തികാധഃപതനം ഞങ്ങളെ തറപററിച്ചു. പിന്നേയും രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനമാസങ്ങളിൽ ഞങ്ങൾ പരാജയപ്പെട്ടു; സകലതും പൊളിഞ്ഞു. അന്തരീക്ഷം തെളിഞ്ഞപ്പോൾ 1945-മേയിൽ ഞങ്ങൾ വീണ്ടും ആദിയേ തുടങ്ങി. എന്നാൽ അങ്ങനെ കുറച്ചുകാലം പ്രവത്തിച്ചപ്പോൾ റഷ്യക്കാർ ഞങ്ങളുടെ യന്ത്രങ്ങൾ മിക്കതും പിടിച്ചെടുക്കുകയും, ഒട്ടധികം മററു കമ്പനികളെപ്പോലെ ഞങ്ങളും തകരുകയുംചെയ്തു. വീണ്ടും കാലുറച്ചു നില്ക്കാൻ ആവത്തിച്ചാവത്തിച്ചു ശ്രമംനടത്തുകയാണു്. ഇപ്പോൾ തന്നെ ഞങ്ങളുടെ ബാങ്കിലെ ക്രെഡിററു്മാനേജരെ കണ്ടുകളയാമെന്നു കരുതി• ഹോൾസ്മാൻ അങ്ങോട്ടു പോയിരിക്കുകയാണു്. എന്നാൽ കാൎയ്യം ഇവിടെ നടക്കുമെന്നു തോന്നുന്നില്ല, ബർലിൻവിട്ടു് പശ്ചിമജമ്മനിയിലേയ്ക്കു മാറുകതന്നെ വേണം. അതേ, ഇപ്പോൾ മൊത്തം

ആവൃതവണയായി." അദ്ദേഹം വിരലെണ്ണി. "അതേ, ആവൃതവണ. തോററ രണ്ടു യുദ്ധങ്ങൾ, രണ്ടു സാമ്പത്തികത്തകർച്ചകൾ, വ്യാപാരമാന്ദ്യം, പിന്നീട് റഷ്യാക്കാർ."

ഒരു ജീവന്മരണസാമ്പത്തികസമരത്തിലൂടെ കടന്നുപോകുന്ന പശ്ചിമബർലിനിൽ ബുഷ്ബെക്ക് ആൻഡ് ഹാംമാൻെറ ചരിത്രം അസാധാരണമായ ഒന്നല്ല. ജോലിയുള്ള തൊഴിലാളികളിൽ പകുതിപ്പേരും തെരുവിലാണ്. നാല്പതുലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്ന ബർലിൻ ഒരുകാലത്തു് ലോകത്തിലെ ഏററവും വലിയ നഗരങ്ങളിൽ മൂന്നാമത്തേതായിരുന്നു. വളന്നുകൊണ്ടിരുന്ന ഒരു രാജ്യത്തിൻെറ ആ തലസ്ഥാനനഗരി വാഷിങ്ടൻേറയും ന്യൂയോക്കിൻേറയും സവിശേഷലക്ഷണങ്ങൾ ഒത്തിണങ്ങിയതായിരുന്നു. ജമ്മനിയുടെ ഭരണക്രൂടത്തിൻേറയും, സാമ്പത്തികപ്രവത്തനങ്ങളുടേയും, ഇൻഷ്യൂറൻസിൻേറയും കേന്ദ്രസ്ഥാനമായിരുന്നു അതു്. ശതസഹസ്രക്കണക്കായ സിവിൽ ഉദ്യോഗസ്ഥന്മാരും ആഫീസ് ജീവനക്കാരും വിവിധനിലകളിൽ അവിടെ ജോലിചെയ്തുവന്നു. വൈദ്യുതോപകരണങ്ങൾ, കണ്ണടസാമഗ്രികൾ, തുണി, രാസദ്രവ്യങ്ങൾ, ഔഷധങ്ങൾ, യന്ത്രോപകരണങ്ങൾ, അളവുസാമഗ്രികൾ, റേഡിയോ, സംഗീതോപകരണങ്ങൾ മുതലായ "വിശിഷ്ടവ്യവസായങ്ങൾ"ക്കു് പേരും പെരുമയും പെററ ഒരു നഗരമായിരുന്നു അതു്. ഈ വ്യവസായങ്ങളിൽ ശതസഹസ്രക്കണക്കായ വിദഗ്ദ്ധതൊഴിലാളികൾ പണിയെടുത്തിരുന്നു. സിവിൽ ഉദ്യോഗസ്ഥന്മാരും, ആഫീസ് ജീവനക്കാരും, ഗുമസ്തന്മാരും, വിദഗ്ദ്ധതൊഴിലാളികളും ഇന്നും ബർലിനിലുണ്ടു്. എന്നാൽ അവരുടെ ഉദ്യോഗ

ങ്ങൾ ബോൺ, ഫ്രാങ്ക്ഫർട്ട് മുതലായ പശ്ചിമജർമ്മൻ വ്യവസായകേന്ദ്രങ്ങളിലേയ്ക്കു മാറിപ്പോയിരിക്കുന്നു. ഇരുന്നൂമറയ്ക്കു നൂറുമൈൽ പുറകിൽ ഉപരോധാവസ്ഥയിലിരിക്കുന്ന ഒരു നഗരത്തിൽനിന്ന് പശ്ചിമജർമ്മനിയെ പ്രവർത്തിപ്പിക്കുകയെന്നതു് അപ്രായോഗികമാണു്. ബർലിൻകാരുമായി വ്യാപാരം നടത്തുകയെന്നതു് വിദേശികളെ സംബന്ധിച്ചിടത്തോളം കൂടുതൽ അപ്രായോഗികവുമാണു്. ഈ സ്ഥിതി പശ്ചിമബർലിനിലെ പല വ്യവസായങ്ങൾക്കും ഹാനികരമായിത്തീന്നു. ബർലിനു പടിഞ്ഞാറുള്ള ഭാഗങ്ങളുമായി വ്യാപാരം നടത്തിയാലേ പശ്ചിമബർലിൻ വ്യവസായങ്ങൾ രക്ഷപ്പെടുകയുള്ളു. എന്നാൽ അവയ്ക്കു് അസംസ്കൃതസാധനങ്ങൾ കിട്ടേണ്ടതും, നിർമ്മിതസാധനങ്ങൾ പടിഞ്ഞാറൻ പ്രദേശങ്ങളിലേയ്ക്കു് അയക്കേണ്ടതും സോവിയററു് മേഖലയിലൂടെയുള്ള ഒരിടനാഴിവഴിക്കാണു്. ഈ ഇടനാഴി റഷ്യാക്കാക്കു് ഇഷ്ടംപോലെ അടയ്ക്കത്തക്കനിലയിലാണിരിക്കുന്നതു്. റഷ്യാക്കാർ ഒരിക്കൽ ബർലിൻ നഗരത്തെ പൂർണ്ണമായിത്തന്നെ ഉപരോധിച്ചു. അവർ കൂടെക്കൂടെ ജലമാർഗ്ഗഗതാഗതം തടഞ്ഞുകളയുന്നു. ആട്ടോബഹാനിലെത്തുന്ന വാഹനങ്ങളെ അവർ നിർത്തിത്താമസിപ്പിക്കുന്നു. ഇതിനെല്ലാം പുറമേ ആയിരമായിരം ചില്ലറ പ്രതിബന്ധങ്ങൾ വരുത്തിക്കൂട്ടുന്നതിനുള്ള ഉപായങ്ങളും അവർ കണ്ടുപിടിച്ചിട്ടുണ്ടു്.

ഞാൻ ബുഷ്ബെക്ക് ആൻഡ് ഹോംസ്മാൻ ഫാക്ടറി സന്ദർശിച്ചതു് ഒരു വ്യാഴാഴ്ച രാവിലെയായിരുന്നു. എന്നാൽ ജോലിദിവസമായ അന്നു്, മെയിൻറനൻസ് പണിക്കാരായ നാലുപേർ മാത്രമേ ഡ്യൂട്ടിയി

ലേപ്പെട്ടിരുന്നുള്ളു. യന്ത്രങ്ങൾ നിശ്ചലമായി കിടന്നിരുന്നു. "കഴിഞ്ഞയാഴ്ച ഞങ്ങൾ പതിനെട്ടുമണിക്കൂർ പ്രവർത്തിച്ചു; അതിനു തലേയാഴ്ച പതിനാറുമണിക്കൂർ മാത്രം." ബുഷ്ബെക്ക് ഒരു വ്യസനഭാവത്തിൽ പറഞ്ഞു. "എന്നാൽ, ദൈവം സാക്ഷിയായി ഞാൻ പറയുന്നു, പശ്ചിമമോസ്കോയിലെ ഒരു ധനാഢ്യനായിരിക്കുന്നതിനേക്കാൾ ഇവിടെ കിടന്നു നരകിക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഞാൻ നേരത്തേ പറഞ്ഞതുപോലെ, രണ്ടുവർഷം മുമ്പു് ഞങ്ങൾ സോവിയററ് മേഖലയിലായിരുന്നു. പൂർവ്വപശ്ചിമവിഭജനവും, നാണ്യപരിഷ്കാരവും നടപ്പായപ്പോൾ അവിടെ കഴിഞ്ഞുകൂടുന്നതു് ആത്മഹത്യാപരമായിരിക്കുമെന്നുള്ള തീരുമാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. ഉടനല്ലെങ്കിൽ പിന്നീടു് അക്രൂട്ടർ ഞങ്ങളെ പിടികൂടുമെന്നു ബോദ്ധ്യമായി. എന്റെ ഭാര്യ പരിഭ്രമാകുലയായി. ഞാൻ ഫാക്ടറിയിലേയ്ക്കു പോകുന്നതുപോലും അവൾ ഇഷ്ടപ്പെട്ടില്ല. അവൾക്കു് ചാർലററ് എന്ന പേരിൽ ഒരു മരുമകളുണ്ടു്. വിധവയാണവൾ. പൂർവ്വജർമ്മനിയിൽ വൈദ്യുതോപകരണങ്ങളും റേഡിയോയും നിർമ്മിക്കുന്നതും റഷ്യൻ നിയന്ത്രണത്തിലുള്ളതുമായ ഒരു യന്ത്രശാലയിലാണു് അവൾ ജോലിചെയ്യുന്നതു്. ആ മരുമകളെപ്പററി എന്റെ ഭാര്യ വളരെ സങ്കടപ്പെട്ടു കഴിയുകയാണിന്നു്."

"നിങ്ങൾ റഷ്യൻമേഖല വിട്ടപ്പോൾ നിങ്ങളുടെ യന്ത്രസാമഗ്രികൾകൂടി കൊണ്ടുപോരാൻ റഷ്യാക്കാർ സമ്മതിച്ചതിൽ എനിക്കത്ഭുതം തോന്നുന്നു," ഞാൻ പറഞ്ഞു.

ബുഷ്ബെക്ക്—അവർ സമ്മതിച്ചില്ല. ഈ സാധനങ്ങൾ അശേഷം ഞങ്ങൾ വ്യാജമായി കടത്തിക്കൊ

ണ്ടുപോരേണ്ടതായിട്ടാണ് വന്നുകൂടിയതു്. അതൊരു തമാശയായിരുന്നില്ല. ആ വോഠംക്കു് പോലീസി..... ങ്ഹാ, ഫോഠംസ്മാൻ ഇതാ വന്നുകഴിഞ്ഞല്ലോ.

ഒരു ഉത്തുംഗകായൻ അകത്തു പ്രവേശിച്ചു; കുഴിഞ്ഞ കണ്ണുകളോടുകൂടിയ ഒരു മനുഷ്യൻ. അഴുക്കടിഞ്ഞിരുന്ന ഒരു ബ്രീഫ്കേസ് അദ്ദേഹം അലക്ഷ്യമായി ആഫീസ് മുറിയിലെ രണ്ടു മേശകളിൽ ഒന്നിന്മേൽ എറിഞ്ഞു. ബുഷ്ബെക്ക് ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി. ഫോഠംസ്മാൻ എനിക്കു ഹസ്തദാനം നല്കിയ ശേഷം ഒരു കസേരയിലിരിക്കുകയും, കണ്ണു തിരുമ്മുകയും ചെയ്തു. അദ്ദേഹം വളരെ വ്യാകുലനായി കാണപ്പെട്ടു. അദ്ദേഹത്തിൻെറ വലത്തേ കാലുറയിൽ ഒരു സൈക്കിഠം ക്ലിപ്പ് കൊളുത്തിയിരുന്നു. ബുഷ്ബെക്ക് എന്തോ ചോദിക്കുന്നരീതിയിൽ അർത്ഥഗർഭമായി അദ്ദേഹത്തെ നോക്കി. അപരൻ തലകുലുക്കി.

ഫോഠംസ്മാൻ—ഒരൊററ ഫെനിഗ് പോലുമില്ല. അവരെ കുററപ്പെടുത്താനുംവയ്യ. നമ്മുടെ വകയായി ആകെ ശേഷിച്ചിട്ടുള്ളതു് വീട്ടിലുള്ള ജംഗമസാധനങ്ങളും ഇവിടെ കുറേ യന്ത്രങ്ങളും മാത്രമാണ്. പത്തുനിലയുള്ള ഒരു കെട്ടിടം മുഴുവൻ നിറയത്തക്ക യന്ത്രങ്ങഠം ഇപ്പോഠംത്തന്നെ ബാങ്കിൻെറ കൈവശമുണ്ടെന്നാണ് ക്രെഡിററ് മാനേജർ എന്നോടു പറഞ്ഞതു്.

ബുഷ്ബെക്കിനു് ഇതുകേട്ടു് ആശ്ചര്യമോ നൈരാശ്യമോ ഉണ്ടായില്ല. അദ്ദേഹം എന്നോടായി ഇങ്ങനെ പറഞ്ഞു: "അതാണു കാര്യം. പടിഞ്ഞാറേ ജർമ്മനിയിൽ നാകവാപ്പു യന്ത്രശാലകളിലെ ഉൽപാദനം 1936-ലെ തോതിൻെറ 106 ശതമാനമാണ്. ബർല

നിലാകട്ടെ, അതു മുപ്പതുശതമാനത്തിലും കുറവാണു്. ബർലിനിൽ ഞങ്ങൾ നടത്തിയ ധീരസമരത്തെ എല്ലാവരും പുകഴ്ത്തുന്നു. എന്നാൽ ഞങ്ങളെ സഹായിക്കാൻ വേണ്ടി ഒരു ഫെനിഗ്ഗ്പോലും പടിഞ്ഞാറേ ജർമ്മനിയിലുള്ളവർ ചെലവിടുന്നില്ല. ഉപരോധകാലത്തു് പശ്ചിമജർമ്മൻ വ്യവസായോല്പാദകസംഘങ്ങൾ ഞങ്ങളുടെ ത്യാഗങ്ങളെപ്പററി പ്രസംഗിക്കവേ അവരുടെ വ്യവസായോല്പാദനം ഇരട്ടിക്കുകയും, ഞങ്ങളുടേതു് പകുതിയായി കുറയുകയും ചെയ്തു."

മുമ്പിലത്തേക്കാൾ കൂടുതൽ വ്യാകുലനായി കാണപ്പെട്ട ഹോൾസ്മാൻ സ്വരമുയർത്തിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു. "രണ്ടുമാസം മുമ്പു് ഇവിടത്തെ കോടതികളിൽ ശതക്കണക്കിനു പാപ്പർ ഹർജികൾ വിചാരണയ്ക്കുവന്നു. അവയിൽ നാല്പത്തിയഞ്ചെണ്ണം മാത്രമാണു് അനുവദിച്ചതു്. മററു കേസുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പാപ്പർ ഹർജി നടത്തിപ്പുകാരനായ ഉദ്യോഗസ്ഥനു ശമ്പളംകൊടുക്കാനുള്ള ആസ്തിപോലും അവശേഷിച്ചിരുന്നില്ല. ഞങ്ങൾ പടിഞ്ഞാറേ ജർമ്മനിയിലേയ്ക്കു് കമ്പനി മാററാൻ ഉദ്ദേശിക്കുന്നു എന്നു സിററിഹാളിലെ ഉദ്യോഗസ്ഥന്മാരോടു ഞാൻ പറഞ്ഞപ്പോൾ അവരതു തീരെ കാര്യമായി എടുത്തതേയില്ല."

ബുഷ്ബെക്ക്—ഇവിടംവിട്ടു പോകുന്നതിനു് എനിക്കു മനസ്സുവരുന്നില്ല.

അദ്ദേഹം തൻെറ വാച്ചിൻെറ ചെയിൻ പിടിച്ചുകിലുക്കിക്കൊണ്ടു് മുറിക്കുള്ളിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. "എന്തൊക്കെയായാലും ഇതെന്റെ സ്വദേശനഗരമാണു്. ഇപ്പോൾ ഇവിടം ആകപ്പാടെ വിലക്ഷണമായിത്തീർ

ന്നിരിക്കുന്നു; ഒരു വൃത്തിയും വെടിപ്പുമില്ലാതെ തണുത്തു ചെളികെട്ടി റഷ്യാക്കാരെക്കൊണ്ടു നിറഞ്ഞുകിടക്കുകയാണു് ഈ പട്ടണം. ഇങ്ങനെയൊക്കെയാണെങ്കിലും, ലോകത്തിൽ എന്തു നടക്കുന്നു എന്നറിഞ്ഞു് ആ ബോധത്തോടുകൂടി കഴിഞ്ഞുകൂടാൻ ഇവിടെ സാധിക്കും."

"അങ്ങനെയാണെങ്കിൽ നമുക്കിവിടെത്തന്നെ താമസിച്ചുപട്ടിണികിടക്കാം." ഹോംസ്മാൻനിർദ്ദേശിച്ചു.

ബുഷ്ബെക്ക് ആ അഭിപ്രായത്തെ അവഗണിച്ചു; അദ്ദേഹം എന്നോടായി ഇങ്ങനെ തുടന്നു!! ഞങ്ങളുടെ അവസാനത്തെ ആയിരം മാർക്സിൽ ഞങ്ങളിന്നു താണിരിക്കുകയാണു്. ഒരു ദീർഘശ്വാസത്തെ തടുക്കാനോ എന്നു തോന്നുമാറു് അദ്ദേഹം തന്റെ നിവന്ന കാളറിനകത്തു് വിരൽ കടത്തി. "ഞങ്ങൾ രണ്ടുപേരും തൊഴിലാളികളായിരുന്നെങ്കിൽ ഓരോരുത്തർക്കും പ്രതിമാസം മുപ്പതു മാർക്സ്‌വീതം തൊഴിലില്ലായ്മ ഇൻഷ്യൂറൻസ് വേതനം കിട്ടുമായിരുന്നു." എന്നാൽ ഇന്നത്തെ നിലയിൽ ഈ സ്ഥലത്തിനു വാടക കൊടുക്കാൻ വേണ്ടി ഞങ്ങൾ ഞങ്ങളുടെ വീട്ടിലെ ജംഗമസാധനങ്ങളും പുസ്തകങ്ങളും വില്ക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇരുപതു ഫെനിഗ്ഗ്സ് കാർക്കൂലി ലാഭിക്കാൻവേണ്ടി ഹോംസ്മാൻ സൈക്കിളിൽ പോയി ഞങ്ങളുടെ ഇടപാടുകാരെ കാണുകയാണു്. അഹോ! ഞങ്ങൾ അത്രയ്ക്കു് ദരിദ്രരായിക്കഴിഞ്ഞിരിക്കുന്നു

ഹോംസ്മാൻ തലയാട്ടി. "എനിക്കു് ഇന്നു് അറിയാവുന്നിടത്തോളം കാര്യങ്ങൾ 1945-ൽ അറിഞ്ഞിരുന്നെങ്കിൽ ഞാൻ വീണ്ടും ഈ പ്രവത്തനം ആദിയേ തുടങ്ങില്ലായിരുന്നു."

ബുഷ്ബെക്ക് —അതേ; നാം തുടങ്ങുകതന്നെ വേണം; നാം എപ്പോഴും അങ്ങനെയാണ് ചെയ്യുന്നതു്.

1945-ൽ എന്തു സംഭവിച്ചെന്നു ഞാൻ ചോദിച്ചു.

ബുഷ്ബെക്ക് —ഇന്നത്തേതിൽ നിന്നു വളരെയധികം വ്യത്യസ്ഥമായിരുന്നു അക്കാലം. അന്നത്തെ പ്രശ്നം മിക്കവാറും ശരീരരക്ഷയുടെ ഒരു പ്രശ്നമായിരുന്നു. സാമ്പത്തികസാഹചര്യങ്ങളുടേതല്ല. എന്തെന്നാൽ അന്നു സാമ്പത്തിക സാഹചര്യങ്ങളൊന്നും ഇല്ലായിരുന്നു. യുദ്ധത്തിൻെറ ആദ്യഘട്ടത്തിൽ സഖ്യവിമാനങ്ങൾ ഒരിക്കലും വിസ്സൻസിലെ ഞങ്ങളുടെ ഫാക്റ്ററിക്ക് കേടുവരുത്തിയില്ല. റഷ്യൻ യന്ത്രത്തോക്കുകൾ വളരെ അടുത്തെത്തിയ ഏപ്രിൽവരെ ഞങ്ങൾ അവിടെ കഴിഞ്ഞുകൂടി. ഫോൾസ്റ്റാൻ വോൾക്ക്സ്ടേമിലേയ്ക്കു വിളിക്കപ്പെട്ടു. എന്നാൽ എനിക്കു പുറത്തു നില്ക്കാൻസാധിച്ചു. പിന്നീട് ബർലിൻ യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ, ജീവിക്കാനുള്ള പണമെങ്കിലും ഞങ്ങളുടെ കൈയിൽ വേണ്ടുവോളമുണ്ടായിരുന്നു. ഫാക്റ്ററിയെപ്പററി വളരെ അപൂർവ്വമായിട്ടേ ഞാൻ ചിന്തിക്കാറുണ്ടായിരുന്നുള്ളു. ചിന്തിച്ചപ്പോഴെല്ലാം അതു നശിച്ചു കാണുമെന്നാണ് ഞാൻ വിശ്വസിച്ചതു്. എന്നാൽ മേയ് 11-ാംനു- സംഘടിതയുദ്ധം അവസാനിച്ചപ്പോൾ ഞങ്ങളുടെ പഴയ തൊഴിലാളികളിലൊരാൾ-ഹീൻസ് എന്നാണ് അയാളുടെ പേരു്-സ്റ്റെഗ്ലിററ്സിലെഎൻെറ വീട്ടിൽവന്നു പറഞ്ഞു ഫാക്റ്ററി അപ്പോഴും അവിടെനിലനില്ക്കുന്നുണ്ടെന്ന് എനിക്കതു വിശ്വസിക്കാൻ സാധിച്ചില്ല. വീസ്സൻസിയിലേയ്ക്കു നടന്നുപോകാമെന്നും, അവിടെ ചെന്നു നോക്കാമെന്നും അയാളും ഞാനും തീരുമാനിച്ചു. അതൊ

രു വല്ലാത്ത നടത്ത തന്നെയായിരുന്നു. പതിനഞ്ചു കിലോമീററർ ദൂരം—ഇരുവശത്തും എരിഞ്ഞുതകൻനുകൊണ്ടിരുന്ന കെട്ടിടങ്ങൾ, റഷ്യൻ പട്ടാളങ്ങൾ, ഒററതിരിഞ്ഞു നടക്കുന്നശത്രുപക്ഷക്കാരെ വെടിവെച്ചുവീഴ്ത്തുന്ന പടയാളികൾ, ഇങ്ങനെയൊക്കെയായിരുന്നു ഞങ്ങൾ കടന്നുപോയ രംഗങ്ങൾ. ഫാക്റററിയിലെത്തിയപ്പോൾ ഞങ്ങൾക്കു ഞങ്ങളുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു ചുവരും മേൽക്കൂരയും മാത്രം തകൻനുപോയിട്ടുണ്ട്. ബാക്കിയെല്ലാം യാതൊരു കേടും കൂടാതെ അവശേഷിക്കുന്നു. യന്ത്രങ്ങളെല്ലാം അവിടെത്തന്നെയുണ്ടുതാനും വിശ്വസിക്കാൻ പ്രയാസം! ഞങ്ങൾ അവിടെ ഇരുന്നു് അവശിഷ്ടസാധനങ്ങളുടെ ഒരു പട്ടിക തയാറാക്കാൻ തുടങ്ങി. ജമ്മൻകാരായ ഞങ്ങൾ പട്ടികകളും വിശദമായ കുറിപ്പടികളും തയ്യാറാക്കുന്നതിൽ ഔത്സുക്യമുള്ളവരാണെന്നു നിങ്ങൾക്കറിയാമല്ലോ. ഞങ്ങൾ ആ ജോലിയിൽ വ്യാപൃതരായി. ഉച്ചതിരിഞ്ഞു് വൈകാറായപ്പോൾ ഒരുകൂട്ടം റഷ്യൻപട്ടാളക്കാർ രണ്ടുവാഹനങ്ങളിലായി ഓടിച്ചുവന്നു. ഞങ്ങളെ ലവലേശം കാര്യമാക്കാതെ അവർ സകലതും തൂത്തുപെറുക്കി വണ്ടികളിൽ കയററി. യന്ത്രങ്ങളും, യന്ത്രോപകരണങ്ങളും, ഡെസ്കുകളും, കസേരകളും, വിളക്കുബൾബുകളും, എന്നു വേണ്ടാ, കാർബൺപേപ്പറും സ്റ്റേഷണറിയും പോലും അവർ എടുത്തു കൊണ്ടുപോയി കുറേ ലോഹക്കഷണങ്ങൾ മാത്രമാണു് പിന്നീടവിടെ അവശേഷിച്ചതു്. ഞങ്ങളുടെ സാധനങ്ങൾ ഇങ്ങനെ അപഹരിച്ചു കൊണ്ടുപോകാൻ അനുവദിച്ച ഞാൻ ഒരു ഭ്രാന്തനാണെന്നു് ഹീൻസ് അഭിപ്രായപ്പെട്ടു. പക്ഷെ, ഞാനതു

സമ്മതിച്ചില്ലായിരുന്നെങ്കിൽ അനുഭവമെന്താകുമായിരുന്നെന്നു് എനിക്കു കൂടുതൽ അറിയാമായിരുന്നു. തന്റെ യന്ത്രശാല റഷ്യൻ പട്ടാളക്കാർ കൈയേറിയപ്പോൾ അതിനെ പ്രതിഷേധിച്ച സ്റ്റെഗ്ലിററ്സിലെ ഒരു വ്യവസായിയെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അയാൾ പ്രതിഷേധിച്ചപ്പോൾഅവർ ചിരിക്കുക മാത്രമാണു ചെയ്തതു്. ഒരു ചെറുതരം ടാങ്കും കനത്ത ചങ്ങലകളും കൊണ്ടുവന്നു് ആളുഊക്കൻയന്ത്രത്തെപല്ലുപിഴുന്നമാതിരി അക്കൂട്ടർ അടിയോടെ ഇളക്കി വലിച്ചെടുത്തു കൊണ്ടുപോയി. ആ പോകുന്ന പോക്കിൽ അവർ ആ വ്യവസായിയെ വെടിവയ്ക്കുകയും ചെയ്തു.

അടുത്ത ദിവസം രണ്ടു പഴയ തൊഴിലാളികൾ കൂടി ബുഷ്ബെക്കും ഹീൻസുമൊത്തു് ഫാക്റ്ററിയിലെ നാശനഷ്ടങ്ങൾ അടിച്ചുവാരുകയും, തകന്ന ഭിത്തിയും കൂരയും പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു. മററു തൊഴിലാളികളും യഥാസമയം ജോലിക്കുവന്നു ചേർന്നു. നാശക്കൂമ്പാരങ്ങൾക്കിടയിൽ നിന്നു കണ്ടെടുത്ത റിവററുകളും ഷെൽകേസിങ്ങുകളും, തുണ്ടുകമ്പികളും മററും കൊണ്ടു് ഒട്ടുവിദ്യകൾ നടത്തി. അവർ ആ യന്ത്രങ്ങളെ ഒരു വിധത്തിൽ അഴിച്ചുകൂട്ടി. തൊഴിലാളികൾക്കു കൂലികൊടുക്കാൻ ബുഷ്ബെക്കിന്റെ കൈയിൽ പണമില്ലായിരുന്നു. പ്രതിദിനം ഒരു നേരത്തെ ചൂടുഭക്ഷണം വാങ്ങിക്കൊടുക്കാൻ സാധിക്കുമെങ്കിൽ തങ്ങൾ അദ്ദേഹത്തിന്റെ കീഴിൽ ജോലി തുടന്നുകൊള്ളാമെന്നു് അവർ ഏററു. ഇതിനിടയിൽ ഹോൾസ്മാൻ പോൾക്കു് സ്റ്റേമിൽനിന്നു മടങ്ങിയെത്തുകയും, ഒരുതരം സഞ്ചാരഅടുക്കളയ്ക്കുള്ള ഏപ്പാടുകൾ ചെയ്യുകയുമുണ്ടായി. പ്രതിദിനം ചൂടുസൂപ്പും, സസ്യവിഭവങ്ങളും കൊടുത്തു കൊ

ള്ളാമെന്ന കരാറിൽ അടുക്കളയിലെ ചട്ടിയും കലങ്ങളും മററും നന്നാക്കുന്നതിന്ന് അതിൻെറ ഉടമസ്ഥനുമായി അദ്ദേഹം കരാർ ചെയ്തു.

ബ്വഷ്ബെക്ക് തുടൎന്നു: "അത്ഭുതാവഹമായ അളവിൽ ഒരു വിശ്വാസം അക്കാലത്തുണ്ടായിരുന്നു. കുറേ പഴഞ്ചൻ വെർച്ച്മാററ് ഉരുക്കു തൊപ്പികൾ ഹോംസ്മാൻ എങ്ങനെയോ നേടി. ഞങ്ങൾ അവയെ പാചകത്തിനുള്ള കലങ്ങളായി രൂപാന്തരപ്പെടുത്തി. അവയിൽ ചിലതു് ഞങ്ങൾ ഫാക്ടറിയിലെ തൊഴിലാളികൾക്കു കൊടുത്തശേഷം, ബാക്കിയുള്ളവ കൈവണ്ടികളിൽ കയററി തെരുവുകളിൽ വില്പന നടത്തി. ഒരിക്കൽ ചാർലററൻ ബർഗ്ഗിൽ നിന്നു് ക്രൂസ്ബർഗ്ഗ്വരെ പന്ത്രണ്ടു കിലോമീററർദൂരം ഞാൻ കൈവണ്ടി വലിക്കുകയും, കലങ്ങൾ വില്ക്കുകയും ചെയ്തു. ഒരു സൈക്കിളിലായിരുന്നു ഹോംസ്മാൻെറ സഞ്ചാരങ്ങൾ. ഡാക്റ്റർമാർ ധരിക്കാറുള്ള റെഡ്ക്രോസ് മുദ്ര അണിഞ്ഞിരുന്നതുകൊണ്ടു് റഷ്യക്കാർ അദ്ദേഹത്തെ ശല്യപ്പെടുത്തിയില്ല. ഒരു ചുററികയോ, കുറേ തിരുക്കാണികളൊ കിട്ടുകയെന്നതുപോലും അന്നൊരു വലിയ പ്രശ്നമായിരുന്നു. ഞങ്ങൾക്കു് അത്യന്താപേക്ഷിതമായ ഒരു ബാൻഡ്സാ ബ്ലേഡ് കിട്ടുന്നതിനുവേണ്ടി അനുഭവിച്ച പ്രയാസങ്ങൾ ഞാനിപ്പോഴും ഓർക്കുന്നു. അമേരിക്കൻ മേഖലയിലുള്ള ന്യൂക്കോണിലെ ഒരു വ്യവസായ ശാലയിൽഉപയോഗമില്ലാതെകിടക്കുന്ന ഒരു ബ്ലേഡുണ്ടെന്നു് എനിക്കറിവുകിട്ടി. എന്നാൽ, ബ്ലേഡിനുപകരം അലൂമിനിയം കിട്ടണമെന്നാണവർ പറഞ്ഞതു്. ടൂറിംഗിയായിലെ ഒരു ഫാക്ടറിയിൽ ആവശ്യത്തിൽ കവിഞ്ഞു കുറേ അലൂമിനിയം കിടപ്പുണ്ടെന്നു് ഹോംസ്മാൻ

കേട്ടറിഞ്ഞു. സൈക്കിളുമെടുത്തുകൊണ്ടു് അദ്ദേഹം അങ്ങോട്ടുപോയി. എന്നാൽ എൻെറ സ്നേഹിതൻ അവിടെ എത്തിയപ്പോഴേയ്ക്കും റഷ്യക്കാർ നേരത്തെ തന്നെ അലൂമിനിയമെല്ലാം എടുത്തുകൊണ്ടു പൊയ്ക്കഴിഞ്ഞിരുന്നു. അവിടെനിന്നു് ഒരുചെറിയവീപ്പ, പിരിയാണി വാങ്ങാൻ അദ്ദേഹത്തിനു സാധിച്ചു. തുടർന്നു് ഞങ്ങൾ മററൊരു കമ്പനിയുമായി ഇടപെട്ടു് പിരിയാണി കൊടുത്തു് പകരം നാലു പൗവ്വർ ബെൽട്ടുകൾ വാങ്ങി. ഈ ബെൽട്ടുകൾ കൈമാറി കുറേ അലൂമിനിയം വാങ്ങാനും, ബ്ലേഡ് നേടാനും ഞങ്ങൾക്കു സാധിച്ചു.

"ആഗസ്റ്റ് അവസാനത്തോടുകൂടി ഞങ്ങൾ ഏതാനും ചില യന്ത്രങ്ങൾ സ്ഥാപിക്കുകയും, കലങ്ങൾ, ചട്ടികൾ, ഗ്യാസ്മീററർ കേസിങ്ങുകൾ മുതലായ അല്ലറ ചില്ലറ സാധനങ്ങൾ ഉണ്ടാക്കിത്തുടങ്ങുകയും ചെയ്തു. അങ്ങനെ കഴിഞ്ഞപ്പോൾ ഒരു ദിവസം രണ്ടു റഷ്യൻ ഉദ്യോഗസ്ഥന്മാർ ഫാക്റ്ററിയിൽ വന്നു. അവർ യന്ത്രശാലയിൽ ചുററിനടന്നു നോക്കി. ഗ്യാസ് മീററർ കേസിങ് സപ്ലൈ ചെയ്യുന്നതിനുള്ള ഒരു ആർഡർ അവർ ഞങ്ങൾക്കുതന്നു. ഞങ്ങളുടെ തൊഴിലാളികൾക്കു് രണ്ടു മൂന്നാഴ്ചത്തെ പണികൊടുക്കാൻ അതു സഹായകമായിരുന്നു. എന്നാൽ ഒരു പ്രത്യേകതരം ചായവും പ്രവർത്തനക്ഷമമല്ലാത്ത നിലയിൽ കിടക്കുന്ന ഞങ്ങളുടെ വലിയ ഡ്രൈപ്രസ്സുകളിലൊന്നിനു് ചില യന്ത്രഭാഗങ്ങളും കിട്ടിയാലേ, ആർഡറനുസരിച്ചു് സാധനങ്ങൾ തയാറാക്കിക്കൊടുക്കാൻ സാധിക്കു എന്നു് ഞങ്ങൾ അവർക്കു വിശദമാക്കിക്കൊടുത്തു. ചായവും യന്ത്രഭാഗങ്ങളും ലഭ്യമാക്കാമെന്നു് റഷ്യക്കാർ ഏററു; അവരതു

ലഭ്യമാക്കുകയും ചെയ്തു. അങ്ങനെ യന്ത്രത്തിൻെറ കേട്ട തീർത്തു; സാധനങ്ങൾ തയാറാക്കി; റഷ്യാക്കാർ കൃത്യസമയത്തിനു തന്നെ അവ വാങ്ങി. അവക്കു തൃപ്തിയായി; വളരെ തൃപ്തിയായി. എന്നുവെച്ചാൽ തൃപ്തിയുടെ ആധിക്യംകൊണ്ടു്, ഏതാനും ആഴ്ചകഴിഞ്ഞു് അവർ വാഹനങ്ങളും ഭടന്മാരുമായി വീണ്ടുമെത്തി ആ വലിയ ഡ്രില്ലുപ്രസ്സും, മററുരണ്ടു യന്ത്രങ്ങളും പിടിച്ചെടുത്തുകൊണ്ടുപോയി എന്നത്ഥം. ഇത്തരം അനുഭവങ്ങൾ സാധാരണയായിത്തീൻ. കുറേ കഴിഞ്ഞപ്പോൾ കിഴക്കേബെർലിനിലെ ഒരൊററ വ്യവസായിയും റഷ്യാക്കാരുമായി ഇടപെടാൻ ആഗ്രഹിക്കാതെയായി. എന്നാൽ എല്ലാത്തരം അസംസ്കൃത സാധനങ്ങളുടേയും മേൽ അവർക്കു നിയന്ത്രണമുണ്ടായിരുന്നു. അക്കാലത്തു് കരിഞ്ചന്ത ഉണ്ടായിരുന്നില്ല. കമ്മ്യൂണിസ്റ്റ് സൈനിക വിഭവങ്ങൾക്കുള്ള (വോജെൻ ടോർഗ്) ഏപ്പാടിനുവേണ്ടി പ്രവത്തിച്ചാൽ മാത്രമേ അസംസ്കൃത സാധനങ്ങൾക്കുള്ള പെർമിററുകൾ നിങ്ങൾക്കു കിട്ടുമായിരുന്നുള്ളു."

ഹോൾസ്മാൻ വിഷണ്ണനായി തലകുലുക്കി. "സാങ്കേതം അവർ കൊണ്ടുപോയി," അദ്ദേഹം പറഞ്ഞു. "എൻെറ ദൈവമേ, സഹാറാ മരുഭൂമിയിലൂടെ നടന്നുപോകുന്നതുപോലെയുള്ള ഒരനുഭവമായിരുന്നു അതു്. ഒരു മണൽക്കുന്നു് കടന്നുകഴിയുമ്പോൾ വീണ്ടും മറെറാന്നു്; ദൃഷ്ടിയെത്തുന്ന ദൂരംവരെ അവ നീണ്ടുപരന്നു കിടക്കുന്നു. സ്വാഭാവികമായിത്തന്നെ വീണ്ടും ഞങ്ങൾ തകച്ചയിലായി. എന്നാൽ അപ്പോൾ തൊഴിലാളികൾ ഞങ്ങളോടു പറഞ്ഞതു്, തങ്ങൾക്കു വേലയില്ലാതാകുന്നതിലും ഭേദം ഒരു പുതിയ ശമ്പള-സമയ-ക്രമത്തിൽ പണിയെടുക്കാൻ തങ്ങൾ തയാറാണെന്നാണ്. അതി

നാൽ ഒരു പരിമിത രീതിയിൽ ഞങ്ങഠം വീണ്ടും പ്രവത്തനം തുടങ്ങി. അങ്ങനെ രണ്ടുവർഷം ഉന്തിത്തള്ളി."

1948-ലേയും 1949-ലേയും ഉപരോധത്തിൻേറയും, എയർലിഫ്ററിൻേറയും (വിമാനങ്ങഠം വഴിസാധനങ്ങഠം കയററിയിറക്കിയ ഏർപ്പാട്ട്) കാലത്തു് ഫാക്ടറിക്ക പ്രവത്തനം തുടന്നു നടത്താൻ സാധിച്ചോ എന്നു് ഞാൻ ചോദിച്ചു.

ബുഷ്ബെക്ക്——ആരംഭത്തിൽ കാര്യങ്ങഠം മോശമായിരുന്നില്ല. സ്ഥിതിഗതികഠം താറുമാറായികിടന്നിരുന്നതിനാൽ റഷ്യൻ മേഖലയിൽനിന്നു് കുറേ സാധനങ്ങഠം അനിയന്ത്രിതമായി ഇങ്ങോട്ടു നീങ്ങിക്കൊണ്ടിരുന്നു. എന്നാൽ ഉപരോധത്തിന്റെ പാരമ്യത്തിൽ 1948 ജൂണിൽ നാണ്യപരിഷ്കാരം നടപ്പിലായി. അതു ഞങ്ങളുടെ നട്ടെല്ലു തകത്തുകളഞ്ഞു.

കിഴക്കേ ജമ്മനിയിലും പടിഞ്ഞാറേ ജമ്മനിയിലും പ്രത്യേക നാണ്യങ്ങഠം ഏപ്പെടുത്തിയ കറൻസിപരിഷ്കാരകാലത്തു് ബുഷ്ബെക്ക് ആൻഡ് ഹോഠംസ് കമ്പനിയുടെ ഇടപാടുകാരിൽ അധികം പേരും പൂവ്വബർലിൻ മേഖലയിലോ, ജമ്മനിയുടെ സോവിയററു് മേഖലയിലോ പ്രവത്തനം നടത്തിവന്ന വ്യവസായികളായിരുന്നു. നാണ്യപരിഷ്കാരത്തിനുശേഷം ഈ ഇടപാടുകാർ സാധനങ്ങഠംക്കുള്ള വില റഷ്യാക്കാർ നടപ്പാക്കിയ കിഴക്കൻ മാർക്സ് നാണയത്തിൽ തരാമെന്നാണു പറഞ്ഞതു്. ഔദ്യോഗികമായി കിഴക്കൻ മാർക്സിനും, പടിഞ്ഞാറൻ മാർക്സിനും ഒരേ വിലയായിരുന്നു. എന്നാൽ ശരിക്കുള്ള വ്യാപാരത്തിന്റെ പ്രായോഗിക രംഗത്തു് ഇവയുടെ അനുപാതം ഏറെക്കുറെ ഏഴു പടിഞ്ഞാറൻമാർക്സിനു് ഒരു കിഴക്കൻ

മാർക്സ് എന്ന തോതിലായിരുന്നു. ഇതിനും പുറമേ വ്യവസായശാലയുടെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃതസാധനങ്ങൾ ഒട്ടുമിക്കവാറും പശ്ചിമജർമ്മനിയിൽനിന്നു വരേണ്ടിയിരുന്നതിനാൽ കൂടുതൽ വിലപിടിപ്പുള്ള പടിഞ്ഞാറൻ മാർക്സ് നാണ്യനിരക്കിൽ അവയ്ക്കു വില കൊടുക്കേണ്ടിവന്നു. ഈ സ്ഥിതിയെ കൂടുതൽ വഷളാക്കിയ മറെറാരു സംഗതിയുമുണ്ടായിരുന്നു. പടിഞ്ഞാറൻ മാർക്സ് നാണ്യത്തിൽ വിലവയ്ക്കപ്പെട്ടതും, എന്നാൽ കിഴക്കൻ മാർക്സ് നാണയത്തിൽ പണം തന്നു് കണക്കു തീർക്കുമെന്ന വ്യവസ്ഥയോടുകൂടിയതുമായ ഒട്ടധികം കണ്ട്രാക്ററുകൾ കമ്പനി എടുത്തിരുന്നു.

"കിഴക്കേ ബർലിനിലെ അനേകായിരം കമ്പനികളുടെനില ഇതുപോലെതന്നെ തള്ളലിലായി" ബുഷ്ബെക്ക് തുടർന്നു: "റഷ്യാക്കാരുമായോ, റഷ്യൻ നിയന്ത്രണത്തിലുള്ള ജർമ്മൻ ഇടപാടുകാരുമായോ യാതൊരു ഏർപ്പാടും ഞങ്ങൾ ആഗ്രഹിക്കുന്നില്ലെന്നു് വ്യക്തമാക്കപ്പെട്ടപ്പോഴാണു് യഥാർത്ഥത്തിലുള്ള കുഴപ്പം ഉണ്ടായതു്. ഈ വസ്തുത അവരോടു ഞങ്ങൾ തെളിച്ചുപറയാൻ കാരണം, സകലതിനുമുള്ള വില കിഴക്കൻമാർക്സ്നാണ്യത്തിൽ കണക്കുതീർക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനു് അവർ തയാറായിരുന്നില്ലെന്നുള്ളതാണു്. അതിനുശേഷം ഞങ്ങൾക്കുണ്ടായ വൈഷമ്യങ്ങൾക്കു് ഒരററവും അറുതിയുമില്ലായിരുന്നു. ഞങ്ങളുടെ വ്യവസായശാല കിടന്നിരുന്ന ബ്ലോക്കിലെ ഒരച്ചുകൂടത്തിന്റെ ആവശ്യത്തിനെന്നു പറഞ്ഞു് അവർ ഞങ്ങൾക്കുള്ള ഗ്യാസ്സപ്ലൈ രണ്ടു മാസം തടഞ്ഞു കളഞ്ഞു. ഒരു കാര്യം തീർച്ച; ഈ അച്ചുക്കൂടം ഒട്ടധികം

സോവിയററ് പുസ്തകങ്ങൾ അടിച്ചു വിട്ടുകൊണ്ടിരുന്നു. ഞങ്ങൾക്കുള്ള വിദ്യുച്ഛക്തിവിനിമയം വിഛേദിക്കുകയാണു് പിന്നീടവർ ചെയ്തതു്. ഒരു ദിവസം വിദ്യുച്ഛക്തിസപ്ലൈ രാവിലെ 8 മണി മുതൽ ഉച്ചവരെ കിട്ടിയെന്നുവരാം. എന്നാൽ പിറേറദിവസം വൈകുന്നേരം ആറുമണിമുതൽ പത്തുമണിവരെ എന്ന ക്രമത്തിലായിരിക്കും സപ്ലൈചെയ്യുന്നതു്. എപ്പോഴാണു് കറൻറു് വരുന്നതെന്നു് ഒരിക്കലും മുൻകൂട്ടി അറിവുതന്നിരുന്നില്ല. അതുനിമിത്തം തൊഴിലാളികളെ രാവുംപകലും ഫാക്കുറിയിൽ നിർത്തേണ്ടതായി വന്നുകൂടി. അങ്ങനെ ഓരോ ദിവസവും ഓരോതരത്തിലുള്ള സംഹികേടുകൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്നു. കിഴക്കേബെർലിൻ മുനിസിപ്പൽ കൗൺസിലിലെ രണ്ടു ടാക്സ് ഇൻസ്പെക്റ്റർമാർ ഞങ്ങളുടെ ഫാക്ടറിയിൽവന്നു് കണക്കുപുസ്തകങ്ങൾ ചികഞ്ഞുനോക്കിക്കൊണ്ടു് അനേകദിവസം കഴിച്ചുകൂട്ടിയപ്പോഴാണു് ദുസ്സഹമായ ശല്യം ഞങ്ങൾക്കു് യഥാൎത്ഥത്തിൽ അനുഭവപ്പെട്ടതു്. അനേകായിരം മാർക്സ ഞങ്ങളിൽനിന്നു് അവൎക്കു് ഈടാകാനുണ്ടെന്നു് ഇക്കൂട്ടർ അറിയിച്ചപ്പോൾ പോയിത്തുലയാൻ ഞാൻ അവരോടു പറഞ്ഞു. തുടൎന്നു് പോട്സ്ഡാമിൽനിന്നും രണ്ടു മേലുദ്യോഗസ്ഥന്മാരുടെ വരവായി. അവർ ഞങ്ങളെ ചോദ്യംചെയ്തു. കരക്കുടിശ്ശിഖ തീൎക്കുന്നതിനുവേണ്ടി ഞങ്ങളുടെ ഫാക്ററി നിർബ്ബന്ധിത വിൽപ്പനയ്ക്കായി ബ്ലോക്കിൽ വയ്ക്കേണ്ടിവരുമെന്നു് അവരിലൊരുവൻ ഞങ്ങളോടു പറഞ്ഞു. മററവൻ ഞങ്ങളെ ജയിലിലയയ്ക്കുമെന്നു ഭീഷണിപ്പെടുത്തി. അതിനുശേഷം ആ റഷ്യൻ ചെരിപ്പുനക്കികൾ, വോൾക്ക്പോലീസു് ഞങ്ങളുടെ യന്ത്രശാലയിലേയ്ക്കു നോട്ടമിട്ടുതുടങ്ങി. ഓരോ പ്രാവശ്യ

FUL... OTTAYAM.

വും വാതുക്കൽ മണി കിലുങ്ങുമ്പോഴും ഞാൻ ചാടിച്ചെ ണീററു നോക്കേണ്ടിവരത്തക്കവിധം കാര്യങ്ങളുടെ നില അത്ര വഷളായി."

ഹോംസ്മാൻ—എന്നാൽ എണീററു നോക്കിയപ്പോഴെല്ലാം കണ്ടിട്ടുള്ളതു തപാൽശിപായിയാണെങ്കിൽ അതൊരു വലിയ ആശ്വാസമായിരുന്നു.

"ഞങ്ങൾക്കിതു സഹിക്കാൻ സാധിച്ചില്ല," ബുഷ്ബെക്ക് തുടന്നു: "പശ്ചിമബർലിനിൽ ഞങ്ങളുടെ പ്രവർത്തനം മാററുന്നതിനുപററിയ ഒരു സ്ഥലം പരമരഹസ്യമായി ഞങ്ങൾ അന്വേഷിച്ചു. ഇവിടെ ഈ ഫാക്റററി കണ്ടെത്തി. ഒരു തുണിക്കമ്പനി, തുണി വ്യവസായത്തിൻെറ അവശിഷ്ടവുമായി ഒഴിഞ്ഞുപോയ സ്ഥലമാണിതു്. ഇവിടം കണ്ടെത്തിയശേഷം ഞങ്ങൾ ഞങ്ങളുടെ മുപ്പതുനാല്പതു തൊഴിലാളികൾ ഞങ്ങൾക്ക് അനുകൂലികളോ പ്രതികൂലികളോ എന്നറിയാൻ ഒരു രഹസ്യ പരിശോധന നടത്തി. ക്ലിഷ്ടമായ ഒരു കാര്യമായിരുന്നു അതു്. മുൻകൂട്ടി അനുമതി കൂടാതെ തങ്ങളുടെ മേഖലയിൽനിന്നു് യന്ത്രങ്ങളും അസംസ്കൃതവിഭവങ്ങളും മാററുന്നതിനെ റഷ്യാക്കാർ കർശനമായി നിരോധിച്ചിരുന്നു. അനുമതിയാണെങ്കിൽ, അതൊരിക്കലും അനുവദിക്കപ്പെട്ടിരുന്നുമില്ല. റഷ്യാക്കാർ നേരിട്ടു് ഞങ്ങളുടെ ഗതിവിഗതികളെ സൂക്ഷിച്ചിരുന്നെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ നീലക്കുപ്പായക്കാരായ പോൾക്സ് പോലീസ് ഭടന്മാർ ചുററിപ്പററിനിന്നു് ഞങ്ങളെ നോട്ടമിട്ടുകൊണ്ടിരുന്നു. ഞങ്ങളുടെ ബെട്രീബ്സ്റാററിൽ (തൊഴിലാളി കൗൺസിലിൽ) വല്ല കമ്മ്യൂണിസ്ററുകളും ഉണ്ടായിരുന്നെങ്കിൽ, ഞങ്ങൾ കുടുങ്ങിപ്പോകുമായിരുന്നു. എന്നാൽ അവരുടെ കൂട്ട

ത്തിൽ അത്തരക്കാരുണ്ടായിരുന്നില്ല. ഫാക്ടറി നടന്നു കൊണ്ടിരിക്കുകയാണെന്നു് കാഴ്ചക്കാരെ വിശ്വസിപ്പിക്കുന്നതിനുവേണ്ടി പഴയ ഫാക്ടറി സ്ഥലത്തു് ഞങ്ങൾ ഏതാനുംപേരെ വിട്ടിരുന്നു. ബാക്കിയുള്ള ഞങ്ങളെല്ലാവരുംകൂടി യന്ത്രങ്ങൾ അടിച്ചിളക്കുകയും അല്പാല്പമായി ഫാക്ടറി പടിഞ്ഞാറേയ്ക്കു മാററുകയും ചെയ്തു."

ഇതുകേട്ടു് അത്ഭുതവിവശമായ എൻെറ മുഖം കണ്ടു് ബുഷ്ബെക്ക് തൻെറ അഭിപ്രായം ഊന്നിയുറപ്പിക്കുന്ന രീതിയിൽ തലയാട്ടുകയും, പിന്നീടിങ്ങനെ തുടരുകയുമുണ്ടായി. "അതേ, മിൻഹെർ, അല്പാല്പമായിത്തന്നെ. ചെറിയ യന്ത്രങ്ങൾ പ്രത്യേകമായി എടുത്തു് ബ്രീഫ്കേസുകളും, ഉന്തുവണ്ടികളിലും, ബേബി കാറുകളിലും കയററി വ്യാജമായി പുറത്തേയ്ക്കു കടത്തി. വലിയ ചില യന്ത്രങ്ങൾ ചെറിയ ഭാഗങ്ങളാക്കി വേർപെടുത്തി, ഇവിടെ കൊണ്ടുവന്നശേഷമാണു് പൂർവ്വസ്ഥിതിയിൽ അഴിച്ചുകൂട്ടിയതു്. ട്രക്കുകൾ ഉപയോഗിക്കാൻ ഞങ്ങൾക്കു സാദ്ധ്യമായിരുന്നില്ല. സാധനങ്ങൾ ട്രക്കുകളിൽ കൊണ്ടുപോന്നിരുന്നെങ്കിൽ അതു പ്രത്യേക നോട്ടത്തിനു വിഷയമാകുമായിരുന്നു. ഉബാനിലോ (സബ്വേ) സ്ടീററു് കാറിലോ ആക്കും പോകാൻ കഴിയുമായിരുന്നില്ല. വോൾക്ക്സ് പോലീസ് ആ യാത്രക്കാരെ എപ്പോഴും സൂക്ഷിച്ചിരുന്നതാണിതിനു കാരണം. ഒഴിച്ചുമാററത്തിനുള്ള ഒരു വിശദപദ്ധതി ഞങ്ങൾ തയാറാക്കി; അങ്ങനെ സാധനങ്ങളിൽ മിക്കതും കടത്തുകയും ചെയ്തു; എന്നാൽ വളരെ വലിയ ചില സാമഗ്രികൾ ഞങ്ങൾക്കുപേക്ഷിക്കേണ്ടതായിട്ടാണു് വന്നുകൂടിയതു്. ഒരു ചെറുഗോപുരത്തെ എത്ര കഷണം കഷണമാക്കി മുറിച്ചാലും അതിനെ ഒരു

ബ്രീഫ് കേസിലടച്ചുകൊണ്ടുവരാൻ നിങ്ങൾക്കു സാദ്ധ്യമല്ലല്ലോ. ഒടുവിൽ ഞങ്ങളിവിടെ വന്നപ്പോഴം, ഇനി പ്രവൎത്തനം പുനരാരംഭിക്കാമെന്നു് ഞങ്ങൾക്കു തോന്നി. ഇവിടെ ഭയപ്പെടേണ്ട കാൎയ്യങ്ങളൊന്നുമില്ലെന്നെങ്കിലും ഒരു വിശ്വാസം ഞങ്ങൾക്കുണ്ടായി."

ഹോംസ്മാൻ ഒരു നെടുവീർപ്പുവിട്ടു. "രണ്ടുവൎഷം മുമ്പാണതു്. എന്നാൽ ഇപ്പോഴം ഞങ്ങൾ വീണ്ടും മാറിപ്പോകേണ്ട സ്ഥിതിയിലാണു്"—അദ്ദേഹം അഭിപ്രായപ്പെട്ടു.

ബുഷ്ബെക്ക്—വിൽഹെം, ഞാനിപ്പോഴം അതോൎത്തു. ബ്രിട്ടീഷ് മേഖലയിലെ സെല്ലിവാണിജ്യമണ്ഡലത്തിൽനിന്നു് ഇന്നുരാവിലെ ഒരു കത്തുവന്നു. അവൎക്കിതിൽ താല്പൎയ്യമുണ്ടെന്നാണു് കത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്.

അച്ചെഴുത്തിൽ (ടൈപ്പുചെയ്തിരുന്ന) എഴുതിയിരുന്ന ഒരു കടലാസ്സ് അദ്ദേഹം തൻെറ മേശപ്പുറത്തുണ്ടായിരുന്ന ഒരു കടലാസ്സുകൂമ്പാരത്തിൽനിന്നെടുത്തു.

ഹോംസ്മാൻ—ഞാനതു പിന്നീടു വായിച്ചുകൊള്ളാം. ഇപ്പോളതു വായിക്കാനുള്ള ശക്തി എനിക്കില്ല.

ബുഷ്ബെക്ക് ആ കത്തു് എൻെറ കയ്യിൽതന്നു. ബുഷ്ബെക്ക് ആൻഡ് ഹോംസ്മാൻ കമ്പനിയെ സെല്ലിയിലേയ്ക്കു സ്വാഗതംചെയ്യാൻ വാണിജ്യമണ്ഡലത്തിനു സന്തോഷമുണ്ടെന്നും, മുമ്പു് ഒരു ഷൂ നിൎമ്മാണശാല പ്രവൎത്തിച്ചിരുന്ന സ്ഥലം കമ്പനിക്കു വിട്ടുകൊടുക്കുന്നതാണെന്നും കത്തിൽ ഞാൻ വായിച്ചു. ഈ ഫാക്ടറിക്കെട്ടിടത്തിലെ പ്രധാന ശാല 20×30 മീററർ വിസ്താരമുള്ളതും, വൃത്തിയായും വെടിപ്പായും സൂക്ഷിക്കപ്പെട്ടിട്ടു

ള്ളതും, കാററും വെളിച്ചവും വേണ്ടുവോളം കിട്ടുന്നതുമാണെന്നും സാമഗ്രികൾ സംഭരിക്കുന്നതിനും ആഫീസ് പ്രവത്തനത്തിനും ആവശ്യമായ സൗകര്യങ്ങൾ അവിടെയുണ്ടെന്നും കത്തിൽ തുടൎന്നു പ്രസ്താവിച്ചിരുന്നു. കുറഞ്ഞ വാടകയാണു്. സ്ഥലത്തുനിന്നു ബാങ്കുവായ്പ കമ്പനിക്കു നേടിക്കൊടുക്കുന്നതിനു് വാണിജ്യമണ്ഡലം അങ്ങേയററം ശ്രമിക്കുകയും ചെയ്യും. കത്തു് ഇപ്രകാരം തുടൎന്നു: "കഴിഞ്ഞ രണ്ടുവൎഷത്തിനകം സെല്ലിയിലെ ജനസംഖ്യമിക്കവാറും ഇരട്ടിച്ചിട്ടുണ്ടു്. ഇപ്പോൾ അതു് ഏകദേശം 75000 ആയിട്ടുണ്ടു്. സ്ഥലവാസികളിൽ പലരും വോൾക്ക്സ് ഡ്യൂഷേ (ഇതരരാജ്യങ്ങളിൽ നിന്നുള്ള ജൎമ്മൻ അഭയാൎത്ഥികൾ) ആണു്. അവൎക്കു് പുതിയ ജോലികൾ ഉണ്ടാക്കാനാണു് ഞങ്ങൾ ശ്രമിക്കുന്നതു്. റെയിൽമാൎഗ്ഗവും ജലമാൎഗ്ഗവും ഗതാഗതത്തിനുള്ള നല്ല സൗകര്യം സെല്ലിയിലുണ്ടു്. ഞങ്ങളുടെ നിരത്തുകൾ ഇപ്പോൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണു്. വേണ്ടത്ര വിദ്യുച്ഛക്തിയും വിതരണം ചെയ്യപ്പെട്ടുന്നുണ്ടു്........"

ഞാൻ കത്തു് ബുഷ്ബെക്കിൻെറ കയ്യിൽ മടക്കിക്കൊടുത്തു. അദ്ദേഹം അതു മേശപ്പുറത്തുവച്ചു: "നിങ്ങൾ ഇവിടം വിടുന്നതെപ്പോഴാണു്?" ഞാൻ ചോദിച്ചു.

ബുഷ്ബെക്ക്—അതു പറയാൻ വിഷമമുള്ള കാൎയ്യമാണു്. ചുവപ്പുനാടസമ്പ്രദായത്തിൻെറ അമാന്തങ്ങളും ബുദ്ധിമുട്ടുകളും ക്ലേശങ്ങളും വളരെയധികമുണ്ടു്. ബർലിൻ വിടുന്നതിനു പെർമിററുവാങ്ങണം. യന്ത്രങ്ങളും, അസംസ്കൃതസാധനങ്ങളും സ്റ്റാക്കുകളും മാററുന്നതിനുള്ള അധികാരം പിന്നീടു സമ്പാദിക്കണം. ഞങ്ങ

ളുടെ തൊഴിലാളികളിൽ ചിലരെക്കൂടി കൊണ്ടുപോകാനും ഞങ്ങൾ ആശിക്കുന്നുണ്ടു്.

ആ വലിയ യന്ത്രശാലയ്ക്കുവെളിയിൽ ഒരു വനിതയുടെ പദവിന്യാസം നിശ്ശബ്ദമായ അന്തരീക്ഷത്തിൽ മാറെറാലികൊണ്ടു. ഒരു നിമിഷം കഴിഞ്ഞപ്പോൾ കൃശാംഗിയായ ഒരു തരുണീമണി വാതലിനകത്തേയ്ക്ക് തലയിട്ടുന്നതു കാണായി.

"ചാർലററ്!" സന്തോഷഭരിതമായ ഒരാശ്ചര്യസ്വരത്തിൽ ബുഷ്ബെക്ക് പറഞ്ഞു. വിഷാദപാരവശ്യത്തിൽ മുഴുകിയിരുന്ന ഹോംസ്മാൻപോലും ഈ അവസരത്തിൽ ഉല്ലാസഭരിതനായി കാണപ്പെട്ടു ആ യുവതി ആഫീസിനകത്തു വന്നു. ബുഷ്ബെക്ക് അവളുടെ ഇരുകവിളിലും ചുംബിച്ചു.

"എന്റെ മരുമകൾ, ഫ്രാജാഗേർ." അദ്ദേഹം അവളെ എനിക്കു പരിചയപ്പെടുത്തി. ഞങ്ങൾ പരസ്പരം ഹസ്തദാനം ചെയ്തു. ബുഷ്ബെക്ക് അവൾക്കിരിക്കാനായി തന്റെ കസേര ഒഴിഞ്ഞുകൊത്തു. അനന്തരം അദ്ദേഹം മേശയുടെ ഒരററത്തു് ഇരിപ്പുറപ്പിച്ചു.

"ചാർചററ്, ജോലിവിട്ടിട്ടു് നീ എങ്ങനെ ഇവിടെ വന്നു?" ഹോംസ്മാൻ ചോദിച്ചു: "റഷ്യാക്കാർ നിന്നെ തുരത്തി വെളിക്കാക്കിയതായിരിക്കുമോ?"

ഫ്രാജാഗേർ—അല്ല. ഇന്നു ഞങ്ങൾക്കു് ഒഴിവു കിട്ടി. ഉല്പാദനവിഹിതങ്ങൾ അവർ പുതുക്കുകയാണു്."

പൂർവ്വജമ്മൻ യന്ത്രശാലയിൽ താൻ ഒരു ലാബ്രട്ടറി ടെക്നിഷ്യനാണെന്നു് അവൾ എന്നെ ധരിപ്പിച്ചു. "അവർ വിഹിതങ്ങൾ പുതുക്കുമ്പോഴൊക്കെയും സകലജമ്മൻകാരും പുറത്തുപോകണമെന്നാണു് ചട്ടം. ഇന്നു് ഞങ്ങൾ ജോലി ചെയ്യാത്തതിനു പകരം അടുത്തയാഴ്ച രണ്ടുദി

വസം അധികജ്ജോലി ചെയ്യണം."

അവൾ ഒന്നു ചുളിഞ്ഞു; അനന്തരം ഇങ്ങനെ തുടൻ: "ഞാൻ അവരെ വകവയ്ക്കാതായിട്ട് കാലം കുറേയായി."

ഫ്രാജാഗേർ, "കെസ്സാ"യിരുന്നൊന്നു ബർലിൻകാർ പറയും. എന്നുവച്ചാൽ അവൾ ഒരു തന്റേടിയും, ആരെയും വകവയ്ക്കാത്തവളും, തന്നൊത്താൻ പോന്നവളുമായിരുന്നൊന്നർത്ഥം. അതേ ഫാക്ടറിയിൽത്തന്നെ യുദ്ധകാലത്തു് അവൾ ജോലി ചെയ്തിരുന്നതായി ഞാൻ മനസ്സിലാക്കി. അന്നു് ആ വ്യവസായശാല വെഹ്ർമാഷ്ററിൻ കീഴിലായിരുന്നു. "രഹസ്യം" എന്നാണു് ആ തൊഴിൽശാലയെ അന്നു തരംതിരിച്ചിരുന്നതു്. ചുവപ്പുസേന ബർലിനിലേയ്ക്കു നീങ്ങിയപ്പോൾ ഫാക്ടറി റഷ്യാക്കാർ ഏറെറടുത്തു. അവിടത്തെ യന്ത്രസാമഗ്രികളൊന്നും അവർ തൊട്ടുകപോലും ചെയ്തില്ല. ഇപ്പോൾ അവിടം ചുവപ്പുസേനയുടെ നിയന്ത്രണത്തിലാണു്, മുമ്പു് ഒരു ജർമ്മൻ പാറാവുകാരൻ നിന്ന സ്ഥാനത്തു് ഇപ്പോൾ ഒരു റഷ്യൻ പാറാവുകാരൻ നില്ക്കുന്നു. കാര്യങ്ങൾ മുമ്പിലത്തേതിലും രഹസ്യമായിത്തീന്നിരിക്കുകയുമാണു്. യുദ്ധം കഴിഞ്ഞ ഉടൻതന്നെ ഒരു റഷ്യൻ മേജർ ഫാക്ടറിയുടെ ഭരണച്ചുമതല ഏറെറടുത്തു. മുമ്പിലത്തെ തൊഴിലാളികളെയെല്ലാം തിരഞ്ഞുപിടിക്കുന്നതിനു് അയാൾ ജർമ്മൻകാരനായ തൊഴിൽക്കാര്യസ്ഥനോടു പറയുകയുമുണ്ടായി.

ഫ്രാജാഗേർ തുടൻ: "അവർ കഴിഞ്ഞ മേയ് മാസത്തിലാണു് എന്നെ അന്വേഷിച്ചുവന്നതു്. എനിക്കവരെ ഭയമായിരുന്നു; അതുകൊണ്ടു് ആവശ്യപ്പെട്ടതനുസരിച്ചു ജോലിക്കുപോയി. മാത്രമല്ല, എന്റെ

അഷ്ടിക്കുവേണ്ടി ഞാൻ പണിയെടുക്കുകയും വേണം. ഭക്ഷ്യവിഹിതശീട്ടുകൾ അഞ്ചുതരമുണ്ടായിരുന്നു. ഞങ്ങളുടെ ലാബറട്ടറിയിലെ പ്രധാന വിദഗ്ദ്ധന്മാർക്ക്—അതായതു് ഉപരിഗവേഷണം നടത്തുന്ന ഊർജ്ജതന്ത്രശാസ്ത്രജ്ഞന്മാർക്കു്—ഒന്നാംതരം ശീട്ടാണു് കൊടുത്തിട്ടുള്ളതു്. എന്നുവച്ചാൽ മാംസവും, വെണ്ണയും, കൊക്കോയും ഉൾപ്പെടെ അവർക്കാവശ്യമുള്ള സർവ ഭക്ഷണസാധനങ്ങളും ആവശ്യംപോലെ കിട്ടുമെന്നർത്ഥം. അവിദഗ്ദ്ധത്തൊഴിലാളികൾക്കും, വില്പനസൈന്യത്തിലെ എല്ലാ അംഗങ്ങൾക്കും അഞ്ചാംതരം ശീട്ടാണ്. റൊട്ടിയും ഉച്ഛിഷ്ടം അല്പം സൂപ്പും വാങ്ങാൻ സാധിക്കും. വില്പനക്കാർ 'നിഷ്പ്രയോജന'രാണെന്നും സമൂഹഭ്രഷ്ടരാണെന്നുമാണു് വയ്പ്പ്. എന്നെപ്പോലെ ലാബറട്ടറി ടെക്ക്നിഷ്യന്മാർക്കു് അനുവദിച്ചിട്ടുള്ളതു് മൂന്നാംതരം ശീട്ടാണു്. ഉരുളക്കിഴങ്ങു്, മുട്ടകൊണ്ടുണ്ടാക്കിയ മക്രോണി, ഉച്ഛിഷ്ടം അല്പം ഇറച്ചി, വെണ്ണയ്ക്കു പകരം സസ്യയെണ്ണ, ഊറയ്ക്കിട്ട പന്നി ഇറച്ചി ആഴ്ചയിൽ രണ്ടു പ്രാവശ്യം—ഇതാണു് അതിന്റെ ക്രമം." ബർലിനിൽ യുദ്ധം നടന്നിരുന്ന കാലത്തു് ഈ ഫാക്ടറിയിലെ 1100 തൊഴിലാളികളിൽ പലരും അപ്രത്യക്ഷരായെന്നും, മററാളുകളെ നിർബന്ധിച്ചാണു് റഷ്യാക്കാർ സേവനത്തിനു തള്ളിക്കയററിയതെന്നും പ്രാജാഗേർ പറഞ്ഞു. പുതിയ ലാബറട്ടറി തൊഴിലാളികളിൽ എഴുപതുശതമാനവും നാസിപാർട്ടിയിലെ അംഗങ്ങളായിരുന്നു. ഈ വിവരം റഷ്യാക്കാർക്കറിയാമായിരുന്നെങ്കിലും അതിൽ തരക്കേടൊന്നുമില്ലെന്നാണു് റഷ്യാക്കാർ കരുതിയതു്. ആളേതായാലും എങ്ങനെയുള്ളവനായാലും അയാൾക്കു് തന്റെ ജോലി

അറിയാമോ എന്നു മാത്രമേ അവക്കു നോട്ടമുണ്ടായിരു ന്നുള്ളു. ഒരാളുടെ ഭൂതകാല രാഷ്ട്രീയചരിത്രത്തെ അവ രത്ര സാരമായി കരുതിയില്ല. ലാബറട്ടറിയിലെ രണ്ടു ഇലക്ട്രോ ഊർജ്ജതന്ത്രശാസ്ത്രജ്ഞന്മാർ പ്രമുഖ നാസി കളായിരുന്നു. "റഷ്യൻ മേജർ അവരോടെങ്ങനെ പെ രുമാറിയെന്നു് നിങ്ങളൊന്നു കാണേണ്ടതായിരുന്നു." പ്രാജാഗേർ തുടൻ: "അദ്ദേഹം അവരെ നിർബന്ധപൂ ർവ്വം കൊണ്ടുപോയി വാൺസീയ്ക്കു സമീപമുള്ള മനോ ഹരമായ ഗ്രാമബംഗ്ലാവുകളിൽ താമസിപ്പിച്ചു. ഒന്നാം തരം പരവതാനികളും കണ്ണാടിജനാലകളും അദ്ദേഹം അവക്കു നൽകി. കണ്ണാടി ജനാലകളോടു് അദ്ദേഹ ത്തിനു് വലിയ ഭ്രമമായിരുന്നു. തണുപ്പുണ്ടെന്നു കണ്ടാ ലുടൻ റഷ്യാക്കാർ വണ്ടിനിറയെ കല്ക്കരി ആ ശാസ്ത്ര ജ്ഞന്മാരുടെ വീട്ടുകളിൽ കൊണ്ടുപോയി ഇറക്കും. അ വരുടെ അയലത്തു താമസിക്കാനുള്ള ആഗ്രഹംകൊണ്ടാ യിരിക്കാം റഷ്യൻ മേജർ ലേക്ഡിസ്ട്രിക്ടിൽ ഒരു വ ലിയ വീടെടുത്തു് അവിടെ പാർപ്പുറപ്പിച്ചു. ആദ്യം അയാൾ ഒരു പിയാനോ വാങ്ങി; പിന്നീടൊരു പട്ടി; അതിനുശേഷം ഒരു സവാരിബോട്ടു്—ഇതെല്ലാം വാ ങ്ങിക്കഴിഞ്ഞപ്പോൾ അയാളിൽ മുതലാളിത്ത പ്രവണത വളരുകയാണെന്നു സംശയിക്കപ്പെടുകയും, റഷ്യയിലേ യ്ക്കു തിരിച്ചു വിളിക്കപ്പെടുകയും ചെയ്തു. ഞങ്ങൾക്കു് ഒരു പുതിയ റഷ്യൻ ഡയറക്ടറെ കിട്ടി. ജോലിക്രമം ഉൽപാതനവിഹിതം കണക്കെഴുതി എന്നീകാര്യങ്ങളിൽ ഭ്രമമുള്ള ഒരാളായിരുന്നു് അദ്ദേഹം. ക്രമങ്ങളും നിശ്ചി തസമയവ്യവസ്ഥയും കണിശമായി പാലിക്കേണ്ടതു പ രമപ്രധാനമാണെന്നും ഉൽപ്പാദനത്തിന്റെ ഗുണദോഷ ങ്ങൾക്കു് രണ്ടാംതരം പ്രാധാന്യമേയുള്ളു എന്നുമാണു്

അദ്ദേഹത്തിൻെറ ചട്ടം. കണക്കനുസരിച്ചുള്ള നിശ്ചിത തീയതി തെററിച്ചാൽ അതു് അട്ടിമറിയാണെന്ന പരിഗണിക്കപ്പെട്ടു. ഫാക്ടറിയിൽനിന്ന നടന്നുപോകാവുന്ന ദൂരത്തിനകത്തു് എല്ലാവരും താമസിക്കണമെന്നായിരുന്ന അദ്ദേഹത്തിൻെറ നിർദ്ദേശം. ഇക്കാര്യത്തിൽ എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു് വളരെ നിർബന്ധമായിരുന്നു. ആറുവയസ്സുള്ള എൻെറ പുത്രിയും ഞാനും അമേരിക്കൻ മേഖലയിലെ ഷോൺബെർഗ്ഗിൽ ഒരൊററമുറിയിലാണു് താമസിക്കുന്നതു്. റഷ്യൻ മേഖലയിൽ ഒരു നാലുമുറിക്കെട്ടിടമോ, അല്ലെങ്കിൽ ഒരു ചെറിയ വീടോ എനിക്കു തരാമെന്നും അങ്ങനെയായാൽ ഉ-ബാൻ കടന്നു് അങ്ങോട്ടുമിങ്ങോട്ടും നിത്യവും സഞ്ചരിക്കേണ്ടിവരികയില്ലെന്നും ഡയറക്ടർ എന്നോടു പറഞ്ഞുകൊണ്ടേയിരുന്നു.

ഈ വാഗ്ദാനം ആകർഷകമായിരുന്നു എന്നും എന്നാൽ ആന്തരമായ എന്തോ ഒരു ഭീതിമൂലം അതു സ്വീകരിക്കാൻ താൻ തയ്യാറായില്ലെന്നും ഫ്രാജാഗേർ പറഞ്ഞു. പശ്ചിമ മേഖലകളിൽ താമസിച്ചിരുന്ന തൻെറ പല സഹപ്രവത്തകരും ഇത്തരം വാഗ്ദാനങ്ങൾ സ്വീകരിക്കുകതന്നെ ചെയ്തു. തൻെറ നിലപാടു് എത്ര ശരിയായിരുന്നു എന്നു് ബോദ്ധ്യപ്പെടാൻ അവൾക്കു് അധികസമയം വേണ്ടിവന്നില്ല. 1946 ഒക്ടോബർ 22-ാം തീയതി രാവിലെ താൻ ഉ-ബാൻ കടന്നുകഴിഞ്ഞ വേളയിൽ തൻെറ രണ്ടു സഹപ്രവത്തകർ പുറകേ ഓടിച്ചെന്നു. അവർ ആകപ്പാടെ അസ്വാസ്ഥ്യപ്പെട്ടിരുന്നതായി കാണപ്പെട്ടു. "ദൈവത്തെ ഓർത്തു് ഫാക്ടറിക്കുള്ളിലെങ്ങും പോകരുതേ," അവരിലൊരാൾ അവളോടു പറഞ്ഞു. "റഷ്യാക്കാർ ഓരോരുത്തരെയായി തിരഞ്ഞു

പിടിച്ചു് സൈബീരിയായിലേയ്ക്കയയ്ക്കുകയാണു്."
അവർ പറഞ്ഞതു് പൂർണ്ണമായും ശരിയായിരുന്നില്ലെന്നും എന്നാൽ മിക്കവാറും ശരിയായിരുന്നെന്നും പിന്നീടു വെളിവായി. അന്നു വെളുപ്പിനു് രണ്ടു മണിക്കും നാലു മണിക്കും ഇടയ്ക്കു് റഷ്യൻ ഭടന്മാർ റഷ്യൻ മേഖലാവാസികളായ പ്ലാൻറിലെ ലാബറട്ടറി പ്രവർത്തകരെയെല്ലാം പിടികൂടി. വാഹനങ്ങൾ അവരുടെ വീടുകളുടേയോ മുറികളുടേയോ മുമ്പിലെത്തി. ആ ജീവനക്കാരും അവരുടെ കുടുംബങ്ങളും, അവരുടെ പട്ടികൾ, പാത്രങ്ങൾ, ജംഗമസാധനങ്ങൾ, പിയാനോ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ, ചിത്രങ്ങൾ, ചട്ടികലങ്ങൾ, ഊന്നുവടികൾ, പ്രഥമശുശ്രൂഷയ്ക്കുള്ള ഉപകരണങ്ങൾ, വീഞ്ഞുകുപ്പികൾ, കിടക്ക മുതലായവയുമെല്ലാം താറുമാറായി വലിച്ചെടുത്തു് വാഹനങ്ങളിൽ കയററപ്പെട്ടു. ആ ഭടന്മാർ വിളക്കുബൾബുകളുടെ തിരുക്കെട്ടുകൾക്കയും, കുളിമുറിസാധനങ്ങളെല്ലാം മാററുകയും, അറകളിലുണ്ടായിരുന്ന കല്ക്കരി മുഴവൻ വണ്ടിക്കകത്താക്കുകയും ചെയ്തു. ഒരു മനുഷ്യൻ തൻെറ ഭവനത്തിൽവച്ചു് ഒരു വനിതയെ സല്ക്കരിക്കുകയായിരുന്നു. അവനേയും അവളേയും അവർ പിടിച്ചെടുത്തു വണ്ടിയിലിട്ടു. മറെറാരു വീട്ടിൽനിന്നു് റഷ്യാക്കാർ ഒരു ഭർത്താവിനേയും, ഭാര്യയേയും, അവരുടെ കുഞ്ഞിനേയും മാത്രമേ കൊണ്ടുപോയുള്ളു. അല്പ സമയത്തിനകം വീട്ടിലെത്തുമായിരുന്ന കുഞ്ഞിൻെറ സഹോദരിയെ അവർ വിട്ടുകളഞ്ഞു.

ഈ പൊടിപൂരമെല്ലാം അവസാനിക്കുന്നതുവരെ ഫ്രാജാഗേർ അമേരിക്കൻ മേഖലയിൽതന്നെ കഴിഞ്ഞുകൂടി. റഷ്യാക്കാർക്കു് അവരുടെ മേഖലയിൽ താമസിക്കുന്നവരെ മാത്രമേ നോട്ടമുള്ളു. മിക്കവാറും തീർച്ചയായി.

രണ്ടാഴ്ചകഴിഞ്ഞു് അവഠം ലാബറട്ടറിയിൽ തിരിച്ചെത്തിയപ്പോഠം പഴയ ജീവനക്കാരിൽ അറുപതു ശതമാനവും പൊയ്ക്കഴിഞ്ഞിരുന്നു. മററാരെയുംപോലെ ഡയറക്ടറും അസ്വസ്ഥചിത്തനായിരുന്നു. പ്രതിഷേധിക്കാനായി അദ്ദേഹം മോസ്കോയിലേയ്ക്കു പറന്നു. "അതിന്റെ ഫലമെന്തായിരിക്കുമെന്നു് കാലേക്കൂട്ടി അദ്ദേഹം അറിയേണ്ടതായിരുന്നു. എന്തെന്നാൽ ആ ഡയറക്ടർ പിന്നീടു് തിരിച്ചുവന്നില്ല"—ഫ്രാജഗേർ വെളിപ്പെടുത്തി.

അവളുടെ മുൻ സഹപ്രവൎത്തകരെക്കുറിച്ചു് എന്തെങ്കിലും പിന്നീടു കേട്ടുവോ എന്നു് ഞാൻ ചോദിച്ചു.

അവഠം—ഉവ്വ്; വല്ലപ്പോഴുമൊരിക്കൽ ഞങ്ങഠംക്കു് ഒരു കത്തുകിട്ടാറുണ്ടു്. അവരിൽ ചിലർ ലെനിൻഗ്രാഡിലേയ്ക്കും, മററു ചിലർ മോസ്കോയിലേയ്ക്കും, വേറെ ചിലർ ഗോർക്കിയിലേയ്ക്കും മാററപ്പെട്ടു. അവിടെയും അവർ ലാബറട്ടറികളിൽതന്നെയാണു ജോലി ചെയ്യുന്നതു്. റഷ്യൻ ഊൎജ്ജതന്ത്രശാസ്ത്രജ്ഞന്മാരുടെ സാങ്കേതികപരിജ്ഞാനത്തേയും, ഉയൎന്ന മാനദണ്ഡങ്ങളേയും കുറിച്ചു് പ്രശംസിക്കുകയാണവർ. പക്ഷേ, അവർ പറയുന്നതൊന്നും വിശ്വസിക്കാൻ നിവൃത്തിയില്ല. കാരണം എല്ലാ കത്തുകളും അധികൃതപരിശോധനയ്ക്കു വിധേയമാണു്.

1949-ൽ ഇലക്ട്രോണിക്കു് വ്യവസായശാലയിലെ സകല അവിദഗ്ദ്ധതൊഴിലാളികളേയും, വില്പനക്കാരേയും എസ്സ്. ഈ. ഡി. (സോഷ്യലിസ്റ്റ് ഐക്യകക്ഷി)യിലേയ്ക്കു മുതൽക്കൂട്ടി. സോവിയററ് ജൎമ്മനിയിലെ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയസംഘടനയെ എസ്സ്. ഈ. ഡി. എന്നാണു വിളിക്കുന്നതു്. അക്കൂട്ടർ ഫാക്ടറി

ടെക്ക്നിഷ്യന്മാരെ ഇതുവരെ സമീപിച്ചുകഴിഞ്ഞിട്ടില്ല. എങ്കിലും ഫ്രാജാഗേറിന് ഈ വിഷയത്തിൽ ശുഭപ്രതീക്ഷയില്ലെന്നാണെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. "1946-ലെ ആ ഒക്ടോബർ നിശയ്ക്കുശേഷം സകലരും ഭയവിഹ്വലരായിരിക്കുകയാണു്," അവൾ എന്നോടു പറഞ്ഞു. "അവർ അടുത്തപാറം ആളുകളെ പിടികൂടി കിഴക്കോട്ടേയ്ക്കു കപ്പൽകയററുന്നതു് എന്നാണാവോ! കൂടുതൽ പണമുണ്ടാക്കാൻ എനിക്കു സന്ദർഭം കിട്ടിയിട്ടില്ല. സർവകലാശാലാബിരുദങ്ങളുടെ നിലയനുസരിച്ചാണു് റഷ്യാക്കാർ ശമ്പളം കൊടുക്കുന്നതു്. യാതൊരു പരിചയവുമില്ലെങ്കിലും, ഡാക്ടർ ഡിഗ്രിയുണ്ടായിരുന്നാൽ അങ്ങനെയുള്ളയാളിന് ഡാക്ടർ ഡിഗ്രി ഇല്ലാത്തവനും എന്നാൽ പതിനഞ്ചുവർഷത്തെ പരിചയമുള്ളവനുമായ ആളിനേക്കാൾ ശമ്പളംകിട്ടും. എനിക്കു സർവകലാശാലാബിരുദമില്ല. ഞാൻ കേവലം ഒരു ടെക്ക്നിഷ്യനാണു്. എന്നാൽ ഞാനൊരു സ്പെഷ്യലിസ്റ്റാകാത്തതിൽ എനിക്കു സന്തോഷമേയുള്ളു. കാരണം, ഒരു സ്പെഷ്യലിസ്റ്റാവുകയെന്നതു് ആപല്ക്കരമാണു്. മാത്രമല്ല, അതിൽ ഒരു താല്പര്യമുണ്ടാകാനും അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. ആക്കും ശാസ്ത്രീയമായ ഉല്ക്കർഷേച്ഛ ഇല്ലാതായിരിക്കുകയാണു്. സിദ്ധാന്തപരമായ ഗവേഷണം ഞങ്ങൾ വേണ്ടെന്നുവച്ചിട്ടു് കാലം വളരെയായി. ഞങ്ങളിപ്പോൾ ഉയർന്നതരക്കാരായ ഒരുക്കൂട്ടം തൊഴിലാളികൾ മാത്രമാണു്. ഏതെങ്കിലുംതരത്തിൽ ഒരു പ്രത്യേക വൈഭവം കാണിക്കുന്നതിന് എല്ലാവൎക്കും ഭയമാണു്. പ്രാമുഖ്യം പ്രദർശിപ്പിക്കുകയെന്നുവച്ചാൽ ഇങ്ങിനിവരാതെവണ്ണം റഷ്യയിലേയ്ക്കു പോകാൻ ടിക്കററെടുക്കുകയെന്നാണതിന്റെ അർത്ഥം."

ബുഷ്ബെക്ക്—നിനക്കിവിടെ ഒരു ജോലി കിട്ടിയാൽ കൊള്ളാമെന്നെനിക്കാഗ്രഹമുണ്ട്.

ഫ്രാജാഗേർ—അതേ, പക്ഷേ, പശ്ചിമബർലിനിൽ എനിക്കൊരുദ്യോഗം ലഭിക്കില്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ. തൊഴിലില്ലായ്മയുടെ ഏററവും ഒടുവിലത്തെ കണക്കുകൾ അങ്ങു വായിച്ചുവോ? 2,90,000-ൽ പരം ആളുകൾക്ക് തൊഴിലില്ല. ഇവിടെ ഒരു സ്ത്രീക്ക് തൂപ്പുകാരിയുടെ ഉദ്യോഗം മാത്രമേ കിട്ടുകയുള്ളു. എൻെറ ദൈവമേ! ഇതാണു സ്ഥിതി!

ബുഷ്ബെക്ക് വിഷാദഭാവത്തിൽ തലയാട്ടി. "അതേ, ഞങ്ങൾക്കതറിയാം" അദ്ദേഹം പറഞ്ഞു.

ഫ്രാജാഗേർ—നിങ്ങൾ രണ്ടുപേരെയും കുറിച്ച് എനിക്കുൽക്കണ്ഠയുണ്ടെന്നല്ല ഞാൻ പറയുന്നതു്. നിങ്ങൾ മുമ്പും വൈഷമ്യങ്ങളിൽപെട്ടിട്ടുണ്ട്. ദൈവാനുഗ്രഹത്താൽ അവയെ അതിജീവിക്കുകയും ചെയ്തിട്ടുണ്ട്.

അവൾ എണീററു. "ശരി; എനിക്കിനി പോകണം; ഇന്നുച്ചതിരിഞ്ഞു് ഇൽഡാ അമ്മാവിയെ കാണേണ്ടതുണ്ട്," അവൾ പറഞ്ഞു.

ഞങ്ങൾ എല്ലാവരും എണീററു. ബുഷ്ബെക്ക് വാതൽവരെ അവളെ അനുഗമിച്ചു. "സൽസ്വഭാവിയായ ഒരു യുവതി," അവൾ പോയശേഷം കതകടച്ചിട്ട് ബുഷ്ബെക്ക് എന്നോടു പറഞ്ഞു. "അവളെപ്പററി എനിക്കു സങ്കടം തോന്നുന്നു; പക്ഷേ, അവൾ നല്ല ധൈര്യമുള്ളവളാണു്."

സെല്ലിവാണിജ്യമണ്ഡലത്തിൽനിന്നു വന്ന കത്തു് ഇതിനിടയിൽ ഹോൾസ്മാൻ വായിച്ചു തുടങ്ങിക്കഴിഞ്ഞിരുന്നു. "ഈ ഷൂഫാക്ടറി അത്ര മോശമാണെന്നെനിക്കു തോന്നുന്നില്ല" തലയുയർത്തി നോക്കിക്കൊണ്ടു്

അദ്ദേഹം പറഞ്ഞു. "തൊഴിൽ സ്ഥിതി സാമാന്യം തരക്കേടില്ലെന്നും കാണുന്നു. പക്ഷേ, അതിനെക്കുറിച്ച് കൂടുതൽ വിശദമായി അറിയിക്കാൻ അവരോട് ആവശ്യപ്പെട്ടുകൊണ്ട് ഇന്നുതന്നെ നാമൊരു കത്തയയ്ക്കുന്നതു് നന്നായിരിക്കുമെന്നെനിക്കഭിപ്രായമുണ്ടു്. ചെലവു കുറഞ്ഞിരിക്കുമെന്നെല്ലാം പറഞ്ഞിരിക്കുന്നതുകൊള്ളാം. എന്നാൽ കാര്യം നടപ്പാക്കണമെങ്കിൽ കൃത്യമായ കണക്കുകൾ നമുക്കാവശ്യമാണല്ലോ."

★

# 4

## അവരുടെ മുഖങ്ങാം ഓമ്മിക്കുള, പേരുകാം കുറിച്ചുവയ്ക്കുള

സോവിയററ് ജമ്മനിയിലെ മട്ടിതജനതയ്ക്കുവേണ്ടി പശ്ചിമബർലിനുവെളിയിൽ പ്രവത്തിക്കുന്ന ജമ്മൻ രഹസ്യസമരപ്രസ്ഥാനങ്ങളിൽ വച്ച് ഏററവും പ്രധാനപ്പെട്ടതു് ജഡ്ജിമാരും അഭിഭാഷകരുമടങ്ങിയ ഒരു സംഘടനയാണു്. വൃത്തിഹീനവും, ക്ലേശകരവും, സാഹസികവുമായ പോരാട്ടത്തിനുള്ള സന്നദ്ധതയാണു് രഹസ്യസമരപ്രസ്ഥാനത്തിനാവശ്യമായിട്ടുള്ളതു്. ജഡ്ജിമാരും അഭിഭാഷകരും അതിനേററവും പററിയവരാണന്നോ, ആ രംഗത്തു് അവരുടെ പ്രവത്തനം ഏററവും ഫലപ്രദമായിരിക്കുമെന്നോ ഒററ നോട്ടത്തിൽ ആരും കരുതുകയില്ല. എന്നാൽ നിയമാരാധന ജമ്മൻകാരുടെ ജന്മസിദ്ധമായ ഗുണവിശേഷമാണെന്നുള്ള വസ്തുത ഓമ്മിക്കുമ്പോാം അവരുടെ ന്യായാധിപന്മാരും വക്കീലന്മാരും ഇക്കാര്യത്തിനു തീരെ പററാത്തവരല്ലെന്നുകാണാം. ചരിത്രത്തിലെ ഏററവും ഘോരമായ പാതകങ്ങളിൽ ചിലതു പ്രവത്തിച്ച ജമ്മൻ ജനത മററു മിക്കരാഷ്ട്രങ്ങളിലേയും ജനങ്ങളേക്കാാം നിയമത്തിൻെറ നിഷ്ഠൂരലിപിയോട്ട് കൂടുതൽ ആദരവു പ്രദശിപ്പിക്കുന്നവരാണെന്നുള്ളതു് ഒരു വസ്തുതയാണു്. ന്യൂറംബഗ്ഗ് വഗ്ഗനിയമങ്ങളും,വംശവിച്ഛേദശാസനകളും,കൂട്ടസംഹാരകല്പനകളുംകോടതിമുറിയുടെ ഔപചാരികമായ ഭാഷയിലെഴുതി, ഇതെല്ലാം നിയമാനുസൃതമായ കാര്യങ്ങളാണെന്നു് ഒരു മിഥ്യാസങ്കല്പം ജനിപ്പിക്കാൻ ശേഷിയും

ശേമുഷിയുമുള്ള ന്യായശാസ്ത്രിമാരുടെ ഒരു വലയം തന്നിക്കു ചുററം സൃഷ്ടിച്ച ഹിററ്ലർ ബോധപൂർവ്വംതന്നെയാണു് അങ്ങനെ ചെയ്തതു്. പശ്ചിമബർലിനിൽ പ്രവത്തിക്കുന്ന അഭിഭാഷകരുടെ രഹസ്യസമര സംഘടനയും ജർമ്മൻ ദേശക്കാരുടെ ഈ ദേശീയസ്വഭാവവിശേഷത്തെ പ്രയോജനപ്പെടുത്തിവരികയാണു്. സോവിയററ് മേഖലയിലെ സ്വതന്ത്രമനഃസ്ഥിതിക്കാരായ ന്യായശാസ്ത്രിമാരുടെ അന്വേഷണസമിതി എന്ന അത്ഥത്തിലുള്ള "അണ്ടർസച്ചൻഗാഷസ്സ് ഫ്രീഹീററ്ലിച്ചർ ജൂറിസ്റ്റൻഡെർ സോവ്ജററ്സോൺ" എന്നാണു് പ്രസ്തുത സമരസംഘടനയുടെ ജർമ്മൻ പേരു്.

ഈയിടെ ഞാൻ പശ്ചിമബർലിനിൽ പോയിരുന്നപ്പോൾ ഈ സമതിയുടെ അദ്ധ്യക്ഷനായ ഡാക്ടർ തിയോഫ്രീഡ്നായുമായി ഒരഭിമുഖസംഭാഷണം നടത്താൻ എനിക്കു സാധിച്ചു. (അദ്ദേഹത്തിൻെറ സാക്ഷാൽ ഊരും പേരും രഹസ്യമല്ല. അതെല്ലാം റഷ്യാക്കാർക്കു് അറിയുകയും ചെയ്യാം.)

സമരസമിതിയുടെആസ്ഥാനത്തുവച്ചു് അദ്ദേഹത്തെ കാണുന്നതിനായി ഒരു ദിവസം രാവിലെയാണു് ഞാൻ അങ്ങോട്ടുപോയതു്. അമേരിക്കൻ മേഖലയിൽപെട്ട സേലൻഡോർഫ് എന്ന പ്രാന്തപ്രദേശത്തുള്ള ഒരു വലിയ ബംഗ്ലാവാണു് സമിതിയുടെ ആസ്ഥാനം. കൈസരുടെ കാലത്തെ ബർലിൻ വ്യവസായികളും ബാങ്ക് ഡയറക്റ്റർമാരും മനോഹരമെന്നും സുഖപ്രദമെന്നും കരുതിയിരുന്ന വികൃതവുംവിലക്ഷണവുമായ കെട്ടിടങ്ങളിൽ ഒന്നാണതു്. എന്നാൽ കാഴ്ച ഒരു ആഭിജാത്യപ്രൗഢി ആ മന്ദിരത്തിനുണ്ടു്. അതിൻെറ പരിസരങ്ങളിലെ വൃക്ഷഛായ, നിബിഡമായ നടക്കാവുകളും, അവധാനപൂർവ്വം

സൂക്ഷിച്ചു പാലിച്ചുപോന്നിട്ടുള്ള ഉദ്യാനങ്ങളും വെസ്ററു ചെസ്റ്ററിലെഐശ്വര്യസമ്പുഷ്ടമായ ജനവിഭാഗങ്ങളെക്കുറിച്ചാണ്ട് എന്നെ അനുസ്മരിപ്പിച്ചതു്. ഉദ്യാനകവാടത്തിനരികിലായി ഒരു ചെറിയ പലകമേൽ, "ജൂറിസ്റ്റ്ചേർ അണ്ടർസച്ചൻഗാഷസ്സ്" എന്നു് എഴുതിവച്ചിരുന്നു. ബംഗ്ലാവിൻെറ മുൻവാതൽവരെ ഞാൻ നടന്നു ചെല്ലുകയും, മണിയടിക്കുകയും ചെയ്തു. വെളിയിലേയ്ക്കുനോക്കാൻ മാത്രം വിസ്താരമുള്ള ഒരു ദ്വാരം തുറക്കപ്പെട്ടു. ഒരു കണ്ണു് എൻെറ നേരേ ഏകാഗ്രമായി. വാതൽ തുറന്നു. ഞാനൊരു ചെറിയ മുൻമുറിയിലാണു് പ്രവേശിച്ചതു്. അവിടെ ആയുധപാണിയായ ഒരു പാറാവുകാരൻ നിർവികാരനായി നിന്നിരുന്നു. നിശ്ചിത പരിപാടിയനുസരിച്ചു് ഡാക്ടർ ഫ്റീഡ്നായെ കാണാൻ എനിക്കു് അനുവാദം കിട്ടിയിട്ടുണ്ടെന്നു് ഞാൻ അയാളോടു പറഞ്ഞു. ആ പാറാവുകാരൻ രണ്ടാമതൊരാളിനെ വിളിച്ചു. അയാൾ എന്നെ നഖശിഖാന്തം സൂക്ഷിച്ചു നോക്കിയശേഷം വിശാലവും അലംകൃതവുമായ ഒരു മുറിയിലേയ്ക്കു് ആനയിച്ചു. ആ കെട്ടിടത്തിൻെറ കഥാവശേഷനായ ഉടമസ്ഥൻ ഈ മുറിയെ വളരെ വിശിഷ്ടവും ആനന്ദസന്ദായകവുമായ ഒരു മണിയറയായി സങ്കല്പിച്ചിരിക്കാം. എന്നാൽ ഇപ്പോൾ അതു് ഒരു ദന്തവൈദ്യൻെറ സ്വീകരണമുറിപോലെയാണു് എനിക്കു തോന്നിയതു്. അയാൾ എന്നോടു് അവിടെ കാത്തിരിക്കാൻ പറഞ്ഞു. ഇരുപത്തിയഞ്ചോ മുപ്പതോ സ്ത്രീ പുരുഷന്മാർ ആ മുറിയിൽ ഉപവിഷ്ടരായിരുന്നു. ജീർണ്ണവസ്ത്രങ്ങളും, തേഞ്ഞ പാദരക്ഷകളുമാണു് അവരിൽ മിക്കവരും ധരിച്ചിരുന്നതു്. പശ്ചിമബർലിൻെറ ശ്രീകോവിലിൽ പോലും സോവിയററു്

ജർമ്മൻ നിവാസികളുടെ ശങ്കാകുലതയും പരിഭ്രമവും അവരിൽ പലരുടേയും മുഖങ്ങളിൽ പ്രതിഫലിച്ചിരുന്നു. ആളുകൾ അവരുടെ പ്രശ്നങ്ങളെപ്പററി സംസാരിക്കരുതെന്നു താക്കീതു നല്കുന്ന വിജ്ഞാപനപത്രികകൾ ഭിത്തികളിൽ പതിച്ചിരുന്നു. കൂടെക്കൂടെ ഈ മുറിയുടെ അററത്തുള്ള ഒരു വാതൽ തുറന്ന് ഒരാൾ ഏതെങ്കിലും നമ്പർ വിളിക്കും. "ഏ 15", "ബി 7" എന്നിങ്ങനെ. കാത്തിരിക്കുന്ന ആളുകളിലൊരാൾ തൻെറ കയ്യിലുള്ള ഒരു കടലാസുതുണ്ടിലേയ്ക്കു കണ്ണോടിക്കും, എണീക്കും; വാതലിനകത്തേയ്ക്കു കണ്ണോടിക്കും; ഇതാണു് ഞാനവിടെ കണ്ടതു്.

ഇറുക്കമുള്ള കാളറും, പഴഞ്ചൻ മാതൃകയിലുള്ള ഉടുപ്പും ധരിച്ചിരുന്ന പരുഷമുഖനായ ഒരു വൃദ്ധൻെറ തൊട്ടടുത്തായി ബെഞ്ചിൽ ഞാനിരിപ്പുറപ്പിച്ചു. ഞാൻ അടുത്തു ചെന്നപ്പോൾ അദ്ദേഹം അല്പം മാറിയിരുന്ന് എനിക്കു സ്ഥലം നല്കുകയാണു ചെയ്തതു്. ഏതാനും മിനിട്ടിനകം ഒരാൾ വന്ന് എന്നെ മുൻമുറിയിലൂടെ ഒരു സ്വകാര്യമുറിയിലേയ്ക്കു് ആനയിച്ചു. ഉല്ലാസജനകമായ യവനികകളും പുഷ്പങ്ങളുംകൊണ്ടു് അലംകൃതമായ ഒരു മുറിയായിരുന്നു അതു്. അവിടെ ഒരു ഡെസ്കിനു പിന്നിലായി ഡാക്ടർ ഫ്രീഡ്നാ ആസനസ്ഥനായിരുന്നു. നാല്പതു നാല്പത്തിയഞ്ചു വയസ്സു പ്രായമുള്ള ഊർജ്ജസ്വലനായ ഒരു ഉത്തുംഗകായനാണദ്ദേഹം. വിളറിയ മുഖഭാവം; ജാഗ്രതയെ സൂചിപ്പിക്കുന്ന നോട്ടം! ഈ ആഫീസിൽനിന്നു് കാറിൽ യാത്രചെയ്താൽ ഏതാനും മിനിട്ടുകൾക്കകം ,എത്താവുന്നത്ര ദൂരംമാത്രം അകലെയായിരുന്ന റഷ്യാക്കാർ തൻെറ തലയ്ക്കു് അനേകലക്ഷം കിഴക്കൻ മാർക്സ് സമ്മാനമായി പ്രഖ്യാപിച്ചിട്ടു

ണ്ടെന്ന് അദ്ദേഹം ഒരുപക്ഷേ അറിഞ്ഞു് അതിൽ അസ്വസ്ഥനായിരുന്നെങ്കിൽ തന്നെയും, അതു പുറത്തു കാണിച്ചില്ല. വ്യാകുല ചിന്തകൾക്ക് അധീനനാകാത്ത ഒരു മനുഷ്യന്റെ ഭാവമാണ് അദ്ദേഹത്തിൽ കണ്ടതു്. സംരക്ഷണ വ്യവസ്ഥകളെ സംബന്ധിച്ച് ഒരു സൗജന്യമെന്നവണ്ണം അദ്ദേഹം തന്റെ പത്നിയേയും കുട്ടിയേയും പശ്ചിമ ജർമ്മനിയിലേയ്ക്കയച്ചിരിക്കുകയാണെന്ന ഞാൻ അറിഞ്ഞു. സുശക്തമായ കാവൽ സംരക്ഷണം തീർച്ചയായും അദ്ദേഹത്തിനു ലഭിക്കുന്നുണ്ടു്. ഡാക്ടർ ഫ്രീഡ്നാ എന്നോടിരിക്കാൻ പറഞ്ഞിട്ട് പ്രതീക്ഷാപൂർവ്വം നോക്കി. ഞാൻ ആദ്യമേതന്നെ ചോദ്യമിട്ടു; അദ്ദേഹത്തിന്റെ സമിതി എവിടെ എങ്ങനെ പ്രവർത്തനം തുടങ്ങിയെന്നു്.

ഡാക്ടർ ഫ്രീഡ്നാ തന്റെ കസേരയിൽ ചാഞ്ഞിരുന്നു. അദ്ദേഹം സേലൻ ഫോർഫ് ആരാമവാടികളിലേയ്ക്കു് ചിന്താവിഷ്ടനായി ഉററുനോക്കി. "1944-ലെ വേനല്ക്കാലത്തു് ഗെസ്റ്റാപോ എന്നെ അറസ്റ്റു ചെയ്തു." അദ്ദേഹം പറഞ്ഞുതുടങ്ങി. ഹിററ്ലറെ വധിക്കാനുള്ള ശ്രമത്തിൽ ഒരു കീഴ്സിൽബന്തിയുടെ ചെറിയ പങ്ക് എനിക്കുണ്ടായിരുന്നു. അവർ എന്നെ ആറുമാസം ജയിലിൽ പാർപ്പിച്ചു. ഒരു പ്രതിഭാഗം വക്കീലെന്ന നിലയിൽ ഞാൻ എന്റെ കക്ഷികളെ സന്ദർശിക്കാനും മററും. മുമ്പും ജയിലിൽ പോയിട്ടുണ്ടെങ്കിലും, സ്വന്തം തുറുങ്കിൽ കിടക്കേണ്ടിവന്നപ്പോൾ എനിക്ക് ഭയാനകമായ ഒരു പുതിയ അനുഭവമായിരുന്നു അതു്. ചില പാറാവുകാരുമായി ഞാൻ സംസാരിക്കാൻ തുടങ്ങി. അപ്പോഴല്ലെങ്കിൽ പിന്നീടൊരിക്കൽ തങ്ങളും പ്രതിക്കൂട്ടിലാകുമെന്നുള്ള യാതൊരു വിചാരവും അവർക്കില്ലായിരുന്നു.

എന്നാണ് ഞാൻ കണ്ടതു്. കൃത്യസമയത്തു് അന്യസ്ഥലത്തായിരുന്നെന്ന വാദത്തിൻെറ തണലിലെന്നപോലെ അവരെല്ലാം ഒരു മൂഢസുഷുപ്തിയിൽ ലയിച്ചു കഴിയുകയായിരുന്നു. അല്പബുദ്ധികൾ; ആജ്ഞാപിക്കുന്നതു് എന്തായാലും മുന്നും പിന്നും നോക്കാതെ അനുസരിക്കുന്ന കൂട്ടർ. മേലധികാരികളുടെ കല്പനയനുസരിച്ചു തന്നെയായാലും ഒരു മനുഷ്യനെ അടിച്ചുകൊല്ലുകയെന്നതു് നിയമപ്രകാരം കൊലപാതകമാണെന്നു് ഞാനവക്കു വിശദമാക്കിക്കൊടുത്തപ്പോൾ, ആദ്യം അവരതു വിശ്വസിച്ചില്ല. പിന്നീടവർ ശങ്കാകുലരായി. തൽസമയമാണു് ഈ സമിതിയെക്കുറിച്ചുള്ള ആശയം എന്റെ മനസ്സിലുദിച്ചതെന്നു തോന്നുന്നു ചെറിയവരും വലിയവരുമായ എല്ലാ നാസികളും തങ്ങളുടെ അധികാരം ഒരു കാലത്തു തകൎന്നുപോകുമെന്നും, വ്യക്തികളെന്ന നിലയിൽ തങ്ങളുടെ പാതകങ്ങൾക്കു് സ്വയം ഉത്തരവാദം ചെയ്യേണ്ടിവരുമെന്നും അറിഞ്ഞിരുന്നെങ്കിൽ അവർ ചെയ്ത കുററകൃത്യങ്ങളിൽ പലതും ഒരിക്കലും ചെയ്യുമായിരുന്നില്ല. ഞാൻ ജയിൽ വിമുക്തനായശേഷം എന്റെ ഈ സിദ്ധാന്തത്തെപ്പററി പല അഭിഭാഷക സുഹൃത്തുക്കളുമായി ചൎച്ച് ചെയ്യുകയും, അവർ എന്നോടു യോജിക്കുന്നുണ്ടെന്നു് കാണുകയും ചെയ്തു. യുദ്ധാനന്തരം സോവിയററു് മേഖലയിലെ തുറിംഗിയായിലും ബ്രൻഡൻബർഗ്ഗിലും പ്രാക്റ്റീസിനുപോയി. കോടതികളുമായും സർക്കാരുദ്യോഗസ്ഥന്മാരുമായും നിത്യവും ഇടപെട്ടിരുന്ന എനിക്കു് പുതിയ വ്യവസ്ഥിതിയെപ്പററി അടുത്തറിയാൻ സന്ദർഭം ലഭിച്ചു. ഭയങ്കരമായിരുന്നു അതു്. നാസികളുടെ പഴയ ഭീകര സമ്പ്രദായം ഒരു പുതിയ പേരിൽ തുടരുകയായിരുന്നു. ട്രേഡ്യൂണിയനുകളുടെ

കക്ഷി സർവാധിപത്യം, വിദ്യാഭ്യാസത്തെ ദുഷിപ്പിക്കുന്ന ദുരാചാര സമ്പ്രദായം, തൊഴിലാളി ചൂഷണം ഇതെല്ലാം നാസികളുടെ അതേ രീതിയിലും ചിട്ടയിലും തന്നെയായിരുന്നു. ഇതൊക്കെ ജനനന്മയ്ക്കു വേണ്ടിയാണെന്നാണ് പറയപ്പെട്ടതു്. വിദ്വേഷം അനുപേക്ഷണീയമായിരുന്നു; ജനങ്ങൾ ഭയപ്പെടാൻ ശീലിക്കണമായിരുന്നു. അയല്ക്കാരെ നിന്ദിക്കുകയെന്നതു് ഒരു സാമൂഹ്യ ധർമ്മമാണെന്നു വീണ്ടും വിധിക്കപ്പെട്ടു. ഹിററ്ലറുടെ പഴയ ഗെസ്റ്റാപ്പോയുടെ പ്രവർത്തനഘടനതന്നെയാണ് റഷ്യൻ എം. വി. ഡി.ക്കുമുണ്ടായിരുന്നതു്. അവരുടെ ജോലിയും ഒരുപോലെയായിരുന്നു. 'ആഭ്യന്തര ശത്രുക്കളെ' വകവരുത്തുക. ടോർഗ്ഗു, സച്ചൻബാസൻ, ബുച്ചൻവാൾഡ്, ബാട്സെൻ, ഫൺഫീച്ചൻ, മുഹ്ൽ ബെർഗ്ഗ്, ഹോഹൻഷോഹാസ്സൻ, ജാംലിററ്സ്, വീസോ എന്നിവിടങ്ങളിൽ നാസികളേർപ്പെടുത്തിയ തടങ്കൽ പാളയങ്ങൾ എം. വി. ഡിയും അതേപടി നിലനിർത്തി. 1945-1950 നും ഇടയ്ക്കു് 1,80,000 ആളുകൾ തടവിലടയ്ക്കപ്പെട്ടു. അവരിൽ പകുതിപ്പേരും അവിടെക്കിടന്നു മരിച്ചു. ഗെസ്റ്റാപ്പോയുടെ അഭിമാനഭാജനമായിരുന്ന ബുഷൻവാൾഡ് റഷ്യൻ രഹസ്യപ്പോലീസിൻെറ അഭിമാനഭാജനമായിത്തീർന്നിരിക്കുന്നു. എം. വി. ഡി. ഭടന്മാർ എല്ലാ നിരപ്പുകളിലും ജർമ്മൻ പോലീസുമൊത്തു പ്രവർത്തിച്ചുവന്നു. പോലീസിനു ചൂണ്ടിക്കൊടുക്കുന്നവരും, ചാരവൃത്തിക്കാരും ഹിററ്ലർക്കുവേണ്ടി വിടുപണിചെയ്തിരുന്ന അതേ ഇരപ്പാളികളായിരുന്നു. ഭീമാകാരമായ ഈ വിധിയന്ത്രത്തിൻെറ തിരിപ്പിൽകിടന്നു കറങ്ങിയവരും താരതമ്യേന ഹൃദയകാഠിന്യം കുറഞ്ഞവരുമായ

ആളുകളെയെങ്കിലും നേർബുദ്ധി ഉപദേശിച്ച് അവരെ അതിൽനിന്നു പിന്മാററണമെന്ന ചിന്ത എന്നെ ആവേശഭരിതനാക്കി. അവർ ചെയ്യുന്ന കുററകൃത്യങ്ങൾക്ക് ഇന്നല്ലെങ്കിൽ നാളെ അവർതന്നെ പ്രായശ്ചിത്തം ചെയ്യേണ്ടിവരുമെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതു് എന്റെ കത്തവ്യമാണെന്നു ഞാൻ വിചാരിച്ചു. നടത്തപ്പെട്ടകുററ് കൃത്യങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരങ്ങളും ദൃക്സാക്ഷികളും പേരുകളുംശേഖരിച്ച് ഫയലിൽ സൂക്ഷിക്കുന്നതു് പ്രയോജനകരമായിരിക്കുമെന്നെനിക്കു തോന്നി ഇക്കാര്യത്തിലും എൻെറ സ്നേഹിതന്മാർ എന്നോടു യോജിച്ചു. അപകടകരമായ ഒരു കാര്യമാണിതെങ്കിലും, പരീക്ഷിച്ചു നോക്കത്തക്കതാണെന്ന് അവർ അഭിപ്രായപ്പെട്ടു. എല്ലാജനവിഭാഗങ്ങൾക്കുമിടയിൽ വിപുലമായ പ്രതിഷേധം കെട്ടിക്കിടക്കുകയായിരുന്നു. സകലരും റഷ്യാക്കാരെ വെറുത്തിരുന്നു."

1948-ൽ ഡാക്ടർ ഫീഡ്നാ സ്വന്തം ചെലവിൽ ഒരു ലഘുലേഖ അച്ചടിപ്പിച്ച് സോവിയററ്-മേഖലയൊട്ടാകെ വിതരണം ചെയ്തു. "വെറുത്തു നിൽക്കുക, പൂർവ്വമേഖലയിലെ മർദ്ദിത ജനതയോട്ട് ഒരു വാക്കു്" (വൈഡർസ്റ്റാൻഡ്! ഈൗൻവോർട്ട് അൻഡൈ ഇന്റർഡക്റററൻ ഡേർ ഓസ്റ്റ്ഡോൺ) എന്നായിരുന്നു അതിന്റെ ശീർഷകം. ജഡ്ജിമാരേയും, പ്രാസിക്യൂട്ടർമാരേയും, ഉദ്യോഗസ്ഥന്മാരേയും, തൊഴിലാളികളേയും, കൃഷകരേയും അഭിസംബോധനചെയ്തുകൊണ്ടുള്ള ഒരു ലഘുലേഖയായിരുന്നു അതു്. കുററകൃത്യങ്ങളിൽ പങ്കെടുക്കരുതെന്ന് ഒരു താക്കീതും, നടത്തപ്പെട്ട കുററകൃത്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ കുറിച്ചുവെയ്ക്കണമെന്നും ഒരഭ്യത്ഥനയും, കുററവാളികളുടെനേരേ ഒരു നോട്ടം

വേണമെന്നു് ഒരുഉൽബോധനവുമാണ് ലഘുലേഖയിലു ണ്ടായിരുന്നതു്. അവരുടെ മുഖങ്ങൾ ഓർമ്മിയ്ക്കു, പേരു കൾകുറിച്ചുവയ്ക്കു, പശ്ചാത്തലംഅന്വേഷിക്കു; സാക്ഷി കളെ കണ്ടുവയ്ക്കു; സർവ്വോപരി യഥാർത്ഥവിവരങ്ങൾ ശേഖരിക്കു;" എന്നു് ലഘുലേഖയിൽ ആവശ്യപ്പെട്ടിരു ന്നു. ഈ ലഘുലേഖയ്ക്കു് വലിയ അനുകൂലപ്രതികരണമാ ണുണ്ടായതു്. തുടന്നു് കുററങ്ങളേയും കുററകൃത്യങ്ങളേയും കുറിച്ചന്വേഷിക്കാൻ ഡാക്ടർ ഫ്രീഡ്നായും സുഹൃത്തു ക്കളുംകൂടി ഒരു സംഘടന സ്ഥാപിച്ചു. കിഴക്കേമേഖലയി ലെവിടേയോ ആണു് ഈ സമിതി അതിന്റെ അദൃശ്യത്തെ രഹസ്യകേന്ദ്രകാര്യാലയം ഏപ്പെടുത്തിയതു്. 1949-ൽ അതു് കൂടുതൽ സ്വതന്ത്രമായി പ്രവർത്തിക്കത്തക്കവിധം പശ്ചിമ ബർലിനിലേയ്ക്കു മാററുകയുണ്ടായി. സമിതി യുടെ അഭ്യോദ്ദേശം തികച്ചും നിയമപരമായിരുന്നു. യഥാർത്ഥത്തിൽ നടന്ന കുററകൃത്യങ്ങളെപ്പററി അന്വേ ഷിക്കുന്നതിൽ മാത്രമാണു് സമിതി പ്രാരംഭകാലത്തു് ശ്രദ്ധവെച്ചതു്. (ഈ അടുത്തകാലത്തു് ഇതരരംഗങ്ങളി ലേയ്ക്കും അതു് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടു്.) ആദ്യ കാലത്തു് ഫ്രീഡ്നാ ഈ വിവരങ്ങൾ അറിയുന്നതിനു് കിഴക്കേ ജർമ്മനിയിലെ പട്ടണങ്ങളിലും നഗരങ്ങളിലും താമസക്കാരായ തൻെറ ചില സഹപ്രവർത്തകരെയാണു് അവർ ബെർലിനിൽ വന്നാണു് വിവരങ്ങൾ നൽകിയി രുന്നതു്. ഇന്നു് സോവിയററ്-ജർമ്മനിയിലെ നിയമ പണ്ഡിതന്മാരിൽ കാൽഭാഗംപേരും ഈ സമരസമി തിയുമായി ബന്ധപ്പെട്ടവരാണു്. കിഴക്കേമേഖലയിലെ നിയമബിരുദധാരികളായ ആയിരത്തിലധികം പേർ സമിതിക്കു് സ്ഥിതിവിവരങ്ങൾ നൽകിക്കൊണ്ടിരി ക്കുന്നു. സ്റ്റേററ് സെക്യൂറിററി സർവീസ് (എസ്സ്.

എസ്സ്. ഡി.) സെൻട്രൽകണ്ട്രോൾ കമ്മീഷൻ (കേന്ദ്ര നിയന്ത്രണക്കമ്മീഷൻ) തുടങ്ങിയ ജർമ്മൻ കമ്മ്യൂണിസ്റ്റ് രഹസ്യസംഘടനകളിൽപോലും സമിതിയിലെ അംഗങ്ങൾ നുഴഞ്ഞുകയറിയിട്ടുണ്ട്. ദേശസാൽക്കരിക്കപ്പെട്ട വ്യവസായങ്ങളിലെ മാനേജർമാർ, സോവിയററ് സാമ്പത്തികട്രസ്റ്റ് ഏറെറടുത്തിട്ടുള്ള വ്യവസായ സംരംഭങ്ങളുടെ ഡയറക്റ്ററന്മാർ, സിററിമേയറന്മാർ, ഫിനാൻസ്സർവീസ്ബ്യൂറോ മേധാവികൾ, പോലീസുദ്യോഗസ്ഥന്മാർ, ഡിസ്ട്രിക്റ്റ് അറേറാർണിമാർ' ജഡ്ജിമാർ ഇങ്ങനെ വിവിധവിഭാഗങ്ങളിൽപ്പെട്ട ആളുകൾ സമിതിയിലെ അംഗങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഏററവും ഉയന്നതരത്തിലുള്ള കിഴക്കേ ജർമ്മൻ ഗവണ്മെൻറുയോഗങ്ങളിൽ ഫ്രീഡ്നായുടെ സഹപ്രവത്തകരിലൊരാളെങ്കിലും സംബന്ധിക്കുന്നുണ്ടെന്നുള്ളതും ഒരു പരമാത്ഥമാണ്. ഇക്കൂട്ടത്തിൽ ആറുപേർ കിഴക്കേ ജർമ്മൻ പാർലിമെൻറിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സമരസമിതിയുടെ അനുമതിയോടുകൂടിയാണ് അവർ തിരഞ്ഞെടുപ്പിൽ മത്സരിച്ചതു്. കുറേപ്പേർ സോഷ്യലിസ്റ്റ് യുണിററിപാർട്ടി അഥവാ എസ്സ്. ഈ. ഡി(കിഴക്കേജമ്മൻ കമ്മ്യൂണിസ്ററുപാർട്ടി സ്വയം സ്വീകരിച്ചിട്ടുള്ള പേരാണിതു്.)യിലെ അംഗങ്ങളാണ്. (കമ്മിററിയിലെ ഒംഗത്തിനു് പാർട്ടിയിൽ ചേരണമെന്നുണ്ടെങ്കിൽ അതിനുമുൻകൂട്ടി സമിതിയുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.)

കിഴക്കേ മേഖലയിൽ ഈ വസ്തുതകൾ വിപുലമായ തോതിൽ പ്രചരിപ്പിക്കപ്പെട്ടതിനെത്തുടന്നു്, പാർട്ടി കേന്ദ്രങ്ങളിൽ സംശയവും അവിശ്വാസവും ബീജാവാപം ചെയ്തിട്ടുണ്ട്. ഇതിൻെറ മനഃശാസ്ത്ര

KOTTAYAM PUBLIC LIBRARY KOTTAYAM

പരമായ ഫലങ്ങളെക്കുറിച്ച് ഡോക്റ്റർ ഫ്രീഡ്നാ അത്യന്തം സന്തുഷ്ടനാണ്. "പാർട്ടിയിലെ പ്രമാണികളുടെ യോഗങ്ങൾ നടക്കുമ്പോൾ, അവിടെ നടക്കുന്ന സകലതും ഞങ്ങളുടെ കമ്മിററിയെ അറിയിച്ചേയ്ക്കാവുന്ന ആരോ ഒരാൾ തങ്ങളുടെ കൂട്ടത്തിലുണ്ടെന്നുള്ള ബോധത്തോടുകൂടി യോഗത്തിൽ വച്ച് അവർ പരസ്പരം സംശയദൃഷ്ട്യാ തുറിച്ചുനോക്കേണ്ടിവരുന്നത് തീർച്ചയായും പരിഭ്രമോൽപാദകമായൊരു കാര്യമാണ്." അദ്ദേഹം അഭിപ്രായപ്പെട്ടു. "ബഹുജനങ്ങളിൽനിന്ന് നേതാക്കളെ ഒററപ്പെടുത്തുകയെന്ന ഞങ്ങളുടെ അന്തിമരാഷ്ട്രീയലക്ഷ്യത്തിലേയ്ക്ക് ഞങ്ങൾ ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു. എങ്കിലും 1949 ഒക്റ്റോബറിൽ ഞങ്ങൾ ഈ പ്രസ്ഥാനം ശരിക്കു നടപ്പിൽ വരുത്തിയ ശേഷം ഗണ്യമായ പുരോഗതി കൈവന്നിട്ടുണ്ട്. കാലം കുറേ കഴിയുമ്പോൾ അവിടത്തുകാർ തങ്ങളുടെ ഭരണകൂടത്തിൻെറ സങ്കീർണ്ണഘടന നിലനിർത്തിക്കൊണ്ടുപോകാൻ കഴിയാതെ വട്ടത്തിലാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പീക്ക്സ്, ഗ്രോട്ടുവാൾസ്, ഉൾബ്രിച്ച് എന്നീ ഉന്നതനേതാക്കൾ 'ഗുണംവാ ദോഷംവാ' എന്നു കരുതി തങ്ങളുടെ വിധിയെ അവിഭാജ്യമായി സോവിയററ് പക്ഷത്തിന് അടിയറ വച്ചവരാണ്. അവരെ അതിൽനിന്ന് ഭയപ്പെടുത്തി മാററാൻ സാദ്ധ്യമല്ല. എന്നാൽ ഇന്ന് അധികാരത്തിലിരിക്കുന്നവരും, നാളെ തങ്ങൾ തുത്തെറിയപ്പെട്ടുമെന്ന് അറിയാവുന്നവരുമായ ഒരു പററം രണ്ടാംതരം നേതാക്കളുണ്ട്. ഞങ്ങൾക്ക് വിരട്ടാനും ഭയപ്പെടുത്താനും കഴിയുന്നതു് ഇക്കൂട്ടരെയാണ്. പാർട്ടിയുടെ ആജ്ഞകൾ അന്ധമായി അനുസരിക്കുന്ന ഒരടിമയ്ക്കുപോലും അറിയാം, തന്നെപ്പോലെ

അനുസരണശീലരായിരുന്നവരുടെ പേരിൽ ടിറേറായിസമോ മററേതെങ്കിലും ഇസമോ സംശയിക്കപ്പെട്ടതിനെത്തുടൎന്ന് അവൎക്കെന്തു സംഭവിച്ചെന്ന്. വ്യതിയാനങ്ങളുടെ (ഡീവിയേഷനിസം) എണ്ണം നാൾക്കുനാൾ വൎദ്ധിക്കുകയാണ്. ഡാക്ടർ ഫ്രീഡ്നാ അവയിൽ ചിലതു് എന്നെ വായിച്ചുകേൾപ്പിച്ചു: വസ്തുനിഷ്ഠപ്രത്യയം (സത്യം സ്വയം നിൎണ്ണയിക്കാനുള്ള വ്യക്തിയുടെ ശ്രമം) പരിണാമപ്രത്യയം (അക്രമപരമായ ഒരു വൎഗ്ഗസമരം കൂടാതെ സോഷ്യലിസം നേടാമെന്നുള്ള വിശ്വാസം) പ്രായോഗിക പ്രത്യയം (ദൈനംദിനച്ചുമതലകളിൽ ആവശ്യത്തിലധികം ശ്രദ്ധയും, അവയ്ക്കു പുറകിലുള്ള പ്രത്യയശാസ്ത്രപരമായ അൎത്ഥത്തെപ്പററി മനസ്സിലാക്കാനുള്ള താൽപൎയ്യക്കുറവും) സംസൎഗ്ഗപ്രത്യയം (പാശ്ചാത്യരാജ്യങ്ങളുടെ നേരെ സ്നേഹപൂൎവ്വവും സഹിഷ്ണുതാപൂൎവ്വവുമായ സമീപനം) അവസരവാദപ്രത്യയം (സ്റ്റാലിനിസത്തിൻെറ ശാസ്ത്രീയരീതികൾ പ്രയോഗിക്കാതെ പ്രവൎത്തനങ്ങൾ ഫലിപ്പിക്കാനുള്ള ശ്രമം) വൎഗ്ഗീയ പ്രത്യയം (മാർക്സിസ്റ്റ് സിദ്ധാന്തത്തോടു് വളരെ സങ്കുചിതമായ ഭക്തി) അദ്ധ്യയനപ്രത്യയം (പാശ്ചാത്യസാമ്രാജ്യവാദികളുടെ യുദ്ധക്കൊതിയ്ക്കെതിരായുള്ള ലോകവ്യാപകമായ സമരത്തോടു് ബന്ധപ്പെടുത്താതെ കേവലം വസ്തുതകളെപ്പററിയുള്ള ബോധനം) അനുരഞ്ജനപ്രത്യയം (പാശ്ചാത്യശക്തികളുമായി ഒത്തുതീൎപ്പിലൂടെ അന്തിമവിജയം കൈവരുത്താമെന്ന പ്രത്യാശ) "പശ്ചിമബെർലിൻ അധികാരികൾ ഒട്ടധികം ജൎമ്മൻ കമ്മ്യൂണിസ്ററുകളെ അറസ്ററുചെയ്തിട്ടുണ്ടെന്നും, അവർ ഈ മേഖലയ്ക്കുള്ളിൽ കടന്നുവന്നപ്പോൾ ഞങ്ങൾ നടത്തിയ അന്വേഷണങ്ങളുടെ അടിസ്ഥാന

ത്തിലാണ് ഈ അറസ്ററുകൾ നടന്നിട്ടുള്ളതെന്നും ആ ഭാഗത്തുള്ള പാർട്ടിക്കാക്കറിയാം," ഫ്രീഡ്നാ തുടൻ: "ഇക്കാര്യം അവരെ വ്യാകുലപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. തങ്ങൾ നാളെ ശപിക്കപ്പെടുകയും, പ്രാണരക്ഷാത്ഥം പശ്ചിമബർലിനിലോ പശ്ചിമജമ്മനിയിലോ അഭയം തേടേണ്ടിവരികയും ചെയ്യുകയാണെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നാണവരുടെ ഉൽക്കണ്ഠ. തങ്ങൾ കൂട്ടകുററവാളികളാണെന്ന് വ്യക്തമായും തെളിഞ്ഞേയ്ക്കാനിടയുള്ള കൃത്യങ്ങൾ പാർട്ടിയുടെ ആജ്ഞകളനുസരിച്ച് നടപ്പിൽ വരുത്തുന്നതിനുമുമ്പ് കമ്മ്യൂണിസ്റ്റ് ഭൃത്യപ്പരിഷകൾ ഇക്കാലത്ത് വരുംവരായ്കകളെപ്പററി തിരിച്ചും മറിച്ചും ആലോചിക്കുന്നു."

സമിതി അംഗങ്ങൾക്ക് നിർഭയം പ്രവത്തിക്കാൻ ആവശ്യമായ സംരക്ഷണഭദ്രത വളരെ മെച്ചപ്പെട്ടതോതിലാണ് നല്കപ്പെടുന്നത്. അവരിൽ മൂന്നുപേരെ കിഴക്കേ ജമ്മൻ അധികാരികൾ പിടികൂടിയിട്ടുള്ളു. അതിൽത്തന്നെ ഒരാളെ സമിതി പ്രവത്തകർ രക്ഷപെടുത്തുകയുംചെയ്തു. ഈ സംഘടനയിലെ അംഗങ്ങളിലാക്കും മററുള്ളവർ ആരാണെന്ന് അറിഞ്ഞുകൂടാ. ഓരോ ആൾക്കും ഓരോ കള്ളപ്പേരുണ്ട്. സന്ദേശങ്ങളും റിപ്പോർട്ടുകളും കോഡ് ഭാഷയിൽ കൈപ്പടയിലെഴുതി ബർലിൻ ആസ്ഥാനത്തിലേയ്ക്ക് അയയ്ക്കപ്പെടുകയാണു ചെയ്യുന്നത്. അവിടെ എല്ലാ അംഗങ്ങളുടേയും പേരുകൾ പരമരഹസ്യമായ ഒരു ഫയലിൽ സൂക്ഷിക്കപ്പെടുന്നുണ്ട്. അംഗങ്ങളിൽ പലരും സംഘടനയിൽ ചേന്നിട്ടുള്ളത് രാഷ്ട്രീയകാരണങ്ങളാലല്ലെന്നും, പ്രത്യുത ക്രമസമാധാനങ്ങൾ പാലിക്കാനുള്ള അത്യഗാധമായ വ്യഗ്രതകൊണ്ടാണെന്നും ഫ്രീഡ്നാ വിശ്വസി

ക്കുന്നു. കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ആളുകളും ഫ്രീഡ്നായുടെ അനുയായികളിൽ ഉൾപ്പെടുന്നുണ്ട്. ജമ്മനിയിൽ കമ്മ്യൂണിസം പ്രയോഗത്തിൽ വരുത്തിയിരിക്കുന്ന രീതിയെപ്പററി കുണ്ഠിതപ്പെട്ടുന്നവരാണവർ. സമരസമിതിയിൽ മുൻനാസികളുമുണ്ട്. "ക്ലീൻ പാർട്ടി ഗനോസ്സൻ" എന്നു് ജർമ്മൻ ഭാഷയിൽ അറിയപ്പെടുന്ന ചെറുതരം പാർട്ടിയിലെ അംഗങ്ങളാണവർ. സമിതിയിലെ ആയിരം അംഗങ്ങളെ മൂവായിരത്തിലധികം ഫീൽഡ് പ്രവത്തകർ സഹായിക്കുന്നു. സന്ദേശങ്ങൾ കൊണ്ടുപോവുക, പരസ്യങ്ങൾ പതിക്കുക, ലഘുലേഖകൾ വിതരണം ചെയ്യുക, ചുരുക്കത്തിൽ ഒരു പ്രബലശത്രുവിനെതിരായുള്ള ദൈനംദിന സമരത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായി വരുന്ന പല കട്ടത്ത ജോലികളും, വിടുപണികളും, അജ്ഞാതവൃത്തികളും അവരാണു് നടത്തുന്നതു്. ചില ഫീൽഡ് പ്രവത്തകർ തടവുകാരാക്കപ്പെട്ടിട്ടുണ്ടു്. അവരിൽ മിക്കവരെക്കുറിച്ചും പിന്നീടു് കേട്ടുകേൾവിയില്ല. എന്നാൽ തങ്ങളുടെ സഹപ്രവത്തകരിൽ ഒന്നോ രണ്ടോ പേരെക്കുറിച്ചല്ലാതെ മററുള്ളവർ ആരാണെന്നോ ഏതാണെന്നോ ഇവർക്കറിയാൻപാടില്ലത്തതിനാൽ, ഏററവും അങ്ങേയററത്തെ ഭേമദണ്ഡം പ്രയോഗിച്ചാൽപോലും അവരിൽനിന്നും വളരെയൊന്നും വിവരങ്ങൾ കമ്മ്യൂണിസ്റ്റധികൃതർക്കു് കിട്ടാനിടയില്ലെന്നാണു് ഡാക്ടർ ഫ്രീഡ്നാ പ്രസ്താവിച്ചതു്. പിടികൂടപ്പെട്ടവരിൽ ചിലക്കു് അത്ഭുതകരമായ അനുഭവങ്ങളുണ്ടായിട്ടുണ്ടു്. പോലീസിലും കോടതികളിലും അവർ അജ്ഞാതസുഹൃത്തുക്കളെ കണ്ടെത്തി. അങ്ങനെയുള്ളവർ ഒന്നുകിൽ രക്ഷപ്പെട്ടിട്ടു

ണ്ടു്; അല്ലെങ്കിൽ വിസ്മയകരമായ രീതിയിൽ ലഘുവായ ശിക്ഷകളാണു് അവക്ക് നല്കപ്പെട്ടതു്. കുറേ ഇരുതലമുരികഠം തന്റെ സംഘടനയിൽ ഉണ്ടെന്നു് ഫ്രീഡ്നായ്ക്കു് അറിയാം. കമ്മ്യൂണിസ്ററുകഠംക്കുവേണ്ടിയും സമരസമിതിക്കുവേണ്ടിയും മാറിമാറി പ്രവർത്തിക്കുന്നവരാണവർ. ഇന്നല്ലെങ്കിൽ നാളെ അവരെ കണ്ടുപിടിക്കാമെന്നാണു് അദ്ദേഹം വിശ്വസിക്കുന്നതു്. അവരുടെ റിപ്പോർട്ടുകളിലെ വൈരുദ്ധ്യങ്ങഠം പരിശോധിക്കുമ്പോഠം കാര്യം വ്യക്തമാകുമെന്നാണദ്ദേഹത്തിന്റെ അഭിപ്രായം. "സമിതിയുടെ ലക്ഷ്യം രാഷ്ട്രീയവിശ്വാസങ്ങളെ എതിക്കുകയല്ലെന്നും പ്രത്യുത രാഷ്ട്രീയമായ കുററകൃത്യങ്ങഠംക്കെതിരായി സമരം നടത്തുകയാണെന്നും ആദ്യംമുതല്ക്കുതന്നെ ഞാൻ അംഗങ്ങളെയെല്ലാം വ്യക്തമായി ധരിപ്പിച്ചിട്ടുണ്ടു്." ഫ്രീഡ്നാതുടൻ: "ഒരാഠം ഒരു കമ്മ്യൂണിസ്ററുകാരനായതുകൊണ്ടു് ഞങ്ങഠം അയാളെ ആക്രമിക്കുകയില്ല. ഞങ്ങഠം അയാളെ ആക്രമിക്കുകയാണെങ്കിൽ അതിനു കാരണം അയാഠം ഒരു കമ്മ്യൂണിസ്റ്റു് കുററവാളിയാണെന്നുള്ളതായിരിക്കും. പാശ്ചാത്യശക്തികളുടെ നാസിധ്വംസന പരിപാടിയെ സംബന്ധിച്ചിടത്തോളം അതിന്റെ വലിയ തെററു്, യഥാർത്ഥകുററവാളികളേയും, യാതൊരു കുററകൃത്യവും ചെയ്യാതെ വെൽട്ടാൻഷാഗിന്റെ നാസിമാർഗ്ഗത്തെ പിൻതുടരുകമാത്രം ചെയ്തവരേയും ഒരേക്കൂട്ടത്തിൽ ചേർത്താണെന്നു ഞാൻ വിശ്വസിക്കുന്നു. ക്രൂരമായ കുററകൃത്യങ്ങഠംക്കു നൽകപ്പെട്ട ശിക്ഷയെ ജർമ്മൻജനത അംഗീകരിക്കുമായിരുന്നു. മർദ്ദനവും കൊലപാതകവും നടത്തിയ കുററവാളി ശിക്ഷിക്ക

പ്പെടേണ്ടതാണെന്നവർക്കറിയാം. എന്നാൽ കേവലം ഒരു സംഘടനയിലെ അംഗങ്ങളായിരുന്നു എന്ന കാരണത്താൽ അവരെ പാശ്ചാത്യശക്തികൾ പ്രോസിക്യൂട്ടു ചെയ്യപ്പോൾ, ജർമ്മൻകാർ അവരുടെ നൈസർഗ്ഗികമായ നിയമഭ്രമംകൊണ്ടു്, നിഷ്ഠൂരപാതകികളോടുപോലും സഹതാപം പ്രദർശിപ്പിച്ചു തുടങ്ങുകയും, നാസിധ്വംസനപരിപാടി മുഴുവൻ ഒരു പ്രഹസനമായി കലാശിക്കുകയുമാണുണ്ടായതു്.

ഒരു ക്രിമിനൽ കേസ് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുമ്പോൾ നിങ്ങൾ പിൻതുടരുന്ന നടപടിക്രമം എന്താണു്?" എന്നു് ഞാൻ ഫ്രീഡ്നായോടു ചോദിച്ചു. അതിനു് അദ്ദേഹം ഇപ്രകാരം മറുപടി നല്കി: "ഒന്നാമതായി ഞങ്ങൾ അന്വേഷിക്കുന്നു—സമഗ്രമായി അന്വേഷിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കണ്ടാൽ, കുററപത്രം എഴുതിയുണ്ടാക്കുന്നു. തികച്ചും നിയമപ്രകാരംതന്നെയായിരിക്കും അതു ചെയ്യുന്നതു്. കോടതിമുദ്രയൊഴിച്ചു് മറെറല്ലാ വിശദാംശങ്ങളിലും തികവുള്ളതായിരിക്കും ആ പ്രമാണം. എന്നാൽ നിങ്ങൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതായ ചില കാര്യങ്ങളുണ്ടു്. ഞങ്ങൾ കുററപത്രങ്ങൾ പുറപ്പെടുവിക്കുന്നതിനു് അടിസ്ഥാനമായി സ്വീകരിക്കുന്ന നിയമങ്ങൾ കിഴക്കേ ജർമ്മൻ നിയമങ്ങളാണു്. അങ്ങനെ ഞങ്ങളുടെ ആക്ഷേപത്തിനു വിധേയനാകുന്ന യാരൊരു കുററവാളിക്കും, തന്നെ ബന്ധിക്കാത്ത നിയമങ്ങളനുസരിച്ചാണു് താൻ ചാർജ്ജുചെയ്യപ്പെടുന്നതെന്നോ, മനഃപൂർവ്വമായി തൻെറ പേരിൽ കള്ളക്കേസുണ്ടാക്കിയിരിക്കുകയാണെന്നോ പറഞ്ഞു് അതിനെ അവഗണി

ക്കാൻ കഴിയുന്നതല്ല. എന്തൊക്കെപ്പറഞ്ഞാലും, കരുതിക്കൂട്ടിയുള്ള കൊലപാതകം മററിടങ്ങളിലെന്നപോലെതന്നെ കിഴക്കേ ജർമ്മനിയിലും ഒരു കുററമാണ്. അവരുടെ നിയമപുസ്തകങ്ങളിലെങ്കിലും അങ്ങനെയാണു പറഞ്ഞിരിക്കുന്നതു്." സമരസമിതി രണ്ടു വലിയ ഫയലുകഠം സൂക്ഷിക്കുന്നുണ്ടെന്നു് ഡാക്ടർ ഫ്രീഡ്നാ എന്നോടു പറഞ്ഞു. ഇവയിലൊന്നു് വസ്തുതകളുടെ ഫയലും," മറെറാന്നു് "പ്രതികളുടെ ഫയലു"മാണെന്നു് അദ്ദേഹം വിശദീകരിച്ചു. രണ്ടു ഫയലുകളുംവച്ചു പരിശോധിക്കുമ്പോഠം ഒരു വ്യക്തിക്കെതിരായി നടപടിയെടുക്കാൻ നിയമപരമായ കാരണങ്ങളുണ്ടെന്നു കാണുകയാണെങ്കിൽ തികച്ചും കിഴക്കേജർമ്മൻ നിയമമനുസരിച്ചു് മുറപ്രകാരം അന്വേഷണം നടത്തുന്നു. ഒരു പ്രാസിക്യൂട്ടിങ്ങ് അറേറാർണിയുടെ സ്റ്റാഫ്പോലെയാണു് സമരസമിതി പ്രവത്തിക്കുന്നതു്. നിയമപരമായ ഔപചാരികനടപടിക്രമങ്ങളിലുള്ള ഏകവ്യത്യാസം, കുററപത്രം പുറപ്പെടുവിക്കുന്നതിനു മുമ്പു് മൊഴിവാങ്ങാനായി പ്രതി വിളിക്കുന്നില്ലെന്നുള്ളതുമാത്രമാണു്. "നിശ്ചയം വരുത്തിയശേഷമല്ലാതെ യാതൊരു കുററപത്രവും കമ്മിററി പുറപ്പെടുവിക്കുകയില്ല," ഡാക്ടർ ഫ്രീഡ്നാ തുടന്നു. "ഞങ്ങഠം സൂക്ഷിക്കുന്ന പ്രതികളുടെ ഫയലിൽ ആറായിരം പേരുകളുണ്ടു്. എന്നാൽ അവരിൽ 120 പേരുടെ കാര്യത്തിൽമാത്രമേ കുററപത്രം പുറപ്പെടുവിച്ചിട്ടുള്ളു. അങ്ങനെ ചെയ്യുന്ന ഓരോ സന്ദർഭത്തിലും ഞങ്ങഠംക്കു് സ്വയമേവ പൂർണ്ണബോദ്ധ്യമുണ്ടായിരിക്കണം. സമിതിക്കു് എന്തെങ്കിലും അബദ്ധം പററുമോ എന്നു് കണ്ടുപിടിക്കാൻ കിഴക്കേ

ജർമ്മൻ പത്രങ്ങൾ കണ്ണിലെണ്ണയുമൊഴിച്ചുകാത്തിരിക്കുകയാണു്. പശ്ചിമബർലിനിലെ കോടതികൾ ഞങ്ങളുടെ വിധിന്യായങ്ങളെ തങ്ങളുടെ നടപടികളിൽ അർദ്ധൗദ്യോഗികപ്രമാണങ്ങളായി ഉപയോഗിച്ചു തുടങ്ങിയപ്പോൾ ഞങ്ങൾ അത്യന്തം സന്തുഷ്ടരായി."

ഈ സമരസമിതി പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലുമൊരു കുററപത്രത്തിൻെറ അടിസ്ഥാനത്തിൽ സോവിയററ് ജർമ്മനിയിലെ യാതൊരു കോടതിയും യാതൊരാളേയും വിസ്തരിച്ചിട്ടില്ല. അതു് അത്ഭുതകരമല്ലെങ്കിലും, സമിതി കുററംചുമത്തിയിട്ടുള്ള ആളുകൾ അതിൻെറ അന്വേഷണങ്ങളെക്കുറിച്ചു് സംഭ്രാന്തരായിത്തീർന്നുകൊണ്ടിരിക്കുകയാണെന്നുള്ളതിന് തെളിവുകളുണ്ടു്. സാക്സണിയിലെ നീതിന്യായവകുപ്പുമന്ത്രിയും വോൾക്സ്ഹാമർ പ്രസിഡൻറുമായ ജൊഹാനസ്സ് ഡീക്ക്മാനെതിരായുള്ള തെളിവുകളുടെഫയലും, അദ്ദേഹത്തിനെതിരായി പുറപ്പെടുവിക്കപ്പെട്ട കുററപത്രത്തിൻെറ ഒരു പകർപ്പും ഡാക്ടർ ഫ്രീഡ്നാഎന്നെ കാണിച്ചു. സഖ്യനിയന്ത്രണ സമിതി (ഇതിൽ റഷ്യ ഒരു മെമ്പറായിരുന്നു.) യുടെ 1945 ഡിസംബർ 20-ാം തീയതിയിലെ പത്താംനിയമം രണ്ടാം വകുപ്പ്ലംഘിച്ചുകൊണ്ടു് ഡീക്ക്മാൻ 1948-നും 1950-നും ഇടയ്ക്കു് സിവിലിയൻ ജനതയോടു ക്രൂരമായി പെരുമാറുകയും, അങ്ങനെ മനുഷ്യസമുദായത്തിനെതിരായി കുററകൃത്യങ്ങൾ നടത്തുകയും ചെയ്തു എന്നാണു് ചാർജ്ജിൽ പറയുന്നതു്. കുറഞ്ഞപക്ഷം രണ്ടു സന്ദർഭങ്ങളിലെങ്കിലും അദ്ദേഹം കുററകൃത്യങ്ങൾ നടത്തുന്നതിനു് തൻെറ കീഴ് സിൽബന്തികളെ നിർബന്ധിക്കാൻവേണ്ടി നിയമാവലിയിലെ വിവിധവകുപ്പുകൾ (പത്രികയിൽ അതുദ്ധരി

ച്ചിട്ടുണ്ടു്.) ലംഘിച്ചു് സ്വന്തം ഔദ്യോഗികപദവിയെ ദുരുപയോഗപ്പെടുത്തിയെന്നും ആരോപിക്കപ്പെട്ടിരിക്കുന്നു. "സാമ്പത്തിക കുററവാളികളെ രോഗകാരണങ്ങൾ അടിസ്ഥാനമാക്കി ജയിലിൽനിന്നു മോചിപ്പിക്കാൻ പാടില്ലെന്നും, ഇക്കാരണത്താൽ ആരെയെങ്കിലും വിട്ടയച്ചിട്ടുണ്ടെങ്കിൽ അവരെ ഉടനടി അറസ്ററുചെയ്യണമെന്നും അദ്ദേഹം ഒരു രഹസ്യഉത്തരവു പുറപ്പെടുവിച്ചതായും, ഈ ഉത്തരവനുസരിക്കാത്ത ഏതു ജഡ്ജിയേയും പ്രാസിക്യൂട്ടറേയും ഒരു സോവിയററ് പട്ടാളക്കോടതിമുമ്പാകെ സമാധാനംബോധിപ്പിക്കാൻ വിളിക്കേണ്ടതാണെന്നു ഭീഷണിപ്പെടുത്തിയതായും പത്രികയിൽ തുടന്നുപറയുന്നു. ദേശീയമുന്നണിയിലും, ജമ്മൻ സോവിയററു് സൊസൈററിയിലും ചേരാഞ്ഞ വക്കീലന്മാരുടേയും, പ്രമാണസൂക്ഷിപ്പു് ഉദ്യോഗസ്ഥന്മാരുടേയും ലൈസൻസുകൾ റദ്ദാക്കിക്കളയുമെന്നു് അദ്ദേഹം ഭീഷണിപ്പെടുത്തിയെന്നുള്ള കുററവും പത്രികയിൽ അവസാനമായി ആരോപിക്കപ്പെട്ടിരിക്കുന്നു. തെളിവുകൾ പട്ടികയായിഅതിൽ വിവരിച്ചിട്ടുണ്ടു്. കിഴക്കേജമ്മൻ നിയമാവലിയിലെ ഏതേതുവകുപ്പുകൾ പ്രതി ലംഘിച്ചിട്ടുണ്ടെന്നും അതിൽ കാണിച്ചിരിക്കുന്ന കുററപത്രത്തിനടിയിൽ പ്രത്യേകമായി ഒരു ഖണ്ഡിക എഴുതിച്ചേത്തിട്ടുണ്ടു്. അതിൽ ഇപ്രകാരം പറയുന്നു. "ഈ കുററാരോപണത്തിന്നു് നാലാഴ്ച്ചയ്ക്കകം സമാധാനം ബോധിപ്പിക്കേണ്ടതാണെന്നു് പ്രതിയെ ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു. ഇതു സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ സമർപ്പിക്കുന്നതിന്നു് സോവിയററ് മേഖലാനിവാസികളോടു് അഭ്യത്ഥിക്കുന്നു. എല്ലാ വിവരങ്ങ

ളും രഹസ്യമായി സൂക്ഷിക്കപ്പെടുന്നതാണു്. വിവരം നൽകുന്ന ആളുകളുടെ പേരുകൾ ഗോപ്യമാക്കി വയ്ക്കുന്നതായിരിക്കും. അറിവുതരുന്ന ആളുകളെ കണ്ടുപിടിക്കാതിരിക്കത്തക്കവണ്ണം എല്ലാ വിവരങ്ങളും ശ്രദ്ധാപൂർവ്വം ഉപയോഗിക്കപ്പെടുന്നതുമാകുന്നു."

ഡാക്റ്റർ ഫെഡ്നാ തുടന്നു: "ഓരോ കുററപത്രവും ലഘുലേഖകളായും ഭിത്തിപ്പരസ്യങ്ങളായും ആയിരക്കണക്കിനു പ്രതികൾ അച്ചടിച്ചു് സോവിയററ് മേഖലയൊട്ടാകെ ഞങ്ങൾ വിതരണം ചെയ്യുന്നു. കിഴക്കേ ജർമ്മൻ ഗവമ്മെൻറുദ്യോഗസ്ഥന്മാർക്കും, കോടതി അധികൃതർക്കും, പോലീസിനും കുററപത്രത്തിൻെറ പകർപ്പുകൾ നേരിട്ടാണയയ്ക്കുന്നതു്. അതൊരു പ്രത്യേകരീതിയിലാണു്. കാഴ്ചയിൽ സചകാര്യക്കത്തുകളോ, ബില്ലുകളോ, സംഗീതക്കച്ചേരിക്കുള്ള ക്ഷണപത്രികകളോ ആണെന്നു തോന്നത്തക്കവിധമാണു് കുററപത്രപ്പകർപ്പുകൾ അടക്കം ചെയ്തയയ്ക്കുന്നതു്. മേൽവിലാസക്കാർക്കു് അതു കിട്ടുമെന്നുള്ളതു് നിശ്ചയവുമാണു്. കുററാരോപണത്തിനു വിധേയനായ പ്രതി മാത്രമല്ല, അത്തരം കുററകൃത്യങ്ങൾ ചെയ്തിട്ടുള്ളവരെല്ലാംതന്നെ ഈ കുററപത്രം വായിക്കുമ്പോൾ സംഭ്രമവിവശരാകുമെന്നാണു് ഞങ്ങളുടെ നിഗമനം. ഡീക്ക്മാനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ അയാൾ ഇതുകണ്ട ക്ഷണത്തിൽ പരിഭ്രാന്തനായി. ഇതിൻെറ സകല പ്രതികളും പിടിച്ചെടുക്കാൻ അയാൾ പോലീസിനു് ആജ്ഞ നല്കുകയും, ആരെങ്കിലും ഈ കടലാസ് കൈവശം വച്ചിരിക്കുന്നതായി കണ്ടാൽ അങ്ങനെയുള്ള ആൾ ഇരുപത്തിയഞ്ചുവർഷത്തെ തടവിനു ശിക്ഷിക്കപ്പെടുമെന്നു്

പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ അന്നുരാത്രി തന്നെ അയാൾ സ്വാഭിപ്രായം മാററിയിരിക്കാനിടയുണ്ട്. എന്തെന്നാൽ അടുത്ത ദിവസം രാവിലെ ആ മന്ത്രി കുററപത്രപരിശോധന പിൻവലിക്കുകയും, സ്വാമ്പത്തികക്കുററവാളികൾക്കെതിരായുള്ള ഉത്തരവു റദ്ദാക്കുകയുംചെയ്തു. കിഴക്കേജെമ്മനിയിലെ ധനകാര്യമന്ത്രി ഡാക്ടർ ഹാൻസ്ലോച്ചിനെതിരായും ഞങ്ങൾ കുററപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്! അപ്പോൾ ഡാമേയറെ സോവിയററ് രഹസ്യപ്പോലീസിനെക്കൊണ്ടു് അറസ്ററുചെയ്യിക്കുമെന്നു ഭീഷണിപ്പെടുത്തി അദ്ദേഹത്തെ രാജിവയ്പിക്കുകയും, തൻെറ ഉത്തരവുകളനുസരിക്കാൻ കൂട്ടാക്കാത്തതിനു് ഒരു ജഡ്ജിയെ അറസ്ററുചെയ്യിക്കുകയും, ഒരു രാഷ്ട്രീയശത്രുവാണെന്നുള്ള കാരണത്താൽ ഡിസ്ട്രിക്റ്റ് കോടതി ജഡ്ജി ഷെല്ലോക്കിനെ ജയിലിലേയ്ക്കയയ്ക്കുകയും ചെയ്തിട്ടുള്ള ആളാണു് ഹാൻസ്ലോച്ച്. ഇതുകൂടാതെ, ബ്രൻഡൻബർഗ്ഗ്-അൻ-ഡെർ-ഹാവൻലിലെ ലോർഡ് മേയറും, ഒരുതരം സാമ്പത്തിക ഗെസ്റ്റാപ്പോ എന്നു പറയാവുന്ന കേന്ദ്രനിയന്ത്രണക്കമ്മീഷൻ മേധാവിയുമായ ഫ്രിററ്സ്ലാംഗേയ്ക്കെതിരായും കേസുണ്ടായിട്ടുണ്ട്. ആ മനുഷ്യൻ തൻെറ ആവശ്യത്തിനായി ജംഗമസാധനങ്ങളും ആഭരണങ്ങളും ഉൾപ്പെടെയുള്ള സ്വകാര്യസ്വത്തുക്കൾ കണ്ടുകെട്ടിച്ചു. അവയുടെ ഉടമസ്ഥന്മാർ എതിർത്തപ്പോൾ അയാൾ എം. വി. ഡി-യെക്കൊണ്ടു് അവരെ അറസ്ററുചെയ്യിച്ചു. "ജനനന്മയ്ക്കുവേണ്ടി"യാണെന്നുള്ളപേരിൽ വ്യവസായക്കമ്പനികൾ ബലാല്ക്കാരമായി പിടിച്ചെടുക്കുകയാണു് ഇയ്യാളുടെ വിശിഷ്ടമായ

തൊഴിൽ. കമ്പനി ഉടമസ്ഥന്മാർ സാമൂഹ്യവിരുദ്ധ പ്രസ്താവനകൾ ചെയ്യുന്നു് കുററപ്പെടുത്തിയശേഷമായിരിക്കും സ്വത്തുക്കൾ പിടിച്ചെടുക്കുന്നതു്. ലാംഗേ തനിക്കെതിരായുള്ള കുററപത്രം വായിച്ചപ്പോൾ നിയമബോധമുള്ള ജർമ്മൻമനസ്സിൻെറ സാക്ഷാൽ പ്രതികരണമാണു് അയാളിൽ നിന്നുണ്ടായതു്. കുററങ്ങളെ അയാൾ നിഷേധിച്ചില്ല. ജർമ്മൻ കോടതി നടപടിപ്രകാരം ശരിയായവിധത്തിൽ കുററപത്രം തന്നെ ഏല്പിച്ചില്ലെന്നമാത്രമായിരുന്നു അയാൾ ഉന്നയിച്ച വാദത്ടസ്സം. അയാളുടെ കീഴ്സിൽബന്തികൾ പലരും തങ്ങൾ സ്വയം കണ്ടുകെട്ടിയിരുന്ന ജംഗമസാധനങ്ങളും സ്വകാര്യസ്വത്തുക്കളും ഈ കുററപത്രം വായിച്ചശേഷം ധൃതഗതിയിൽ ഉടമസ്ഥന്മാക്ക് തിരിച്ചയച്ചുകൊടുത്തതായി സമിതി അംഗങ്ങളിൽനിന്നും ഞങ്ങൾക്കറിവു ലഭിച്ചിട്ടുണ്ടു്. കുററാരോപണത്തിനു വിധേയരായിട്ടുള്ള മററു പ്രമാണികളായ കിഴക്കേ ജർമ്മൻകാർ ഇവരാണു്. പൂർവ്വജർമ്മൻ വ്യവസായമന്ത്രി ഫ്രിററ്സ് സെൽബ്മാൻ, (അഞ്ചുലക്ഷം മാർക്ക്സ് വില വരുന്ന തുണികൾ കൊള്ളയടിച്ചു) ബൻഡൻബർഗ്ഗിലെ മുൻആഭ്യന്തരവകുപ്പുമന്ത്രി ബേൺഹാർഡ്ബെച്ച്ലർ, (തന്റെ ഭാര്യയെ ഒരു സോവിയററ്തടങ്കൽപാളയത്തിലേയ്ക്കയച്ചശേഷം നിയമപ്രകാരം അവൾ മരിച്ചുപോയെന്നു പറയുകയും, അറസ്ററുവാറണ്ടു കൂടാതെ ആളുകളെ ജയിലിലിലടയ്ക്കുകയും, തിരഞ്ഞെടുപ്പുഫലങ്ങളിൽ കൃത്രിമം കാണിക്കുകയും ചെയ്യുതാണു് ഇദ്ദേഹത്തിൻെറ പേരിലുള്ള കുററങ്ങൾ) പ്രസിഡൻറു് വിൽഹെംപീക്കിൻെറ ജാമാതാവായ പോലീസ് ജനറൽ റിച്ചേർഡ് സ്റ്റെയിമർ. (ഒരു കപ്പലിൽ വന്ന വെള്ളി

ഉരുപ്പടികൾ മുഴവൻ കണ്ടുകെട്ടുകയും കയ്യടക്കുകയും ചെയ്തു എന്ന കുററമാണ് ഇദ്ദേഹത്തിൻെറ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ളതു്.

ഡാക്ടർ ഫ്രീഡ്നാ തുടന്നു പറഞ്ഞു. കഴിഞ്ഞ വർഷം രഹസ്യമായി നടന്ന ഷ്നെൽപ്രോസസ്സി (ക്ഷിപ്രവിചാരണ) യെ നേരിടേണ്ടിവന്നപ്പോഴാണ് ഞങ്ങൾ ഏററവും കൂടുതൽ വിഷമിച്ചതു്.

ഏപ്രിൽ 31-ാംതീയതിക്കും ജൂലൈ 1-ാംതീയതിക്കും ഇടയ്ക്കു് 3500 ആളുകൾ ആറുവർഷം മുതൽ 25 വർഷംവരെയുള്ള വിവിധകാലത്തെ തടവു ശിക്ഷകൾക്കു് വിധിക്കപ്പെട്ടു. പതിവുപോലെ കൃത്രിമമായി മെനഞ്ഞുണ്ടാക്കിയ കുററങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഈ ശിക്ഷ. അവരിൽ ഏതാനും പേർക്കു് മരണശിക്ഷപോലും നൾകപ്പെട്ടു. ഏററവും കുറഞ്ഞകാലത്തെ വിചാരണ 15 മിനിററുസമയവും ഏററവും ദീർഘമായതു് 45 മിനിററുനേരവുമാണ് നീണ്ടുനിന്നതു്. ആംസ്ഡോർഫിലെ ക്രിമിനൽ പോലീസു് സ്കൂളിൽ പഠിക്കുന്ന 17 വയസ്സുള്ള വിദ്യാൎത്ഥികൾ പ്രതിദിനം 100 എന്ന നിരക്കിനാണ് സമൻസു് എഴുതിയുണ്ടാക്കിയതു്. ഈ വിചാരണയിൽ പങ്കുകൊണ്ടതിന് 41 ജനകീയ പ്രോസിക്യൂട്ടറന്മാരെയും ജനകീയ ജഡ്ജിമാരെയും ഞങ്ങൾ കുററപ്പെടുത്തിയിട്ടുണ്ടു്. ഇവരിലാക്കും തന്നെ എന്തെങ്കിലും നിയമപരിശീലനം ഇല്ല. അക്കൂട്ടത്തിൽ രണ്ടുപേർ മാപ്പു്ഹർജിയുമായി ഈ ആഫീസിൽ വന്നിരുന്നു. മററു മൂന്നുപേർ ഇതേ ആവശ്യത്തിനായി ബന്ധുജനങ്ങളെ അയച്ചു. ഡാഃ ഫ്റെഡ്നാ ജനാലയ്ക്കരികിൽ പോയി വെളിയിലേയ്ക്കു നിർന്നിമേഷനായി നോക്കി. "ഞങ്ങൾക്കു്

കഴിവുള്ളതു് ഞങ്ങൾ ചെയ്യുന്നു." അദ്ദേഹം തുർടന്നു് ഈ പ്രവൎത്തനം ഇടതടവില്ലാതെ ഞങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യും. ഞാൻ സൂചിപ്പിച്ച 3500 ആളുകളും അതുപോലെയുള്ള ഒട്ടധികം പേരും ഇപ്പോഴും ജയിലിലാണെന്നുള്ളതു് മറക്കാവുന്നതല്ല. ലജ്ജാവഹം! ലജ്ജാവഹം! ഓർവെൽ പറഞ്ഞതുപോലെ തന്നെയാണിതു്. പ്രോസിക്യൂഷന്റെ ഉദ്ദേശം പ്രോസിക്യൂഷനാണു്. ഹേമദണ്ഡത്തിന്റെ ഉദ്ദേശം ഹേമദണ്ഡവുമാണു്. അധികാരത്തിന്റെ ഉദ്ദേശം അധികാരവും തന്നെ."

ആ കെട്ടിടത്തിൽ വച്ചു നടത്തപ്പെടുന്ന അഭിമുഖസംഭാഷണങ്ങളിൽ ചിലതു് ഞാൻ ശ്രദ്ധിച്ചാൽ കൊള്ളാമെന്നു് ഡാ: ഫ്രീഡ്നാ നിർദ്ദേശിച്ചു. വെയിററിങ്ങു് റൂമിൽ ഇരിക്കുന്നതായി ഞാൻ കണ്ട ആളുകൾ കിഴക്കൻ മേഖലാ നിവാസികളാണെന്നും പരാതികൾ ബോധിപ്പിക്കാനും വിവരങ്ങൾ നൽകാനും സോവിയററു മേഖലയിൽ നിന്നു് തങ്ങൾക്കു് ലഭിക്കാൻ സാദ്ധ്യമല്ലാത്ത നിയമോപദേശം (അവിടെ ഒരു വക്കീൽ തന്റെ കക്ഷിക്കു നിയമോപദേശം നൽകുന്നതു് വളരെ സൂക്ഷിച്ചുവേണം) വാങ്ങാനും ധനസഹായത്തിനുവേണ്ടി അപേക്ഷിക്കാനും വേണ്ടി വന്നിട്ടുള്ളവരാണെന്നും അദ്ദേഹം എന്നെ അറിയിച്ചു. "പല രാഷ്ട്രീയ തടവുകാരുടേയും കുടുംബങ്ങൾക്കു് സമരസമിതി സാമ്പത്തിക സഹായം നൽകുന്നുണ്ടു്." കഴിഞ്ഞവർഷം ആയിരത്തിലധികം സന്ദർശകർ കമ്മിററിയുടെ ആസ്ഥാനത്തു് സഹായപേക്ഷകളുമായി വന്നു. സോവിയററു മേഖലയിലുള്ള ആരോ ചിലർ പറഞ്ഞുകൊടുത്ത മേൽവിലാസമാണു് അവർക്കു് മിക്കപേക്ഷും ലഭിച്ചിരുന്നതു്. ആരംഭകാലത്തു് ഡാ: ഫ്റീഡ്നാ

തൻെറ രണ്ടുമൂന്നു സഹപ്രവൎത്തകരുടെ സഹായത്തോടു കൂടി നേരിട്ടുതന്നെയാണു് സന്ദർശകരുമായുള്ള കൂടി ക്കാഴ്ചകൾ നടത്തിയിരുന്നതു്. എന്നാൽ ഇപ്പോൾ ആളുകളുടെ സങ്കടം കേൾക്കാനും വൈകുന്നേരം ആകു മ്പോൾ തത്സംബന്ധമായ വിശദ വിവരങ്ങൾ എഴുതി തയ്യാറാക്കി വയ്ക്കാനും 30 സ്റ്റാഫഗംങ്ങൾ ഉണ്ടു്. പശ്ചിമ ബർലിനിലെ ഗവൺമെൻറിൽനിന്നും ബോ ണിലെ അഖില ജൎമ്മൻ വകുപ്പു കാര്യാലയത്തിൽനിന്നും ലഭിക്കുന്ന ധനസഹായത്തിൽ നിന്നാണു് സമിതി സ്റ്റാഫഗംങ്ങൾക്കു് ശമ്പളം കൊടുക്കുന്നതു്. സമിതി യിലെ സാധാരണ അംഗങ്ങളും ഫീൽഡു പ്രവൎത്തകരും ശമ്പളം ഇല്ലാതെ ജോലി ചെയ്യുന്നവരാണു്. സമിതി യുടെ ആസ്ഥാനത്തു് സന്ദർശകരായിവരുന്നവരെല്ലാം നിയമബിരുദധാരികളും അഭിഭാഷകരായും ന്യായാധി പന്മാരായും കിഴക്കേ ജൎമ്മനിയിൽ കഴിച്ചുകൂട്ടിയിട്ടുള്ള വരുമാണു്. രാജ്യത്തിൻെറ ഓരോ ഭാഗത്തേയും നില യെക്കുറിച്ചു് അവൎക്കോരോരുത്തൎക്കും അടുത്തറിഞ്ഞുള്ള പരിചയമുണ്ടു്. ഉദാഹരണമായി പോട്ട്സ്ഡാമിൽ നിന്നു് ഒരു സന്ദർശകൻ വന്നാൽ പോട്ട്സ്ഡാം കാര്യങ്ങൾ സംബന്ധിച്ചു് ഒരു വിദഗ്ദ്ധനാണു് അയാ ളുമായി സംഭാഷണം നടത്തുന്നതു്. പോട്ട്സ്ഡാമിൽ എന്തെല്ലാമാണു് നടക്കുന്നതെന്നതിനെക്കുറിച്ചു് വല്ലതും പറഞ്ഞു് വിദഗ്ദ്ധനെപ്പറ്റിക്കാൻ സാദ്ധ്യമല്ല. മാത്ര മല്ല പോട്ട്സ്ഡാമിലുള്ള 30 സമിതി അംഗങ്ങളോടു ഇതിനെക്കുറിച്ചു ചോദിച്ചു് വസ്തുതകൾ ശരിയാണോ എന്നു് തിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. “ഒരാൾക്കു് തെററുപററിയേക്കാം. എന്നാൽ 30 ആളുകൾക്കു് അതേ തെററുപററാനിടയില്ലാ” ഡാ: ഫ്റീഡ്നാ അഭിപ്രായപ്പെട്ടു.

ഡാ: ഫ്രീഡ്നാ എന്നെ ഒരു കോണിപ്പടിയിലേക്കാനയിച്ചു. "എസ്സ്. എസ്സ്. ഡിയുമായോ എം. വി. ഡിയുമായോ എന്തെങ്കിലും ഉരസൽ ഉണ്ടായാൽ അതിൻെറ ഭവിഷത്ത് എന്തായിരിക്കുമെന്ന് ഞങ്ങളുടെ സ്റ്റാഫംഗങ്ങളിൽ മിക്കവൎക്കും അറിയാം. "കെട്ടിടത്തിന്റെ മൂന്നാംനിലയിലേയ്ക്കു കയറവേ അദ്ദേഹം പറഞ്ഞു, "രാത്രികാലങ്ങളിൽ വാതുക്കൽ മണികിലുങ്ങുമ്പോൾ അവരുടെ വയററിനടിയിൽ അനുഭവപ്പെടുന്ന ആളിക്കത്തലിൻെറ ഗൗരവം അവൎക്കറിയാം. യഥാൎത്ഥജീവിതത്തിൽ നിങ്ങൾക്കുണ്ടാകുന്ന അനുഭവങ്ങളിൽ നിന്ന് നിങ്ങൾ പഠിക്കുന്ന പാഠങ്ങൾ ഏതെങ്കിലും പുസ്തകത്തിൽനിന്നോ കേട്ടുകേഴ്വിയിൽനിന്നോ ലഭിക്കുകയില്ല." കോണിപ്പടിക്കു മുകളിലുള്ള ഒരു ചെറിയ ആഫീസുമുറി അദ്ദേഹം തുറന്നു. നേരത്തെ വെയിററിങ്ങ് റൂമിൽ ഞാൻ കണ്ട ആ പഴഞ്ചൻവേഷധാരിയായ വൃദ്ധനുമായി ഒരാൾ തൻെറ ഡസ്കിനു പുറകിൽ നിന്ന് സംഭാഷണം നടത്തുകയായിരുന്നു. "ആ ഫാക്ടറി ഇപ്പോൾ ലോഹത്തകിടുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്", ആ കിഴവൻ ധരിപ്പിച്ചു." അടുത്തപടി എന്തായിരിക്കുമെന്ന് നിങ്ങൾ ചോദിച്ചാൽ എനിക്കു പറയാനുള്ളതു് കവചങ്ങൾ നിൎമ്മിക്കാനാണ് ഫാക്ടറിയുടെ പരിപാടിയെന്നാണ്. തകിടുകൾ ഉൽപ്പാദിപ്പിക്കുന്നതിന് ഞങ്ങൾക്കുവേണ്ടി വരുന്ന ചിലവിനേക്കാൾ കുറഞ്ഞനിരക്കിലാണ് അവ ഞങ്ങൾ വിൽക്കുന്നതു്. പ്രതിവാരം എൺപതിനായിരം മാർക്സ് ഫാക്ടററി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതാരു ശ്രദ്ധിക്കുന്നു! ദേശസാൽക്കരിക്കപ്പെട്ട വ്യവസായമല്ലേ?"

"കവചങ്ങളുടെകാൎയ്യം നമുക്കു മറന്നുകളയാം. വസ്തു

തകഠം വച്ചുകൊണ്ടു നമുക്കു സംസാരിക്കാം,” ഡസ്കിന്റെ പുറകിൽനിന്ന ആഠം കാര്യഗൗരവത്തോടുകൂടി പറഞ്ഞു. “ആ ഫാക്ടറിയിൽ ഇപ്പോഠം എത്ര തൊഴിലാളികഠം ജോലിചെയ്യുന്നുണ്ട്?”

വൃദ്ധൻ—220 90 പരിശീലകർ. എൻെറ 32 വർഷക്കാലത്തെ വ്യാപാരജീവിതത്തിനിടയിൽ ഇത്ര നിഷ്പ്രയോജനമായ ഒരു സമ്പ്രദായം എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല.”

ഡാ: ഫ്റീഡ്നാ എന്നോട് ഒരാംഗ്യം കാണിച്ചു. ഞങ്ങഠം അവിടംവിട്ടു. “സാമ്പത്തികകാര്യങ്ങളെക്കുറിച്ചുള്ള ഇത്തരം ചെറിയ ചെറിയ അറിവുകഠം കാര്യങ്ങളുടെ യഥാർത്ഥനിലയെപ്പററി ഒരു പൊതുവായ ചിത്രം കണ്ടെത്താൻ ഞങ്ങളെ സഹായിക്കുന്നു,” അദ്ദേഹം പറഞ്ഞു. അദ്ദേഹം മറെറാരു മുറിയുടെ വാതുക്കൽ നിന്നു. “നമുക്ക് ഇവിടെ ഒന്നു കടക്കാം.” ഈ ആഫീസ് മുറിയിൽ തലനരച്ച ഒരു മനുഷ്യൻ സന്ദർശകക്കായുള്ള ഡസ്കിന്റെ മുൻപിൽ ഒരു കസേരയുടെ വിളുമ്പത്തു് പററിപ്പിടിച്ചിരിക്കുകയായിരുന്നു. കുറേ പ്രായംചെന്ന ഒരു സ്ത്രീ അയാളുടെ തൊപ്പിയിലും കയ്യുറയിലും പിടിച്ചു് കരയുകയാണു്. ഈ കൂടിക്കാഴ്ച നടത്തിക്കൊണ്ടിരുന്ന ഡാ: ആറിനെ ഫ്റീഡ്നാ എനിക്കു പരിചയപ്പെടുത്തി. സാത്വികനും സരസനുമായ ഒരാളായിരുന്നു അദ്ദേഹം. ഈ വൃദ്ധദമ്പതികളുടെ 18 വയസ്സുള്ള പുത്രൻ ഒരു സാമൂഹ്യവിരുദ്ധപ്രസ്താവന ചെയ്തതായുള്ള കുററത്തിനു് ബാട്സൺ ജയിലിൽ 20 വർഷക്കാലത്തെ കഠിനാദ്ധ്വാനശിക്ഷയ്ക്കു് വിധിക്കപ്പെട്ടതിനെപ്പററി സങ്കടംപറയാനാണു് അവർ വന്നതെന്നു് അദ്ദേഹം എന്നോടു് പറഞ്ഞു. “ആ കുട്ടി

യുടെ ഒരു കത്തു് ഈ വൃദ്ധദമ്പതികൾക്കു് ഇന്നലെ കിട്ടി," പെൻസിലിൽ എഴുതിയിരുന്ന ഒരു കടലാസു കഷണം അദ്ദേഹം ഞങ്ങളെ കാണിച്ചു. കത്തിലെ ഒട്ടധികം വാക്കുകളും വാചകങ്ങളും ജയിലധികാരികൾ വെട്ടിക്കറുപ്പിച്ചിരുന്നു. ഡാ: ആർ. മേശയുടെ ഒരു വലിപ്പു് തുറന്നു് ഒരു ചെറിയ പോക്കററുകണ്ണാടി എടുത്തു് തൻെറ കസേരയിൽ ചാഞ്ഞിരുന്നു. സൂര്യപ്രകാശം ആ കത്തിൽ ചരിഞ്ഞുതട്ടത്തക്കരീതിയിൽ ആയിരുന്നു ആ ഇരിപ്പു്. അദ്ദേഹം കത്തു് തിരിച്ചുമറിക്കുകയും കണ്ണാടി അതിൻെറ പുറകുവശത്തു് പിടിക്കുകയും ചെയ്തു. ആ കുട്ടി പെൻസിൽകൊണ്ടെഴുതിയിരുന്ന അക്ഷരങ്ങളുടെ അടയാളം കടലാസ്സിൻെറ പുറകുവശത്തു് മങ്ങിമങ്ങി കാണായി. വരച്ചുകറുപ്പിച്ചിരുന്ന ഭാഗങ്ങൾ ഡാ: ആർ. സൂക്ഷിച്ചു പരിശോധിച്ചശേഷം കത്തു് ഉച്ചത്തിൽ വായിക്കാൻ തുടങ്ങി. "ദയവായി... ......ഒരു......തൊപ്പി എനിക്കയച്ചുതരണം. കൂടാതെ ........അദ്ദേഹം അല്പംകൂടി കുനിഞ്ഞു......" കയ്യുറകൾ. അതേ, കയ്യുറകൾ."

"എൻെറ കുട്ടി വളരെ കഷ്ടപ്പെട്ടുകയായിരിക്കും" ആ സ്ത്രീ അനന്യമനസ്കയായി പറഞ്ഞു. വൃദ്ധനു് ഒന്നും പറയാൻ കഴിഞ്ഞില്ല. അവർ ഇരുവരും ഡാക്ടർ ആർ. എന്തുപറയുന്നു എന്നറിയാൻ ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയായിരുന്നു. ആ മുറിക്കുള്ളിൽ കുറേ സമയം സകലതും നിശ്ശബ്ദമായിരുന്നു. ഞാൻ അക്ഷമനായി.

ഡാക്ടർ ആർ. കത്തു് താഴത്തുവച്ചു. "തൊപ്പിയേയും കയ്യുറയേയും സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതൊന്നും ആ കുട്ടിക്കു് അവർ അനുവദിച്ചിട്ടി

ല്ലെന്നാണു് കാണുന്നതു്." അദ്ദേഹം സ്വാഭിപ്രായം അവരെ ധരിപ്പിച്ചു. "കാരണമെന്താണെന്നെനിക്കറിഞ്ഞുകൂടാ. പ്രതിമാസം ഒരു പൊതിക്കെട്ടുമാത്രം കൈപ്പററാൻ അയാൾക്കനുവാദമുണ്ടു്. അതിൽ ആഹാരസാധനങ്ങളോ, അലക്കുവസ്ത്രങ്ങളോ അടക്കം ചെയ്തിരിക്കാം. പക്ഷേ, ഇവയിൽ ഏതെങ്കിലും ഒന്നുമാത്രമേ പൊതിക്കെട്ടിൽ ഉണ്ടായിരിക്കാവൂ എന്നു നിർബന്ധമുണ്ടു്. തൊപ്പി, കയ്യുറ മുതലായവപോലെ ആവർ അനുവദിക്കുന്ന സാധനങ്ങൾ പൊതിക്കെട്ടിനകത്തു് നിങ്ങൾ വയ്ക്കുകയാണെങ്കിൽ അടുത്ത ആറുമാസത്തേയ്ക്കു് യാതൊരു പൊതിക്കെട്ടും വാങ്ങാൻ അയാൾക്കു് സാധിക്കാതെ വരും; ആ അവകാശവും അയാൾക്കു നഷ്ടപ്പെടുമെന്നർത്ഥം. അതുകൊണ്ടു് അങ്ങനെയൊരു കാര്യത്തിനു തുനിയുന്നതു് ബുദ്ധിപൂർവ്വമായിരിക്കയില്ലെന്നാണെനിക്കു തോന്നുന്നതു്."

ആ വൃദ്ധദമ്പതികൾ ഡാക്ടർ ആറിനു നന്ദിപറഞ്ഞശേഷം പോയി. "ബാട്ട്സെൻ ജെയിലിലെ കാര്യങ്ങൾ സംബന്ധിച്ചു് ഒട്ടധികം വിവരങ്ങൾ ഞങ്ങൾക്കു കിട്ടുന്നുണ്ടു്" — ഡെസ്കിലെ മറെറാരു ഫയൽ പരിശോധിച്ചുകൊണ്ടു് ഡാക്ടർ ആർ. ഞങ്ങളോടു് പറഞ്ഞു. "ഇതാ മറെറാരു ബാട്ട്സെൻ കേസ്. റഷ്യയ്ക്കെതിരായി ശത്രുതാപരമായ പ്രവർത്തനങ്ങളിലേർപ്പെട്ടതിനു് സോവിയററ് സൈനികനിയമം 58-ാം ഖണ്ഡികയനുസരിച്ചു് ഒരു സോവിയററ് പട്ടാളക്കോടതി ശിക്ഷിച്ച ഒരാളിൻെറ കാര്യമാണിതു്. പ്രയാസം. ഇത്തരമാളുകളെ അപൂർവ്വമായി മാത്രമേ അവർ മോചിപ്പിക്കാറുള്ളു." അദ്ദേഹം ഫോൺ എടുത്തിട്ടു് ഇങ്ങനെ പറഞ്ഞു: "സി-9-നെ അയയ്ക്കൂ." ഏതാനും മിനി

ട്ടിനകം ഒരു സ്ത്രീ അകത്തുവന്നു് കസേരയിലിരുന്നു. നീലക്കണ്ണുകളും ഇരുണ്ട മുഖവുമുള്ള ഈ സ്ത്രീ പ്രായത്തിനുതക്ക ശരീരപുഷ്ടിയില്ലാത്തവളാണെന്നു് ഒററനോട്ടത്തിൽ കാണാമായിരുന്നു. അഴുക്കുപുരണ്ട ഒരു സഞ്ചിയിൽ കുറേ ആപ്പിളും പഴങ്ങളുമായിട്ടാണവൾ വന്നതു്. "എൻെറ ഭർത്താവു് ഇരുപത്തിയഞ്ചുവർഷത്തെ തടവുശിക്ഷയ്ക്കു് വിധിക്കപ്പെട്ടു് ബാട്ട്സെൻ ജെയിലിൽ കിടക്കുകയാണു്;" മന്ദമായി അവൾ പറഞ്ഞു. ചൈതന്യരഹിതമായ ഒരു സ്വരത്തിലാണവൾ സംസാരിച്ചതു്. തൻെറ ആയുഷ്കാലത്തിനിടയിൽ എന്നെങ്കിലും അവൾ പുഞ്ചിരിതൂകിയിട്ടുണ്ടോ എന്നു് സങ്കല്പിക്കാൻപോലും പ്രയാസമായിരുന്നു. "ഒരു ജോടി കണ്ണട വേണമെന്നു് അദ്ദേഹം എനിക്കെഴുതി. ഏതുതരമാണെന്നെനിക്കറിയാം; പക്ഷേ അതു വാങ്ങാൻ എൻെറ കയ്യിൽ പണമില്ല. കിഴക്കേ പ്രഷ്യയിൽനിന്നു വന്നിട്ടുള്ള അഭയാർത്ഥികളാണു് ഞങ്ങൾ. നിങ്ങളെപ്പററി ഞാൻ കേട്ടു. അപ്പോൾ എനിക്കുതോന്നി......" അവളുടെ ശബ്ദം ഒരു ഗദ്ഗദത്തിലാണ്ടു.

"നിങ്ങളുടെ ഭർത്താവിനെ ശിക്ഷിച്ചതെന്തിനായിരുന്നു?" ഡാക്ടർ ആർ ചോദിച്ചു. അദ്ദേഹം അപ്പോഴും തൻെറ മുമ്പിലുണ്ടായിരുന്ന ഫയൽ വായിക്കുകയായിരുന്നു.

"അദ്ദേഹം മനുഷ്യദ്രോഹത്തിനെതിരായുള്ള സമരസംഘത്തിനുവേണ്ടി 'എഫ്' (ഫൈററിംഗ് ഗ്രൂപ്പ്) എന്ന അക്ഷരം ഭിത്തികളിൽ ചായംതേച്ചു ചിത്രീകരിക്കുകയായിരുന്നു," അവൾ വിശദീകരിച്ചു. (പശ്ചിമ ബർലിനിൽ ആസ്ഥാനമുറപ്പിച്ചു് സജീവമായി പ്രവർത്തിച്ചുവരുന്ന മറെറാരു രഹസ്യസംഘടനയാണു്

ഈ ഫൈററിങ് ഗ്രൂപ്പ്. ഫ്രീയേററ്, ഫ്രീഡം-സ്വാതന്ത്ര്യം എന്ന വാക്കിൻെറ പ്രതീകമാണ് എഫ്. കിഴക്കേ ജർമ്മനിയിലെ പോരാട്ടത്തിൻെറ ഒരു ചിഹ്നമായും 'എഫ്' ലിപി പരിഗണിക്കപ്പെട്ടുന്നു) അദ്ദേഹത്തോടൊന്നിച്ച് മററൊരാളും ഉണ്ടായിരുന്നു. ഒരുകൂട്ടം ജനകീയ പോലീസുകാർ വന്നപ്പോൾ പരിഭ്രമിച്ചു വശായ കൂട്ടുകാരൻ കടന്നുകളഞ്ഞു. കീശയിൽ ചായബ്രഷ് സഹിതം അവർ എൻെറ ഭർത്താവിനെ പിടികൂടുകയും ചെയ്തു." വീണ്ടും അവളുടെ സ്വരം കണ്ഠത്തിൽ തങ്ങി.

അപ്പോഴും വായിച്ചുകൊണ്ടിരുന്ന ഡാക്ടർ ആർ. തലയാട്ടി. അവൾ നൽകിയ വിവരങ്ങൾ ഫയലുമായി പൊരുത്തപ്പെട്ടിരുന്നു എന്നാണ് തോന്നുന്നത്. "കണ്ണടയ്ക്കുള്ള പണം നിങ്ങൾക്കു കിട്ടും" തലയുയർത്തിക്കൊണ്ടു് ഒടുവിൽ അദ്ദേഹം പറഞ്ഞു. "കൂടാതെ മാസംതോറും കുറേ പണവും, ഒരു കിലോവീതം പന്നിയിറച്ചിയും ഞങ്ങൾ അയച്ചുതരികയും ചെയ്യാം" അദ്ദേഹം ഫോണെടുത്ത് ആ കെട്ടിടത്തിനകത്ത് മററൊരാളെ വിളിച്ചു. സ്ത്രീ അതു കേട്ടഭാവം നടിച്ചില്ല. "ഒരു മാപ്പുകിട്ടാനുള്ള സാദ്ധ്യതകളെന്താണ്" അവൾ ചോദിച്ചു. "ഒരു തടവുകാരനു് രണ്ടു പ്രാവശ്യം തൻെറ ഭാര്യയെ കാണാൻ അനുവാദം കിട്ടിയാൽ അയാൾക്കു മാപ്പുകിട്ടുമെന്നാണ് അങ്ങുള്ളവർ പറഞ്ഞുകേട്ടതു്. ഞാൻ രണ്ടു പ്രാവശ്യം ജയിലിൽചെന്നു് അദ്ദേഹത്തെ കണ്ടു. ഇനി താമസിയാതെ മാപ്പു കിട്ടുമെന്നാണ് ഒരു പാറാവുകാരൻ എന്നോടു പറഞ്ഞതു്."

"ഒരു സോവിയററ് അവധിദിവസം കൊണ്ടാടാൻ വേണ്ടിയോ, ജയിലുകൾ നിറഞ്ഞു കവിയുന്നതു

കൊണ്ടോ അപൂർവ്വം ചിലപ്പോഠം മാപ്പുകഠം അനുവദി ക്കാറുണ്ടു്." ഡാക്റ്റർ ആർ പറഞ്ഞു. "എന്നാൽ പാറാവുകാർ പറഞ്ഞതിനെ അമിതമായി നിങ്ങഠം വിശ്വസിക്കരുതു്. അവരുടെ ഉദ്ദേശം നല്ലതായിരിക്കാം; പക്ഷെ, എല്ലാ കാര്യവും അവക്കറിഞ്ഞുകൂടാ."

അവഠം—കുറേ പണം കൊടുക്കാമെങ്കിൽ എൻ്റെ ഭത്താവിനു് ആശ്വാസകരമായ ചില സാധനങ്ങഠം വാങ്ങി ഏൽപ്പിക്കാമെന്നു് പാറാവുകാരിലൊരാഠം പറഞ്ഞു. അതനുസരിച്ചു് ഞാൻ ഏഴ മാർക്സ് കൊടുത്തു. അയാളതു കൈനീട്ടി വാങ്ങിയതല്ലാതെ എൻെറ ഭത്താവിനു് യാതൊന്നും കൊടുത്തില്ല."

"ചെററത്തരം കാണിക്കുന്ന മുന്തിയർപ്പൻ" കാര്യമാത്ര പ്രസക്തമായ രീതിയിൽ ഡാക്റ്റർ അഭിപ്രായപ്പെട്ടു. "ആ പാറാവുകാരൻെറ പേർ നിങ്ങഠംക്കറിയാമോ?

അവഠം—അറിയാം.

ആ സ്ത്രീ പേർ പറഞ്ഞുകൊടുത്തു. ഡാക്റ്റർ ആർ തൻെറ ഫയലിൽ അതു കുറിച്ചെടുക്കുകയുണ്ടായി. വാതലിൽ ഒരു മുട്ടുകേട്ടു. ഒരാഠം ആഫീസ് മുറിയിൽ കടന്നുവന്നു്, ഡസ്കിന്മേൽ കുറേ പണം വച്ചിട്ടു് വെളിയിലേയ്ക്കുപോയി."ഇതാ ആറു പടിഞ്ഞാറൻ മാർക്സ്," ഡാക്റ്റർ ആർ പറഞ്ഞു. അദ്ദേഹം ധൃതഗതിയിൽ ഒരു കുറിപ്പെഴുതിയിട്ടു് ആ പണം സ്ത്രീയെ ഏൽപ്പിച്ചു. "നിങ്ങളുടെ ഭത്താവിനു് ഒരു ജോടി കണ്ണട തരുന്ന ഒരാളിൻെറ മേൽവിലാസമാണിതു്. നിങ്ങഠംക്കുള്ള പണവും, പന്നിയിറച്ചിക്കുള്ള വിലയും ഒരു ഫ്രാഎർണ്ണാസ്കിമിററായിരിക്കും കൊണ്ടുവന്നു തരുന്നതു്. ഫ്രാസ്കിമിററ് എന്തു കൊണ്ടുവന്നാലും അതു ഞങ്ങളിൽ

നിന്നായിരിക്കുമെന്നു് നിങ്ങൾ ധരിച്ചുകൊള്ളണം. ഇനി മേലാൽ നിങ്ങൾ ഇവിടെ വരരുതു്. ഞങ്ങളെ അറിയിക്കേണ്ട വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതു് ഫ്രാസ്സിമിററിനോടു് പറയണം." അവൾ അദ്ദേഹത്തോടു നന്ദിപറഞ്ഞിട്ടു് മന്ദഗതിയിൽ നിർവ്വികാരയായി പുറത്തേയ്ക്കു നടന്നുപോയി. ഞങ്ങൾക്കും ഇനി അവിടം വിടാമെന്നു് ഡാക്ടർ ഫ്രീഡ്നാ എന്നോടു പറഞ്ഞു. ഇതിനകം അടുത്ത ഫയലിൽ ശ്രദ്ധാലുവായിക്കഴിഞ്ഞിരുന്ന ഡാക്റ്റർ ആറിനു കൈ കൊടുത്തശേഷം ഞാൻ ഫ്റീഡ്നായുമൊന്നിച്ചു് അവിടെ നിന്നും വിടവാങ്ങി.

ഡാക്ടർ ഫ്റീഡ്നാ എന്നെ വീണ്ടും അദ്ദേഹത്തിൻെറ ആഫീസ് മുറിയിലേയ്ക്കാണാനയിച്ചതു്. "പ്രതിദിനം എട്ടുമണിക്കൂർ, ആഴ്ചയിൽ ആറുദിവസം, ദുരന്തസംഭവങ്ങളെപ്പററി കേൾക്കുന്നതു് മനം മടുപ്പിക്കുന്ന ഒരു കാര്യമാണു്, അദ്ദേഹം പറഞ്ഞു. എന്നാൽ വളരെ ക്ലേശങ്ങൾ സഹിച്ചശേഷം ഒടുവിലിതാ ഞങ്ങൾ ചിലതൊക്കെ നേടിത്തുടങ്ങിയിരിക്കുകയാണു്. ശിക്ഷകളുടെ കാഠിന്യം കുറഞ്ഞിട്ടുണ്ടു്. ഉത്തരവുപ്രകാരം ജയിൽ വിമുക്തരാകുന്ന തടവുകാരുടെ അടുക്കൽ പോലീസ് ഉദ്യോഗസ്ഥന്മാർ പോയി പറയാറുണ്ടു്, ജയിലിലെ പെരുമാററം മോശമായിരുന്നില്ലെന്നു് ഞങ്ങൾക്കു റിപ്പോർട്ടു ചെയ്യണമെന്നു്. ചുരുക്കിപ്പറഞ്ഞാൽ അവർ ഞങ്ങളെ ഭയപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഞങ്ങൾ തനിച്ചല്ലതാനും."

സോവിയററ് മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ രഹസ്യസംഘടനകളുമായി സമിതി സമ്പർക്കം പുലർത്തുന്നുണ്ടെന്നു് അദ്ദേഹം എന്നെ അറിയിച്ചു. അവരെല്ലാം

അവിടത്തെ സ്ഥിതിഗതികളെപ്പററി വിവരങ്ങൾ ശേഖരിക്കുകയും, പ്രചരണം നടത്തുകയും, ആളുകളെ രക്ഷപ്പെടുത്തുകയും, മർദ്ദനവിധേയരായ ആളുകളുടെ കുടുംബങ്ങൾക്കു് പണവും ആഹാരവും നല്കുകയും ചെയ്യുന്നു. സോഷ്യൽ ഡെമോക്രാററിക്പാർട്ടി സംഘടിപ്പിച്ചിട്ടുള്ള ഓസ്റ്റ്—ബ്യൂറോ ഒട്ടനവധി സോഷ്യലിസ്റ്റുകളേയും ട്രേഡ്യൂണിയൻ അംഗങ്ങളേയും കിഴക്കുനിന്നു രക്ഷപ്പെടാൻ സഹായിച്ചിട്ടുണ്ടു്. റെയിനർഹിൽഡർബ്രാൻഡും, ഏണസ്റ്റ് ടില്ലിച്ചും നയിക്കുന്നതും, മനുഷ്യദ്രോഹത്തിനെതിരായി പ്രവർത്തിക്കുന്നതുമായ പോർസംഘം (ഫൈററിങ്ഗ്രൂപ്പ്) തടങ്കൽ പാളയങ്ങളിലെ സ്ഥിതിവിവരങ്ങൾ സമാഹരിക്കുകയും, തടവുകാരെ പാർപ്പിച്ചിരിക്കുന്നതു് എവിടെയൊക്കെയാണെന്നു് കണ്ടുപിടിക്കുകയും ചെയ്യുന്നു. സാംസ്കാരിക സഹായ ബ്യൂറോ പുസ്തകങ്ങളും ലഘുലേഖകളും പത്രങ്ങളും ഇരുമ്പുമറയ്ക്കുള്ളിൽ വിതരണം ചെയ്യുന്നു. അഖിലജർമ്മൻ വിദ്യാർത്ഥികാര്യസംഘടന കിഴക്കേജർമ്മനിയിലെവിദ്യാർത്ഥികൾക്കിടയിൽ പ്രചരണം വ്യാപിപ്പിക്കുന്നു. മനുഷ്യാവകാശങ്ങൾക്കുവേണ്ടിയുള്ള ജർമ്മൻ ലീഗ്,നാസിഭരണത്തിലെ പ്രാസിക്യൂട്ടികളുടെ യൂണിയൻ എന്നിവയാണു് ഈ പരമ്പരയിലുള്ള മററു സംഘടനകൾ.

ഡാക്ടർ ഫ്രീഡ്നായുടെ സമരസമിതി കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയ്ക്കാണു് അതിൻെറ പ്രവർത്തനം കൂടുതൽ വ്യാപകമാക്കിയതു്. നിയമപരമായ പ്രവർത്തനം നടത്തുന്നതിനു പുറമെ, കിഴക്കെ ജർമ്മൻ സമൂഹത്തിലെ വിദ്യാർത്ഥികൾ, തൊഴിലാളികൾ, നികുതിപിരിവുദ്യോഗസ്ഥന്മാർ, മററുദ്യോഗസ്ഥന്മാർ, ഖനിജോലിക്കാർ, അദ്ധ്യാപകർ തുടങ്ങിയ വിവിധ

വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് സമിതി ലഘുലേഖ കളും പരസ്യങ്ങളും എത്തിച്ചുകൊടുക്കുന്നുണ്ട്. കിഴ ക്കേജർമ്മനിയിലെ കഴിഞ്ഞതവണത്തെ തിരഞ്ഞെടു പ്പിനുമുമ്പ് തിരഞ്ഞെടുപ്പു കമ്മററികളിലെ എല്ലാ അംഗങ്ങൾക്കും സമിതിയിൽനിന്നു കത്തുകൾ എത്തി ച്ചേൻറു. തിരഞ്ഞെടുപ്പുഫലങ്ങളിൽ കൃത്രിമം കാണി ക്കുന്നതു് ശിക്ഷാനിയമത്തിലെ 108-ാം ഖണ്ഡികയനു സരിച്ച് ഒരു കുററമാണെന്ന് ഈ കത്തുകളിൽ പ്രത്യേ കം ചൂണ്ടിക്കാണിച്ചിരുന്നു. നികുതിപിരിവുദ്യോഗ സ്ഥന്മാർ നിയമ വ്യവസ്ഥകളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുവേണം അവരുടെ ചുമതലകൾ നിർവഹി ക്കാനെന്ന് സമിതി താക്കീതു നൽകി. അതിൻെറ ഫലമായി, കിഴക്കേജർമ്മനിയിലുള്ള ഒരു പ്രവിശ്യ യിലെ പിരിവുകൾ നാല്പതുകോടി കിഴക്കൻ മാർക്ക് കുറഞ്ഞു. സ്വകാര്യസ്വത്തിൽ കൈവെയ്ക്കരുതെന്ന് സമിതി വ്യവസായവകുപ്പുദ്യോഗസ്ഥന്മാർക്ക് മുന്നറിവു കൊടുത്തു. രണ്ടുമൂന്ന് കേസുകളിൽ സമിതി നേരിട്ടി ടപെട്ടിട്ടുമുണ്ട്. തുറിൻഗിയായിലെ ഒരു മില്ലുടമസ്ഥ ൻെറ വിധവയായ അനന്തരാവകാശിയെ സംബന്ധി ക്കുന്ന കേസാണ് ഇവയിലൊന്ന്. ആ സ്ത്രീക്ക് അവ കാശപ്പെട്ട മിൽ തനിക്കുവേണമെന്ന് ഒരു കമ്മ്യൂണി സ്ററുകാരൻ ആഗ്രഹിച്ചു. ഏതെങ്കിലും സ്വത്തു കര സ്ഥമാക്കാൻ കമ്മ്യൂണിസ്ററുകാർ അവലംബിക്കാറുള്ള സാധാരണമാർഗ്ഗം, അതിൻെറ ഉടമസ്ഥാവകാശമുള്ള വ്യക്തി സാമൂഹ്യ വിരുദ്ധ പ്രസ്താവനകൾ ചെയ്ത് റിപ്പ ബ്ലിക്കിനെ അപകടപ്പെടുത്തിയിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയാണ്. "ടി സ്വത്തിന്റെ പഴയ ഉടമ സ്ഥൻ അത്തരം പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടു

ണ്ടെന്നു് മൊഴികൊടുക്കാൻ” ഈ കേസിലെ കമ്മ്യൂണിസ്ററുകാരൻ ഒട്ടധികം സാക്ഷികളെ ചേർത്തിരുന്നു. വസ്തു ഉടമസ്ഥൻ റിപ്പബ്ളിക്ക് നിലവിൽ വരുന്നതിനുമുമ്പു് മരിച്ചുപോയ ആളാണു്. ഈ ഏകകാരണത്താൽ മാത്രം, അദ്ദേഹം ഇങ്ങനെയൊരു പ്രസ്താവന ചെയ്യാനിടയില്ലെന്നു് വ്യക്തമായിരുന്നിട്ടും, കേസിന്റെ പ്രാരംഭാന്വേഷണവേളയിൽ സാക്ഷികളും കോടതി അധികാരികളും സൗകര്യപൂർവ്വം അതവഗണിക്കുകയാണു് ചെയ്തതു്. കേസ് വിധിപറയുന്നതിനു് ഒരു ദിവസംമുമ്പു് വിധവ ഇക്കാര്യത്തിൽ സമിതിയുടെ ഉപദേശം ആരാഞ്ഞു. ഇതിന്മേൽ ജസ്റ്റിക്ക് ഒരു കത്തെഴുതി വിവരമറിയിക്കാൻ വേണ്ടത്ര സമയമില്ലാതിരുന്നതിനാൽ യുണൈറഡ് സ്റ്റേറ്റ്സ് ജർമ്മൻഭാഷാ റേഡിയോസ്റ്റേഷനുമായി (ആർ. ഐ. ഏ. എസ്.) ഫ്രീഡ്നാബന്ധം പുലർത്തുകയും, സാക്ഷികൾക്കു് ഒരു താക്കീതു് പ്രക്ഷേപണം ചെയ്യിക്കുകയുമുണ്ടായി. അവർ സത്യം പറയാത്തപക്ഷം അവരുടെ പേരുകൾ സമിതിയുടെ സൂക്ഷിപ്പിലുള്ള പ്രതികളുടെ ഫയലിൽ കൊള്ളിക്കുമെന്നായിരുന്നു താക്കീതു്. അടുത്തദിവസം എല്ലാ സാക്ഷികളും കാര്യം മനസ്സിലാക്കി. റിപ്പബ്ലിക്കിനെ സംബന്ധിച്ചു് സാമൂഹ്യ വിരുദ്ധ പ്രസ്താവനകൾ ചെയ്തതായി ആരോപിക്കപ്പെട്ട കാലത്തിനുമുമ്പു് വസ്തു ഉടമസ്ഥൻ മരിച്ചുപോയെന്നു് അവരെല്ലാം ഓർമ്മിക്കാനിടയായി. ജസ്റ്റി കേസ് തള്ളി; മില്ലിന്മേലുള്ള അവകാശം വിധവയ്ക്കു സിദ്ധിക്കുകയും ചെയ്തു.

“കഴിഞ്ഞകൊല്ലം പൂർവ്വമേഖലാനിവാസികളെ ആയിരം വർഷക്കാലത്തെ തടവുശിക്ഷയിൽനിന്നു് ഞങ്ങൾ രക്ഷിച്ചിരിക്കുമെന്നാണു തോന്നുന്നതു്.

ഫ്രീഡ്നാ എന്നോടു പറഞ്ഞു. "തൊട്ടിയിലെ ഒരു തുള്ളിമാത്രമാണിതു്. (പ്രശ്നത്തിൻെറ വലിപ്പംനോക്കുമ്പോൾ ഇതു വളരെ ചെറിയ ഒരു നേട്ടംമാത്രമാണു്.) എങ്കിലും! 1950 ൽ രാഷ്ട്രീയകുററങ്ങൾക്കായി 63034 വർഷക്കാലത്തെ തടവുശിക്ഷകളാണു് സോവിയററ് ജർമ്മനിയിലെ ജനങ്ങൾക്കു് മൊത്തത്തിൽ നൽകപ്പെട്ടിട്ടുള്ളതു്. ഇതിനും പുറമെ, "സാമ്പത്തിക അട്ടിമറി" യെന്നു് അക്രൂട്ടർ പറയാറുള്ള കുററം ചുമത്തി 24000 ലധികം വർഷക്കാലത്തെ തടവുശിക്ഷകളും നൽകപ്പെട്ടിട്ടുണ്ടു്. സാമ്പത്തിക അട്ടിമറിക്കുററങ്ങളെന്നുവച്ചാൽ സ്വത്തുക്കൾ കമ്മ്യൂണിസ്ററുകാർക്കു വിട്ടുകൊടുക്കാൻ കൂട്ടാക്കിയില്ലെന്നാണു് പ്രായേണ അതിൻെറ അർത്ഥം. ഇതേ കാലയളവിൽതന്നെ, പശ്ചിമ ബർലിനിലെ കോടതികൾ മൊത്തത്തിൽ നൽകിയിട്ടുള്ള തടവുശിക്ഷകളുടെ കാലാവധി 32 വർഷവും, 7 മാസവും 7 ദിവസവുമാണു്. ഇപ്പോൾ കിഴക്കേമേഖലയിൽ 25000 സ്ത്രീപുരുഷന്മാർ ജയിലിൽക്കിടക്കുന്നുണ്ടു്. ഞങ്ങൾ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു."

ഡാക്ടർ ഫ്റഡ്നാ ഒരു പുസ്തകമെടുത്തുകൊണ്ടുവന്നു. "ഞാൻ കഴിഞ്ഞരാത്രി ഇതു വായിക്കുകയായിരുന്നു. എന്നെ അമ്പരപ്പിച്ച ഒരു രംഗം ഇതിലുണ്ടു്. കേട്ടോളൂ. "സമൂഹത്തിലെ ഓരോഅംഗവും മററുള്ളവരെ ഉററുനോക്കുന്നു. അവർക്കെതിരായുള്ള വിവരങ്ങൾ പോലീസിൽ അറിവുകൊടുക്കേണ്ടതു് അയാളുടെ ചുമതലയാണു്. സകലരും അടിമകളത്രേ; തങ്ങളുടെ അടിമത്വത്തിൽ എല്ലാവരും സമന്മാരുമാണു്. വിദ്യാഭ്യാസം, ശാസ്ത്രജ്ഞാനം, ബുദ്ധിസാമർത്ഥ്യം എന്നിവയുടെ നിലവാരം താഴ്ത്തിക്കൊണ്ടായിരിക്കണം കാര്യങ്ങ

ളുടെ തുടക്കം. വലിയ ബുദ്ധിശാലികളെ ആവശ്യമില്ല. അവർ ഗുണത്തേക്കാളധികം ദോഷമാണു് എപ്പോഴും ചെയ്തിട്ടുള്ളതു്. അവർ ബഹിഷ്ക്കരിക്കപ്പെടുകയോ, വധിക്കപ്പെടുകയോ ചെയ്യും. ലോകത്തിൽ ആവശ്യമുള്ള ഏകകാര്യം അച്ചടക്കമാണു്. അവിശ്വസനീയമായ അഴിമതിയെ ഞങ്ങൾ ഉപയോഗപ്പെടുത്തും. സകലരേയും ഒരു പൊതുജാതിയാക്കിത്താഴ്ത്തും." ഫ്രീഡ്നാ പുസ്തകം അടച്ചു. "ബഹുസമർത്ഥമായ പ്രവചനം," അദ്ദേഹം പറഞ്ഞു. "ഡസ്റ്റോവ്സ്കിയുടെ കൈമുതൽ," (ദിപൊസസ്സ്ഡ്) 1872-ൽ പ്രസിദ്ധപ്പെടുത്തിയതാണിതു്."

★

# 5

## ധാതുജലസുഖവാസകേന്ദ്രത്തിലെ ലഘുപ്രയത്നനിയമങ്ങൾ

എന്റെ മുത്തശ്ശി ഒരു മഹാ ഭയങ്കരിയായിരുന്നു. ചെറുപ്പത്തിലേതന്നെ സ്വഭർത്താവ് മരിച്ചശേഷം, മൊറാവ്സ്കാ ഓസ്ട്രാവാ എന്ന മൊറേവിയൻ സിററിയിലെ ഒരു വലിയ പലചരക്കുകട നടത്തിവന്നതും, ഒട്ടനേകം ധർമ്മപ്രവർത്തനങ്ങളുടെ കൈകാര്യകർത്തൃത്വം വഹിച്ചിരുന്നതും മുത്തശ്ശിയാണ്. ഇപ്പോൾ വടക്കുപടിഞ്ഞാറെ ചെക്കോസ്ലോവാക്കിയായുടെ ഭാഗമായിത്തീർന്നിരിക്കുന്ന ജോച്ചിംസ്റ്റാൾ എന്ന സുഖവാസസ്ഥലത്ത് എല്ലാ വർഷവും വേനല്ക്കാലത്തുപോയി സുഖമെടുക്കുന്നതാണ് തന്റെ അപരിചിതമായ ആരോഗ്യസമ്പത്തിന് നിദാനമെന്ന് അമ്മൂമ്മ പറയാറുണ്ടായിരുന്നു. ജോച്ചിംസ്റ്റാളിലെ ധാതുജലവും, ആരോഗ്യപ്രദമായ കാററും ആരിലും അത്ഭുതങ്ങളുണ്ടാക്കുമെന്ന് അവർക്ക് ബഹുവിശ്വാസമായിരുന്നു. തന്റെ മക്കളും കുഞ്ഞുമക്കളുമെല്ലാം അവിടെച്ചെന്ന് തന്നെ കാണണമെന്നായിരുന്നു അവരുടെ ആജ്ഞ. എന്റെ മുത്തശ്ശി എന്തെങ്കിലും ആജ്ഞാപിച്ചിട്ടുണ്ടെങ്കിൽ അതു് നിയമേന അനുസരിക്കപ്പെട്ടിട്ടുമുണ്ട്. മേരിയാ തെറീസാ എന്നാണ് സുഹൃത്തുക്കൾ അവരെ വിളിച്ചിരുന്നതു്. അതിനു കാരണം, പരേതനായ ആസ്ട്രിയാ ചക്രവർത്തിനിയുടെ ഭാവഗംഭീര്യത്തോടു് വളരെ സാദൃശ്യമുള്ള

ഒരു രാജകീയപ്രൗഢി മുത്തശ്ശിക്കുണ്ടായിരുന്നതാണു്. 1920-ാമാണ്ടിനിപ്പുറമുള്ള ദശവർഷത്തിൻെറ അവ സാനത്തോടുകൂടി ആദ്യമായി ഞാൻ ജോച്ചിംസ്റ്റാളിൽ ചെല്ലുന്നതിന്നു് ആജ്ഞാപിക്കപ്പെട്ടപ്പോൾ ആ സ്ഥല ത്തെപ്പററിയുള്ള കാര്യങ്ങൾ മുതിന്നവർ പറഞ്ഞുകേട്ടു മാത്രമല്ല, സ്കൂളിലെ ഭൂമിശാസ്ത്രപാഠങ്ങളിൽനിന്നുകൂടി ഞാനറിഞ്ഞിരുന്നു. (അഞ്ഞൂറു സംവത്സരക്കാലത്തി ലധികമായി ധാതുനിക്ഷേപങ്ങൾക്കും വെള്ളിഖനികൾ ക്കും വിശ്രുതിയാർജ്ജിച്ചിട്ടുള്ള ഒരു സ്ഥലമാണു് ജോച്ചിം സ്റ്റാൾ.) ആ സ്ഥലം എനിക്കു ബോധിച്ചു. പ്രസന്ന വും സന്തോഷകരവുമായ ഒരു പ്രദേശമായിരുന്നു അവി ടം. അടുത്തുള്ള കാറൽസ്ബാഡിൽ തടിച്ചുകൊഴുത്ത മഹാരാജാക്കന്മാരുടേയും, ദഹനക്കേടു ബാധിച്ച അമേ രിക്കൻ കോടീശ്വരന്മാരുടേയും വിനോദസുഖത്തിനു വേണ്ടി നടത്തപ്പെട്ടുന്ന ശബ്ദായമാനമായ ഉല്ലാസരാത്രി കളുടേയും, നാഗരികമായ ധടപടലുകളുടേയും ഒച്ചപ്പാ ടും ബഹളവുമൊന്നും അവിടെയില്ലായിരുന്നു. നിങ്ങൾ ജോച്ചിംസ്റ്റാളിലാണെങ്കിൽ സല്ക്കാരമുറിയിലേയ്ക്കുപോ കാൻ പുതിയ വേഷം ധരിക്കണമെന്നുപോലും നിർബ ന്ധമില്ലായിരുന്നു. അതിനുവേണ്ടി നിങ്ങൾ പ്രത്യേക മായി യാതൊന്നും ചെയ്യേണ്ടതുമില്ലായിരുന്നു. തെരു വീഥികൾ പ്രശാന്തമായിട്ടാണു് കാണപ്പെട്ടതു്. വർണ്ണ ശബളമായ ചിത്രവേലകളോടും, വിശേഷപ്പെട്ട പേരു കളോടുംകൂടി ഗ്രാമഹർമ്മ്യങ്ങൾ വിളങ്ങിയിരുന്നു. ദേവ താരുവനങ്ങളിലൂടെ ഓർപർവ്വതനിരകളുടെ അധിത്യ കാപ്രദേശങ്ങളിലെ കൊച്ചുകൊച്ചു ഭക്ഷണശാലകളി ലേയ്ക്കു നടന്നുപോകുന്നതു് എത്ര ഉല്ലാസപ്രദമായിരു ന്നു! പടർന്നു പന്തലിച്ചിരുന്ന പൈൻവൃക്ഷങ്ങളുടെ

പച്ചിലകളിൽതട്ടി വീശിയിരുന്ന കാററ് സ്നിഗ്ദ്ധവും ഉന്മേഷകരവുമായിരുന്നു. ഇതിനെല്ലാം പുറമേ, ജാസ്സിന്—വൈകുന്നേരത്തു് കേക്കുസഹിതം കഴിക്കുന്ന ചായയ്ക്കു്—കാറൽസ്ബാഡിലെ വിലയുടെ മൂന്നിലൊന്നു മാത്രമേ ജോച്ചിംസ്റ്റാളിൽ കൊടുക്കേണ്ടിയിരുന്നുള്ളു. ഒരുപക്ഷേ, ആ സ്ഥലത്തോട്ട് എന്റെ മുത്തശ്ശിക്കു് ഇത്രവളരെ പ്രതിപത്തിതോന്നാൻ കാരണം, കുറെയൊക്കെ അവിടത്തെ ന്യായവില നിരക്കുകളായിരിക്കാം.

വിലനിരക്കുകളുടെ കാര്യം എന്തും ആയിരിക്കട്ടെ. ഇന്നു് എന്റെ മുത്തശ്ശി ജീവിച്ചിരുന്നെങ്കിൽ, ആ പട്ടണം അവക്കിഷ്ടപ്പെട്ടുമായിരുന്നെന്നു് എനിക്കു തോന്നുന്നില്ല. ബാഹ്യലോകത്തിൽ തുടർച്ചയായി എത്തിക്കൊണ്ടിരിക്കുന്ന വാർത്തകൾ വിശ്വസനീയമാണെങ്കിൽ ആ സ്ഥലം അവർക്കിന്നു് അഭികാമ്യമായി തോന്നുകയില്ലെന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നതു്. എന്തെന്നാൽ ജോച്ചിംസ്റ്റാൾ, (ദിസ്റ്റാ) ഇന്നു് ജോച്ചിമോവായിത്തീന്നിരിക്കുന്നു; സോവിയററ് യൂണിയനാവശ്യമായ യുറേനിയം സമ്പത്തു് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഏററവും പ്രധാനപ്പെട്ട ഒരു സങ്കേതമായിത്തീന്നേയ്ക്കാം ഈ സുഖവാസസ്ഥലം. അവിടത്തെ പ്രകൃതിരമണീയമായ ഉദ്യാനങ്ങൾ അവഗണിക്കപ്പെട്ടിരിക്കുന്നു; പുഷ്പവാടികൾ കളപിടിച്ചു കിടക്കുന്നു; ഗ്രാമസൗധങ്ങളുടെ നില പരിതാപകരമാണു്. അവയുടെ ഭിത്തികൾ പൂശുകപോലും ചെയ്യുന്നില്ല. ചോരുന്ന മേൽക്കൂരകളും തകന്ന ജനാലകളുമായിട്ടാണവയുടെ ഇന്നത്തെ കിടപ്പു്. കുളിപ്പുരകളോടുകൂടിയ 270 മുറികളും നിരവധി മററു സുഖസൗകര്യങ്ങളുമുള്ള റേഡിയം പാലസ് ഹോട്ടൽ—ഈ ധാതുജലസുഖവാസകേന്ദ്ര

(സ്പാ)-ത്തിലെ ഏററവും കൗതുകകരമായ വിശ്രമ മന്ദിരമായിരുന്നു. അവിടെ ഇപ്പോൾ മിന്നൽ സമരപ്രവത്തകരെയാണു് പാപ്പിച്ചിരിക്കുന്നതു്. വെയിററർമാർ, ഹോട്ടൽ പോർട്ടർമാർ, ഡാക്ടർമാർ, കച്ചവടക്കാർ തുടങ്ങിയ ആളുകൾ ഇവിടത്തെ വഷാവഷ്ജനസംഖ്യയിൽ ഒരു നല്ല പങ്കുവഹിച്ചിരുന്ന കാലം പോയി. അതിനു പകരം ഇപ്പോൾ എസ്സ്. എൻ. ബി. (നാഷണൽ സെക്യൂറിററി കോർ-ദേശരക്ഷാസേന) യിലെ യൂണിഫാറം ധരിച്ച ഭടന്മാരും, സാധാരണ വേഷത്തിൽ നടക്കുന്ന രഹസ്യപ്പോലീസുകാരും, റഷ്യൻ സാങ്കേതികവിദഗ്ദ്ധന്മാരും, പട്ടാളക്കാരും, ഉദ്യോഗസ്ഥന്മാരുമാണു് ധാരാളമായി കാണപ്പെടുന്നതു്. ഹോട്ടലുകളിൽ ചിലതു് ആഫീസ് കെട്ടിടങ്ങളാക്കി മാററിയിട്ടുണ്ടു്. അവയുടെ ഇടനാഴികളിൽ ചെറിയ ചുവപ്പുപെട്ടികൾ തൂങ്ങുന്നതു കാണാം. അമേരിക്കൻ ആഫീസ് മാനേജർമാർ തങ്ങളുടെ തൊഴിലാളികളിൽനിന്നു് സൃഷ്ടിപരമായ ആശയങ്ങൾ ക്ഷണിക്കുന്നതിനായി വയ്ക്കാറുള്ള നിർദ്ദേശപ്പെട്ടികൾപോലെയിരിക്കും ഈ ചുവപ്പുപെട്ടികൾ കണ്ടാൽ. എന്നാൽ ജാച്ചിമോവിൽ ഈ പെട്ടികൾ കെട്ടിത്തൂക്കിയിട്ടിരിക്കുന്നതു് അജ്ഞാതരായ ഒററുകൊടുപ്പുകാരുടെ സൗകര്യത്തിനുവേണ്ടിയാണു്. പട്ടണത്തിനുചുററും മുമ്പുകാണാറുണ്ടായിരുന്ന പരസ്യങ്ങളും സൂചികകളും വിനോദസവാരികളേയും അഞ്ചുമണി സമയത്തെ ചായകുടിയേയുമല്ല ഇപ്പോൾ വിളിച്ചറിയിക്കുന്നതു്: നേരേമറിച്ചു്, സ്റ്റാലിൻേറയും ഗോട്ടുവാൾഡിൻേറയും ഛായാപടങ്ങളും "അദ്ധ്വാനം നിങ്ങളെ സുഖിപ്പിക്കുന്നു" എന്ന മുദ്രാവാക്യത്തിൻെറ വ്യത്യസ്ത രൂപങ്ങളും അവിടെ സ്ഥലംപിടിച്ചിരിക്കു

ന്നു. (ഡാച്ചായിലെ ഒരു നാസി തടങ്കൽപാളയത്തിൽ നിന്നു് ജീവനുംകൊണ്ടു് രക്ഷപ്പെട്ട എൻെറ ഒരു സ്നേഹിതൻ പറഞ്ഞു, ആ വളപ്പിലേയ്ക്കുള്ള പ്രവേശനദ്വാരത്തിൽ തൂക്കിയിട്ടിരുന്ന ഒരു വലിയ പരസ്യത്തിൽ "അദ്ധ്വാനം നിങ്ങളെ സ്വതന്ത്രരാക്കുന്നു" എന്നു് എഴുതിവച്ചിരുന്നത്രേ.) സന്ദർശകർക്ക് ആരോഗ്യം വീണ്ടെടുക്കാനും, വെള്ളി ഖനികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു് നല്ല ദേഹശക്തി നല്കാനും ഉപകരിച്ചിരുന്ന സുഖകരമായ ധാതുജലമല്ല ഇന്നു് ആ പട്ടണത്തിലെ പ്രധാന ഉന്മേഷപാനീയം. പല ഇടങ്ങളിലേയുംപോലെ ജാച്ചിമോവിലും ശനിയാഴ്ചതന്നെയാണു് ശമ്പളദിവസം. ശനിയാഴ്ച രാത്രികളിൽ ഈ പട്ടണം ഒരു ക്ലോൺഡൈക്ക് ഷാൻററി ടൗൺപോലെ മദിച്ചിളകുന്നതു കാണാം. ചൂതാട്ടം, വില കുറഞ്ഞ മദ്യം, അഭിസാരികാവൃന്ദം എന്നിവയുടെ ബാഹുല്യമാണിപ്പോൾ. ചെക്കൊസ്ലൊവാക്കിയൻ റിപ്പബ്ലിക്കിൽ മററു സകലതുമെന്നപോലെ വിനോദങ്ങളും ദേശസാൽക്കരിക്കപ്പെട്ടിരിക്കുകയാണു്. ഇതിന്റെ ഉദ്ദേശം തൊഴിലാളികൾ ഏതാനും മണിക്കൂർമുമ്പു് സ്റ്റേററിൽനിന്നു വാങ്ങിയ കൂലി സ്റ്റേററിനുവേണ്ടിത്തന്നെ തിരിച്ചുകൊടുക്കാൻ അവരെ പ്രേരിപ്പിക്കുകയാണു്.

ഇപ്പോൾ ജർമ്മനിക്കും ചെക്കൊസ്ലൊവാക്കിയായ്ക്കും ഇടയ്ക്കുള്ള അതിർത്തിയെ കവച്ചുവച്ചനിലയിൽ സ്ഥിതിചെയ്യുന്ന ഓർപർവതനിരകൾ നൂററാണ്ടുകളായി അമൂല്യധാതുക്കളുടെ വിളനിലമായിരുന്നു. വെള്ളി മാത്രമല്ല, തകരം നാകം അഞ്ജനം ഈയ്യം മുതലായ ലോഹങ്ങളും ആ പർവതത്തിൽ നിക്ഷേപിക്കപ്പെട്ടമായികിടപ്പുണ്ടു്. 1927-ൽ പിച്ച്ബ്ലെൻഡ് എന്ന ധാതുമണ്ണിൻെറ

വിപുലമായ നിക്ഷേപങ്ങൾ അവിടെ കണ്ടുപിടിക്ക പ്പെട്ടു. ഇരുണ്ട തവിട്ടുനിറം മുതൽ കറുപ്പുവരെയുള്ള നിറങ്ങളിലുള്ള ഈ മണ്ണിൽ യുറേനിയംറേഡിയവും അടങ്ങിയിരിക്കുന്നു. അനേകവർഷക്കാലത്തെ പരീക്ഷ ണങ്ങൾക്കുശേഷം ജോച്ചിസ്റ്റാളിലെ പിച്ച്ബ്ലെൻ ഡിൽനിന്നാണ് ക്യൂറിദമ്പതികൾ റേഡിയം കണ്ടെ ടുത്തതു്. മുൻകാലങ്ങളിൽ ജോച്ചിസ്റ്റാളിൽ അജ്ഞാത രായിരുന്ന റഷ്യൻ സന്ദർശകർ നാസികളുടെ തകർച്ച യ്ക്കുശേഷം അല്പകാലംകൊണ്ടു് അവിടെ തലപൊക്കി ത്തുടങ്ങി. അക്ഷീണരായ കാഴ്ചക്കാരായിട്ടാണു് അവർ പ്രത്യക്ഷപ്പെട്ടതു്. കണ്ടതെല്ലാം അവർക്കിഷ്ടപ്പെട്ടിരി ക്കണം. എന്തെന്നാൽ 1945-ലെ ഗ്രീഷ്മകാലത്തു് ഈ ധാതുജലമേഖലയും, അതിനു ചുററുമുള്ള പ്രദേശങ്ങളും റഷ്യാക്കാർ അടച്ചുകളഞ്ഞു. അല്പകാലം കഴിഞ്ഞു് അവർ സ്ഥലവാസികളായ ജനങ്ങളെ ബൊഹീമിയാ യുടെ ഉള്ളിലേയ്ക്കു തള്ളിമാററുകയുണ്ടായി. റഷ്യൻ കാഴ്ചക്കാർക്കു് ഈ സ്ഥലം ഇത്രവളരെ ഇഷ്ടപ്പെടാൻ തക്കതായ കാരണമുണ്ടു്. ജാച്ചിമോവ്ഓറിൻ ഭാരിച്ച തോതിൽ പിച്ച്ബ്ലെൻഡ് നിക്ഷേപങ്ങൾ അടങ്ങി ക്കിടപ്പുണ്ടു്. ഇവിടെ നാല്പതിനായിരത്തിനും അമ്പ തിനായിരത്തിനും ഇടയ്ക്കു് ഖനിത്തൊഴിലാളികൾ മാത്രമേ ഖനനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളു എങ്കിലും, 300,000 ജർമ്മൻകാരും, 1,80,000 സോവി യററ് പടയാളികളും കാര്യമായി പണിയെടുക്കുന്ന കിഴ ക്കേജർമ്മനിയിലെ റഷ്യൻ നടത്തിപ്പിലുള്ള ഖനിക ളിൽ ഉല്പാദിപ്പിക്കപ്പെടുന്നതിനേക്കാൾ കൂടുതൽ യുറേ നിയം ഈ പ്രദേശത്തുനിന്നു കഴിച്ചെടുക്കുന്നുണ്ടു്. ചെക്കൊസ്ലൊവാക്കിയാ കമ്മ്യൂണിസ്ററുകാർക്കു് കീഴ

ടങ്ങുന്നതിനു മുമ്പ് സോവിയററ് യൂണിയനും ചെക്കൊസ്ലൊവാക്കിയായും തമ്മിലുള്ള ഒരു രഹസ്യ ഉടമ്പടിയെപ്പററി പ്രേഗിലെ വിദേശികളുടെ ഇടയ്ക്കു് സംസാരമുണ്ടായിരുന്നു. ഈ ഉടമ്പടിയനുസരിച്ചു് ജാച്ചിമോവ് യുറേനിയം ഖനികളുടെ മുഴുവൻ കുത്തകാവകാശവും റഷ്യയ്ക്കു സിദ്ധിക്കുകയാണെന്നാണു് പറയപ്പെട്ടതു്. ഇങ്ങനെയൊരു കരാർ ഒഴിച്ചുവിടുന്നതിനു് ചെക്കുകൾ കുറേക്കാലം ശ്രമിച്ചെങ്കിലും, ഒടുവിൽ അതൊപ്പുവയ്ക്കാൻ അവർ നിർബന്ധിതരായി. അതിനുശേഷം പ്രസ്തുത ഉടമ്പടി ചെക്കൊസ്ലൊവാക്കിയായിലെ സകല ഖനികൾക്കും ബാധകമാകത്തക്കവിധം ഭേദഗതിചെയ്യപ്പെടുകയുമുണ്ടായി.

ഇക്കാലത്തു് യാതൊരു രാജ്യവും തങ്ങളുടെ യുറേനിയം ഉൽപാദനത്തിൻെറ വിവരങ്ങൾ വെളിപ്പെടുത്താൻ ആഗ്രഹിക്കാറില്ല. റഷ്യാക്കാരാണെങ്കിൽ, മററു മിക്കരാജ്യക്കാരെയും അപേക്ഷിച്ചു് ഇക്കാര്യം പുറത്തുവിടുന്നതിൽ താരതമ്യേന ഉത്സാഹക്കുറവാണു് പ്രദർശിപ്പിക്കുന്നതും. ഇരുമ്പുമറയ്ക്കു പുറകിലുള്ള യുറേനിയം ഖനികളെപ്പററി കിട്ടാവുന്ന ഏതൊരു വിവരം സംബന്ധിച്ചും ഔദ്യോഗിക സ്ഥിരീകരണം ലഭിക്കുകയില്ലെന്നുവേണം കരുതാൻ. എന്നാൽ ജാച്ചിമോവ് മേഖലയിലെ ഖനികളിൽ നിന്നു് നൂററിമുപ്പതിലധികം അഭയാർത്ഥികൾ പശ്ചിമബർലിനിലെത്തി സുരക്ഷിതരായി കഴിയുന്നുണ്ടു്. ജാച്ചിമോവിൽ എന്തു നടക്കുന്നു എന്നതിനെ സംബന്ധിച്ചുള്ള അവരുടെ വിവരണങ്ങൾ സ്വാഭാവികമായും വ്യക്തിപരമായ അഭിപ്രായങ്ങളും സ്വന്തം കഷ്ടപ്പാടുകളുടെ വ്രണിതസ്മരണകളാൽ കലുഷവുമായിരുന്നേയ്ക്കാമെങ്കിലും മുഖ്യമായ മിക്കകാര്യ

ങ്ങളിലും വിശ്വസനീയമാണെന്നാണ് കാണുന്നത്. പശ്ചിമബർലിനിലുള്ള ഈ അഭയാർത്ഥികളിൽ ഒട്ടധികം പേരുമായി സംസാരിച്ചതിൽ നിന്ന് എനിക്കു മനസ്സിലായതു് ജാച്ചിമോവ് ഡിസ്ട്രിക്ടിൽ പതിനാലു പ്രധാന ഖനികളും ഒററപ്പെട്ടുകിടക്കുന്ന ഒട്ടനവധി ഖനനക്രൂപങ്ങളും ഉണ്ടെന്നാണ്. ഈ ഖനനക്രൂപങ്ങളുടെ എണ്ണം എത്രയുണ്ടെന്നു് സൂക്ഷ്മമായി തിട്ടപ്പെടുത്താൻ നിർവാഹമില്ല. എന്തെന്നാൽ ഉൽപാദനക്ഷമമല്ലാത്ത ക്രൂപങ്ങൾ തുടച്ചയായി ഉപേക്ഷിക്കപ്പെടുകയും, പുതിയ കുഴിപ്പു പ്രവർത്തനങ്ങൾ ആരംഭിക്കപ്പെടുകയുമാണു ചെയ്യുന്നതു്. ഒരു സ്റ്റേററ് സംരംഭമെന്ന നിലയിൽ ഈ പ്രദേശത്തിൻെറ ഭരണം നടത്തുന്നതു്. ജാച്ചിമോവ്സ്കാ ഡോളി (ജാച്ചിമോവ്മൈൻസ്) യാണ് നടത്തുന്നതു്. അതിൻെറ ജനറൽ മാനേജർ ഒരു സോവിയററ് മൈനിങ്എഞ്ചിനീയറാണ്. സിമിൻ എന്നാണദ്ദേഹത്തിൻെറ പേരു്. ഉയർന്നനിലയിലുള്ള ഒരു എം. വി. ഡി. ഉദ്യോഗസ്ഥനാണദ്ദേഹം. അദ്ദേഹത്തിൻെറ ഡെപ്യൂട്ടിയായ യെററ്സ് മെൻഷിക്കോവ് എന്നയാളും ഒരു എം. വി. ഡി. ഉദ്യോഗസ്ഥനാണ്. ഔദ്യോഗികമായി, ജാച്ചിമോവ്മൈൻസ് പ്റേഗിലെ ചെക്കോസ്ലോവാക്ക് ദേശീയരക്ഷാവകുപ്പിൻെറ അധികാരത്തിൽ കീഴിലാണെങ്കിലും നാമമാത്രരായ മേലധികാരികളെക്കുറിച്ചു് വലിയ പരിഗണനയൊന്നും റഷ്യക്കാർക്കുണ്ടാകാനിടയില്ല. മർമ്മസ്ഥാനങ്ങളെല്ലാം റഷ്യക്കരുടെ കൈയ്യിലാണ്. അവരുടെ കീഴിൽ പണിയെടുക്കുന്ന ആയിരത്തിയഞ്ഞൂറ് ഉദ്യോഗസ്ഥപ്പരിഷകൾ ചെക്കോസ്ലോവാക്ക് കമ്മ്യൂണിസ്ററുകളുമത്രേ. എന്നാൽ ഉൽപാദിപ്പിക്ക

പ്പെടുന്ന യുറേനിയത്തിൻെറ കണക്കു സംബന്ധിച്ചു് അറിഞ്ഞിരിക്കാനിടയുള്ള ഏതൊരു പ്രവത്തകനും ഒരു റഷ്യക്കാരനായിരിക്കും.

ജാച്ചിമോവിലെ കരുതൽ സംരക്ഷണ നിയന്ത്രണങ്ങൾ ചെക്കോസ്ലോവാക്കിയായുടെ മറേറതു ഭാഗത്തേയുംകാൾ കർശനമാണു്. ആ പ്രദേശത്തേയ്ക്കുള്ള എല്ലാ പെരുവഴികളിലും ഗതാഗതതടസ്സം ചെയ്തിരിക്കുന്നു. ചെക്ക് എസ്സ്. എൻ. ബി. കാവൽ ഭടന്മാരും, എം. വി. ഡി. പടയാളികളും അവിടെ റോന്തുചുററുന്നു. ഖനനകൂപങ്ങൾക്കു ചുററും കമ്പിവേലികളിട്ടിട്ടുണ്ടു്. ചിലയിടത്തു് പത്തടിപ്പൊക്കത്തിൽ രണ്ടു വരിയായുള്ള മരവേലികളാണു് കാണുന്നതു്. അകവേലിക്കും പുറംവേലിക്കും ഇടയ്ക്കു് ഒരു "നിഷ്പക്ഷ മേഖല"യുണ്ടു്. അവിടെ നല്ലവെൺമണൽ വിരിച്ചിരിക്കുന്നു. പ്രതിദിനം രണ്ടു പ്രാവശ്യം ഈ മണൽ സൂക്ഷിച്ചുപരിശോധിക്കാറുണ്ടു്. പുതിയ കാലടയാളങ്ങൾ പതിഞ്ഞിട്ടുണ്ടെങ്കിൽ ഉടൻ അതു കണ്ടുപിടിക്കാനാണു് ഇങ്ങനെ ചെയ്യുന്നതു്. വേലികെട്ടിയടയ്ക്കപ്പെട്ടിട്ടുള്ള ഓരോ വളപ്പിനുചുററും 160 അടി വീതം ഇടവിട്ടിടവിട്ടു് പാറാവുസൗധങ്ങൾ പണിചെയ്തിട്ടുണ്ടു്. യന്ത്രത്തോക്കുകളും, സെർച്ചു്ലൈററുകളും കൊണ്ടു് സജ്ജീകരിക്കപ്പെട്ടിട്ടുള്ളവയാണു് ഈ സൗധങ്ങൾ. ഓരോ ഖനനകൂപത്തിൻേറയും ആവശ്യത്തിനായി പരിശീലനം നേടിയ പോലീസുനായ്ക്കളും ബുൾപട്ടികളുമുണ്ടു്. സൗധങ്ങളിലെ സൂക്ഷിപ്പുകാരായ കാവൽ ഭടന്മാരുടെ അധീനതയിൽ ഹെലികോപ്ററർ വിമാനങ്ങൾ വിട്ടുകൊടുത്തിട്ടുള്ളതുകൂടാതെ, സംശയം തോന്നുന്ന ആളുകളെ പ്രഥമദർശനത്തിൽ വെടിവെച്ചുകൊള്ളാൻ അവരോടു് ആജ്ഞാപി

ച്ചിട്ടുമുണ്ടു്. "ഒരു ജർമ്മൻ പാളയത്തിലെക്കാൾ എളു പ്പത്തിൽ മരിച്ചുമണ്ണടിയാനുള്ള സൗകര്യം ജാച്ചിമോ വിലുണ്ടു്." എന്നാണു് യുദ്ധകാലത്തു് നാസികളുടെ ബ ന്ധനത്തിൽ കിടന്നവനും ജാച്ചിമോവിൽനിന്നും രക്ഷ പെട്ടവനുമായ ഒരു ഖനിത്തൊഴിലാളി എന്നോടു പറ ഞ്ഞതു്. "ജർമ്മൻ തടങ്കൽ പാളയങ്ങളിൽ എന്തുനട ക്കുന്നു എന്നതിനേക്കുറിച്ചു് പല ജർമ്മൻകാർക്കും യാതൊരു വിവരവുമില്ലായിരുന്നു. ഇപ്പോൾ ജാച്ചിമോ വിലെ യുറേനിയം ഖനികളിൽ എന്തൊക്കെ നടക്കുന്നു യെന്നു് പല ചെക്കുകൾക്കും ഒരു വിവരവുമില്ലെന്നാണു് എൻെറ വിശ്വാസം."

ജാച്ചിമോവിലെ ഖനിത്തൊഴിലാളികൾ മൂന്നു വിഭാഗങ്ങളിൽ പെടുന്നു. ഉയന്ന ശമ്പളം വാഗ്ദാനം ചെയ്യപ്പെട്ടതുകൊണ്ടോ, രാഷ്ട്രീയ മതിൽക്കെട്ടിൻെറ തെററായ വശത്തായിപ്പോയതുകൊണ്ടോ, എന്തൊക്കെ യായാലും അവിടെ തടവുകാരായിക്കിടന്നു് ഉപജീവനം കഴിക്കാൻ മാത്രമേ വഴിയുള്ളു എന്നു വിശ്വസിക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടായിരുന്നതുകൊണ്ടോ സ്വമേധയായി പണിക്കു ചെന്നവരാണു് ഒരു കൂട്ടർ. സൈനിക സേവനത്തിനു പോകാൻ നിർദ്ദിഷ്ടരും, എന്നാൽ രാഷ്ട്രീയമായ വിശ്വാസക്കുറവുകൊണ്ടു് "തൊഴിലാളിപ്പടയണി"യിലേയ്ക്കു് നിയോഗിക്കപ്പെട്ട വരുമായ ചെക്കൊസ്ലോവാക്ക് യുവാക്കളാണു് രണ്ടാ മത്തെ വിഭാഗത്തിൽ പെടുന്നതു്. ഏററവും വലിയ മൂന്നാമത്തെ വിഭാഗം സാധാരണ ക്രിമിനൽ പുള്ളികളും രാഷ്ട്രീയക്കുററവാളികളുമാണു്. ഒടുവിൽ പറഞ്ഞ ഈ രണ്ടു തരക്കാർക്കും തമ്മിൽ യാതൊരു വ്യത്യസ്ത പരി ഗണനയും ഔദ്യോഗികമായി കല്പിക്കപ്പെട്ടിട്ടില്ല.

എന്നാൽ എണ്ണത്തിൽ കുറഞ്ഞ ക്രിമിനൽ പുള്ളികളോ ടുള്ള പെരുമാററം ഇതരാപേക്ഷയാ കൂടുതൽ മെച്ച മാണു്. ഒരു ക്രിമിനൽ പുള്ളി സാധാരണ ഗതിയിൽ ഒരൊററയാളിനെ മാത്രമേ കൊലപ്പെടുത്തിയിരിക്കുക യുള്ളു എന്നും, എന്നാൽ കമ്മ്യൂണിസ്റ്റ് വിരുദ്ധന്മാർ മൊത്തത്തിലുള്ള രാഷ്ട്രത്തിനെതിരായി ഗൂഢാലോചന നടത്തുന്നവരാണെന്നുമുള്ളതാണു് ഇതിനുള്ള അനൗ ദ്യോഗിക കമ്മ്യൂണിസ്റ്റ് വിശദീകരണം ഈ രണ്ടുതരം തടവുകാരും പട്ടാളപ്പാളയങ്ങളിലാണു് പാക്കുന്നതു്. "അധ്വാനം മുതലാളിത്തത്തെ ജയിച്ചു കീഴടക്കി; കുററ കൃത്യത്തെ കീഴടക്കും;" "നിങ്ങൾ നിർദ്ദോഷിയാണെ ങ്കിൽ ഇതിലും കഠിനമായി അധ്വാനിക്കുക" എന്നു തുടങ്ങിയ മുദ്രാവാക്യങ്ങൾ ആ പട്ടാളപ്പാളയങ്ങളിൽ എഴുതിവച്ചിട്ടുണ്ടു്. രാഷ്ട്രീയ കുററവാളികളിൽ ഒട്ട ധികം പേരും "സ്റ്റേററു് വിരുദ്ധ ഉപജാപകന്മാ" രാണു്. റിപ്പബ്ലിക്ക് സംരക്ഷണ നിയമമനുസരി ച്ചാണു് അവർ ശിക്ഷിക്കപ്പെട്ടിട്ടുള്ളതു്. ഈ നിയമ ത്തിൻെറ മുഖ്യമായ സവിശേഷതകൾ, അതിൻെറ അവ്യക്തതയും, വളരെയധികം വ്യാഖ്യാന സാദ്ധ്യത യ്ക്കിടനല്കുന്ന അതിൻെറ വാചക ഘടനയുമാണു്. രാജ്യ ത്തുനിന്നു് ഒളിച്ചോടാൻ ശ്രമിക്കവേ തടവുകാരായി പിടിക്കപ്പെട്ടവരും, ഒരു വർഷംമുതൽ അഞ്ചു വർഷം വരെ ഖനിവേലയ്ക്കു ശിക്ഷിക്കപ്പെട്ടവരുമാണു് ഇക്കൂ ട്ടത്തിൽ പലരും. വ്യവസ്ഥാപിതമായ കോടതികളല്ല, നേരേമറിച്ചു് ദേശീയ സമിതികൾ എന്നു വിളിക്കപ്പെ ടുന്ന രാഷ്ട്രീയ സംഘടനകളാണു് ഈ ശിക്ഷകൾ നല്കു ന്നതു്. രാഷ്ട്രീയ കുററവാളികളുടെ ഇടയ്ക്കു് സാമ്പ ത്തിക കുററവാളികൾ; (സ്വന്തം വ്യവസായ സംരംഭ

ങ്ങളുടെ ദേശസൽക്കരണത്തെ എതിർത്തവർ) മുൻ ഗെസ്റ്റാപ്പോ ഏജൻറുമാർ, ജർമ്മൻ യുദ്ധഘാതകന്മാർ എന്നിവരുൾപ്പെടുന്നു. ജർമ്മൻകാരോടുള്ള പെരുമാററം പൊതുവേ മററു രാഷ്ട്രീയ കുററവാളികളോടെന്നപോലെ തന്നെയാണെങ്കിലും സാധാരണ ക്രിമിനൽ പുള്ളികളെക്കാൾ കുറച്ചുകൂടി മോശവും കമ്മ്യൂണിസ്റ്റ് വിരുദ്ധന്മാരെ അപേക്ഷിച്ച് അല്പംകൂടി മെച്ചവുമായ പരിഗണനയാണ് അവക്ക് (ജർമ്മൻകാർക്ക്) ലഭിക്കുന്നത്. ഇതിനുള്ള ഔദ്യോഗികമായ ന്യായവാദം ഒരു അഭയാർത്ഥി എൻെറ അറിവിനായി ഇപ്രകാരം സംഗ്രഹിക്കുകയുണ്ടായി: "എന്തൊക്കെയായാലും നാസികൾ അവരുടെ രാഷ്ട്രത്തിൻെറ അഭ്യുദയത്തിനുവേണ്ടി പ്രവർത്തിച്ചവരാണ്. എന്നാൽ കമ്മ്യൂണിസ്റ്റ് വിരുദ്ധന്മാരാകട്ടെ, മുതലാളിത്ത യുദ്ധക്കൊതിയന്മാക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. അധിനിവേശകാലത്ത് ജർമ്മൻകാരുമായി പടപൊരുതിയ ഒട്ടനവധി ചെക്ക് രഹസ്യപ്പോരാളികൾ ഇന്നിതാ അതേ ജർമ്മൻകാരുമായി തോളോടുതോൾചേർന്ന് ഖനികളിൽ മണ്ണു കുഴിക്കുകയാണെന്നു ഞാൻ കേട്ടു. ചില ഖനിത്തൊഴിലാളികൾ "പീനൽ ക്യാമ്പു"കളിലാണ് പണിയെടുക്കുന്നത്. കർശനമായ മേൽനോട്ടത്തിൽ കമ്പിവേലിക്കകത്താണ് അവരുടെ താമസം. മററുള്ളവർ "ലേബർ ക്യാമ്പു"കളിൽ പണിയെടുക്കുന്നു. ഇതിൻെറ അർത്ഥം, ജോലികഴിഞ്ഞാൽ ക്യാമ്പുവിട്ടു പോകാൻ അവർ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും, അവരുടെ പ്രവർത്തനങ്ങൾ അത്രയധികം പരിമിതമാക്കപ്പെട്ടിട്ടില്ലെന്നും മാത്രമാണ്. രണ്ടു ക്യാമ്പുകളിലുമുള്ള തടവുകാർ പട്ടാള വ്യായാമ (ഡ്രിൽ)ത്തിനു വിധേയരാണ്. നേരെ കിടക്കവിരിക്കാത്ത കുററ

ങ്ങൾക്കും മററും അവർ ശിക്ഷിക്കപ്പെടുന്നുണ്ടു്. എല്ലാ വിഭാഗത്തിലുംപെട്ട തടവുകാർക്കു് നിശ്ചിത കാലാവധിക്കുള്ള ശിക്ഷകൾ നല്കപ്പെടുകയാണെന്നാണു് വയ്പു്. എന്നാൽ അവർക്കു് വിമോചനം കിട്ടാറാകുമ്പോൾ ഒരു പുതിയ ഖനനക്രുപം തുറക്കപ്പെടുകയോ, ഖനിയിലെ ഉൽപ്പാദന നിരക്കു് അതൃപ്തികരമാണെന്നു റഷ്യാക്കാർ പ്രഖ്യാപിക്കുകയോ ചെയ്യുന്നതായിട്ടാണു് പലപ്പോഴും കണ്ടുവരുന്നതു്. അങ്ങനെ വന്നാൽ വിമോചനങ്ങൾ പിന്നത്തേയ്ക്കു "മാററിവയ്ക്കപ്പെടുന്നു."

ജാച്ചിമോവ് പ്രദേശത്തെ ഖനികളിൽ നിന്നുള്ള അഭയാത്ഥികളുടെ കൂട്ടത്തിൽ ഞാൻ കണ്ട ഒരുവൻ, എൻെറ കുട്ടിക്കാലത്തു് എനിക്കു സുപരിചിതമായിരു ഒരു കുടുംബത്തിലെ അംഗമാണു്. യുദ്ധത്തിനുമുമ്പുള്ള റിപ്പബ്ലിക്കിൽ, അയാളുടെ പിതാവു് ഒരു സമുന്നത സ്ഥാനം വഹിച്ചിരുന്നു. മസ്സാറിക്കിൻേറയും ബെനസ്സിൻേയും ഒരു തികഞ്ഞ അനുഭാവിയായിരുന്നു അദ്ദേഹം. സെമാൻ (ഞാൻ അങ്ങനെയാണു് ഈ അഭയാത്ഥിയെ വിളിക്കുന്നതു്) ഇരുപത്തിയേഴുവയസ്സു പ്രായമുള്ള ഒരു യുവാവാണു്. ഉന്മേഷഭരിതമായ മുഖഭാവം, ക്ഷയിച്ചുതകന്ന ശരീരഘടനയുമാണയാൾക്കുള്ളതു്. ജാച്ചിമോവിൽ അയാൾ കഴിച്ചുകൂട്ടിയ പതിനൊന്നു മാസങ്ങൾക്കിടയ്ക്കു് ഇവരണ്ടും അത്യന്താപേക്ഷിതമായിരുന്നു. കാഴ്ചയിൽ ഉത്സാഹിയായിരിക്കുകയും, അതേ അവസരത്തിൽ ആരോഗ്യപരമായി ക്ഷയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന തൊഴിലാളിക്കല്ലാതെ ആ ഖനികളിൽ രക്ഷയില്ല. അവിടെനിന്നു് ഒളിച്ചോടിവന്ന സെമാനെ ഞാൻ കണ്ടപ്പോൾ അയാളുടെ കൈ മുതലായി അവശേഷിച്ചിരുന്നതു്. അയാൾ തൽസമയം

ധരിച്ചിരുന്ന വസ്ത്രങ്ങൾ മാത്രമാണ്. ആറാഴ്ചക്കാലമായി അയാൾ തന്റെ കുടുംബത്തെക്കുറിച്ചുള്ള യതൊരു വിവരവും അറിഞ്ഞിട്ടില്ലായിരുന്നു. തനിക്കെവിടെ ആഹാരം കിട്ടുമെന്നുപോലും അയാൾക്ക് ഒരു രൂപവുമില്ലായിരുന്നു. (ഏലിയൻസ് എൻലിസ്റ്റ്മെന്റ് ആക്റ്റ് —പട്ടാളത്തിൽ വിദേശികളെ ചേർക്കുന്നതിനു വ്യവസ്ഥചെയ്യുന്ന നിയമം—അനുസരിച്ച് അമേരിക്കൻ സൈന്യത്തിൽ ചേരാൻ അയാൾ ശ്രമിക്കുകയായിരുന്നു.) തന്റെ അപ്പോഴത്തെ വിഷമസന്ധിയെക്കുറിച്ച് യാതൊരുൽക്കണ്ഠയും അയാൾ പ്രദർശിപ്പിച്ചുകണ്ടില്ല. ജാച്ചിമോവിൽ ഇതും ഇതിലപ്പുറവും അനുഭവിച്ചവനാണയാൾ. ചെക്കൊസ്ലോവാക്കിയായിൽ അനേകവർഷക്കാലം നീണ്ടുനിന്ന നാസി അധിനിവേശം ജീവിതക്ലേശങ്ങളേയും, ദുരിതസാഹചര്യങ്ങളേയും സംബന്ധിച്ചിടത്തോളം അയാളെ കേവലം വിചാരശൂന്യരാക്കിത്തീർത്തിരുന്നു. അന്നയാൾ ഒരു ദേശഭക്തസംഘവുമൊത്ത് ബൊഹീമിയൻ വനങ്ങളിലാണ് കഴിച്ചുകൂട്ടിയത്. എല്ലാം കഴിഞ്ഞ് ജാച്ചിമോവിൽ ചെന്നുപററിയതെങ്ങനെയെന്ന് ഞാൻ അയാളോടു ചോദിച്ചു.

"നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ, ഞാൻ വിമസ്തനായ ഒരു സന്നദ്ധഭടനായിരുന്നു." അയാൾ പറഞ്ഞുതുടങ്ങി: അസാധാരണമായ രീതിയിൽ അയാളൊന്നു ചിരിച്ചു. ഞങ്ങളുടെ സംഭാഷണത്തിനിടയിൽ ആദ്യന്തം അയാൾ ഇങ്ങനെ കൂടെക്കൂടെ ചിരിക്കാറുണ്ടായിരുന്നു വിളറിയ മുഖഭാവവും, അഴുക്കപ്പല്ലുകളുമാണയാൾക്കുണ്ടായിരുന്നതെന്നതൊഴിച്ചാൽ കഴിഞ്ഞ പത്തുവർഷക്കാലത്തെ സ്വജീവിതാനുഭവങ്ങളുടെ—ഇതുവരെയുള്ള തന്റെ ആയുസ്സിന്റെ മൂന്നിലൊരുഭാഗത്തിന്റെ—യാ

തൊരു സൂചനകളും അയാളിൽ നിഴലിച്ചുകണ്ടില്ല. സെമാൻ ഇങ്ങനെ തുടന്നു: "എൻെറ ക്രമനമ്പർ മുകളിലാണെന്നു് എനിക്കറിയാമായിരുന്നു. ഒരു തടവുകാരനെന്ന നിലയിൽ എന്നെ പിടിച്ചുകൊണ്ടുപോകുന്നതിനുമുമ്പ്, ശമ്പളക്കാരനായ ഒരു സിവിലിയനെന്ന നിലയിൽ അങ്ങോട്ടു പോകുന്നതായിരിക്കും ഭേദമെന്നെനിക്കുതോന്നി. യുറേനിയം ഖനിത്തൊഴിലാളികൾക്കു് ക്യാബിനററ് മന്ത്രിമാരേക്കാൾ കൂടുതൽ പണം കിട്ടുമെന്നാണു് ഞാൻ പറഞ്ഞുകേട്ടതു്. മാത്രമല്ല, ഒളിച്ചോടാൻ പററിയ മാർഗ്ഗമായിരിക്കും ജാച്ചിമോവ് എന്നും ഞാൻ വിചാരിച്ചു. മെച്ചപ്പെട്ട ശക്തിയും അൽപ്പബുദ്ധിയുമുള്ള ഒരു ശത്രുവിനെ നേരിടുമ്പോൾ പ്രത്യക്ഷത്തിൽ അസംബന്ധമെന്നു തോന്നുന്ന മാർഗ്ഗം സ്വീകരിക്കുക എന്ന സമരതന്ത്രത്തിൽ വിശ്വസിക്കുവാൻ ദേശീയപ്പോരാട്ടത്തിൻെറ അനേകവർഷക്കാലത്തെ അനുഭവങ്ങളാൽ ഞാൻ പ്രേരിതനായിട്ടുണ്ടു്. നിങ്ങളുടെ സമരതന്ത്രങ്ങൾ എത്രത്തോളം യുക്തിക്കനിരക്കാത്തതായിരിക്കുന്നുവോ അത്രത്തോളം നിങ്ങളുടെ വിജയസാദ്ധ്യതകൾ കൂടുതലായിരിക്കും. ഈയിടെയായി ചെക്കൊസ്ലൊവാക്കിയായിൽനിന്നു് ജർമ്മനിയിലെ അമേരിക്കൻ മേഖലയിലേയ്ക്കു കടക്കുകയെന്നതു് മിക്കവാറും അസാദ്ധ്യമായിത്തീന്നിരിക്കുകയാണെന്നു് നിങ്ങൾക്കറിയാമല്ലോ. ചെക്ക് കമ്മ്യൂണിസ്ററുകൾ അവരുടെ അതിർത്തിക്കു നെടുകേ യഥാർത്ഥത്തിലുള്ള ഒരു മരണ ഭിത്തിതന്നെ കെട്ടിയുറപ്പിച്ചിരിക്കുകയാണു് എന്നാൽ ചെക്കൊസ്ലൊവാക്കിയായ്ക്കും, ജർമ്മനിയിലെ സോവ്യയററ്-മേഖലയ്ക്കും ഇടയ്ക്കു് ജോച്ചിമോവിൽനിന്നു് ഏതാനും കിലോമീററർ മാത്രം ആകലെ

യായിക്കിടക്കുന്ന അതിർത്തിഭാഗം അത്രവളരെ ശ്രദ്ധാപൂർവ്വം സൂക്ഷിക്കപ്പെട്ടുന്നില്ല. സോവിയററ് - മേഖലയ്ക്കുള്ളിലേയ്ക്കു് ഒളിച്ചോടാനുള്ള വിഡ്ഢിത്തം ആർക്കും ഉണ്ടാവുകയില്ലെന്നാണു് ചെക്കുകളുടെ സങ്കൽപ്പം. അങ്ങനെ ഒളിച്ചോട്ടുന്നവരെ റഷ്യൻ റോന്തുപടയാളികളോ, കിഴക്കേജെർമ്മൻ വോൾക്ക്സ്പോലീസിയെ പിടികൂട്ടുമെന്നും, ചെക്കുകളുടെ പക്കൽ തിരിച്ചേൽപ്പിക്കുമെന്നുമാണു് അവരുടെ കണക്കുകൂട്ടൽ."

സെമാൻ തൻെറ കുടുംബാംഗങ്ങളുമായി ഇക്കാര്യം സംസാരിച്ചശേഷം പ്രേഗിലെ ജാച്ചിമോവ്റിക്രൂട്ടിവ് ആഫീസിൽപോയി ഒരു ഖനിത്തൊഴിലാളിയായി പേർകൊടുത്തു. 1950 ആഗസ്റ്റിൽ ഒരു ദിവസം അത്യധികമായ ശുഭാപ്തിവിശ്വാസത്തോടുകൂടി അയാൾ ജാച്ചിമോവിലെത്തി. ആ സ്ഥലം ആകപ്പാടെ ഉല്ലാസകരമാണെന്നു് അയാൾക്കു തോന്നി. ചെക്ക്-സോവിയററു് പതാകകൾ അവിടെ പാറിപ്പറന്നിരുന്നു. കാഴ്ചയിൽ കരുണാമസൃണമായ മുഖഭാവത്തോടുകൂടിയ ചെക്ക്-സോവിയററ് നേതാക്കളുടെ ഛായാപടങ്ങളും, "കൂടുതൽ അദ്ധ്വാനിക്കൂ; കൂടുതൽ പണമുണ്ടാക്കൂ" എന്ന മുദ്രാവാക്യങ്ങളെഴുതിയിരുന്ന ഭിത്തിപ്പരസ്യങ്ങളും ധാരാളമായി അവിടെ കാണാമായിരുന്നു. സന്നദ്ധതൊഴിൽസേനയിൽ അംഗങ്ങളായിചേരുന്ന ഖനിത്തൊഴിലാളികൾക്കുള്ള പാളയമായി ഉപയോഗിക്കപ്പെട്ടിരുന്നതു് ഒരു മുൻ വ്യവസായശാലയായിരുന്നു. അവിടേയ്ക്കാണയാളെ അയച്ചതു്. ആ കെട്ടിടം പല മുറികളായി വിഭജിക്കപ്പെടുകയും, ഓരോ മുറിയിലും നന്നാലു കട്ടിലും ചൂടുവെള്ളംപൊഴിക്കുന്ന ധാരായന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള കുളിപ്പുരകളും കണ്ടപ്പോൾ അയാൾ അത്ഭു

താനന്ദപരവശനായി. കൂടാതെ, പ്രേഗിൽ സാധാരണ പൗരന്മാർക്കു കിട്ടുന്ന ആഹാരവിഹിതത്തെക്കാൾ മെച്ചപ്പെട്ടതായിരുന്നു ഇവിടത്തെ ഭക്ഷണക്രമം. യഥാർത്ഥത്തിൽ, അക്രൂട്ടർ ഒരു പ്രശ്നാവലി കയ്യിൽ കൊടുക്കുന്നതുവരെ സകലതും ബഹുഭേഷായിട്ടാണു് അനുഭവപ്പെട്ടതു്.

"പ്രേഗിൽവച്ചു് ഉദ്യോഗക്കരാറിൽ ഞാൻ ഒപ്പുവച്ചപ്പോൾ ഈ പ്രശ്നാവലിയെക്കുറിച്ചു് ആരും എന്നോടു പറഞ്ഞില്ല," ചിരിച്ചുകൊണ്ടു് സെമാൻ പറഞ്ഞു. "ഇപ്പോഴിതാ എന്നോടു ചോദിക്കുകയാണു്: യുദ്ധത്തിനുമുമ്പുള്ള എൻെറ കക്ഷിബന്ധങ്ങൾ എന്തായിരുന്നു, ഇപ്പോഴത്തെ കക്ഷിബന്ധമെന്തു്, ഏതെങ്കിലും സംഘടനകളിൽ ഞാൻ ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അവയുടെ പേരുകൾ എന്തെല്ലാമാണു്, അടുത്ത ബന്ധുക്കളുടെ കക്ഷിപരമായ കൂട്ടുകെട്ടുകൾ എന്തെല്ലാം, എൻെറ പശ്ചാത്തലമെന്തു്? (എന്നുവച്ചാൽ തൊഴിലാളിയോ മുതലാളിയോ എന്നർത്ഥം.) കള്ളങ്ങളെഴുതാൻ ഞാൻ ധൈര്യപ്പെട്ടില്ല. അഥവാ, എഴുതിയിരുന്നെങ്കിൽതന്നെയും അനുഭവം മറിച്ചാകുമായിരുന്നില്ല. എന്തെന്നാൽ ഇതേ ചോദ്യാവലി തന്നെ അവർ എൻെറ കുടുംബത്തിലേയ്ക്കയയ്ക്കുകയും, അവിടെനിന്നുകിട്ടിയ മറുപടിയുമായി എൻെറ ഉത്തരങ്ങൾ പൊരുത്തപ്പെടുന്നുണ്ടോഎന്നു നോക്കുകയും ചെയ്തതായി പിന്നീടെനിക്കുമനസ്സിലായി. ഞാനൊരിക്കലും കമ്മ്യൂണിസ്ററുപാർട്ടിയിലോ, ചെക്കൊസ്ലൊവാക്ക് യുവജനസംഘടനയിലോ, മറേറതെങ്കിലും മുന്നണിസംഘത്തിലോ അംഗമായിരുന്നിട്ടില്ലെന്നു് അവർ കണ്ടുപിടിച്ചപ്പോൾ മറെറാരുപാളയത്തിലേയ്ക്കു്

എന്നെമാററി. "രണ്ടാംതരംജീവനക്കാക്കുള്ള" പാളയം എന്നാണ് അവർ ഇതിനെ വിളിച്ചിരുന്നതു്. അതു മിക്കവാറും, പൂർണ്ണമായിട്ടാണെന്നു പറഞ്ഞുകൂടെങ്കിലും, ഒരു തൊഴിലാളിപ്പാളയത്തോളം വഷളായിരുന്നു. ഈ ക്യാമ്പിൽ, ഓരോമുറിയിലും മുപ്പതുപേർവീതമാണ് താമസിച്ചതു്. ചൂടുവെള്ളമെന്നല്ല തണുപ്പുവെള്ളം പോലും പൊഴിക്കുന്ന ധാരയന്ത്രങ്ങളും ഇവിടെയില്ല. ആദ്യത്തെക്യാമ്പിൽലഭിച്ചതിനെക്കാൾ വളരെ മോശമായിരുന്നു ഇവിടത്തെ ഭക്ഷണം. എങ്കിൽ പ്രേഗിൽ എനിക്കുകിട്ടിയിരുന്ന ആഹാരത്തെക്കാൾകുറെയൊക്കെ മെച്ചമായിരുന്നു അതു്. വളരെക്കൊള്ളാവുന്ന ആളുകളുമായിട്ടായിരുന്നു അവിടെ എന്റെ സഹവാസം. ഡാക്റ്റർമാർ, അഭിഭാഷകന്മാർ, സർവകലാശാലാ പണ്ഡിതന്മാർ, മുൻബാങ്ക്ഗുമസ്തന്മാർ, സ്കോഡാവർക്ക്സിലെ എഞ്ചിനീയർമാർ, ചുവപ്പുസേനയിൽ ചേരാതെ പാശ്ചാത്യപക്ഷത്തുനിന്നുപടവെട്ടിയ ഒട്ടധികം ഉയന്ന നിലയിലുള്ള സൈനികോദ്യോഗസ്ഥന്മാർ എന്നിങ്ങനെ സമൂഹത്തിലെ കണ്ണായആളുകൾ ആക്കൂട്ടത്തിലുണ്ടായിരുന്നു."

ഒരു ട്രക്കിൽ പണിയെടുക്കുന്നതിനാണ് സൈമാനും മററു രണ്ടുപേരും നിയോഗിക്കപ്പെട്ടിരുന്നതു്. ക്യാമ്പിലേയ്ക്കുള്ള വിഭവസാമഗ്രികൾ—ഒരിക്കലും ലോഹമണ്ണല്ല—കയററി ഇറക്കുകയായിരുന്നു അവരുടെ ജോലി. ക്യാമ്പിൽ ചെയ്യുന്ന പണികളെല്ലാം നോംസ് (പ്രയത്നനിയമങ്ങൾ) അനുസരിച്ച് അളന്നു തിട്ടപ്പെട്ടുത്തുമായിരുന്നു. ഒരു നോംസ് എന്നുവച്ചാൽ സിദ്ധാന്തപരമായി ഒരു തൊഴിലാളിയിൽനിന്ന് പ്രതിദിനം പ്രതീക്ഷിക്കപ്പെടുന്ന ഏററവും കുറഞ്ഞ ഉൽപ്പാദന

ത്തോതു് എന്നാണർത്ഥം. പ്രയത്നനിയമങ്ങൾ മാററങ്ങൾക്കു വിധേയവും—'ലാലം.' എന്ന വാക്കാണു് പ്രകൃതത്തിൽ പ്രയോഗിക്കപ്പെടുന്നതു്—കാലാകാലങ്ങളിൽ കൂട്ടപ്പിക്കപ്പെടുന്നവയുമാണു്. ഒരു തൊഴിലാളിയുടെ ശമ്പളം, ആഹാരം, ചികിത്സ, ആരോഗ്യം എന്നീ കാര്യങ്ങൾ മാത്രമല്ല ജീവിതംതന്നെയും പ്രയത്നനിയമങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ അയാൾ എത്രത്തോളം ഉല്പാദിപ്പിച്ചു എന്നതിനെ ആശ്രയിച്ചാണു് നിർണ്ണയിക്കപ്പെട്ടിരുന്നതു്. ടെക്കിൽ സെമാനോടൊത്തു ജോലിചെയ്തിരുന്ന സഹപ്രവർത്തകർ ജാച്ചിമോവിലെ പഴയ കൈകളായിരുന്നു. ഈ ചിട്ടയെ പരാജയപ്പെടുത്താൻ എത്ര എളുപ്പമാണെന്നു് അവർ അയാൾക്കു കാണിച്ചുകൊടുത്തു. ക്യാമ്പിലേയ്ക്കുള്ള വിഭവസാമഗ്രികൾ ഒരിക്കൽ കയററി, വീണ്ടും ഇറക്കി അതേ ചരക്കുകൾതന്നെ രണ്ടാംപ്രാവശ്യവും കയററി ഇറക്കി കൃത്രിമമായി വേലത്തോതു പെരുപ്പിച്ചു കാണിക്കുകയും റോഡിൽ ഒട്ടും സമയം കളയാതിരിക്കുകയുമാണു് അവർ കാട്ടിക്കൊടുത്ത മാർഗ്ഗം.

ഏതാനും ആഴ്ചക്കാലം ഈ രീതിയിൽ ടെക്കോടിച്ചുകഴിഞ്ഞപ്പോൾ ജാച്ചിമോവ് ഡിസ്ട്രിക്റ്റിലെ വേലയെടുപ്പു ചിട്ടയെക്കുറിച്ചു് സെമാനു് നല്ലവണ്ണം മനസ്സിലായി. ആയിടയ്ക്കു് പ്രവർത്തനക്ഷമമായ പതിനെട്ടു ഖനനകൂപങ്ങൾ ഉണ്ടായിരുന്നു. | 525 അടി മുതല്ക്കു് 3200 അടിവരെ ആഴമുള്ള കുഴികൾ അക്കൂട്ടത്തിലുണ്ടായിരുന്നു. മിക്ക ഖനികളിലും സിവിലിയൻ ജീവനക്കാരും (പരിശീലകരായ ഖനിത്തൊഴിലാളികളെല്ലാം സാമാന്യമായി സെമാൻ അങ്ങിനെയാണു് പരാമർശിച്ചതു്.) തടവുകാരും അടുത്തടുത്താണു്

തൊഴിൽചെയ്തിരുന്നതു്. ഉദാഹരണമായി റോവ് നോസ്റ്റ് (സമത്വ) ഖനി എന്നു വിളിക്കപ്പെട്ടുന്ന സ്ഥലത്തു് 1200 പേർ ഭൂഗർഭത്തിൽ പണിയെടുക്കാൻ നിയോഗിക്കപ്പെട്ടിരുന്നതിൽ അഞ്ഞൂറുപേർ തടവുകാരായിരുന്നു. ചില ഖനികളിൽ ഏതാനും ഭാഗങ്ങൾ ഔദ്യോഗികമായി ടി. പി. ടി—പീനൽ ലേബർക്യാമ്പു്—(തൊഴിൽ ശിക്ഷപ്പാളയം) എന്നാണു് നിർവചിക്കപ്പെട്ടിരുന്നതു്. അപകടനിരക്കുകൾ ഇവിടങ്ങളിൽ വളരെ ഉയൎന്നനിലയിലായിരുന്നു. ടി. പി. ടി. കളിൽ ഖനനം നടത്തിയിരുന്നതു് തടവുകാർ മാത്രമാണു്.

സിവിലിയൻ ജീവനക്കാരും, തടവുകാരും പലപ്പോഴും ഒരേതൊഴിൽതന്നെയാണു് ചെയ്തിരുന്നതെങ്കിലും അവരോടുള്ള പെരുമാററവും അവർക്കു കിട്ടിവന്ന പ്രതിഫലവും തികച്ചും വ്യത്യസ്തമായിരുന്നു. തടവുകാരുടെ പ്രയത്നത്തോതു് സിവിലിയൽ ജോലിക്കാരുടേതിനേക്കാൾ നാല്പതുശതമാനം ഉയൎന്നതായിരുന്നു. ചിട്ടപ്രകാരം വേല പൂൎത്തിയാക്കുന്നതിനു് തടവുകാൎക്കു് ശമ്പളം നൽകിയിരുന്നില്ല. അവർ തോതിൽ കവിഞ്ഞു് പ്രയത്നിച്ചിട്ടുണ്ടെങ്കിൽ, ആ അധികപ്പണിക്കു മാത്രമേ അവർക്കു് പ്രതിഫലം നൽകിയിരുന്നുള്ളു. എന്നാൽ അതും, ഏററവും താണനിലയിലുള്ള സിവിലിയൻ ജോലിക്കാൎക്കു് ലഭിക്കുമായിരുന്ന പ്രതിഫലനിരക്കിൻെറ മൂന്നിലൊന്നു മാത്രമായിരുന്നു. സെമാൻ തുടൎന്നു: "കുറേക്കാലം ചില ഖനികളിൽ തടവുകാരും സിവിലിയൻ ജോലിക്കാരും ഒരുമിച്ചു പ്രവർത്തിച്ചുവന്നു. ഏതെങ്കിലും പാറക്കെട്ടിൽ പുതിയ വിള്ളലുള്ളതായി ഒരു തടവുകാരൻ കണ്ടുപിടിച്ചാൽ അയാൾ

തൻെറ സഹപ്രവത്തകനായ ഒരു സിവിലിയൻ ജോലിക്കാരനുമായി രഹസ്യക്കരാർ ചെയ്യുന്നു. ആ വിള്ളൽ താൻ കണ്ടുപിടിച്ചതാണെന്നു് സിവിലിയൻ ജോലിക്കാരൻ അവകാശപ്പെട്ടുകയും അധികാരികളെ അറിയിക്കുകയും ചെയ്യും. കണ്ടുപിടിത്തത്തിനു് കുറെയധികം പണം അയാൾക്കു കിട്ടും. ആ പണം അയാൾ തൻെറ പങ്കുകാരനായ തടവുകാരനുമായി ഭാഗിച്ചെടുക്കുന്നു. അങ്ങനെ കഴിയവേ, ഒരു തടവുകാരനെ അവർ പിടികൂടി. പാറാവുകാരനു് കൈക്കൂലികൊടുത്തിട്ടു് ഒളിച്ചോടാൻ ശ്രമിക്കവേയാണു് അയാളെത്തടഞ്ഞു പിടിച്ചതു്. അതിനുശേഷം തടവുകാരേയും സിവിലിയൻ ജോലിക്കാരേയും ഒരേഗണത്തിൽച്ചേർത്തു് ജോലിചെയ്യിക്കാറില്ല."

പ്രാണധാരണം ചെയ്യാൻ മാത്രം ആവശ്യമായ ആഹാരമേ തടവുകാൎക്കു നല്കിയിരുന്നുള്ളു. ഒരു കാർട്ടുലവു് സൂപ്പു്, നാലുറാത്തൽ റൊട്ടി, ഒരു സ്പൂൺ കൊഴുപ്പു് ഇത്രമാത്രമാണു് ഒരു തടവുകാരനു് പ്രതിദിനം അനുവദിച്ചിരുന്നതു്. ആഴ്ചയിൽ മൂന്നു പ്രാവശ്യമായി പതിനൊന്നു് ഔൺസ് ഇറച്ചിയും കൊടുക്കുമായിരുന്നു. തുടർച്ചയായി പ്രയത്നത്തോടു് കവിഞ്ഞു് ജോലിചെയ്തിട്ടുള്ള തടവുകാൎക്കു് മൂന്നാഴ്ച കൂടുമ്പോൾ ഒരിക്കൽ അവരുടെ ഏററവും ഉററ ബന്ധുക്കളെ കാറൽസ്ബാഡിലെ സർക്യൂട്ടു് കോർട്ടു് മന്ദിരത്തിൽ വച്ചും മൂന്നു മിനിട്ടുനേരം കണ്ടു സംസാരിക്കുന്നതിനു് അനുവാദം നല്കിയിരുന്നു. ഈ അവസരങ്ങളിൽ സുശക്തമായ ബന്തവസിലാണു് അവരെ അങ്ങോട്ടു കൊണ്ടു പോയിരുന്നതു്.

"തൊഴിലാളിവൎഗ്ഗപശ്ചാത്തല"മുള്ള സിവിലി

യൻ ജോലിക്കാർ പ്രയത്നത്തോതു നിറവേററുന്നതിനനുസരിച്ച് അവർക്കു കൊടുക്കുന്ന ശമ്പളം കൊടുത്തിരുന്നതായും, പരിധിയിൽകവിഞ്ഞു വേലചെയ്തിട്ടുണ്ടെങ്കിൽ ഉയൎന്നനിരക്കിലുള്ള ബോണസ്സുകൾ നല്കിയിരുന്നതായും സെമാൻ എന്നോടു പറഞ്ഞു. ഏതായാലും കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയ്ക്കു് അവരുടെ ശമ്പളനിരക്കു് കുറഞ്ഞിട്ടുണ്ടു്. 1947-ൽ ഒരു നല്ല ഖനിത്തൊഴിലാളിക്കു് പ്രതിമാസം 30,000 കൊറൂണിവരെ സമ്പാദിക്കാൻ കഴിയുമായിരുന്നു. (ചെക്കൊസ്ലൊവാക്കിയായിലെ ഒരു ആഫീസ് ജീവനക്കാരന്റെ പ്രതിമാസശമ്പളം ഇപ്പോൾ നാലായിരം കൊറൂണിയാണു്. ഒരു ക്യാബിനററംഗത്തിനു് പതിനായിരം കൊറൂണി കിട്ടുന്നു) സെമാൻ ജാച്ചിമോവിലെത്തിയകാലത്തു് ഏതാനും ചില ഖനിത്തൊഴിലാളികൾ പ്രതിമാസം 20,000 കൊറൂണിവരെ നേടുന്നതായിട്ടാണു് അയാൾ കേട്ടതു്. എന്നാൽ അയാൾ ഒളിച്ചോടിപ്പോന്ന കാലമായപ്പോഴേയ്ക്കും പ്രവൎത്തനത്തോതിലുണ്ടായ വൎദ്ധനവും തൊട്ടതിനും പിടിച്ചതിനുമുള്ള വെട്ടിച്ചുരുക്കലുകളുമെല്ലാം തട്ടിക്കഴിച്ചശേഷം പതിനായിരത്തിൽ കവിഞ്ഞു സമ്പാദിക്കുന്നവർ വിരളമായിരുന്നു. കൂടാതെ ഗോട്ട്‌വാൾഡിന്റേയും സ്റ്റാലിന്റേയും ജന്മദിനാഘോഷങ്ങൾക്കായും, വടക്കേകൊറിയായിലെ "സ്വാതന്ത്ര്യപ്പോരാളികളെ" സഹായിക്കുക മുതലായ കാരണങ്ങൾക്കായും സ്വമേധയാ സംഭാവനകൾ നൽകാൻ അവരോടു് "ആവശ്യപ്പെടുക"യും ചെയ്തിരുന്നു.

സെമാനു് ഭക്കിലെ എളുപ്പജോലി നഷ്ടപ്പെട്ടശേഷം അയാൾക്കു് ഖനിക്കുഴികളിലെ സ്ഥിതിഗതികളെക്കുറിച്ചു് നേരിട്ടറിയാൻ കഴിഞ്ഞു. "വൈക്ക്മനോവ്

കാര്യം" എന്നു് അയാൾ സൂചിപ്പിച്ച ഒരു കുഴപ്പത്തിൽ പെട്ടതിൻെറ ഫലമായിട്ടാണു് ടൂക്കുജോലി അയാൾക്കു നഷ്ടപ്പെട്ടതു്. ധാതുജലസുഖവാസകേന്ദ്രത്തിനു് വളരെ അകലെയല്ലാതെ സ്ഥിതിചെയ്യുന്ന വൈക്ക്മനോവ് ഖനിയിൽനിന്നു് അത്ഭുതകരമായ വിധത്തിൽ രഹസ്യവിവരങ്ങൾ ചോൎന്നുപോകുന്നതിനെക്കുറിച്ച് അവിടത്തെ ഭാരവാഹികൾ അന്വേഷിച്ചു. ഖനിയിലെ ക്രൂരസംഭവങ്ങളെപ്പററിയുള്ള സൂക്ഷ്മവിവരങ്ങൾ വിദേശീയ റേഡിയോ നിലയങ്ങൾ പ്രക്ഷേപണം ചെയ്യുകയായിരുന്നു. ചിലപ്പോൾ കൃത്യം നടന്നതിൻെറ പിറേറദിവസംതന്നെ, അതിൽ ഉൾപെട്ടിട്ടുള്ള പാറാവുകാരെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സഹിതം വാൎത്തകൾ പ്രക്ഷേപണം ചെയ്യപ്പെട്ടു. ഖനിക്കകത്തു് ഒരു രഹസ്യറേഡിയോ ട്രാൻസ്മീററർ ഉണ്ടായിരിക്കുമെന്നു് എം. എൻ. ബി. ശരിയായിത്തന്നെ ഊഹിച്ചു. എന്നാൽ അതെവിടെയെന്നു കണ്ടുപിടിക്കാൻ അവക്കു് കുറെക്കാലം വേണ്ടിവന്നു, ഒടുവിൽ ഖനിയിലെ ദന്തവൈദ്യൻെറ കസേരയ്ക്കടിയിൽ ആ വാൎത്താവിനിമയം യന്ത്രം അവർ കണ്ടുപിടിച്ചു. എട്ടുവർഷത്തെ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന ഒരു രാഷ്ട്രീയക്കുററവാളിയായിരുന്നു ഈ ദന്തവൈദ്യൻ. പല്ലുവേദനയെന്നു ഭാവിച്ചുകൊണ്ടു് അദ്ദേഹത്തെ സമീപിച്ച ഒട്ടനവധി രോഗികൾ ചികിത്സയ്ക്കു വിധേയരാകവേ, അദ്ദേഹത്തിനും ബാഹ്യലോകത്തിനും രഹസ്യവിവരങ്ങൾ നല്കുകയായിരുന്നു. ആ ദന്തവൈദ്യൻ കഴവിലേററപ്പെട്ടു. അദ്ദേഹത്തിന്റെ വാൎത്താശേഖരണ സ്ഥാപനംങ്ങളിൽ അസംഖ്യം പേർ അപ്രത്യക്ഷരായി. അവർ സൈബീരിയായിലേയ്ക്കു് കപ്പൽ കയററപ്പെട്ടതായി

ട്ടാണ് കിംവദന്തികൾ പ്രചരിച്ചതു്. ദന്തവൈദ്യന്റെ പുറംജോലികളെക്കുറിച്ചു് സെമാന് ഒന്നും അറിവില്ലായിരുന്നെങ്കിലും അയാളും അദ്ദേഹത്തിന്റെ രോഗികളിൽ ഒരാളായിരുന്നു. കടവായിലെ ഒരു പല്ലെടുക്കാൻവേണ്ടി അയാൾ അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. ദന്തവൈദ്യന്റെ രോഗികളെല്ലാവരുംതന്നെ സംശയിക്കപ്പെടേണ്ട കൂട്ടരാണെന്നുള്ള നിലയാണ് എസ്. എൻ. ബി. അവലംബിച്ചതു്. തുടൎന്നു് ബ്രാററ്സ്റ്റ്‌വി (സാഹോദയ്യ്) ഖനിയിലെ ഒരു കുഴിവണ്ടി ഓടിക്കുന്നതിന്നു് അയാൾ മാററപ്പെട്ടുകയുമുണ്ടായി. രണ്ടു രാഷ്ട്രീയത്തടവുകാരോടൊന്നിച്ചു ജോലിചെയ്യാനാണ് അയാൾ അവിടെ നിയോഗിക്കപ്പെട്ടതു്. രണ്ടര ടൺ ലോഹമണ്ണു് വണ്ടിയിൽ കയററുക, അതിനെ ഏററവും അടുത്ത പൊക്കുയന്ത്രത്തിലേയ്ക്കു് 600 അടി ദൂരം ഉന്തിത്തള്ളുക, ചരക്കിറക്കുക, വീണ്ടും ലോഹമണ്ണു് കയററുന്നതിനായി വണ്ടി പുറകോട്ടു് ഉന്തിക്കൊണ്ടു പോവുക—ഇതായിരുന്നു അയാളുടെ പണി.

അഴിമതിക്കാരും, വളരെ പ്രബലരുമായ ആളുകളടങ്ങിയ ഒരു ഭരണയന്ത്രമാണ് ഈ ഖനിയിലെ പ്രവൎത്തനങ്ങൾ നിയന്ത്രിക്കുന്നതെന്നു് സെമാൻ കണ്ടറിഞ്ഞു. മാനേജരും അദ്ദേഹത്തിന്റെ ഫസ്റ്റ് അസിസ്റ്റന്റും തികഞ്ഞ കമ്മ്യൂണിസ്ററുകളായിരുന്നു. തൊഴിലാളികളിൽനിന്നു് എത്രത്തോളം വേലവാങ്ങാൻ സാധിക്കുന്നുവോ അത്രത്തോളമായിരുന്നു അവരുടെ ഉല്ക്കർഷസാദ്ധ്യതകൾ. ഈ രണ്ടു യജമാനന്മാരും വേട്ടപ്പട്ടികളെപ്പോലെയാണ് തൊഴിലാളികളെ പിൻതുടൎന്നിരുന്നതു്. "ഉപായിക്കാതെ പണിയെടുക്കൂ; ഊക്കോടെ വെട്ടിക്കുഴിക്കൂ"—എന്നും മററും അലറിക്കൊണ്ടു് അവർ വേല

ക്കാരെ ഇടതടവില്ലാതെ അലട്ടിക്കൊണ്ടിരുന്നു. കുറെ വിശ്വസ്തന്മാർ (ക്രിമിനൽ പുള്ളികളുടെ കൂട്ടത്തിൽ നിന്നു സുലഭമായി ഇക്കൂട്ടരെ തിരഞ്ഞെടുക്കാറുണ്ടായിരുന്നു) ഒററുകൊടുപ്പുകാരായി ഇവരെ സഹായിച്ചുവന്നു. യജമാനന്മാർ ഖനിത്തൊഴിലാളികൾക്ക് ജോലിസ്ഥലങ്ങൾ നിശ്ചയിച്ചുകൊടുത്തത് ഓരോരുത്തരുടേയും വരുമാനം കുഴിയുടെ കട്ടപ്പത്തിൻേറയും ലാഘവത്വത്തിന്റേയും അടിസ്ഥാനത്തിൽ നിയന്ത്രിക്കത്തക്കരീതിയിലായിരുന്നു. ഖനിത്തൊഴിലാളികൾ ജോടികളായിട്ടാണ് വേലചെയ്യുന്നത്. ഒരു വെട്ടുകാരനും, ഒരു മയ്ക്കാട്ടുപണിക്കാരനും എന്ന ക്രമത്തിൽ. ഉല്പാദനത്തോതു പൂർത്തിയാക്കുന്നതിനു് ഓരോ ജോടിക്കാരും എട്ടുമണിക്കൂർ നേരത്തെ വേലസമയത്തിനിടയ്ക്ക് പാറക്കെട്ടിലൂടെ ഇരുപത്തിയഞ്ച് ഇഞ്ച് തുരക്കുകയും, അങ്ങനെ പത്തടി ഉയരവും പന്ത്രണ്ടടി വീതിയുമുള്ള ഒരു ദ്വാരം നിർമ്മിക്കുകയും ചെയ്യണമായിരുന്നു. (സൈമൻ ജാച്ചിമോവിലെത്തിയ കാലത്ത് അദ്ധ്വാനത്തോത് ഇരുപത്തഞ്ചായിരുന്നു. ഇപ്പോൾ 35 ഇഞ്ചാണെന്നു പറയപ്പെടുന്നു.) ക്രന്താലിക്കു വഴങ്ങുന്ന വെണ്ണക്കല്ലിലൂടെ ഇരുപത്തിയഞ്ച് ഇഞ്ചു തുരക്കുന്നതുപോലെ എളുപ്പമായ ഒരുപണിയല്ല കരിങ്കല്ലിലൂടെയും കരിമ്പാറക്കെട്ടുകളിലൂടെയും മററും അത്രയും ദൂരം വെട്ടിക്കുഴിക്കുകയെന്നത്. തമരിട്ടുവേണം പാറപൊളിക്കാൻ. അതൊരു കടുത്ത ജോലിയാണ്. എന്നാൽ മാനേജുമെൻറിനെ സംബന്ധിച്ചിടത്തോളം ഇരുപത്തിയഞ്ച് ഇഞ്ച് എന്നു പറഞ്ഞാൽ ഇരുപത്തിയഞ്ച് ഇഞ്ചുതന്നെ. അതിൽ അവർക്ക് യാതൊരു ദാക്ഷിണ്യവുമില്ല. എന്നാൽ കുഴിയിലെ യജമാനന്മാരിലൊരാൾക്ക് ആയിരം കൊരൂണാ കയ്യിൽ

വച്ചു കൊട്ടത്താൽ—കുടിശ്ശിഖതീർക്കൽ എന്നാണ് ഈ കൈക്കൂലി ഏർപ്പാട് വിളിക്കപ്പെടുന്നത്—അത്തരത്തിലുള്ള ആരെയും അവർ എളുപ്പജോലിക്കു നിയോഗിക്കുമെന്ന് സെമാൻ പറഞ്ഞു. ചില കമ്മ്യൂണിസ്റ്റ് ഖനിത്തൊഴിലാളികൾപോലും ഇങ്ങനെ കുടിശ്ശിഖകൾ തീർക്കാറുണ്ടായിരുന്നു.

സാഹോദര്യ (ബ്രദർഹുഡ്) ഖനിയുടെ ചില ഭാഗങ്ങൾ എപ്പോഴും വെള്ളത്തിനടിയിലായിരിക്കും. സെമാന് റബ്ബർ പാദരക്ഷകൾ നൽകിയിരുന്നു. (സിവിലിയൻ ജോലിക്കാർക്ക് ഇക്കാര്യത്തിൽ മുൻഗണനയുണ്ട്.) എന്നാൽ അയാളുടെ കൂടെ പണിയെടുത്തിരുന്ന രണ്ടു തടവുകാർക്ക് പാദരക്ഷകളേ നൽകിയിരുന്നില്ല. അവർ ചിലപ്പോൾ മുട്ടററം വെള്ളത്തിൽ നിന്നുകൊണ്ട് അനേക മണിക്കൂർ പണിയെടുക്കുമായിരുന്നു. സകലരും അപകടഭീതിയോടു കൂടിയാണ് കഴിഞ്ഞിരുന്നത്. പല ഖനന കൂപങ്ങളും ധൃതഗതിയിൽ കുഴിക്കപ്പെട്ടവയായിരുന്നു. അതിനാൽ പലപ്പോഴും അവയിൽ വിടവുകൾ സംഭവിക്കുകയും മണ്ണിടിഞ്ഞു വീഴുകയും ചെയ്യാറുണ്ടായിരുന്നു. വെള്ളി ഖനിത്തൊഴിലാളികൾ അര നൂററാണ്ടിനു മുമ്പ് കെട്ടിയുറപ്പിച്ചതും, മരത്തിൽ പണിചെയ്തതുമായ മേൽക്കൂരകളാണ് ചില കുഴികൾക്കുണ്ടായിരുന്നത്. ഒരിക്കൽ ഒരു പഴഞ്ചൻ പൊക്കുയന്ത്രം നാലു ആളുകളോടുകൂടി അഞ്ഞൂറടി ആഴത്തിലേയ്ക്കു തകർന്നു നിലംപതിച്ചു. തൊഴിലാളികൾക്കു വിരളമായി മാത്രമേ തൊപ്പികൾ നൽകിയിരുന്നുള്ളു. തമരിട്ടു് പാറ പൊട്ടിക്കുമ്പോൾ കല്ലുകൾ തെറിച്ചുവീണ് പലരും കൊല്ലപ്പെട്ടിട്ടുണ്ട്. 1950-ലെ ഒരൊററമാസത്തിനകം മുപ്പത്തിയാറ് അപകടങ്ങൾക്ക്

സെമാൻ ദ്രക്ക്സാക്ഷിയാണു്. ഈ അപകടങ്ങളിൽ പതിനൊന്നുപേർ കൊല്ലപ്പെട്ടു.

ഈ ആളപായങ്ങളെക്കുറിച്ച് ശ്രദ്ധിക്കേണ്ട ആവശ്യമൊന്നും മാനേജ്മെൻറിനില്ലെന്നാണ് സെമാൻ അഭിപ്രായപ്പെട്ടതു്. കുറെ തൊഴിലാളികൾ ചത്തു മണ്ണടിഞ്ഞാലും, വേറെ ആളുകളെ നേടുന്നതിന് സെക്കൊസ്ലൊവാക്കിയായിലെ കോടതികളേയും രാഷ്ട്രീയക്കമ്മററികളേയും എപ്പോഴും ആശ്രയിക്കാവുന്നതാണു്. 1951 ഫെബ്രുവരിയിൽ ഒരു രാത്രികാലത്തു് ബാർബോറാഖനിയിൽ പൊട്ടലുണ്ടായി. ആറുപേർ മണ്ണിനടിയിലായി. ഇക്കാര്യത്തിൽ എന്തുചെയ്യണമെന്നു് ഖനിയിലെ ആർക്കുംതന്നെ യാതൊരു വിവരവുമില്ലായിരുന്നു. ഈ ദുരന്തത്തെക്കുറിച്ചുള്ള വാത്ത പരന്നു. 250 മൈൽ അകലെയുള്ള ഓസ്ട്രാവാ ഖനിയിൽ നിന്നു് പ്രവത്തന പരിചയം സിദ്ധിച്ച ഒരു സംരക്ഷക സംഘത്തെ ജാച്ചിമോവിലേയ്ക്കയച്ചു. എന്നാൽ ബാർബോറായിലെ റഷ്യൻ മാനേജർ ഓസ്ട്രാവാ പ്രവത്തകരെ തൻെറ കുഴിക്കുള്ളിൽ ഇറങ്ങാൻ സമ്മതിച്ചില്ല. ഖനിയിലെ സ്ഥിതിഗതികളെപ്പററിയും ജാച്ചിമോവ് ഡിസ്ട്രിക്കിലെ കാര്യങ്ങളെക്കുറിച്ചും കമ്മ്യൂണിസ്ററു പത്രങ്ങൾ പ്രസിദ്ധപ്പെടുത്തിവന്നിരുന്നസമുജ്ജ്വല വിവരങ്ങളുമായി പൊരുത്തപ്പെടാത്ത വാത്തകൾ അവർ പ്രചരിപ്പിച്ചേക്കുമോ എന്നായിരുന്നു അവരുടെ ഭയം. ഏതായാലും ഒടുവിൽ രണ്ടുപേർ മണ്ണിനടിയിൽ നിന്നു രക്ഷിക്കപ്പെട്ടു. അവരിലൊരാൾ താൻ പാറക്കെട്ടിനടിയിൽ വീണുകിടന്നപ്പോൾ ഷിഫ്ററു് ജോലിയിൽ കുറവുവന്നതിന്നു് തനിക്കു ശമ്പളം കിട്ടിയില്ലെന്നു് പിന്നീടു പ

രാതിപ്പെടുകയുണ്ടായി. അങ്ങനെ പരാതിപ്പെട്ടെന്നുള്ള കാരണത്താൽ "പഞ്ചവത്സരപദ്ധതിയുടെ അട്ടിമറിക്കാര"നെന്നു് മുദ്രകുത്തി അയാളെ ഒരു തൊഴിൽ ശിക്ഷാപ്പാളയത്തിലേയ്ക്കു് അയയ്ക്കുകയാണുണ്ടായതു്."

ജാച്ചിമോവിലെ മററു ഖനികൾപോലെതന്നെ, ബ്രദർഹുഡ്ഡു്(സാഹോദര്യ)ഖനിയും കാററും വെളിച്ചവും തട്ടാത്തതായിരുന്നു. ഖനിത്തൊഴിലാളികൾ ചിലപ്പോൾ വായുസഞ്ചാരങ്ങൾവഴി രക്ഷപ്പെടാൻ ശ്രമിച്ചിരുന്നതിനാൽ അവിടങ്ങളിൽ കനത്ത ഇരുമ്പഴികളിട്ടു് ബന്ധവസ്സാക്കിയിരുന്നു. ഭൂഗർഭത്തിൽ നീറിപ്പൊരിയുന്ന തുരപ്പുപണികളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾ പാറപ്പൊടികലർന്ന വായുവാണു് ശ്വസിച്ചിരുന്നതു്. അന്തരീക്ഷം ഊഷ്മളമായിരുന്നു. ജലവാഹിനിയന്ത്രത്തിൻെറ സഹായത്തോടുകൂടി പാറകുഴിക്കുന്നതിനുള്ള ഏർപ്പാടു നടപ്പിൽവരുത്തുമെന്നു് പറഞ്ഞു കേട്ടിരുന്നെങ്കിലും അതൊന്നും വന്നുകണ്ടില്ല. ഈയത്തിൽ പൊതിഞ്ഞ റബ്ബർ ഉടുപ്പുകൾ തരുമെന്നു് പ്രേഗിൽവച്ചു് തങ്ങളെ ജോലിയ്ക്കെടുത്തപ്പോൾ വാഗ്ദാനം ചെയ്തിരുന്നതിനെപ്പററി സെമാൻ ഖനിയജമാനനോടു ചോദിച്ചു. "സ്ഫോടകസാധനങ്ങൾ" കൈകാര്യം ചെയ്യുന്ന ഖനിത്തൊഴിലാളികൾക്കു മാത്രമുള്ളതാണു് അത്തരം ഉടുപ്പുകളെന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി.

സെമാൻെറ ചില സഹപ്രവത്തകർക്കു് കാസരോഗവും ക്ഷയരോഗവും പിടിപെട്ടു. ഷ്നീബെർഗ്ഗർ ലംഗൻക്രീബ്സ് എന്ന സുഖക്കേടുബാധിച്ചവരും ധാരാളമുണ്ടായിരുന്നു റേഡിയോ പ്രസരംമൂലമുണ്ടാകുന്ന ഒരുതരം കവിൾവാർപ്പാണിതു്. ഡാക്സനിയിലെ ഷ്നീബെർഗ്ഗ് ഖനിക്കുഴിക്കുള്ളിൽനിന്നാണു് ഇതിൻെറ ആ

ഗമം: "രോഗനിവാരണത്തിനുള്ള കരുതൽ നടപടികൾ ഒരിക്കലും പ്രയോഗത്തിൽ വന്നില്ല", സെമാൻ പറഞ്ഞു. വർഷത്തിൽ രണ്ടുപ്രാവശ്യം എല്ലാ ഖനിത്തൊഴിലാളികളും മെഡിക്കൽ പരിശോധനയ്ക്കു വിധേയരാകണമെന്നു് ഒരു നിയമമുണ്ടായിരുന്നെങ്കിലും, അതിനുള്ള സമയമാകുമ്പോൾ ആരും അക്കാര്യം ഓർമ്മിപ്പിച്ചതേയില്ല. ഇതിനെന്തെങ്കിലും പ്രതിവിധിയുണ്ടാക്കുന്നതിനെപ്പററി കാര്യമായി ആലോചിച്ചവർ വിരളവുമായിരുന്നു. എന്തു പ്രയോജനം? ഡാക്ടർമാരുടെ പക്കൽ എക്സ്റേ യന്ത്രങ്ങളുണ്ടായിരുന്നില്ല. ഖനികളിലെ സെക്ക് ഡാക്ടർമാരിൽ മിക്കവരും ഞങ്ങളെ അങ്ങേയററം സഹായിക്കാൻ ആഗ്രഹിച്ച മാന്യന്മാരായിരുന്നു. എന്നാൽ ഖനിത്തൊഴിലാളികൾ വളരെയധികം പേർ രോഗികളായിത്തീർന്നെന്നു് കഴിഞ്ഞ വർഷം റഷ്യാക്കാർ പരാതിപ്പെട്ടു. അതുകൊണ്ടു് ഇപ്പോൾ ഒരു തൊഴിലാളിക്കു് ആസ്പത്രിയിൽ പ്രവേശനം കിട്ടണമെങ്കിൽ അയാൾ ആദ്യമായി ഒരു റഷ്യൻ ഡാക്ടറെ കാണണമെന്നു് വ്യവസ്ഥചെയ്തിരിക്കുകയാണു്. അതിൻെറ അർത്ഥം എന്താണെന്നു് നിങ്ങൾക്കു മനസ്സിലാക്കാവുന്നതേയുള്ളു. പ്രാണഭീതിയോടുകൂടി മാത്രമേ ഒരു റഷ്യൻ ഡാക്ടറുടെ അടുക്കൽ ചെന്നു് നിങ്ങൾക്കു് സുഖക്കേടാണെന്നു പറയാൻ സാധിക്കൂ. ശ്വാസകോശത്തിൽ കവിൾവാർപ്പു ബാധിച്ച രോഗികൾക്കു് റഷ്യൻ ഡാക്ടർമാർ ഒരു ആസ്പിറിൻ കൊടുത്തിട്ടു് അവരെ ഖനികളിലേയ്ക്കു മടക്കി അയയ്ക്കുകയാണു് ചെയ്യുന്നതു്. ഖനികളിൽനിന്നു് കുളുർവിറച്ചുചെല്ലുന്ന ആളുകൾ അവരുടെ ക്യാമ്പുകളിലെ മുറവത്തു കാത്തുനില്ക്കണം. പേരുകൾ പരിശോധിക്കപ്പെടുന്നതു

വരെ. അവർ ന്യൂമോണിയാ പിടിപെട്ടായിരിക്കും തിരിച്ചുവരുന്നതു്. പക്ഷേ, റഷ്യാക്കാർ ഇതൊന്നും സാരമാക്കുന്നില്ല. പ്രയത്നനിയമത്തെക്കുറിച്ചല്ലാതെ അവക്കു പരിഗണനയില്ല."

ഏതുസമയത്തും മറിഞ്ഞുവീണേയ്ക്കാവുന്ന കുഴിവണ്ടികൾക്കടിയിൽപെട്ടു് താൻ ചതഞ്ഞരഞ്ഞുപോയേയ്ക്കുമോ എന്നായിരുന്നു സെമാൻെറ ആദ്യത്തെ ഉൽക്കണ്ഠ. കാലപ്പഴക്കംകൊണ്ടു് ഉപയോഗശൂന്യമായിത്തീൎന്ന വഴിത്താരകളിൽ വണ്ടി തെറിച്ചു് അയാൾ മൂന്നുപ്രാവശ്യം അപകടത്തിൻെറ വക്കുവരെ എത്തിയെങ്കിലും കഷ്ടിച്ചു് രക്ഷപ്പെടുകയാണുണ്ടായതു്. കുറെക്കഴിഞ്ഞപ്പോൾ ഈ ഗ്രഹപ്പിഴ അനിവാൎയ്യമാണെന്നുള്ള വേദാന്തചിന്തയിൽ അയാൾ ആശ്വാസം തേടുകയും, മറിഞ്ഞുവീണ വണ്ടികളെ പൊക്കിയെടുത്തു പാതയിലാക്കുന്ന കാൎയ്യത്തെക്കുറിച്ചു് കൂടുതൽ വേവലാധിപ്പെടുകയും ചെയ്തു. "എങ്ങനെയൊക്കെയോ ഈവക കാൎയ്യങ്ങൾ എപ്പോഴും ഞങ്ങൾ നടത്തിവന്നു," ചിന്താകുലനായി അയാൾ പറഞ്ഞു. "ഒരു കാൎയ്യം ചെയ്തേ തീരൂ എന്നുവരുമ്പോൾ, നിങ്ങൾക്കെന്തു ചെയ്യാൻ സാധിക്കുമെന്നു് സങ്കല്പിക്കാൻ വയ്യ. എന്നാൽ ചിലപ്പോൾ കണക്കനുസരിച്ചു് ദിവസജോലിചെയ്തു തീക്കുന്നതിന്നു് പതിനഞ്ചു പതിനാറുമണിക്കൂർവരെ വേണ്ടിവരത്തക്കവിധം ഞങ്ങൾ ക്ഷീണിച്ചുതളൎന്നിരുന്നു. ജോലികഴിഞ്ഞുവന്നാലുടൻ എവിടെയെങ്കിലും ചുരുണ്ടുകിടക്കണമെന്ന ചിന്തമാത്രമേ എനിക്കുണ്ടായിരുന്നുള്ളൂ. ഭക്ഷണംപോലും അത്ര സാരമുള്ളതായി എനിക്കു തോന്നിയില്ല. എന്നാൽ ചിലയാളുകൾ കൈകാൽ കഴുകി പട്ടണത്തിലേയ്ക്കുപോയി മദ്യപിക്കാറുണ്ടായിരുന്നു.

യഥാർത്ഥത്തിൽ മൂന്നുതരം തൊഴിലാളികളാണ് ജാച്ച്വി മോവിലുള്ളതെന്ന് ഒരു സംസാരമുണ്ടായിരുന്നു. പണിയെടുക്കുന്ന ഒരു വിഭാഗം, ഉറങ്ങുന്ന ഒരു വിഭാഗം, കുടിച്ചു മദിക്കുന്ന മറെറാരു വിഭാഗം ഏതാനും മണിക്കൂർ സമയമെങ്കിലും മനഃശല്യം കൂടാതെ കഴിക്കാൻ എല്ലാവരും ആഗ്രഹിച്ചു. പലരും അതിനെ കണ്ടെത്തിയ വഴി വോഡ്ക്കാ മദ്യം കുടിക്കുകയായിരുന്നു. പഴമയുള്ള കമ്മ്യൂണിസ്ററുകാർപോലും മിന്നുന്നതെല്ലാം പൊന്നല്ലെന്നുകണ്ടു് അവരുടെ മായാവിഭ്രാന്തിയിൽനിന്ന് ഉണർന്നതു് ഒരാശ്ചര്യമല്ല. അവരിലൊരാൾ എന്നോടു പറഞ്ഞു. 'വർഷങ്ങളായി ആറുനോററു പണിയെടുക്കുന്നതിന് എന്നെ പ്രേരിപ്പിച്ച ആദർശം ഇതല്ല. ഇക്കൂട്ടർ പാർട്ടി നേതാക്കളെ ഖനിയ്ക്കകത്തു പിടിച്ചു കൊണ്ടുവന്ന് ഇവിടെ എന്തു നടക്കുന്നു എന്ന് കാണിച്ചുകൊടുക്കണം."

ബ്രദർഹുഡ്ഡ് ഖനിയിൽ രണ്ടുമാസത്തെ പ്രവർത്തനങ്ങൾക്കുശേഷം സെമാൻ ഹോർണി സ്ലോവ്ക്കോവ് എന്ന ഗ്രാമത്തിൽ മറെറാരു പ്രവർത്തനത്തിനു നിയോഗിക്കപ്പെട്ടു. ജാച്ച്വാ മോവിൽനിന്ന് ഇരുപതുമൈൽ അകലെയുള്ള ഈ ഗ്രാമത്തിൽ ആറുഖനികൾ ഊർജ്ജിതമായി പ്രവർത്തിച്ചിരുന്നു. പാറകൾ തമരിട്ടു തുരക്കുന്നതിനുള്ള പരീക്ഷണങ്ങൾ അവിടെ ഓരോ ദിവസവും പുത്തൻപുത്തനായി ആരംഭിച്ചിരുന്നു. ഈ പരിപാടിയിൽ ആദായകരമല്ലാത്ത പ്രാരംഭപ്രവർത്തനങ്ങൾ തടവുകാരാണ് നടത്തിയതു്. അവർ തുരന്നുതുരന്നു് ലോഹമണ്ണു നിക്ഷേപങ്ങളടങ്ങിയ ഒരു പുതിയ വിള്ളൽ കണ്ടെത്തിയാലുടൻ, അവരെ ആ ജോലിയിൽനിന്നു മാററി തൽസ്ഥാനത്തു് മിന്നൽ സംഘക്കാരായ ഒരു

ക്രൂട്ടം പ്രവത്തകരെ നിയോഗിക്കുമായിരുന്നു ഇഷ്ടപക്ഷക്കാരായ ഈ സംഘക്കാർ ശീഘ്രഗതിയിൽ പ്രവത്തിച്ചു്, മേൽത്തരം പ്രയത്നനിരക്കുകൾ കാണിച്ചുകൊടുക്കുകയും "സോഷ്യലിസ്റ്റ് മാതൃക" സൃഷ്ടിക്കുകയും ചെയ്യുമായിരുന്നു. ഇതിനുള്ള പ്രതിഫലമായി അവക്ക് സുഭിക്ഷമായ ആഹാരവും കൊഴുത്ത ശമ്പളവുമാണു് നല്കിയിരുന്നതു്. ആറുമാസം അവർ മുഷിഞ്ഞു പണിയെടുത്തു കഴിയുമ്പോൾ ആഫീസുകളിൽ സുഖപ്രദമായ ഡെസ്ക്ക് ജോലിക്കു് അവരെ അയയ്ക്കുകയും അത്രയൊന്നും പ്രമാണിത്തമില്ലാത്ത ആളുകളെ ആ സ്ഥാനങ്ങളിൽ നിയമിക്കുകയും ചെയ്തിരുന്നു. ഇഷ്ടപക്ഷക്കാരോളം ആഹാരവും ശമ്പളവും ഇവക്ക് കൊടുത്തിരുന്നില്ലെങ്കിലും അതേ നിരക്കിൽത്തന്നെ ഉൽപാദിപ്പിക്കാൻ ഇവർ നിർബന്ധിതരായിരുന്നു.

ജാച്ചിമോവ് പ്രദേശത്തു നിന്നു് എത്ര യുറേനിയം ഉൽപാദിപ്പിക്കുന്നുണ്ടെന്നു് പറയാൻ അസാദ്ധ്യമാണെന്നാണു് സെമാൻ എന്നോടു പറഞ്ഞതു്. "ഇവിടെ ഇതാ ഈബർലിനിൽ, ഇതിനെക്കുറിച്ചു് വിവിധ കണക്കുകൾ ഞാൻ വായിക്കുകയുണ്ടായി," തോൾ ചുളിച്ചുകൊണ്ടു് അയാൾ പറഞ്ഞു. "ഇതെല്ലാം കേവലം ഊഹങ്ങളാണെന്നെനിക്കു തോന്നുന്നു. ഉയന്ന സോവിയററു് ഉദ്യോഗസ്ഥന്മാർക്കല്ലാതെ, മററാക്കും ഈ കണക്കുകൾ അറിഞ്ഞുകൂടാ. ലോഹമണ്ണു് കഴുകി ശുദ്ധിചെയ്യപ്പെടുന്ന യന്ത്രശാലകളുടെ ആഫീസ് പരിസരങ്ങളിലോ, അതു് റഷ്യയിലേയ്ക്കു കയററി അയയ്ക്കപ്പെടുന്ന ഹോർണിസ്ഡാർ റെയിൽറോഡ് സ്റ്റേഷന്റെ കൺവെട്ടത്തോ നില്ക്കുന്നതിനു് സുപരീക്ഷിതരായ ചെക്ക് കമ്മ്യൂണിസ്ററുകളെപ്പോലും അനുവദിക്കു

ന്നില്ല. ചരക്കു കാറുകൾക്ക് പുറത്തു് ഭാരനിരക്ക് കുറിപ്പുകൾ എഴുതുന്നതു് റഷ്യൻ കോഡ് ഭാഷയിലാണു്. കഴിഞ്ഞ വർഷം ആഴ്ചതോറും അറുപതു ചരക്കുകാറുകൾ വീതം ഈ സാധനം കയററിക്കൊണ്ടു് ജാച്ചിമോവ് ഡിസ്ട്രിക്ട് വിട്ടിരുന്നതായി ഞാൻ കിംവദന്തികൾ കേട്ടിട്ടുണ്ടു്. ഇക്കൊല്ലം അവയുടെ എണ്ണം 250 കാറുകളായി വർദ്ധിച്ചിരിക്കുകയാണത്രേ. ഇതു ശരിയാണെന്നുംവരാം; അല്ലെന്നും വരാം.

"ഒരു കാര്യം തീർച്ചയാണു്. ഖനി ജോലിക്കാരായ ഞങ്ങൾ ഇതൊന്നും ശ്രദ്ധിച്ചില്ല. ഞങ്ങൾക്ക് മററു കാര്യങ്ങളെക്കുറിച്ചു് ചിന്തിക്കാനുണ്ടായിരുന്നു. ഞങ്ങളുടെ ശമ്പളം എന്നു കിട്ടും, ഇത്യാദി. ശനിയാഴ്ചയായിരുന്നു ശമ്പളദിവസം. പക്ഷേ, റഷ്യൻ മാനേജരുടെ പത്നിക്ക് ആ ദിവസം കമ്പോളത്തിൽ ചുററിനടന്നു സാധനങ്ങൾ വാങ്ങുന്നതിനു് മാനേജരുടെ കാർ ആവശ്യമായി വന്നില്ലെങ്കിൽ മാത്രമേ അന്നു് തൊഴിലാളിക്കു് ശമ്പളം കിട്ടുകയുള്ളു. കാരണം, ശമ്പളപ്പട്ടിക വാങ്ങുന്നതിനു പോകാൻ മാനേജർക്കു കാർ കൂടാതെ കഴിയുകയില്ല. ആഴ്ചയിലൊരിക്കൽ തൊഴിലാളികൾ തങ്ങളുടെ കൂലി പുസ്തകത്തിലെഴുതിക്കുന്നതിനു് ചെയ്തുതീർന്ന ജോലിയുടെ കണക്കു ബോധിപ്പിക്കണം. അനേകമണിക്കൂറുകൾ അവർ അവിടെ കാത്തുനില്ക്കേണ്ടിവരും; വിശേഷാൽ ജോലിചെയ്തു് വരുമാനക്കുറവു നികത്തുന്നതിനു് ഉപയോഗിക്കാമായിരുന്ന മണിക്കൂറുകൾ. പ്രയത്ന നിയമകാര്യാലയ(നോം ബ്യൂറോ)ത്തിൽ എപ്പോഴും അപ്രതീക്ഷിതമായ അത്ഭുതങ്ങൾ സംഭവിച്ചിരുന്നു. ഞങ്ങളുടെ പ്രതിവാരമുള്ള ഉൽപാദനത്തിന്റെ കണക്കുകൾ കീഴ്സിൽബന്ധികളായ ചെക്ക് ഉ

ദ്യോഗസ്ഥന്മാർ അത്യധികം ശ്രദ്ധയോടുകൂടി കൂട്ടിവ യ്ക്കുന്നു. ഞങ്ങൾ ചെയ്തുതീർത്ത ജോലിയുടെ കണക്ക കൾ വച്ചുകൊണ്ടു് അവർ ഇവയെ ഒത്തുനോക്കുന്നു. നി ശ്ചിത തോതിൽ കവിഞ്ഞു് ഞങ്ങൾ ഉല്പാദിപ്പിച്ചിട്ടു ള്ളതായി കണ്ടാൽ, ആ വസ്തുത അവർ പ്രത്യേകം ഒരു വൗച്ചറിൽ കുറിച്ചുവയ്ക്കും. പിന്നീടു് ഈ വൗച്ചർ റ ഷ്യൻ മേലധികാരി ഒപ്പു വയ്ക്കുന്നതിനുവേണ്ടി അങ്ങോ ട്ടു പോകുന്നു. അദ്ദേഹം അതു് ആകപ്പാടെ ഒന്നോടി ച്ചു നോക്കിയശേഷം, തല കുലുക്കികൊണ്ടു്, "വളരെ കൂടുതൽ" എന്നു് ആക്രോശിക്കുകയും തുക വെട്ടിക്കുറയ്ക്കു കയും, തൻെറ മനസ്സിൽ അപ്പോൾ തോന്നുന്ന ഒരു ചെ റിയ തുക അതിൽ കുറിക്കുകയുമാണു് ചെയ്യുന്നതു്. ആ ദ്യകാലത്തു് ഈ നടപടിയെ ചിലർ എതിർത്തു. അ തിന്മേലുണ്ടായ അടുത്ത നടപടി അവരെ അട്ടിമറിക്കു കുററപ്പെടുത്തിയതും, തുടന്നു് എം. വി. ഡി. ഭടന്മാർ വന്നു് പിടിച്ചുകൊണ്ടു പോയതുമായിരുന്നു. അതിനു ശേഷം പ്രതിഷേധങ്ങളേ ഉണ്ടായിട്ടില്ല. ജാച്ചിമോവ് ഒരു വിശ്രമസങ്കേതമല്ലാതായിത്തീന്നിരിക്കുന്നു. സൈ ബീരിയായിലെ സ്ഥിതി ഒരു പക്ഷേ ഇതിലും വഷളാ യിരിക്കാം. എന്തെങ്കിലും ചില വിശേഷാൽ ആഹാര സാധനങ്ങളോ, ഒരു കുപ്പായമോ, കാലുറയോ വാങ്ങാമെ ന്നുള്ള ആശയോടുകൂടി ആഴ്ചതോറും ഞങ്ങൾ പ്രയത്ന നിയമ കാര്യാലയത്തിലേയ്ക്കു നടക്കുമായിരുന്നു. പി ന്നേയും ഒരാഴ്ചയോ, ഒരുമാസമോ അതിനുകാത്തിരിക്കേ ണ്ടി വരുമെന്നുള്ള മറുപടികൾ കേട്ടുകൊണ്ടാണു് ഞ ങ്ങൾ അവിടെനിന്നു മടങ്ങേണ്ടിവന്നിട്ടുള്ളതു്. ഒരാഴ്ച യോ ഒരു മാസമോ കഴിയുമ്പോൾ ഉൽപാദനത്തോതു് കുറേക്കൂടി കടത്തിവയ്ക്കപ്പെട്ടുമെന്നും, കൂടുതൽ കഠിനമാ

യി അദ്ധ്വാനിക്കേണ്ടിവരുമെന്നും ഞങ്ങൾക്കറിയാമാ യിരുന്നു. ഈ ജോലിസ്ഥലത്തുനിന്ന് പലായനം ചെ യ്യേണ്ട കാലമായിരിക്കുന്നു എന്ന് ഒരു ദിവസം പ്രയ ത്നനിയമകാര്യാലയത്തിൽ വച്ച് ഞാൻ തീരുമാനമെ ടുത്തു."

ജാച്ചിമോവിൽ നിന്ന് ഒളിച്ചോടാൻ നടന്നിട്ടുള്ള നിരവധി ശ്രമങ്ങളെക്കുറിച്ച് സെമാൻ കേട്ടിട്ടുണ്ട്. അവയിൽ ഒന്നൊഴിച്ച് മറ്റെല്ലാം പരാജയപ്പെടുക യാണു ചെയ്തിട്ടുള്ളത്. (ഉപേക്ഷിക്കപ്പെട്ട ഒരു ഖനി ക്കുഴിയിലൂടെ വനാന്തരത്തിലേയ്ക്ക് ഒരു തുരപ്പുണ്ടാക്കി അഞ്ചുപേർ രക്ഷപ്പെട്ടതാണ് അന്യാദൃശമായ ആ ഒരൊററ വിജയം. നിശ്ചിതതോതനുസരിച്ച് ജോലി കൾ തീർത്തശേഷമാണ് അവർ ഈ തുരപ്പുപണിയി ലേർപ്പെട്ടതു്. അത്തരത്തിലുള്ള ഒരു ശ്രമം നടത്തുന്നതി നുള്ള ആരോഗ്യം തനിക്കുണ്ടെന്ന് സെമാൻ വിചാരി ച്ചില്ല.) ഒളിച്ചോട്ടശ്രമങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം പുതിയതും കൂടുതൽ കക്കശവുമായ ചട്ടങ്ങൾ നടപ്പിൽ വന്നുകൊണ്ടിരുന്നു. എസ്സ്. എൻ. ബി. കാവൽഭടന്മാ രുടെ എണ്ണം നിരന്തരം പെരുകികൊണ്ടിരുന്നു. ലെസ് നിസ് എന്ന ഒരൊററ ഖനിയിലെ 1150 തൊഴിലാ ളികളുടെ ഗതിവിഗതികൾ സൂക്ഷിക്കാൻ എസ്സ്. എൻ. ബി-യിലെ നാനൂറു ഭടന്മാരെയാണ് നിയോഗിച്ചിരു ന്നതു്. "ഇങ്ങനെയൊക്കെയിരുന്നാലും, കാര്യം സാധി ക്കുന്നതിന് നിങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എന്തെ ങ്കിലും ഉപാധികൾ അപൂർവ്വമായിട്ടാണെങ്കിലും ആക സ്മികമായി വരാറുണ്ടായിരുന്നു. കാണാൻ നല്ല അഴകു ള്ളതും, തികഞ്ഞ പരിശീലനം നേടിയതുമായ ഒരു പട്ടി എസ്. എൻ. ബി. പാറാവുകാരുടെ അധീനത

യിലുണ്ടായിരുന്നു. നാല്പതിനായിരം കൊരൂണി വിലവ യ്ക്കാവുന്ന ഒരു നായായിരുന്നു അതു്. ഖനിത്തൊഴിലാ ളികൾ ഈ മൃഗത്തിൽ ആകൃഷ്ടരായി. രുചികരമായ ഒരു പൊരിച്ച ഇറച്ചിക്ക് അവൻ പററുമെന്ന അഭി പ്രായത്തിൽ എല്ലാവരും യോജിച്ചു. ഒരു രാത്രി മൂന്നു ഖനിത്തൊഴിലാളികൾ, എസ്സ്. എൻ. ബി. ഭടന്മാരി ല്ലാത്ത തക്കംനോക്കി പട്ടിയെ തട്ടിക്കൊണ്ടുപോകാൻ വന്നു. പാവം നായ്, അവൻെറ വിദഗ്ധപരിശീലന മൊന്നും ആ അവസരത്തിൽ അവനെ സഹായിച്ചില്ല. അവർ ആ ശ്വാനനെ വശീകരിച്ചുകൊണ്ടുപോയി, ഒരു പാഴ്ഖനിക്കുണ്ടിൽ കയററി; അവിടെവെച്ചുതന്നെ അവർ അവനെ കൊന്നു്, ഇറച്ചിയെടുത്തു വേവിക്കുക യുമുണ്ടായി."

1951 ജൂലൈ അവസാനത്തിൽ ഹോർണ്ണിസ്ലാവ് കോവിലെ എസ്സ്. എൻ. ബി. പാളയത്തിലുള്ള അടു ക്കളയിൽ ജോലിചെയ്യുന്നതിന് സെമാൻ മാററപ്പെട്ടു. അവിടത്തെ പാചകക്കാരനായ തൻെറ സ്നേഹിതനുവേ ണ്ടിയുള്ള ഒരു പകരം ജോലിയായിരുന്നു അതു്. (മുൻ കാലത്തു് ഈ പാചകക്കാരൻ ചെക്കൊസ്ലോവാക്കിയാ യിലെ നാഷണൽ ഐസി-ഹോക്കി ടീമിലെ ഒരംഗ മായിരുന്നു. യൂറോപ്പിലെ ഏററവും മെച്ചപ്പെട്ട ടീമുക ളിൽ ഒന്നായ ഈ കളിസംഘം, 1950 ആരംഭത്തിൽ ലണ്ടനിൽവച്ചു നടന്ന അഖിലലോക ചാമ്പ്യൻ മത്സ രത്തിൽ പങ്കുകൊള്ളുന്നതിനായി അങ്ങോട്ടു പോകാൻ ഭാവിക്കവെയാണു്, ചെക്ക് രഹസ്യപ്പോലീസിന് ആരോ അറിവുകൊടുത്തതു്, ഇവരിൽ പല കളിക്കാരും ഇംഗ്ലണ്ടിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിച്ചിരിക്കുക യാണെന്നു്. തുടർന്ന് കളിക്കാർ വിസ്തരിക്കപ്പെട്ടു. ദീർ

ഘകാല തടവുശിക്ഷകൾ അവർക്കു നൽകപ്പെട്ടുകയുമു ണ്ടായി.) തന്റെ ഉദ്യോഗമാററത്തിനുശേഷം ഏതാനും ആഴ്ചകഴിഞ്ഞ് ഒരു ഞായറാഴ്ച ദിവസം സെമാൻ രാവിലെ അഞ്ചുമണിക്ക് അടുക്കളയിൽ പ്രവേശിച്ചു. അയാളുടെ സ്നേഹിതൻ ദീനശയ്യയിൽ കിടക്കുകയായി രുന്നു. അടുക്കളയുടെ താല്ക്കാലിക ചുമതലയാണു് സെമാൻ ഏററിരുന്നതു്. ആ പട്ടാളപ്പാളയം നിശ്ശ ബ്ദവും വിജനവുമായി കാണപ്പെട്ടു. തലേന്നു വൈകു ന്നേരം കാർലോവിവാറി (കാറൽസ്ബാഡ്)യിൽ ഒരു നൃത്തകലാപരിപാടി ഉണ്ടായിരുന്നു. ഡ്യൂട്ടിയി ലല്ലാതിരുന്ന എല്ലാ എസ്സ്. എൻ. ബി. ഗാർഡുകളും അങ്ങോട്ടു പോയിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ വോഡ്ക്കാ കുടിയിലും, മററു പലതരത്തിലുള്ള ഉല്ലാ സവിനോദങ്ങളിലും മുഴുകുന്ന പട്ടാളക്കാർ നേരം കുറെ പുലർന്നശേഷമേ പാളയത്തിൽ മടങ്ങിവരാറുള്ളു. പ്രാത ലിനുള്ള കാപ്പിയും, സ്പാനിഷ് പക്ഷിമാംസവും സെമാൻ പാകംചെയ്തൊരുക്കി. ഈ സ്പാനിഷ്പക്ഷി

സഭോജ്യം, മാട്ടിറച്ചിയും അരിയുംചേർത്തുള്ള ഒരു വിഭവമല്ലാതെ മറെറാന്നുമല്ല. ചെക്കൊസ്ലൊവാക്കിയാ ക്കാരുടെ വിശിഷ്ടഭോജ്യങ്ങളിൽ ഒന്നാണിതു്. "സ്പാനി ഷ്പക്ഷി മാംസം ഞാൻ നല്ലപോലെ കഴിച്ചിരുന്നു." സെമാൻ എന്നോടു പറഞ്ഞു. "ഇന്നു രാത്രി അത്താഴ ത്തിനു് അതു കിട്ടിയാൽ കൊള്ളാമെന്നു് എനിക്കു കൊതിതോന്നുന്നുണ്ടു്. ഇതുപോലെയുള്ള ചില ചെറിയ കാര്യങ്ങളാണു് വീട്ടിൽ ചെല്ലാനുള്ള ഒരു തേക്കം എന്നിലുണ്ടാക്കുന്നതു്. അതിരിക്കട്ടെ, ഈ മാംസഭ ക്ഷണം ഞാൻ ഇരുനൂറുപിഞ്ഞാണി പാകംചെയ്തൊ രുക്കി. ഇത്രയുമായപ്പോൾ ആറുമണി കഴിഞ്ഞു. നൃത്ത

ത്തിനപോയ പട്ടാളക്കാരാരും അതുവരെ മടങ്ങിയെത്തിക്കഴിഞ്ഞിരുന്നില്ല. കെട്ടിടത്തിൻെറ പടിക്കൽ ഒരാൾ നില്ക്കുന്നുണ്ടായിരുന്നു. ചോരയ്ക്കുവേണ്ടി ദാഹിക്കുന്ന പോലീസ് നായ്ക്കൾ പുറകുവശത്ത് അവയുടെ വേലിക്കെട്ടിനുള്ളിൽ ഓടിനടക്കുകയായിരുന്നു. മററൊരുജോലിയും ചെയ്യാനില്ലാതിരുന്നതുകൊണ്ട് ഞാൻ വിജനമായ ആ പാളയത്തിലൂടെ നടന്നു. കിടക്കകൾ അസ്പൃശ്യമായി അവശേഷിച്ചിരുന്നു. പട്ടാളക്കാരുടെ യൂണിഫോറങ്ങൾ കിടക്കകൾക്കു പുറകിൽ തൂക്കിയിട്ടിരുന്നു. പെട്ടെന്ന് ഒരാശയം എൻെറ മനസ്സിലുദിച്ചു. അതിങ്ങനെയായിരുന്നു. അയാൾ വിരൽ ഞൊടിച്ചു. "ഞാൻ പിൻവാതൽ തുറന്നിട്ടിട്ട്", പട്ടികൾ അടുക്കളയിൽ കേറിക്കൊള്ളാൻ അനുവദിച്ചു. സ്വാനിഷ്പക്ഷിമാംസം, ഇരുന്നൂറു പിഞ്ഞാണിയും, ആ ജന്തുക്കൾ തിന്നട്ടെ എന്നാണ് വിചാരിച്ചതു്. പിന്നീട് ഞാൻ പാളയത്തിനകത്തേയ്ക്കു കടക്കുകയും, എനിക്കു പാകമായ ഒരു യൂണിഫോറം എടുക്കുകയും, അതു് എൻെറ ഷർട്ടിനും കാലുറയ്ക്കും മീതേ ധരിക്കുകയുംചെയ്തു. എന്നിട്ട് അടുക്കളയിൽ തിരിച്ചുചെന്നു നോക്കിയപ്പോൾ ചില പട്ടികൾ മൃഷ്ടാന്നഭോജനം കഴിഞ്ഞു് മയങ്ങുന്നതാണു് ഞാൻ കണ്ടതു്. എൻെറ കാര്യത്തിൽ എസ്സ്. എൻ. ഡി. കുറെ അധികം ബുദ്ധിമുട്ടേണ്ടിവരുമെന്നു് എനിക്കപ്പോൾ തോന്നി. പിൻവാതൽ തുറന്നു് ഞാൻ പുറത്തേയ്ക്കു കടക്കുകയും ചെയ്തു."

സെമാൻ നിശ്ശബ്ദമായി കാർലോവിവാറിക്കുള്ളിലേയ്ക്കു നടന്നു. സുപ്രസിദ്ധമായ കോളനേഡ്സിനു സമീപത്തുവച്ച് അയാൾ തൻെറ പാളത്തിലെ രണ്ടു് എസ്സ്. എൻ. ബി. ഭടന്മാരെ കണ്ടു. അവർ അയാളെ

നോക്കി അഭിവാദ്യം (സെല്യൂട്ട്) ചെയ്തു. സെമാൻ പ്രത്യഭിവാദനം ചെയ്തശേഷം നിർബ്ബാധം തൻെറ നടത്ത തുടൎന്നു. അയാൾ നേരേ റെയിൽറോഡ് സ്റ്റേഷനിലേയ്ക്കാണു് നടന്നതു്; അവിടെനിന്നു് അടുത്ത തീവണ്ടിക്കു് ഹ്രെൻസ്കോയിലേയ്ക്കു യാത്രയാവുകയുംചെയ്തു. ജർമ്മൻ—ചെക്ക് അതിൎത്തിയിലുള്ള ഒരു പ്രദേശമാണു് ഹ്രെൻസ്കോ. അവിടത്തെ പ്രകൃതിരമണീയമായ കാഴ്ചകളെ അടിസ്ഥാനമാക്കി, ബൊഹീമിയൻ—സാക്സോണിയൻ സ്വിററ്സർലൻഡ് എന്നാണു് അവിടം ഒരുകാലത്തു് അറിയപ്പെട്ടിരുന്നതു്. ഹ്രെൻസ് കോയിൽ കുറെ പട്ടാളക്കാരേയും സിവിലിയൻ ജീവനക്കാരേയും സെമാൻ കണ്ടുമുട്ടി. അവരാരും അയാളെ ശ്രദ്ധിച്ചില്ല്. അപ്പോഴാണു് അയാൾക്കു മനസ്സിലായതു്, തൻ്റെ ഒളിച്ചോട്ടശ്രമം ഫലിച്ചിരിക്കുന്നു എന്നു്.

നേരം ഉച്ചയായി. ഇരുട്ടുന്നതുവരെ കാത്തുനില്ക്കാതെ, സെമാൻ തൻെറ അസംബന്ധ സമരതന്ത്രത്തിൽ വിശ്വസിച്ചു് പട്ടാപ്പകൽ തന്നെ അതിൎത്തികടക്കാൻ തീരുമാനിച്ചു. ഈ പ്രദേശത്തു് പലപ്പോഴും അയാൾ വേനൽക്കാലങ്ങളിൽ വിനോദസഞ്ചാരം നടത്തിയിട്ടുണ്ടു്. അവിടം അയാൾക്കു സുപരിചിതവുമായിരുന്നു. സെമാൻ ഒരു കാട്ടിലൂടെ നടന്നു; പുറത്തിറങ്ങിയപ്പോൾ പെരുവഴിയിൽ നേരേ താഴെയായി ഒരു കിഴക്കേജെൎമ്മൻ വോൾക്ക്സ് പോലീസിഭടൻ യൂണിഫാറം ധരിച്ചു നില്ക്കുന്നതായിട്ടാണു് കണ്ടതു്. സെമാൻ എസ്സ്. എൻ. ബി. യൂണിഫാറം അഴിച്ചു് ഒരു ചുള്ളിക്കാട്ടിലെറിഞ്ഞശേഷം മുന്നോട്ടുനടന്നു. അന്നു രാത്രി ഒരു വൃദ്ധദമ്പതികളുടെ കാരുണ്യത്തെ ആശ്രയിച്ചു് അവരുടെ വീട്ടിലാണു് അയാൾ കഴിച്ചുകൂട്ടിയതു്.

അയാളുടെ കഥ കേട്ടപ്പോൾ അവർ അയാൾക്ക ഭക്ഷ ണവും ബർലിൻവരെ എത്താൻ യാത്രക്കൂലിക്കുള്ള പണവും നൽകി. വോൾക്ക്സ് പോലീസിഭടന്മാ രുടെ നോട്ടത്തിൽപെടാതിരിക്കുന്നതിനുവേണ്ടി തിരി ഞ്ഞുംപിരിഞ്ഞും ഇരുന്ന് അസ്വസ്ഥമായ ഏതാനും മണിക്കൂറുകളാണ് അയാൾ ട്രെയിനിൽ കഴിച്ചുകൂട്ടി യതു്. ഒടുവിൽ നമ്മുടെ കഥാനായകൻ തന്റെ ലക്ഷ്യ സ്ഥാനത്തെത്തിച്ചേൎന്നു. ഈ ഒളിച്ചോട്ടം കൂടുതൽ ആശാവഹമായ ഒരു ഭാവിയിൽ അയാളുടെ വിശ്വാ സത്തെ ദൃഢതരമാക്കിയിട്ടുണ്ടു്. "എന്നെങ്കിലുമൊരി ക്കൽ ഭാഗ്യസമ്പന്നനായ ഒരു വിനോദസഞ്ചാരിയെന്ന നിലയിൽ യൂറോപ്പിൽ പര്യടനം നടത്താമെന്നാണു് ഞാൻ ആശിക്കുന്നതു്," ആത്മവിശ്വാസത്തിൽ അടി യുറച്ച ഉത്സാഹത്തോടുകൂടി അയാൾ പറഞ്ഞു. "അക്കാലം വരുമ്പോൾ ജാച്ചിമോവ് വീണ്ടും മനോ ജ്ഞമായ ഒരു സുഖവാസസങ്കേതമായിത്തീരും. കുടുംബ സഹിതം അങ്ങോട്ടുപോയി, അവിടത്തെ മനോഹരമായ കാഴ്ചകൾ എന്റെ കുഞ്ഞു കുട്ടികൾക്കു കാണിച്ചുകൊടു ക്കാൻ സാധിച്ചേക്കുമെന്നാണു് എന്റെ വിശ്വാസം."

★

# 6

## വിലങ്ങുതടി.

ഞാൻ അമേരിക്കൻ ഐക്യനാടുകളിലേയ്ക്കു താമസം മാറുന്നതിനുമുമ്പു് മുപ്പതുവർഷക്കാലം പാർത്തിരുന്ന എൻെറ ജന്മഭൂമിയായ ചെക്കൊസ്ലോവാക്കിയായിലെ നിയമങ്ങളെ ഒരിക്കലും ലംഘിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഞാൻ അവിടേയ്ക്കു മടങ്ങിപ്പോയാൽ ഒരു ക്രിമിനൽ പുള്ളിയെക്കാൾ വഷളായിരിക്കും എന്നോടുള്ള അവിടത്തെ പെരുമാററം. ഇരുമ്പുമറയ്ക്കു പുറകിലുള്ള ലോകത്തിൻെറ ഏതെങ്കിലും ഒരു വിരോധിതപ്രദേശത്തുവച്ചു് ഒരമേരിക്കൻ ജന്മദേശക്കാരനെ അവിടത്തെ അധികാരികൾ പിടികൂടുകയാണെങ്കിൽ, ഒട്ടധികം അലോഹ്യങ്ങൾ അയാൾ സഹിക്കേണ്ടിവരുമെങ്കിലും അതിനൊക്കെ ഒരു പരിധിയുണ്ടു്; എന്നാൽ ഒരു സോവിയററു് ഉപഗ്രഹരാജ്യത്തിലെ മുൻപൗരനും സ്വദേശം വിട്ടു് മറെറാരു രാജ്യത്തുപോയി അവിടത്തെ പൗരത്വം സ്വീകരിച്ചവനുമായ എന്നെപ്പോലെയുള്ള ഒരാൾക്കുണ്ടാകുന്ന അനുഭവങ്ങൾ വളരെ കൂടുതൽ വഷളായിരിക്കും. സോവിയററു് ഭ്രമണവീഥിയിൽ ഇന്നു് വ്യാപകമായി പരന്നിരിക്കുന്ന പ്രത്യേക സങ്കല്പങ്ങളനുസരിച്ചുനോക്കിയാൽ പൗരത്വപദവിയിൽ അത്തരത്തിലുള്ള മാററം വരുത്തിയ ആൾ സ്വാഭാവികമായിത്തന്നെ തൻെറ ജന്മഭൂമിയുടെ മുമ്പിൽ "രാജ്യദ്രോഹി"യായിത്തീരുകയാണു്. അങ്ങനെ എന്നെപ്പോലെയുള്ളവർക്കു് അവിടെ പ്രവേശനം നിരോധിക്കപ്പെട്ടശേഷം,

ഞാൻകൂടെക്കൂടെ അസ്വസ്ഥനായി ചിന്തിക്കാറുണ്ട്, യാതൊരു സാഹചര്യത്തിലും എന്റെ ജന്മനാടിനെ ഒന്നു കാണാൻപോലും അങ്ങോട്ടു തിരിച്ചുപോവുകയെന്നതു് അസാദ്ധ്യമായ ഒരു കാര്യമായിത്തീർന്നിരിക്കുകയാണെന്നു്. വിശേഷിച്ചു് എന്തെങ്കിലും കാരണവശാൽ ഞാൻ അവിടെ മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നു എന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. നേരെമറിച്ചു് ആഗ്രഹിച്ചാൽതന്നെയും അവിടെ പോകാൻ സാദ്ധ്യമല്ലല്ലോ എന്ന ചിന്തയാണു് എന്നെ അലട്ടുന്നതു്. വളരെക്കാലംമുമ്പല്ലാതെ ഒരുനാൾ അതിർത്തിക്കപ്പുറം ചെക്കൊസ്ലോവാക്കിയൻ ഭൂമിയിൽ ആറിഞ്ചു് അകത്തോളം കടന്നുപോകാൻ എനിക്കു സംഗതിയായി; ഈ വിഷയത്തിലുള്ള എന്റെ ചിന്തകൾക്കു് അന്നത്തെപ്പോലെ ഒരിക്കലും ചൂടുപിടിച്ചിട്ടില്ല. തീർച്ചയായും അതൊരു യാദൃച്ഛികസംഭവമായിരുന്നു. പരമാർത്ഥം പറഞ്ഞാൽ ആ ദിവസം മുഴുവൻ അപ്രതീക്ഷിത കാര്യങ്ങൾക്കു സാക്ഷ്യം വഹിച്ച ഒന്നാണു്. സംഭവദിവസം ഞാൻ ജർമ്മനിയിലെ അമേരിക്കൻ മേഖലയിൽ ബവേറിയായുടെ കിഴക്കേ ഭാഗത്തുകൂടി കാറോടിച്ചുപോകയായിരുന്നു. വെയ്ഡാസ് പട്ടണത്തിലെ ഒരു ചെറിയ സത്രത്തിൽ ചായകുടിക്കാനായി ഞാൻ ഇറങ്ങി. ചെക്കൊസ്ലൊവാക്കു് അതിർത്തി വളരെ അകലെയല്ലെന്നു് എനിക്കറിയാമായിരുന്നു—രണ്ടുമൈൽ കിഴക്കു്—എന്നാൽ സ്ഥലത്തെ അതിർത്തിപ്പോലീസ് കമ്മീഷണർ ഹെർഹജേക്കുമായി ഒരു സംഭാഷണത്തിലേർപ്പെട്ടപ്പോഴാണു് അക്കാര്യം പ്രത്യേകമായി ഞാൻ ഓർമ്മിച്ചതു്. ഹെർഹജേക്കു് റം ചേർത്തു് ചായകുടിക്കുകയായിരുന്നു. ഞങ്ങൾ കഴിഞ്ഞ യുദ്ധത്തെക്കുറിച്ചും, രാഷ്ട്രീയകാര്യങ്ങ

ളെക്കുറിച്ചും, അതിത്തിയെക്കുറിച്ചും സംസാരിച്ചു. ലോകത്തിൻെറ ഈ ഭാഗത്തുള്ള ജനങ്ങൾ മുമ്പൊക്കെ കാലാവസ്ഥ, വിളവുകൾ, നാണയപ്പെരുപ്പം എന്നിവയെക്കുറിച്ച് സംസാരിച്ചിരുന്നതിനു പകരം ഇപ്പോൾ ഈ മൂന്നുവിഷയങ്ങളുമാണു് നിയമേന അവരുടെ സംഭാഷണങ്ങളിൽ സ്ഥലം പിടിക്കുന്നതു്.

യുദ്ധാവസാനത്തിൽ ഞാൻ വെയ്ഡ്ഹാസ് കടന്നുപോയിട്ടുണ്ടു്. അമേരിക്കൻ സൈന്യത്തിൽ ഞാനൊരു സർജൻറായിരുന്നു. ഈ പട്ടണത്തിലെത്തുന്നതിനു് അല്പം മുമ്പു് ഞാൻ കേട്ടു, ചെക്കൊസ്ലൊവാക്കിയായുടെ വിമോചനത്തിനുവേണ്ടിയുള്ള സമരം പ്രേഗിൽ ആരംഭിച്ചുകഴിഞ്ഞെന്നു്. ഞാൻ ജനിച്ചുവളന്നതും, അവസാനമായി 1938-ൽ ഞാൻ കണ്ടതുമായ രാജ്യത്തിലേയ്ക്കു് മടങ്ങാൻ എന്തെന്നില്ലാത്ത ഒരക്ഷമയാണു് എനിക്കപ്പോൾ ഉണ്ടായതു്. എൻെറ രാജ്യത്തിനു് തൊട്ടടുത്തു് ഞാൻ എത്തിയിരിക്കുന്നു എന്ന ചിന്ത എന്നെ ഉത്സാഹഭരിതനാക്കി. ഞാൻ അതിത്തിയെ സമീപിക്കുകയും, പിൽസനിലേയ്ക്കുള്ള റോഡു് കാണിക്കുന്ന കൈചൂണ്ടി കറുത്ത അക്ഷരങ്ങളോടും മഞ്ഞനിറത്തിലുള്ള അടയാളങ്ങളോടുംകൂടി ദൃഷ്ടിഗോചരമാവുകയും ചെയ്തപ്പോൾ എൻെറ നെഞ്ചുതുടിച്ചു. ആ സത്രത്തിൽ ഹെർഹജേക്കുമായിരുന്നു് സംസാരിക്കവേ, ഇതെല്ലാം ഏഴുവർഷം മുമ്പാണു് നടന്നതെന്നു് സങ്കല്പിക്കാൻപോലും പ്രയാസമായിരുന്നു.

ഒരു ഉത്തുംഗകായനായിരുന്നു ഹെർഹജേക്കു്. മിക്കവാറും സമയവും വെളിസ്ഥലങ്ങളിൽ കഴിച്ചുകൂട്ടിയിരുന്ന അദ്ദേഹത്തിന്റെ മുഖത്തു് ഒരു രക്തപ്രസാദം സവിശേഷംദൃശ്യമായിരുന്നു. ചായകുടികഴിഞ്ഞു് അതിത്തിക്കു

സമീപമുള്ള തൻെറ നിയോഗസ്ഥാനത്തേയ്ക്കു പോകാൻ അദ്ദേഹം ഒരുങ്ങിയപ്പോഠം, ഞാൻ അദ്ദേഹത്തെ എൻെറ കാറിലേയ്ക്കു ക്ഷണിക്കുകയും, അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തു. പട്ടണത്തിൻെറ അററം വരെ ഓടിച്ചുപോയശേഷം പെരുവഴിയിലേയ്ക്ക് കാർ ഇറക്കിയപ്പോഠം "നാച്ച് പിൽസൻ 71 കിലോമീററർ" എന്ന് കറുത്ത അക്ഷരത്തിൽ മഞ്ഞ അടയാളങ്ങളോടുകൂടിയതും, എനിക്ക് സുപരിചിതവുമായ കൈചൂണ്ടി കാണായി. പിൽസെനിലേയ്ക്ക് 40 മൈൽ ദൂരമുണ്ടെന്നാണ് അതിൻെറ അൎത്ഥം. അപ്പോഠം സമയം രാവിലെ പത്തരമണിയായിരുന്നു. പരിഗണനാൎഹമായ കാൎയ്യം ദൂരം മാത്രമാണെങ്കിൽ ലഞ്ചിനു മുൻപ് എനിക്കു പ്രേഗിൽ എത്താൻ കഴിയുമായിരുന്നു. ഞാൻ സ്വഗതമായി ഇങ്ങിനെ ഓരോന്ന് ചിന്തിക്കവേ ഹെർഹജേക്ക് എൻെറ ആത്മാലാപത്തിന് വിരാമമിട്ടു. തന്നെ ചൗക്കയ്ക്കു മുമ്പിൽ ഇറക്കിവിടണമെന്നായിരുന്നു അദ്ദേഹത്തിൻെറ അപേക്ഷ. ഞാൻ കാർ നിറുത്തി. പുറകിൽ ഏതെങ്കിലും കാർ വരുന്നുണ്ടോയെന്ന് ഈ സമയം ഞാൻ കണ്ണാടിയിൽ നോക്കി. ആവശ്യമില്ലാത്ത ഒരു കരുതലായിരുന്നു അതു്. പശ്ചിമയൂറോപ്പിനേയും ചെക്കോസ്ലോവേക്യായേയും തമ്മിൽ ബന്ധിക്കുന്ന ഈ പ്രധാന പെരുവഴി വിജനമായി കാണപ്പെട്ടു. ഈയിടെയായി വളരെ അപൂൎവ്വമായി മാത്രമേ ഈ വഴിയിൽ ഗതാഗതം ഉള്ളു എന്ന് ഹെർഹജേക്ക് എന്നെ ധരിപ്പിച്ചു. രണ്ടുവർഷം മുൻപ് വലിയ വലിയ ചരക്കു വണ്ടികഠം ബൽജിയത്തിൽനിന്നും സ്കാൻഡിനേവിയൻ രാജ്യങ്ങളിൽനിന്നും ചെക്കോസ്ലോവേക്യായിലേയ്ക്ക് ഭക്ഷ്യസാധനങ്ങളും കയററി

ഒന്നിനു പുറകേ ഒന്നായി ഇരമ്പി പായുന്നുണ്ടായിരുന്നു ചുങ്കം അധികാരികൾ വിട്ടയയ്ക്കുന്ന സമയം കാത്തു് അതിർത്തിയുടെ ഇരുവശങ്ങളിലും സ്വകാര്യകാറുകൾ ബംബറോട്ട് ബംബർ തൊട്ടുതൊട്ട് നിൽക്കുന്നതും കാണാമായിരുന്നു. ഇന്നാകട്ടെ ഈ വഴിയിലൂടെ കടന്നു പോകുന്നതു് പ്രേഗിലെ നയതന്ത്രകാര്യാലയത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാറുകൾ മാത്രമാണു്. അതുതന്നെയും പ്രതിദിനം ഒന്നോ ചിലപ്പോൾ രണ്ടോ മാത്രമായിരിക്കും. ഒരിക്കലും മൂന്നിൽ കൂടാറില്ല. ചെക്കോസ്ലോവേക്യാ അതിർത്തി കടക്കുമ്പോഴെല്ലാം ഒരു പ്രത്യേക സാക്ഷ്യപത്രം നയതന്ത്രകാര്യാലയത്തിലെ ഉദ്യോഗസ്ഥന്മാർപോലും കൈവശം വച്ചിരിക്കണമെന്നാണു് ഇപ്പോഴത്തെ നിയമം. സ്ഥിരം സാക്ഷ്യപത്രങ്ങൾ എല്ലാം കഴിഞ്ഞ ജനുവരി മാസത്തിൽ റദ്ദാക്കപ്പെട്ടു. നയതന്ത്രപരവും വാണിജ്യപരവുമായ ഗവൺമെൻറിൻെറ പ്രവൎത്തനങ്ങൾക്കല്ലാതെ യാതൊരു ചെക്ക് പൗരനേയും രാജ്യംവിട്ടു പുറത്തുപോകാൻ അനുവദിക്കുന്നില്ല. അതിർത്തിക്കടുത്തുള്ളവർപോലും പരസ്പരം ഗതാഗതം നടത്താതിരിക്കുകയാണു്. അതിർത്തിയുടെ ഒരുവശത്തു് താമസിക്കുന്ന ജനങ്ങൾ മറുഭാഗത്തുള്ള തങ്ങളുടെ സുഹൃത്തുക്കളേയോ ബന്ധുക്കളേയോ സന്ദർശിക്കുന്നതിനെപ്പോലും ചെക്ക് അധികാരികൾ തടഞ്ഞിരിക്കുകയാണു്.

ഞങ്ങളുടെ മുമ്പിലായി കൺവെട്ടത്തു നിന്നിരുന്ന വൃക്ഷങ്ങൾക്കിടയിലൂടെ ദേവതാരു വൃക്ഷങ്ങൾ ധാരാളമായി വളർന്നിരുന്ന ഒരു കുന്നിൻ ചെരിവു കാണാമായിരുന്നു. ആ കുന്നു് ചെക്കോസ്ലോവേക്യായുടെ ഭാഗമാണെന്നു് ഹെർഹജേക് പറഞ്ഞു. ആ ഭാഗത്തുള്ള നാ

ട്ടിൻപുറം പ്രശാന്തസുരഭിലമായി കാണപ്പെട്ടു. ഞങ്ങൾ കാർ ഓടിച്ചുവന്ന ഗ്രാമപ്രദേശം പോലെതന്നെ അവിടം പ്രസന്നകോമളമായിരുന്നു. എന്നാൽ ഞാൻ അവിടെ ഇരുന്നപ്പോൾ എൻെറ മനസ്സിൽ ഉദിച്ച ചിന്ത, നിരനിരയായി വിലസുന്ന ആ ദേവതാരു വൃക്ഷങ്ങളുടെ ഹൃദയാവർജ്ജകമായ കാഴ്ച ഞാൻ ഇരുന്ന അതേ സ്ഥാനത്തുനിന്നു കാണാൻ ലക്ഷക്കണക്കായ എത്രയോ ചെക്ക പൗരന്മാർ തങ്ങളുടെ സർവ്വസ്വവും നഷ്ടപ്പെടാനും തയ്യാറാവുകയില്ലേ എന്നാണ്. ഹെർഹജേക് വീണ്ടും എൻെറ ചിന്താപരമ്പരകളെ തടഞ്ഞു. ഈ അവസരത്തിൽ അദ്ദേഹം എന്നെ ചൗക്കയിലേയ്ക്കു് ക്ഷണിക്കുകയാണുണ്ടായതു്. ആകാശം കാർമേഘാവൃതമായിരുന്നു. ഞങ്ങൾ കാറിൽ നിന്നിറങ്ങിയപ്പോൾ ഒരു വരണ്ട കാററു് ഞങ്ങളെ തഴുകിവീശി. "ശപിക്കപ്പെട്ടകാററു്!" ഹെർഹജേക് പറഞ്ഞു. "എപ്പോഴും കിഴക്കുനിന്നുതന്നെയാണു് ഈ കാററു് അടിക്കുന്നതു്. ബൊഹീമിയൻ കാററു് എന്നാണു് ഞങ്ങൾ ഇതിനു പേരിട്ടിരിക്കുന്നതു്." അല്പസമയം ആലോചിച്ചശേഷം അദ്ദേഹം തുടൎന്നു. "അതിർത്തിയിലെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനു് വളരെ മുൻപാണു് ഞങ്ങൾ ഈ കാററിനെ ഇങ്ങിനെ വിളിച്ചു വന്നതു്".

ഹെർഹജേക് എന്നെ അദ്ദേഹത്തിൻെറ ചെറിയ ആഫീസുമുറിയിലേയ്ക്കാനയിച്ചു. സംസാരിക്കാൻ ഒരാളിനെ കിട്ടിയതിൽ അദ്ദേഹം സന്തുഷ്ടനായിട്ടാണു് കാണപ്പെട്ടതു്. ഈ അതിർത്തി സങ്കേതത്തിൽ ഒരേകാന്തതയാണു് അനുഭവപ്പെട്ടുന്നതെന്നദ്ദേഹം എന്നോടു പറഞ്ഞു. ചെക്കോസ്ലോവേക്യായിൽ കമ്മ്യൂണിസ്ററുകാർ വിപ്ലവഭരണം സ്ഥാപിക്കുന്നതിനു മുൻ

പ്പ് അതിർത്തിയിലെ ചെക്കു് കാവൽഭടന്മാരും ബെവേറിയൻ പാറാവുകാരും തമ്മിൽ സന്തോഷകരമായ സൗഹൃദത്തിലാണു് കഴിഞ്ഞു വന്നതു്. ചിലപ്പോൾ ഒരു ഗ്ലാസ്സ് ബീയർ കുടിക്കുന്നതിനും പുക വലിക്കുന്നതിനുമായി ഒരതിർത്തി സത്രത്തിൽ ഒന്നിച്ചുകൂട്ടമായിരുന്നു. അന്നു് ഔദ്യോഗിക പ്രവർത്തനങ്ങൾക്കും കുറവില്ലായിരുന്നു. വ്യാജക്കടത്തും വ്യാജക്കടത്തിനുള്ള ശ്രമങ്ങളും അക്കാലത്തു് വളരെയധികം നടക്കുന്നുണ്ടായിരുന്നു. ജർമ്മനിയിൽനിന്നു് ചെക്കോസ്ലോവേക്യായിലേയ്ക്കു് സിഗററു്, കാപ്പി, സച്ചാറിൻ മുതലായ സാധനങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. ചരക്കുവാഹനങ്ങൾക്കുള്ളിൽ രഹസ്യഅറകൾ ഉണ്ടാക്കി തുണികൾ അടക്കംചെയ്തു് അങ്ങോട്ടും ഇങ്ങോട്ടും കടത്തിക്കൊണ്ടുപോകുന്നതും അന്നു് സർവ്വസാധാരണമായിരുന്നു. അങ്ങനെ കാലം കുറെ കഴിഞ്ഞപ്പോൾ ഭയവിഹ്വലരായ ഒട്ടനേകം ചെക്കുകാർ തങ്ങളുടെ സ്വർണ്ണവും ആഭരണങ്ങളും അതിർത്തി കടത്തിക്കൊണ്ടുപോകാൻ ശ്രമം തുടങ്ങി. അത്തരക്കാരുടെ സംഖ്യ നാൾക്കുനാൾ പെരുകിക്കൊണ്ടിരുന്നു. വ്യാജക്കടത്തുകാരെ പിടികൂടുന്നതിനു് ചെക്കോസ്ലോവേക്യായുടെയും ബെവേറിയായുടേയും അതിർത്തിപ്പാറാവുകാർ പരസ്പരം യോജിച്ചു പ്രവർത്തിച്ചുവന്നു എന്നാൽ ഇപ്പോൾ അതെല്ലാം തന്നെ അവസാനിച്ചിരിക്കുകയാണു്. ഇന്നു് ചെക്കു് അതിർത്തിയിലെ ഒരു പാറാവുകാരൻ, ഒരു ബവേറിയാക്കാരനുമായി ചേർന്നു് ഒരു പകൽ കഴിച്ചുകൂട്ടണമെങ്കിൽ തൻെറ സുഹൃത്തു് തനിച്ചേയുള്ളു എന്നും, പാശ്ചാത്യരുമായി താൻ സഹവാസത്തിലാണെന്നു് റിപ്പോർട്ടു ചെയ്യേണ്ടതാവുന്ന ആരും അവിടെ വരികയില്ലെന്നും അയാൾക്കു ബോദ്ധ്യമാകേണ്ടിയിരിക്കുന്നു.

"എനിക്കു കണ്ടു പരിചയമുണ്ടായിരുന്ന ചെക്ക് പാറാവുകാരൊന്നും ഇപ്പോൾ അതിർത്തിയിൽ കാണുന്നില്ല. അവരുടെ സ്ഥാനങ്ങളിൽ നിയമിതരായിരിക്കുന്നതു് വളരെ സൂക്ഷിച്ചു് തിരഞ്ഞെടുക്കപ്പെട്ട ചെക്ക് ഭടന്മാരും, എസ്സ്. എൻ. ബി. പടയാളികളുമാണു്." ഹെർഫജേക്ക് പറഞ്ഞു. ('നാഷണൽ സെക്യൂറിററി കോർ' എന്നതിൻെറ ഹ്രസ്വരൂപമാണു് എസ്സ്. എൻ. ബി.) "കഴിഞ്ഞ രണ്ടാഴ്ച്ചയ്ക്കിടയ്ക്കു് രണ്ടു പ്രാവശ്യം ഔദ്യോഗികമായ ചില കാര്യങ്ങൾക്കായി അവരെ എനിക്കു കാണേണ്ടിവന്നു. ഈ അതിർത്തിപ്രദേശത്തെ മിക്ക ജനങ്ങളേയുംപോലെ എനിക്ക് ഒരു ചെക്ക് പേരാണുള്ളതു്; ചെക്ക് ഭാഷയാണു് സംസാരിക്കുന്നതും. ഞാൻ ആ ചെക്ക് പാറാവുകാരുമായി ഇടപെട്ട ഈ രണ്ടു പ്രാവശ്യവും അവർ എന്നെ രാഷ്ട്രീയകാര്യങ്ങളിലേയ്ക്കും, വിലനിരക്കുകൾ തൊഴിൽ സാഹചര്യങ്ങൾ മുതലായ വിഷയങ്ങളിലേയ്ക്കും എൻെറ ശ്രദ്ധ തിരിച്ചുവിടാൻ ശ്രമിക്കുകയുണ്ടായി. ഇക്കാര്യങ്ങളെക്കുറിച്ചു് അതിർത്തിയുടെ ഈ ഭാഗത്തുള്ള ആളുകൾ എന്തു വിചാരിക്കുന്നു എന്നും മററുമായിരുന്നു ആ പാറാവുകാരുടെ ചോദ്യങ്ങൾ. ഞാൻ കഴിഞ്ഞ തവണ അവരെ കണ്ടതു് ഏതാനും ദിവസംമുമ്പു മാത്രമാണു്. കടിച്ചുലക്കില്ലാത്ത ഭാവത്തിൽ ഒരു ചെക്ക് ഭടൻ അതിർത്തിക്കിപ്പുറം വന്നതിനെത്തുടർന്നാണതു്. ഒരു രാഷ്ട്രീയാഭയാർത്ഥിയെന്ന നിലയിൽ തനിക്കു രക്ഷാസങ്കേതം വേണമെന്നും മററും അയാൾ എന്തൊക്കെയോ പിറുപിറുത്തു. എന്നാൽ അയാൾ കണ്ടതിനപ്പുറമുള്ള കാര്യങ്ങൾ ഞങ്ങൾ കണ്ടറിഞ്ഞു. ചെക്ക് അതിർത്തിസങ്കേതത്തിലെ മേലുദ്യോഗസ്ഥനുമായി ഞാൻ തൽക്ഷണം

സമ്പക്കംപുലത്തി. ആ അതിർത്തിലംഘകനെ തന്റെ മുമ്പിലേയ്ക്കു് കൊണ്ടുചെല്ലാൻ മേലുദ്യോഗസ്ഥൻ എന്നോടു് ആവശ്യപ്പെട്ടു. ഞാൻ അല്പം രക്ഷാഭിച്ചു സംസാരിച്ചെന്നാണു തോന്നുന്നതു്. എന്തെന്നാൽ ആ മേലുദ്യോഗസ്ഥൻ എന്നോടു പറഞ്ഞു, വിഷമിക്കാനൊന്നുമില്ലെന്നും, അങ്ങോട്ടു പോയാൽ എനിക്കു് ഒരു കുഴപ്പവും വരികയില്ലെന്നും." ഒരു ചെക്ക് ഉദ്യോഗസ്ഥൻ സുരക്ഷിതത്വവാഗ്ദാനം നല്കുകയെന്ന ആശയത്തിന്റെ രസമോർത്തു് ഹെർഹജേക്ക് പൊട്ടിച്ചിരിച്ചു. "അതിരിക്കട്ടെ. ഞാൻ ആ ചെക്ക് ഭടനേയും കൂട്ടിക്കൊണ്ടു് അതിർത്തി സങ്കേതത്തിലേയ്ക്കു പോയി. എന്റെ കൈവശം സർവീസ് റിവാൾവർ ഉണ്ടായിരുന്നു. ചെക്ക് ഉദ്യോഗസ്ഥൻ തന്റെ ഹെഡ്ക്വാർട്ടേഴ്സിൽ എന്നെ കാത്തിരിക്കുകയായിരുന്നു. തോക്കുധാരികളായ ആറു ഭടന്മാർ അയാളെ പാർശ്വം ചുററി നിന്നിരുന്നു. യാതൊരു കുഴപ്പവുമില്ലെന്നു് ആദ്യമേതന്നെ അയാൾ എന്നോടു പറഞ്ഞു. തികച്ചും സ്നേഹപൂർവ്വമായിരുന്നു അയാളുടെ പെരുമാററം. എങ്കിലും, ഇതെല്ലാം ഒരു തമാശപോലെ എനിക്കു തോന്നി."

ആത്മവിശ്വാസദ്യോതകമായ രീതിയിൽ ഹെർഹജേക് തോൾ ചുളുക്കി. യഥാർത്ഥത്തിൽ ബെവേറിയൻ അതിർത്തി പോലീസിലെ ഒരംഗം മറെറാരാളെ ഭയപ്പെട്ടു എന്നു് സമ്മതിക്കേണ്ടിവന്നതിൽ അദ്ദേഹത്തിനു് കുറെ വിമ്മിഷ്ടം ഉണ്ടായിരുന്നു. ഹജേക് തുടർന്നു. "ഏതാനും ആഴ്ച മുൻപു് രാഷ്ട്രീയ അഭയാർത്ഥികളായി അതിർത്തി കടന്നു് ഞങ്ങളുടെ ഭാഗത്തേയ്ക്കു് വന്നിട്ടുള്ള രണ്ടു ചെക്കുകാരെ തിരിച്ചയയ്ക്കണമെന്നു് ആ ചെക്കു് ആഫീസർ എന്നോടു സ്വകാര്യമായി

ആവശ്യപ്പെട്ട അവർ യാതൊരുതരത്തിലും രാഷ്ട്രീയ അഭയാത്ഥികൾ അല്ലെന്ന് അയാൾ എന്നെ ധരിപ്പിച്ചു അവരിൽ ഒരാൾ ഒരു ക്രിമിനൽ പുള്ളിയാണെന്നും മറെറാരാൾ ഒരു പരസ്ത്രീയിൽ തനിക്കുണ്ടായ ഒരു ജാരസന്താനത്തെക്കുറിച്ച് ഭാര്യയുമായി വഴക്കുകൂടി ഒളിച്ചോടിയവനാണെന്നും ചെക്ക് ഉദ്യോഗസ്ഥൻ എന്നെ അറിയിച്ചു. അവക്ക് രാഷ്ട്രീയ അഭയം നിഷേധിക്കണമെന്നും തൻെറ അടുക്കൽ തിരിച്ചയയ്ക്കണമെന്നും ആയിരുന്നു അയാൾ നിർബന്ധപൂർവ്വം ഉന്നയിച്ച ആവശ്യം. ഇതേപ്പററി ഞാൻ യാതൊന്നും പറഞ്ഞില്ല. ഇത്തരം സങ്കീർണ്ണമായ കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ട ചുമതല ഭാഗ്യവശാൽ എനിക്കില്ല." മുൻപ് ഒളിച്ചോട്ടക്കാർ ചില തെളിവുകൾ നൽകിയിരുന്നെങ്കിൽ രാഷ്ട്രീയ അഭയാർത്ഥികൾ എന്ന നിലയിൽ അതിർത്തിക്കിപ്പുറം കഴിഞ്ഞുകൂടാൻ അവരെ അനുവദിക്കുമായിരുന്നു. "ജീവനോ കാലിനോ നിശ്ചയമായും അടിയന്തിരമായും അപകടഭീഷണി ഉണ്ടെന്നുള്ള ഭയംകൊണ്ടാണ് തങ്ങൾ അതിർത്തി കടന്നുവന്നതെന്നാണ് അവർ തെളിയിക്കേണ്ടിയിരുന്നത്. ഇപ്പോൾ ഈ വ്യവസ്ഥയിൽ വളരെ അയവുവരുത്തിയിട്ടുണ്ട്. കമ്മ്യൂണിസ്ററു മർദ്ദനംകൊണ്ട് പൊറുതികെട്ട ഉത്തമവിശ്വാസമുള്ള ഒരു ശരണാത്ഥിയാണെന്ന് തെളിയിക്കുന്ന ആക്കും ഇപ്പോൾ അഭയം നൽകിവരികയാണ്. അമേരിക്കൻ അധിനിവേശാധികാരികളാണ് ഈ തീരുമാനം എടുത്തത്.

"ചെക്ക് ആഫീസർ ഉന്നയിച്ച പ്രശ്നംസംബന്ധിച്ച് ഒരു തീരുമാനം എടുക്കാൻ എളുപ്പമായിരുന്നില്ല. അഭയാത്ഥികളെന്ന നാട്യത്തിൽ വരുന്ന ആളു

കഠം യഥാത്ഥത്തിൽ കമ്മ്യൂണിസ്റ്റ് ഏജൻറന്മാരായിരിക്കുമെന്നുള്ളതു് സംഭാവ്യമായ ഒരു കാര്യമാണു്. അതിൻെറ സത്യാവസ്ഥ അത്ര എളുപ്പത്തിൽ ഒന്നും പിടികിട്ടുകയില്ല."

ഹെർഹജേക് എന്തോ ചിന്തിക്കുന്നതുപോലെ തലയാട്ടി. "ഈ അതിർത്തിപ്രദേശം ഒററനോട്ടത്തിൽ വിജനമാണെന്നു തോന്നും. എന്നാൽ ഈ മേഖലയ്ക്കു നെടുകെ നിയമാനുസൃതമല്ലാത്ത ഒട്ടനവധി പ്രവത്തനങ്ങഠം നടക്കുന്നുണ്ടു്." അദ്ദേഹം തുടൻു. "എസ്ലാൺ കാര്യത്തെക്കുറിച്ചു് നിങ്ങഠം കേട്ടിരിക്കുമെന്നാണു് തോന്നുന്നതു്." കേട്ടിട്ടില്ലെന്നു് ഞാൻ പറഞ്ഞു. "ശരി," അദ്ദേഹം വിശദീകരിച്ചുതുടങ്ങി. "അമേരിക്കൻ പട്ടാളക്കാരുംമൊത്തു് ചുററിനടന്നിരുന്ന റീജൻസ്ബർഗ്ഗിലെ ഒരു ജർമ്മൻ സ്ത്രീയുടെ കഥയാണതു്. അമേരിക്കൻ സൈനികഘടകങ്ങളെക്കുറിച്ചു് വിവരങ്ങഠം ശേഖരിക്കാനായിരുന്നു അവളുടെ ശ്രമം. പട്ടാളക്കാരുടെ പാർപ്പിടങ്ങഠം, സൈന്യവിഭാഗങ്ങളുടെ വലിപ്പം, ആയുധങ്ങഠം, ഉയർന്ന സർജൻറുമാരുടെ പേരുകഠം ഇത്യാദി വിവരങ്ങഠം മാത്രമല്ല തലേന്നു രാത്രി ഡിന്നറിനു് അവർ കഴിച്ച വിഭവങ്ങഠം എന്തൊക്കെയായിരുന്നു എന്നുപോലും ചികഞ്ഞറിയാൻവേണ്ടി അവഠം ശ്രമം നടത്തിയിരുന്നു. ഒരു കമ്മ്യൂണിസ്റ്റ് ഗൂഢസംഘത്തിന്റെ തലച്ചോറുസൂക്ഷിപ്പുകാരിയായിരുന്നു അവഠം. അവളുടെ സന്ദേശങ്ങഠം അതിത്തിക്കപ്പുറം കൊണ്ടുപോകാനും ചെക്കുകാരെ തന്നെ ഏല്പിക്കാനും ചില അനുചരന്മാർ ഉണ്ടായിരുന്നു. എസ്ലാണിൽ താമസിക്കുന്ന കമ്മ്യൂണിസ്ററുകളുടെ ഇടയിൽനിന്നു തന്നെ ഇത്തരം കിങ്കരന്മാരെ ശേഖരിക്കാൻ അവഠംക്കു് എളുപ്പമായി

രുന്നു. ഇവിടെനിന്നു് തെക്കായി ഏതാനും കിലോമീററർ അകലെ സ്ഥിതിചെയ്യുന്ന ഒരു ബവേറിയൻ അതിർത്തിസ്ഥലമാണു് എസ്'ലാൺ. കുന്നുകാംക്കും തീയെരിക്കാനുള്ള വിറകിനുംവേണ്ടി എസ്'ലാണിൽ നിന്നുള്ള ആളുകൾ പലപ്പോഴും അതിർത്തിക്കു നെടുകെ നടക്കാറുണ്ടായിരുന്നു. അതിർത്തിയുടെ തൊട്ടടുത്തുചെന്നു മുട്ടുന്ന വയലുകളുടെ ഉടമസ്ഥന്മാരാണു് ഇക്കൂട്ടത്തിൽ ചിലർ. എസ്'ലാണിൽനിന്നുള്ള ചില ആളുകൾ നേരേ നടന്നു് അതിർത്തിയിൽ വന്നിരുന്ന പല സന്ദർഭങ്ങളിലും ചെക്ക് പാറാവുകാർ അവരെ കണ്ട ഭാവമേ നടിക്കുന്നില്ലെന്നു് ബവേറിയൻ അതിർത്തിഭടന്മാരായ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. സാധാരണഗതിയിൽ ഏററവും നിസ്സാരമായ അതിർത്തിലംഘനങ്ങൾ ഉണ്ടായാൽ പോലും അങ്ങോട്ടു കുതിച്ചുചാടുന്നവരാണു് ചെക്കുപാറാവുകാർ. ഞങ്ങൾ ഈ അതിർത്തിസഞ്ചാരികളുടെ ഗതിവിഗതികൾ ഏതാനും ദിവസം തുടർച്ചയായി സൂക്ഷിച്ചു. ഇവരെല്ലാം തങ്ങളുടെ ഈ സവാരിയുടെ ഒരു ഘട്ടത്തിൽ അതിർത്തിക്കു തൊട്ടടുത്തുള്ള ഒരു പൊള്ളവൃക്ഷത്തെ ചുററുന്നുണ്ടെന്നു് ഞങ്ങൾ കണ്ടുപിടിച്ചു. ചെക്കുഭാഗത്തു് നിൽക്കുന്ന ഈ മരത്തിനകത്തു് ഒരു ചെറിയ ലോഹപ്പെട്ടി ഇരിപ്പുണ്ടെന്നു് ഞങ്ങൾ അന്വേഷിച്ചറിഞ്ഞു. എസ്'ലാണിൽനിന്നുള്ള ദൂതന്മാർ അവർ കൊണ്ടുവന്നിരുന്ന സന്ദേശങ്ങൾ ഈ പെട്ടിക്കുള്ളിൽ നിക്ഷേപിക്കുകയും അതിൽനിന്നുതന്നെ പുതിയ നിർദ്ദേശക്കുറിപ്പുകൾ എടുക്കുകയും ആണു് ചെയ്തിരുന്നതു്. പത്തുദിവസം ഇതു നിർബാധം തുടരാൻ ഞങ്ങൾ അനുവദിച്ചു. ഗൂഢസംഘത്തിലെ അംഗങ്ങളെ മുഴുവൻ കണ്ടുപിടിക്കാനാണു് അത്രയും ദിവസം

കാത്തിരുന്നതു്. പിന്നീട ഞങ്ങരം അവരെ പിടികൂടി.” ഹെർഹജേക് സന്തുഷ്ടനായി കാണപ്പെട്ടു. വിലങ്ങുവയ്ക്കപ്പെട്ട ഒരുവൻെറ ഭാവം നടിച്ചുകൊണ്ടു് അദ്ദേഹം തൻെറ കണംകൈകരം കൂട്ടിച്ചേർത്തു. അദ്ദേഹം തുടന്നു. “ആ ജർമ്മൻ സ്ത്രീ രണ്ടരവർഷത്തെ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു. മററുള്ളവക്കു് അതിലും കുറഞ്ഞ ശിക്ഷകളാണു് കൊടുത്തതു്. “എസ്‌ലാൺ എന്ന സ്ഥലം നിങ്ങരം ചുററിനടന്നു കാണേണ്ടതാണു്. കുഴപ്പങ്ങളുടെ പ്രധാന കേന്ദ്രസ്ഥാനമാണതു്. ആ സ്ഥലം ഞാൻതന്നെ നിങ്ങരംക്കു് കാണിച്ചുതരുമായിരുന്നു. പക്ഷെ ഈ കാവൽ സങ്കേതത്തിൽനിന്നു് ഇടംവലം തിരിയാൻ എനിക്കു് നിവൃത്തിയില്ല. ഏതായാലും എസ്‌ലാണിൽ ഇതിലേയ്ക്കു പററിയ ഒരാരം ഉണ്ടു്—ജോർജ്ജ് സോമർ. അയാരം നിങ്ങളെ അതിത്തിയിലേയ്ക്കു കൊണ്ടുപോകും. പക്ഷെ ഞാൻ നിങ്ങരംക്കു് ഒരു മുന്നറിവുതരുന്നു. യാതൊരു കാരണവശാലും നിങ്ങളുടെ സ്വന്തം അതിത്തിയിലേയ്ക്കു് സമീപിച്ചുപോകരുതു്. അങ്ങിനെ ചെയ്താൽ നിങ്ങരം വിഷാദിക്കേണ്ടിവരും”

ഹെർഹജേക്കിനോടു് നന്ദി പറഞ്ഞിട്ടു് ഞാൻ അവിടം വിട്ടു. എസ്‌ലാണിലെ പാറാവുകാര്യാലയത്തിലേയ്ക്കാണു് ഞാൻ കാർ ഓടിച്ചുപോയതു്. കടുത്ത മുഖവും ജാഗ്രതയുള്ള കണ്ണുകളും ഉള്ള ഒരാളായിരുന്നു ഹെർസോമർ. രണ്ടുഭടന്മാരുടെയും ഒരു പോലീസ് നായുടെയും സഹായത്തോടുകൂടിയാണു് ആ അതിത്തിസങ്കേതത്തിലെ പ്രവത്തനങ്ങരം അദ്ദേഹം നടത്തിയിരുന്നതു്. എന്നോടൊത്തു് അതിത്തിയിലേയ്ക്കുവരാമെന്നു് അദ്ദേഹം സന്തോഷപൂർവ്വം സമ്മതിച്ചു. “അതിത്തിയ്ക്കപ്പുറവും ഇപ്പുറവും സുഹൃത് സന്ദർശനങ്ങരം

നിരന്തരമായി നടന്നിരുന്ന ഒരു കാലം ഉണ്ടായിരുന്നു." കാറിൽ കയറവെ അദ്ദേഹം എന്നോടു പറഞ്ഞു. "കമ്മ്യൂണിസ്റ്റുകാർ അങ്ങേഭാഗത്തു് ഭരണം ഏറെറടുക്കുന്നതിനു് മുൻപു് ഇവിടവും അവിടവും തമ്മിൽ യാതൊരു ശത്രുതയും ഉണ്ടായിരുന്നില്ല. റോന്തു പ്രവൎത്തനം നടത്താൻ അന്നു് ഒരൊററ ആൾ മതിയായിരുന്നു. പകൽ സമയങ്ങളിൽ ഇന്നും ഞാൻ ഒററയ്ക്കാണു് റോന്തു പ്രവൎത്തനങ്ങൾ നടത്തുന്നതു്. രാത്രികാലങ്ങളിൽമാത്രം സഹായത്തിനു് ഒരു ഭടനേയും പട്ടിയേയും കൊണ്ടുപോവുക പതിവുണ്ടു്. ഈയിടെ ഞങ്ങളുടെ നേൎക്കു് രണ്ടു പ്രാവശ്യം വെടിവയ്ക്കപ്പെട്ടു. അവർ ഞങ്ങളെ ലക്ഷ്യമാക്കിയാണോ വെടിവച്ചതെന്നെനിക്കറിഞ്ഞുകൂടാ. എന്നാൽ അനങ്ങുന്ന എന്തിനേയും അവർ വെടിവയ്ക്കുന്നു എന്നുള്ളതാണു് ഇന്നത്തെ കുഴപ്പം. ചില രാത്രികളിൽ ഞങ്ങൾ നടന്നുപോകുമ്പോൾ അവർ മരക്കൂട്ടത്തിനിടയിൽ മറഞ്ഞിരിക്കുന്നു. നായ് ഇത്തരം സന്ദർഭങ്ങളിൽ വിരളുമ്പോൾ മാത്രമാണു് ഞങ്ങൾ കാൎയ്യം മനസ്സിലാക്കുന്നതു്. അന്യഥാ അതു ഗ്രഹിക്കാൻ യാതൊരു മാർഗ്ഗവും ഇല്ല. പട്ടി വിരണ്ടാൽ ഉടൻ ഞങ്ങൾ ഉറക്കെ സംസാരിച്ചുതുടങ്ങും. ആളറിയിക്കാനും വെടിവയ്ക്കരുതെന്നു് മുന്നറിവു നൾകാനും വേണ്ടിയാണു് ഞങ്ങൾ ഇങ്ങനെ ചെയ്യുന്നതു്. ഇതു് എല്ലാം കാണുമ്പോൾ ലജ്ജതോന്നുന്നു." ഹെർഹജേക്കിൽ ഞാൻ കണ്ട അതേ വിമ്മിഷ്ടഭാവം സോമറും പ്രകടിപ്പിച്ചു. "രാത്രികാലങ്ങളിൽ പെട്ടെന്നു് കാലൊച്ച കേൾക്കുകയും ഒരു ഇരുണ്ടരൂപം സമീപത്തു് പതുങ്ങി പതുങ്ങിപ്പോവുകയും ചെയ്യുന്നതു കണ്ടാൽ നിങ്ങളുടെ കാലുകൾ നിലത്തുറയ്ക്കുകയില്ല"—സോമർ തുടൎന്നു. "ചിലപ്പോൾ

അവർ ഞങ്ങളുടെ ഗതി വിഗതികൾ സൂക്ഷിക്കുകയാണ്. ശരിക്കുള്ള ഒരു സിരായുദ്ധംതന്നെയാണിന്നിവിടെ നടക്കുന്നതു്. എന്നിരുന്നാലും ഞങ്ങൾ ആരോടെങ്കിലും പൊരുതികൊണ്ടിരിക്കണമെന്നല്ല ഉദ്ദേശിക്കപ്പെടുന്നതു്. ഞങ്ങൾ അതിർത്തി സൂക്ഷിക്കുകമാത്രമാണെന്നാണ് വയ്പ്പ്."

ഞങ്ങൾ എസ്‌ലാണിലൂടെ കാർ ഓടിച്ചുപോകവെ ഒരാവിയും അനക്കവും ഇല്ലാത്ത ഒരു പ്രദേശമായിട്ടാണ് അവിടം കാണപ്പെട്ടതു്. എന്നാൽ പ്രത്യക്ഷമായ ഈ കാഴ്ച കണ്ടു് ഭ്രമിച്ചുപോകരുതെന്നു് ഹെർസോമർ എനിക്കു മുന്നറിവുനൽകി. നിഗൂഢശക്തികൾ അടങ്ങിക്കിടപ്പുള്ള ഒരു പ്രദേശമാണ് എസ്‌ലാൻ—"ചെക്കുഭാഗത്തുനിന്നുള്ള അഭയാർത്ഥികളെക്കൊണ്ടു് നിറഞ്ഞുകിടക്കുന്ന ഒരു സ്ഥലമാണിതു്. ഇവിടുത്തെ ഓരോ മുക്കുംമൂലയും അവക്ക് നല്ല നിശ്ചയമാണ്. എനിക്കതത്ര ഇഷ്ടമായി തോന്നുന്നില്ല. ആ അഭയാൎത്ഥികളെ ഒരിക്കലും വിശ്വസിക്കാൻ വയ്യാ. പ്രത്യേകിച്ചും ചെക്കോസ്ലോവേക്യായിൽ ബന്ധുക്കളുള്ളവരെ തീരെ വിശ്വസിച്ചുകൂടാ. ആ ബന്ധുജനങ്ങൾ ജാമ്യക്കാരായിട്ടായിരിക്കാം അവിടെ പാർപ്പിക്കപ്പെട്ടിരിക്കുന്നതു്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നാനാതരക്കാരായ ആളുകൾ തിരമാലകൾപോലെ ഇതുവഴിവന്നുംപോയും ഇരുന്നിട്ടുണ്ടു്. യുദ്ധാവസാനത്തിൽ സൂഡററൻ ജർമ്മൻകാരും നാസികളും ഇവിടെ എത്തി. ചെക്കു് വിമോചനകാലത്തു് അവർ ഇവിടംവിട്ടു് പലായനം ചെയ്തു. പിന്നീടു് ചുവപ്പുസേനയിൽ നിന്നു് ഒളിച്ചോടിയ റഷ്യൻ ഭടന്മാരും പോളിഷ് പടയാളികളുമാണ് വന്നതു്. അതും, കഴി

ഞ്ഞു് ചെക്കു് കമ്മ്യൂണിസ്ററുകളെ ഭയന്നു് അവരുടെ കൂട്ടത്തിൽനിന്നു് ധാരാളം ചെക്കു് നിവാസികളും ഇവിടെ വന്നു. കഴിഞ്ഞവഷം ഈ മേഖലയിൽ മാത്രമായി രണ്ടായിരത്തോളം പേർ ഉണ്ടായിരുന്നു. ആറു മാസം മുൻപു് നൂറിലധികം പേരെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്നോ? പറയാൻ വിഷമമാണു്. നാം അതിർത്തിക്കടുത്തെത്തുമ്പോൾ ഇക്കാര്യം നിങ്ങൾക്കു കാണാൻ കഴിയും"

ഞങ്ങൾ ഒരു തേരി കയറി. അവിടെ എത്തുന്നതിനു് അല്പം മുൻപു് ഒരമേരിക്കൻ കവചിതകാർ ഒരു മരക്കൂട്ടത്തിനിടയിൽ ഓടിച്ചുകയററി ഇടുന്നതു് ഞാൻ കാണുകയുണ്ടായി. രണ്ടു് അമേരിക്കൻ ഭടന്മാർ കാറിനു മുകളിൽ അമേരിക്കൻ ദേശീയപതാകയും വഹിച്ചു കൊണ്ടു് നില്ക്കുന്നതുകണ്ടു. അവർ ഞങ്ങളുടെനേർക്കു് കൈവീശി; ഞങ്ങൾ അങ്ങോട്ടും. അമേരിക്കാക്കാരും അഹോരാത്രം അതിർത്തിയിൽ റോന്തുചുററാറുണ്ടെന്നും അതിൽ തനിക്കു് സന്തോഷമാണുള്ളതെന്നും സോമർ പറഞ്ഞു.

അതിർത്തിയുടെ ചെക്കു് ഭാഗത്തു് ചരിഞ്ഞുകിടക്കുന്ന വയലുകൾക്കു് അഭിമുഖമായിട്ടാണു് ആ കുന്നു് സ്ഥിതിചെയ്തിരുന്നതു്. അതിൻെറ പുരോഭാഗത്തു് ഈസന്റർ എന്ന ചെറുപട്ടണം കിടക്കുന്നു. അതിന്റെ ഒരു ഭാഗം ബവേറിയായുടേതും മറെറാരുഭാഗം ചെക്കോസ്ലോവേക്യായുടേതുമാണു്. "പട്ടണത്തിനപ്പുറം ഉയന്നു നില്ക്കുന്ന ഗോപുരം നോക്കിയോ?" സോമർ ചോദിച്ചു. "ചെക്കുകാരുടെ പുതിയ നിരീക്ഷണകേന്ദ്രമാണതു്. തെളിഞ്ഞ കാലാവസ്ഥയിൽ അതിന്റെ ടെലിഫോൺ കമ്പികൾപോലും നിങ്ങൾക്കു് വ്യക്തമായി കാണാൻ

കഴിയും. നാം ഇരുവരും കുന്നുകയറിവരുന്നതു് അവർ കണ്ടുകഴിഞ്ഞു. അതിർത്തിയിലെ സേനാവിഭാഗത്തോടു് ജാഗ്രതയായി നില്ക്കാൻ ഇതിനകംതന്നെ മുന്നറിവു നൽകിയിട്ടുമുണ്ടു്. നാം അവിടെ എത്തിച്ചേരുമ്പോൾ കാവൽ സേനാവിഭാഗം നമ്മെ കാത്തു് സന്നദ്ധരായി നില്ക്കുന്നതായി കാണാം.”

കുറ്റിക്കാട്ടുകളിലൂടെയാണു് റോഡു് കടന്നുപോയതു്. എസ്‌ലാൺ ചൗക്കയും കഴിഞ്ഞു് ഈസന്റോർഫിലെ പ്രധാനതെരുവീഥിയിലേയ്ക്കു് നയിക്കുന്നതായിരുന്നു ആ റോഡു്. ഒററനോട്ടത്തിൽ ആ പ്രദേശം ഈ യാത്രയ്ക്കിടയിൽ ഞാൻ കണ്ടുകഴിഞ്ഞിരുന്ന മിക്ക നഗരങ്ങളും ഗ്രാമങ്ങളുംപോലെയുള്ള ഒന്നായിരുന്നു—ഒരു വിദ്യാലയം, ഒരു ചെറിയ സത്രം, ഒരു ടൗൺഹാൾ, ഒററനില ഭവനങ്ങൾ, അവയ്ക്കു പുറകിൽ നീണ്ടുനിവന്നു കിടക്കുന്ന വയലുകൾ. ഇത്തരം പട്ടണങ്ങൾ അപൂർവ്വമായി മാത്രമേ സജീവമായി കാണാറുള്ളു. എന്നാൽ ഈസന്റോഫിലെ പ്രധാന തെരുവീഥിയിൽ ഞങ്ങൾ പ്രവേശിച്ചപ്പോൾ വളരെ അസുഖകരമായ ഒരു ശ്മശാനമൂകതയാണു് അവിടെ എനിയ്ക്കു് അനുഭവപ്പെട്ടതു്. ഒരു കരിയിലപോലും അവിടെയെങ്ങും അനങ്ങുന്നതായി കണ്ടില്ല. ത്രിവത്സരയുദ്ധത്തിൽ ഒരു സൈന്യത്തെ നയിച്ച ജനറൽ ജോഹൻ സർക്ലേസ്ടില്ലിയുടെ നാമധേയസ്മാരകമായി അവിടെ ഉണ്ടായിരുന്ന കാസ്റ്റോഫ് സുർടില്ലിസ്ചാൻസ് എന്ന പഴകിപ്പൊളിഞ്ഞ സത്രത്തിൻെറ ജനാലകൾ തകർന്നു് പൊടിഞ്ഞുകിടന്നിരുന്നു. വർത്തമാനപ്പത്രങ്ങൾ ഒട്ടിച്ചുചേർത്താണു് ആ വാതയാനങ്ങൾ മറയ്ക്കപ്പെട്ടിരുന്നതു്. സത്രത്തോടു് ചേർന്നുള്ള പൂന്തോട്ടം കളപിടിച്ചുകിടന്നിരുന്നു.

ഒരു വളവുതിരിഞ്ഞു് ഞങ്ങൾ മിക്കവാറും ഒരു കനത്ത തടിയുടെ മുകളിൽ ചെന്നെത്തി. ആ തെരുവീഥിയിൽ ഗതാഗതം മുടക്കുന്ന ഒരു വിലങ്ങുതടിയായി അതവിടെ കിടക്കുകയായിരുന്നു. ഞാൻ അതിവേഗം കാറിനു് ബ്രേക്കിട്ടു. അപ്പോഴുണ്ടായ കിടുക്കത്തിൽ ഹെർസോമർ പുറകോട്ടു് ആഞ്ഞുലഞ്ഞു. കാറിൻെറ ബംബർ വിലങ്ങുതടിയിൽ തട്ടിയിരുന്നു. ഹെർസോമർ തൻെറ നെററിത്തടത്തിൽ തിരുമ്മിയശേഷം പൊട്ടിച്ചിരിച്ചു. ഈ വിലങ്ങുതടിയെപ്പററി താൻ നേരത്തെ പറയാഞ്ഞതു് അപ്രതീക്ഷിതമായി അതു് കണ്ണിൽപ്പെട്ടമ്പോൾ എനിക്കു കൂടുതൽ രസംതോന്നുമെന്നു് വിചാരിച്ചാണെന്നു് അദ്ദേഹം പറഞ്ഞു.

കാർ നിറുത്തിയശേഷം ഞങ്ങൾ പുറത്തിറങ്ങി, വിലങ്ങുതടിക്കു മീതേകൂടി നടന്നു. തടിയിൽനിന്നു് ഏതാണ്ടു് പത്തു് ഇഞ്ചുതള്ളി ഞങ്ങൾ നിന്നിരുന്ന ഭാഗത്തു് രണ്ടു ചതുരക്കല്ലുകൾ ഉണ്ടായിരുന്നു. ഈ ശിലകളിൽ ഓരോന്നിലും "ഡി.ബി"("ഡ്യൂഷ്‌ലാന്റ്, ബവേൺ" അല്ലെങ്കിൽ "ജർമ്മനി, ബവേറിയ") എന്ന അക്ഷരങ്ങൾഎഴുതിയിരിക്കുന്നതുകണ്ടു. കല്ലുകൾക്കുംവിലങ്ങുതടിക്കും ഇടയ്ക്കുള്ള സ്ഥലമാണു് ശരിക്കുള്ള അതിർത്തിയെന്നു് ഹെർസോമർ ചൂണ്ടിക്കാട്ടി,അതായതു് പത്തു്ഇഞ്ചുമാത്രംവിസ്താരമുള്ള അന്യാധീനപ്രദേശം. കൈനീട്ടിയാൽ ഇരുമ്പുമറയെ എത്തിപ്പിടിക്കത്തക്കവിധത്തിലാണു് ഈ അതിർത്തിരേഖയുടെ കിടപ്പു്. വേലിക്കപ്പുറം തെരുവീഥിയും പട്ടണത്തിൻെറ ഏതാനും ഭാഗങ്ങളും മഞ്ഞിമറഞ്ഞുപോയിട്ടില്ലെന്നുമാത്രംപറയാം. വേലിക്കു് ഏററവും അടുത്തു് അൻപതോളം വീടുകൾ ഇടിഞ്ഞു പൊളിഞ്ഞുപോയി ചപ്പും ചവറുംകൊണ്ടു്

അവയുടെ അറകൾ നിറഞ്ഞുകിടന്നിരുന്നു ഏതാണ്ട് ഒരുവർഷം മുൻപ് ഈസൻഡോർഫിൽ അതിർത്തിയിൽനിന്ന് 300 വാരയ്ക്കുള്ളിലുള്ള സകല ഭവനങ്ങളും ഇടിച്ചുനിരത്തപ്പെട്ടു എന്നും ചെക്ക് അതിർത്തിപ്പാറാവുകാർക്ക് നിർബാധമായി അതിർത്തിയിൽ നിരീക്ഷണം നടത്തുന്നതിനുള്ള സൗകര്യം നൽകുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തതെന്നും ഹെർസോമർ എന്നെ ധരിപ്പിച്ചു. അത്രയും ഭാഗത്തിന് പുറകിൽ അവശേഷിച്ചിരുന്ന ഭവനങ്ങൾ രക്ഷാദുർഗ്ഗങ്ങളാക്കി മാററിയെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഹെർസോമർ തുടർന്നു. "യുദ്ധകാലത്തൊഴികെ എല്ലാക്കാലത്തും അതിർത്തി ഈസൻഡോർഫിലൂടെയാണ് കിടന്നിരുന്നതു്. 1918-നു് മുൻപ് ഇതു് ആസ്ത്രിയൻ—ബെവേറിയൻ അതിർത്തിയായിരുന്നു; അതിനുശേഷം ചെക്കോസ്ലോവേക്യൻ —ബെവേറിയാ അതിർത്തിയായി. അതെങ്ങനെ ഇരുന്നാലും ആരും ഇക്കാര്യം അത്ര സാരമുള്ളതായി ഗണിച്ചില്ല. യാതൊരുവിധമായ ഔപചാരിക നടപടിക്രമങ്ങളും കൂടാതെ അതിർത്തിക്കപ്പുറവും ഇപ്പുറവും കടക്കാൻ പുരവാസികളെ അനുവദിച്ചിരുന്നു. അവരുടെ പേരുകൾ ഒഴികെ അവരെസംബന്ധിച്ചുള്ള മറെറല്ലാക്കാര്യങ്ങളും അതിർത്തിപ്പാറാവുകാർക്ക് അറിയാമായിരുന്നു. പിന്നീട് 1950 അവസാനത്തോടുകൂടി സംഭ്രമജനകമായ ചില കിംവദന്തികൾ പരന്നു. ചെക്കുകാർ അവരുടെ ഭാഗത്തുള്ള പട്ടണത്തെ ഒരു ദുർഗ്ഗമേഖലയായി മാററാൻ പോകുന്നു എന്നാണ് പറഞ്ഞുകേട്ടതു്. അങ്ങനെ ഒരു കാര്യം അവിശ്വസനീയമായിരുന്നു. എന്തെന്നാൽ ഈ നടപടിക്കു് വിധേയരായിത്തീരുന്ന ജനങ്ങൾ അനേക

തലമുറകളായി കുടുംബബന്ധങ്ങളോടുകൂടി കഴിഞ്ഞിരുന്ന നിലയ്ക്കു് പെട്ടെന്നു് ഒരു മാററംവരുത്തുമായിരുന്നു. എന്നാൽ കഴിഞ്ഞ വർഷാരംഭത്തിൽ ഏതാണ്ടു് 60 ആളുകളെ ചെക്കുകാർ അറസ്ററുചെയ്യുകയും ബാക്കിയുള്ളവരെയെല്ലാം അവരുടെ താമസസ്ഥലങ്ങളിൽനിന്നു് പിന്മാററി ബൊഹീമിയായുടെ ഉള്ളിലേയ്ക്കു് തള്ളി അയയ്ക്കുകയും ചെയ്തു. അതിത്തിക്കായ്യം സംബന്ധിച്ചു് വളരെയധികം ഒച്ചപ്പാടുണ്ടാക്കിയവർ ഇപ്പറഞ്ഞ 60 പേരായിരുന്നു എന്നാണെനിക്കു തോന്നുന്നതു്. ഒഴിപ്പിച്ചു മാററപ്പെട്ടവർ ആയിരത്തോളം വരും. ഇപ്പോൾ അതാ ആ ഭാഗത്തു കാണുന്ന കെട്ടിടങ്ങളിലെ താമസക്കാർ പട്ടാളക്കാരും അതിത്തിക്കാവൽക്കാരുമാണു് സകലരേയും ഒഴിപ്പിച്ചുകളഞ്ഞു എന്നാണല്ലോ ഞാൻ പറഞ്ഞതു്. എന്നാൽ അപ്പോഴത്തെ താറുമാറായ അന്തരീക്ഷത്തിൽ ചുരുക്കം ചില ആളുകൾ അവിടെനിന്നും രക്ഷപ്പെടുകയും അതിത്തിയുടെ ഈ ഭാഗത്തേയ്ക്കു് വരികയുംചെയ്തു. അവർ ഇവിടെത്തന്നെ സ്ഥിരതാമസമാക്കി. വീടുകൾ വിട്ടു് വേണ്ടത്ര അകലെ താമസിക്കാൻമാത്രമാണവർ ആഗ്രഹിച്ചതു്. കൂടുതൽ അകന്നുപോകണമെന്നവക്കു് ഉദ്ദേശമില്ല. എത്ര പറഞ്ഞാലും തങ്ങളുടെ വിശ്വാസം മാററാത്ത ശുഭാപ്തിവിശ്വാസികളാണവർ. തങ്ങൾക്കു് മടങ്ങിപ്പോകാൻ കഴിയുന്ന ഒരു കാലം വരുമെന്നുള്ള പ്രത്യാശയോടുകൂടിയാണവർ കഴിയുന്നതു്." അദ്ദേഹം തിരിഞ്ഞുനിന്നു് സത്രത്തിലേയ്ക്കു് കൈ ചൂണ്ടി. "വൃത്തികെട്ട ആ കൊച്ചു കെട്ടിടത്തിൽ എത്രപേർ താമസിക്കുന്നുണ്ടെന്നു് നിങ്ങൾക്കറിയാമോ? 72. അവരിൽ ആറുപേർ മാത്രമാണു് എന്തെങ്കിലും പണം സമ്പാദിക്കുന്നതു്. അതുതന്നെയും

വളരെ കുറച്ചാണ്. ബാക്കിയുള്ളവർ.........അവർ എങ്ങിനെ കഴിയുന്നു, എനിക്കറിഞ്ഞുകൂടാ."

അതിർവേലിക്കു പുറകിൽ മൂന്നുവാര വീതിയും, രണ്ടുവാര താഴ്ചയുമുള്ള ഒരു കിടങ്ങ് കുഴിച്ചിരുന്നു. ഒരു തെരുവീഥിയായിരുന്ന സ്ഥലത്താണ് ഇപ്പോൾ കിടങ്ങ് സ്ഥിതിചെയ്യുന്നതു്. കിടങ്ങിനു പിന്നിലായും അതിനു സമാന്തരമായും മൂന്നുവാര പൊക്കത്തിൽ ഒരു മതിൽകെട്ടുണ്ടു്. ഈ പ്രാകാരനിരകൾക്കു പുറകിലായി ഇരുപതുവാര ഉള്ളിലോട്ടു തള്ളി മറെറാരതിർവേലിയുണ്ടു്. അതു കാൺക്രീററു ചെയ്തു് ബലപ്പെടുത്തിയിട്ടുള്ളതാണു്. അഭയാർത്ഥികളെക്കയററിക്കൊണ്ടുവന്ന ഒരു ചെക്ക് വാഹനം ഈ സൻഡോർഫിൽവച്ചു് അതിർത്തി കടന്നതിനെത്തുടന്നു് 1951-ലെ വസന്തകാലത്തു് വളരെ ധ്രുതഗതിയിലാണു് ഈ ഗതാഗതനിരോധന ഏപ്പാടുകൾ ഉണ്ടായതെന്നു് ഹെർസോമർ പറഞ്ഞു. "അവർ അതിവേഗത്തിൽ മുന്നേറുകയായിരുന്നു. അതിർത്തി ലംഘിച്ചുള്ള കേററമാണിതെന്നുപോലും അവർ അറിഞ്ഞില്ല. ഒടുവിൽ ഒരമേരിക്കൻ ജീപ്പ് അവരുടെ പുറകിലൂടെവന്നു് കവച്ചുവച്ചു മുന്നോട്ടു പോയി അതിക്രമണം നിറുത്താൻ നിർബന്ധിതരാക്കുകയാണു ചെയ്തതു്. ഇന്നു് യാതൊരു സാധാരണ വാഹനത്തിനും ഈ വഴി കടന്നുപോകാൻ മിക്കവാറും സാദ്ധ്യമല്ല. ചില നിയന്ത്രണസ്ഥാനങ്ങളൊഴികെ അതിർത്തിക്കു നെടുകേയുള്ള എല്ലാ റോഡുകളും കെട്ടിയടച്ചിരിക്കുകയാണു്. തീജ്വാലകൾ വമിക്കുന്നതും, വെടിയുണ്ടകൾ വർഷിക്കുന്നതുമായ ടിപ്പ്കമ്പികളും മുള്ളുകമ്പികളും കൂട്ടിപ്പിണച്ചു് ഒരു വേലികെട്ടാനാണു് അവരുടെ ഇപ്പോഴത്തെ ശ്രമം."

കാൺക്രീററ്വേലിക്കു പിന്നിൽ പുതുതായി ഉഴ

തിട്ടിരുന്ന ചെറുവയൽപോലെ ദൃശ്യമായ ഒരു ഭാഗത്തേയ്ക്കു് ഗ്സോമർ വിരൽചൂണ്ടി. അദ്ദേഹം ഇങ്ങനെ തുടൎന്നു: "കഴിഞ്ഞവർഷം ചെക്ക് കർഷകർ കാളയും കലപ്പയുമായി അവിടം ഉഴുതു. അതിനുശേഷം രണ്ടു പ്രാവശ്യം അതേ നിലം ഉഴുതിട്ടുണ്ടു്. അത്തരത്തിലുള്ള ഒരിരുണ്ട പശ്ചാത്തലം, നിമ്നോന്നതമായ ഒരു പ്രദേശത്തെക്കാൾ ആളുകളെ തിരിച്ചറിയുന്നതിനു് കൂടുതൽ പററിയ ഒരു വീക്ഷണസങ്കേതമായിരിക്കും. ഉഴുതിട്ടിരിക്കുന്ന നിലത്തിനടുത്തു് ആരെയെങ്കിലും കണ്ടാൽ തൽക്ഷണം വെടിവയ്ക്കുമെന്നുള്ളതു തീൎച്ച."

ഊക്കേറിയ ഒരു കാററു് ആഞ്ഞടിച്ചു; എൻെറ തൊപ്പി തെറിച്ചുപോകുമെന്നു തോന്നി. തക്കസമയത്തു് ഞാനതിനെ പിടിച്ചു. "ഹാററ് കുറച്ചുകൂടി താഴത്തേയ്ക്കു വലിച്ചിടുന്നതു് നന്നു്," ഹെർസോമർ അഭിപ്രായപ്പെട്ടു. "അതു തെറിച്ചുപോയാൽ എടുക്കുന്നതിനായി ദൈവത്തെ ഓൎത്തു് അതിൎത്തിക്കപ്പുറം കടന്നേക്കരുതു്."

"എന്തു സംഭവിക്കും," ഞാൻ ചോദിച്ചു.

"എന്തു സംഭവിക്കുമെന്നു് വളരെ സൂക്ഷ്മമായി പറയാൻ എനിക്കു കഴിയും," ഹെർസോമർ മറുപടി പറഞ്ഞു: "അവർ നിങ്ങളുടെനേരെ നിറയൊഴിക്കും. നിങ്ങൾ ഇനി ഒരടി മുന്നോട്ടുവച്ചാൽ ആ നിമിഷത്തിൽ അവർ നിങ്ങളെ വെടിവയ്ക്കും. സത്യം പറഞ്ഞാൽ ഞാൻ ഇവിടെനിന്നു് അങ്ങോട്ടോന്നു കൈനീട്ടുകപോലുമില്ല. വികടമായ ഒരു നൎമ്മബോധമാണു് അക്കൂട്ടൎക്കുള്ളതു്. കഴിഞ്ഞമാസത്തിലോ മറേറാ കുട്ടികളുടെനേരേ അവർ രണ്ടുതവണ വെടിവച്ചു. ആ പൈതങ്ങൾ പന്തുകളിക്കുകയായിരുന്നു. പന്തിനെ

പിൻതുടൎന്ന് അവർ അതിൎത്തികടന്നോടി. കുട്ടികളെ കൊല്ലണമെന്ന് ചെക്കുകാർ ഉദ്ദേശിച്ചില്ലായിരിക്കാം. അവർ ആരെയും അപായപ്പെടുത്തിയില്ലെന്നുള്ളതും നേരാണ്. എങ്കിലും, സകലരേയും അവർ വിരട്ടുകതന്നെ ചെയ്തു. ഇതാ, ഈ മിനിട്ടിൽതന്നെ, അവർ നമ്മുടെ നേരേ തോക്കുകളും ദൂരദർശിനികളും തിരിച്ചിരിക്കുകയാണ്. നിങ്ങൾ വളരെയങ്ങോട്ടു തലചായ്ക്കരുത്. ചാരനിറമുള്ള മേൽക്കൂരയോടുകൂടിയ ആ ചെറിയ രണ്ടുനിലക്കെട്ടിടം നിങ്ങൾ കണ്ടുവോ? അതിൻെറ രണ്ടാംനിലയിൽ ഒരു ജനാല തുറന്നുകിടപ്പുണ്ട്. അവിടെനിന്നുകൊണ്ടാണ് അവർ നമ്മെ സൂക്ഷിക്കുന്നതു്. സൂൎയ്യപ്രകാശമുള്ളപ്പോൾ ആ മുറിയിൽ അവരുടെ ചലനങ്ങൾ ചിലപ്പോൾ നമുക്കു കാണാം. നിങ്ങൾ ഒററയ്ക്കു് ഇവിടെ നില്ക്കുകയായിരുന്നെങ്കിൽ ഞാൻ യാതൊന്നും ഉറപ്പുനല്കുകയില്ലായിരുന്നു. പക്ഷേ, എന്നെ അവൎക്കു കണ്ടാലറിയാം. ചിലപ്പോൾ ഒരു പുതിയ ഭടനായിരിക്കും അവിടെ ഡ്യൂട്ടിക്കുവരുന്നതു്. തോക്കിൻെറ കാഞ്ചിപിടിച്ചു കളിക്കുന്നതിൽ കൗതുകമുള്ളവരുടെ കൂട്ടത്തിൽനിന്നായിരിക്കും അയാളുടെ വരവു്. അയാൾ മുന്നുംപിന്നും നോക്കാതെ വെടി തുടങ്ങും. 'വെടിവച്ചാലെന്തു്!' എന്നായിരിക്കും അയാളുടെ ചിന്ത. "മറെറാരു നിസ്സാരമായ അതിൎത്തിസംഭവംമാത്രം. ചില ആളുകൾക്കു് അതിൎത്തിക്കു വളരെ അടുത്തുവന്നു എന്ന കാരണത്താൽ ആരും യുദ്ധം തുടങ്ങുകയില്ലല്ലോ. അങ്ങനെ അടുക്കുന്നവർ കൂടുതൽ പഠിക്കുമെന്നുമാത്രം—ഇതായിരിക്കും അയാളുടെ നിഗമനം."

ഏതാനും നിമിഷനേരം ഞാൻ ഒന്നും സംസാരിച്ചില്ല. ആ അതിർ വേലിക്കപ്പുറമാണ് ഞാൻ ജനി

ച്ചുവളർന്ന രാജ്യത്തിന്റെ കിടപ്പ്. മനോഹരമായ ഒരു നാട്ട്. അവിടത്തെ ജനങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യത്തിന്റെ പിൻതുടർച്ചാവകാശം കിട്ടിയില്ല. അതിനുവേണ്ടി അവർ യുദ്ധം ചെയ്തു; ജയിച്ചു; തങ്ങളുടെ ഭാസുരഭാഗ്യോദയത്തെപ്പററി ഹൃദയത്തിന്റെ ആഴത്തിൽ ബോധവാന്മാരുമായിരുന്നു. ഇപ്പോഴിതാ ഈ രാജ്യം, എനിക്കു ധൈര്യമുണ്ടെങ്കിൽ കൈനീട്ടി തൊടാവുന്നത്ര സമീപത്താണെങ്കിലും, ഒരു വിദൂരഗ്രഹംപോലെ ദുഷ്പ്രാപമായിത്തീർന്നിരിക്കുകയാണ്. ഒരു പക്ഷേ, എന്റെ രാജ്യത്തിന്റെ ഇത്രയധികം അടുക്കൽ എന്നാണിനി ഞാൻ വരാൻ പോകുന്നതു്! അതിർത്തിയുടെ അങ്ങേവശത്തു പാറാവുനിന്നിരുന്ന ഭടന്മാർ, ഇരുപതുവർഷം മുമ്പേതന്നെ ഞാൻ സേവിച്ചിരുന്ന ചെക്കൊസ്ലോവാക്ക് പട്ടാളത്തിലെ പടയാളികളായിരുന്നു. ഇപ്പോൾ എന്നെ തുറിച്ചുനോക്കുന്നതായി ഞാൻ പറഞ്ഞു കേട്ടവരിൽ ചിലരെങ്കിലും ഒരു കാലത്തു് പട്ടാളത്തിൽ എന്റെ കൂട്ടുകാരായിരിക്കാനിടയുണ്ടെന്നുമാത്രമേ എനിക്കു വിചാരിക്കാൻ കഴിഞ്ഞുള്ളു.

നിശ്ശബ്ദവും ഭയാനകവുമായിരുന്ന ആ കെട്ടിടങ്ങൾക്കിടയിലെവിടെയോ ഒരു ജനാല അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിന്റെ ഒച്ച കേൾക്കായി. പിന്നീട്ട് ഒരനക്കവും കേട്ടില്ല. ആ ഭാഗത്തു് ജീവചൈതന്യം വററിക്കിടക്കുന്നതുപോലെ എനിക്കു തോന്നി. കുറേ കഴിഞ്ഞപ്പോൾ ചെക്ക് മണ്ണിൽ കൊത്തിത്തിന്നുന്നതിനായി രണ്ടു ബവേറിയൻ കോഴിക്കുഞ്ഞുങ്ങൾ തത്തിത്തത്തി നടന്നുവരുന്നതു കാണായി. "അതിർത്തിക്കപ്പുറം പോകാൻ അനുവദിച്ചിട്ടുള്ളതു് ഈ പക്ഷികളെ മാത്രമാണ്," ഹെർസോമർ പറ

ഞ്ഞു. "ഈ കോഴിക്കുഞ്ഞുങ്ങളുടെനേക്കും അധികം താമസിയാതെ അവിടെ വെടി തുടങ്ങുമെന്നാണു് എനിക്കു തോന്നുന്നതു്. അതിരിക്കട്ടെ, തൻെറ കൊച്ചു കുട്ടിയുമായി ഒളിച്ചോടാൻ ശ്രമിച്ച ആ ചെക്കു് നടിയെപ്പററി നിങ്ങൾ കേട്ടുവോ?"

ആ സംഭവത്തെക്കുറിച്ചു് കേട്ടിട്ടുണ്ടെന്നു് ഞാൻ മറുപടി നല്കി. സുന്ദരിയും കലാനിപുണയുമായ ഒരു സ്ത്രീയായിരുന്നു അവളെന്നും, പ്രേഗിൽ അവർ നല്ല ജനസമ്മതി ആർജ്ജിച്ചിരുന്നു എന്നല്ലാതെ ഒളിച്ചോട്ടത്തിൻെറ വിശദവിവരങ്ങളൊന്നും എനിക്കറിയാമായിരുന്നില്ല.

"ഹെർ സോമർ തുടന്നു: ഒളിച്ചോട്ടശ്രമം മിക്കവാറും അവൾ ഫലിപ്പിച്ചിരുന്നു. അതാ കാണുന്ന കുററിക്കാട്ടിനപ്പുറം, അതിർത്തി കടന്നുവരാനായിരുന്നു അവളുടെ ശ്രമം. അവളുടെകൂടെ സ്വപുത്രനും വഴികാട്ടിയുമുണ്ടായിരുന്നു. വഴികാട്ടിപ്പണി ഒരു തൊഴിലാക്കിയിട്ടുള്ള ഒട്ടനവധി ആളുകൾ ഈ ചുററുപാടിലുണ്ടു്. അതിർത്തി കടക്കുന്നതിൽ ആളുകളെ സഹായിക്കുന്നതിനു് ധാരാളം പണം അവർക്കു കിട്ടിവരുന്നു. അതു പോകട്ടെ, ഈ മൂന്നുപേരുംകൂടി അതിർത്തിയിൽ ഏതാനും വാര മാത്രം അകലെയായി കുററിക്കാട്ടിൽ ഒളിച്ചിരിക്കവേയാണു് ചെക്കുകാർ അവരെ കാണുകയും, വെടിതുടങ്ങുകയും ചെയ്തതു്. സംഗതിവശാൽ ആ സമയം ഞാനും ഇവിടെ നില്ക്കുകയായിരുന്നു. വെടി മുഴങ്ങിയതുകേട്ടു് ഞാൻ അതിർത്തിക്കു നെട്ടുകേകൂടി കുററിക്കാട്ടിലേയ്ക്കോടി. തൽസമയം വഴികാട്ടി അതിർത്തിയിലേയ്ക്കു പാഞ്ഞുകയും, രേഖ കടക്കുകയും ചെയ്തു. അയാൾ ഒരു മരത്തിനു പുറകിൽ മറഞ്ഞുനിന്നുകൊണ്ടു് തന്നെ പിൻതുടരാൻ സ്ത്രീയെ ഉച്ചത്തിൽ

വിളിച്ചറിയിച്ചു. തൻെറ ഓമനക്കുഞ്ഞിനെ പൊതിഞ്ഞുകെട്ടിക്കൊണ്ട് അവൾ നിലത്തു കിടക്കുകയായിരുന്നു. പേടിച്ചുവിറങ്ങലിച്ച് നിശ്ചലയായിട്ടായിരുന്നു അവളുടെ കിടപ്പ്. അതിർത്തിരേഖയിൽനിന്ന് അഞ്ചോ ആറോ വാര മാത്രം അകലെയായിരുന്നു അവൾ. എങ്കിലും കരചരണങ്ങൾ സ്തംഭിച്ചുപോയിരുന്നതിനാൽ ഇത്രയും ദൂരംപോലും എണീററു നടന്നുവന്ന് അതിർത്തി കടക്കാൻ അവൾക്കു സാധിക്കാതെയായി. ആ കാഴ്ച ഭയങ്കരമായിരുന്നു. ഏതാനും വാരമാത്രമുള്ള ഈ ദൂരം കടന്നുവരാൻ അവൾക്കു സാധിച്ചിരുന്നെങ്കിൽ! അതിർത്തിക്കിപ്പുറം കടന്നാലും ചെക്കുകാർ ചിലപ്പോൾ ആളുകളെ വെടിവെയ്ക്കാറുണ്ട്. പക്ഷേ, ആരും കാണുന്നില്ലെങ്കിൽ മാത്രമേ അവർ അതിനു തുനിയുകയുള്ളു. ഞാനിവിടെ നില്ക്കുമ്പോൾ അവൾ അതിർത്തി കടന്നിരുന്നെങ്കിൽ അക്കൂട്ടർ അവളെ വെടിവയ്ക്കാൻ ധൈര്യപ്പെടുകയില്ല."

അതിർത്തിക്കു സമാന്തരമായുള്ള നടപ്പാതയിലൂടെ ഒരു വൃദ്ധൻ ഞങ്ങളെ സമീപിച്ചു. തലയിൽ ഒരു കീറത്തൊപ്പിയും, സൂട്ടിനുമീതേ മണ്ണുപുരണ്ട മുഷിഞ്ഞ ഒരു മേലുടുപ്പുമാണ് അയാൾ ധരിച്ചിരുന്നത്. ഒരു കെട്ടു വിറകും ചുമന്നുകൊണ്ടാണ് അയാളുടെ വരവ്. എങ്കിലും ഒരു കൈകൊണ്ട് തൻെറ തൊപ്പി ചെറുതായൊന്ന് ചരിച്ച് സോമറെ അഭിവാദനം ചെയ്യാൻ അയാൾക്കു സാധിച്ചു. അദ്ദേഹം പ്രത്യഭിവാദനം ചെയ്യുകയുമുണ്ടായി. പട്ടണത്തിൻെറ ചെക്കൊസ്ലോവാക്ക് ഭാഗത്തുനിന്നു വന്നിട്ടുള്ള ഒരഭയാർത്ഥിയാണയാളെന്നും, സത്യത്തിലാണ് താമസമെന്നും സോമർ അയാളെ എനിക്കു പരിചയപ്പെടുത്തി. അതിർത്തിയുടെ അങ്ങേഭാഗത്തുള്ള മൂന്നാമത്തെ കെട്ടിടമായിരുന്നു തൻെറ വീ

ടെന്നു് വൃദ്ധൻ എന്നോടു പറഞ്ഞു. അയാഠം അങ്ങോട്ടു കൈചൂണ്ടി. മുമ്പു് ഒരു വലിയ കെട്ടിടം നിന്നിരുന്നതായി ഊഹിക്കാമായിരുന്ന സ്ഥാനത്തു് ഒരു നിലവറയാണു് ഇപ്പോഴുള്ളതു്. ചെക്കുകാർ അവിടമെല്ലാം ഇടിച്ചു നിരത്തിയപ്പോഠം നിങ്ങഠം അവിടെ ഉണ്ടായിരുന്നോ? എന്നു് വൃദ്ധനോടു് ചോദിച്ചു.

വൃദ്ധൻ:—ഉവ്വു്.

ഞാൻ:—നിങ്ങഠം എന്തു ചെയ്തു?

വൃദ്ധൻ ഒരു ചെറു പുഞ്ചിരി തൂകി. ആ മന്ദഹാസത്തിൽ പാരവശ്യം നിഴലിച്ചിരുന്നു. "എനിക്കെന്തു ചെയ്യാൻ കഴിയും," മൂപ്പീന്നു ചോദിച്ചു. അവർ കെട്ടിടത്തിൻെറ ഭിത്തികഠം ഓരോന്നായി ഇടിച്ചു പൊളിക്കുന്നതു് ഈ അതിർത്തിവേലിക്കു പുറകിൽ നിന്നു് ഞാൻ വെറുതേ നോക്കിക്കൊണ്ടിരുന്നു." അനന്തരം സോമറോടായി അയാഠം ഇങ്ങനെ തുടന്നു: "സെൽബിനസമീപം അവർ കമ്പിവേലികഠം കെട്ടുകയാണെന്നു ഞാൻ കേട്ടു. ആ പണി പൂർത്തിയാകുന്നതുവരെ അതിർത്തി മുഴുവൻ കെട്ടിയടയ്ക്കാനും ഉദ്ദേശമുണ്ടത്രേ." ഒന്നിലും തനിക്കാശ്ചര്യമില്ലെന്നുള്ള ഭാവമാണു് വൃദ്ധൻ പ്രകടിപ്പിച്ചതു്. അയാഠം ഒരിക്കൽക്കൂടി തൊപ്പി ചരിച്ചു വച്ചിട്ടു് സത്രത്തെ ലക്ഷ്യമാക്കി നടന്നു.

"കഴിഞ്ഞ ഏതാനും ആഴ്ചകളായി എന്തൊക്കെയോ രഹസ്യപ്രവൎത്തനങ്ങഠം ആ ഭാഗത്തു് നടന്നുവരികയായിരുന്നു," ഹെർസോമർ പറഞ്ഞു. "പകൽ സമയത്തു് സർവം ശാന്തം; എന്നാൽ നേരം ഇരുട്ടിക്കഴിയുമ്പോഠം ജ്വാലകഠം കത്തിക്കുകയായി; കോൺക്രീററു് കലർപ്പു് യന്ത്രങ്ങളുടേയും, ട്രക്ക് എഞ്ചിനുകളുടേയും, ട്രാക്റ്ററുകളുടേയും ഇരമ്പലും മുഴക്കവും കേഠക്കാം. അവർ ഭൂഗർഭത്തിൽ ആയുധക്കലവറകളും വെടിമരുന്നുശാ

ലകളും പണിയുകയാണെന്നാണു് പറഞ്ഞു കേൾക്കുന്ന തു്. ഇപ്പോൾത്തന്നെ പടക്കോപ്പുകളും, വെടിമരുന്നും വേണ്ടുവോളം അവർ സംഭരിച്ചു കഴിഞ്ഞിരിക്കുകയാ ണു്. ഇതൊന്നും അവർക്കില്ലെന്നുതോന്നും ഇന്നത്തെ സന്നാഹങ്ങൾ കണ്ടാൽ. ഈ മേഖലയിൽ അവർ നാ നൂറിലധികം ഭടന്മാരെ നിയോഗിച്ചിരിക്കുകയാണു്. മു പ്പത്തു പട്ടികളും, ഒട്ടനേകം അശ്വങ്ങളും, ധാരാളം വാ ഹനങ്ങളും അവരുടെ അധീനതയിലുണ്ടു്. ഇതേ മേഖ ലയിൽ ഞങ്ങൾക്കുള്ളതു് പതിനഞ്ചു ഭടന്മാരും, രണ്ടു നായ്ക്കളും മാത്രമാണു്. ഈ ഭാഗത്തെ വിദ്യുഛക്തി വിതരണത്തെപ്പററി പറയുകയാണെങ്കിൽ, രണ്ടാഴ്ച മു മ്പു് നിങ്ങൾ ഇവിടെ വന്നു് അതൊന്നു കാണണമായി രുന്നു. അന്നാണു് ഞങ്ങളുടെ വിദ്യുഛക്തി വിനിമയ കമ്പികൾ അതിർത്തിക്കു നേരേ മുകളിൽ തകർന്നതു്. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും വിദ്യുഛക്തി പ്ലാൻറു് സ്ഥിതിചെയ്യുന്നതു് ചെക്കൊസ്ലൊവാക്കിയാ യിലാണു്. ഈ ഭാഗത്തുള്ള ചില വീടുകൾക്കു് ഇപ്പോ ഴും ആ ഭാഗത്തു നിന്നാണു് വിദ്യുഛക്തി ലഭിക്കുന്നതു്. അങ്ങനെയിരിക്കേ, കമ്പി തകർന്നു. ഞാൻ അതിർത്തി വേലിയ്ക്കടുത്തു പോയി അക്കൂട്ടരെ വിളിച്ചു് സ്ഥിതിഗ തികൾ വിശദീകരിച്ചുകൊടുക്കാൻ ശ്രമിച്ചു. ഞാൻ കൈവീശുകയും നിലവിളിക്കുകയുമുണ്ടായി. എനിക്കു് ഒരു മറുപടി കിട്ടാൻ അരമണിക്കൂർ വേണ്ടിവന്നു. മൂ ന്നുപേർ പ്രത്യക്ഷപ്പെടുകയും, അവർ എൻെറ അടുക്ക ലേയ്ക്കു വരികയും ചെയ്തു. കമ്പികൾ കൂട്ടിഘടിപ്പിക്കു ന്നതിനു് വേണ്ടത്ര ദൈർഘ്യമുള്ള ഒരു ഇലക്ട്രിഷ്യൻ സ്റ്റെപ്പു് അതിർത്തിയിൽ സ്ഥാപിക്കുന്നതിനു് അനുമതി വേണമെന്നു് ഞാൻ ആവശ്യപ്പെട്ടു. ജർമ്മൻഭാഷ ത ങ്ങൾക്കറിഞ്ഞുകൂടെന്നാണവർ നടിച്ചതു്. എന്നാൽ

ഈ ഭാഗത്തുനിന്നു് അങ്ങോട്ടു കടന്നുപോകുന്ന ആളുകളെ ചോദ്യം ചെയ്യുമ്പോൾ ഇക്കൂട്ടർ ഭംഗിയായി ജർമ്മൻ ഭാഷ സംസാരിക്കാറുണ്ടെന്നുള്ളതു് സുവിദിതമായ ഒരു കാര്യമാണു്. ഒന്നും പറയാതെ അവർ തിരിച്ചുപോയി. ഒടുവിൽ മററു രണ്ടുപേർ വന്നുചേന്നു. അന്നുച്ചതിരിഞ്ഞു് മൂന്നു മണിക്കു് അതിത്തി വേലിയിൽവച്ചു് വീണ്ടും തമ്മിൽ കാണണമെന്നാണു് അവർ പറഞ്ഞതു്. അപ്പോൾ സമയം രാവിലെ പത്തുമണിയായിരുന്നു. മൂന്നുമണിക്കു് ഞങ്ങൾ ഒരു ഇലക്ട്രിഷ്യനും, എന്റെ ഭടന്മാരിൽ ഒരാളും ഞാനും-വീണ്ടും ചെന്നപ്പോൾ അവർ ഞങ്ങളെ കാത്തു നില്ക്കുകയായിരുന്നു." ഹെർസോമറുടെ ഭാവം കടുത്തു. "അവർ എന്നു പറയുമ്പോൾ ഞാൻ അത്ഥമാക്കുന്നതു് തോക്കുധാരികളായ പതിനൊന്നു ഭടന്മാർ എന്നാണു്. ആ സ്ഥലത്തെ പരിപൂർണ്ണമായി വലയം ചെയ്യത്തക്കവിധത്തിലാണു് അവരെ വിന്യസിച്ചിരുന്നതു്. കോൺക്രീററു മതിലിനു പുറകിൽ ഒരു സൈനികോദ്യോഗസ്ഥൻ നില്ക്കുന്നുണ്ടായിരുന്നു. ഇവർക്കെതിരായി ഞങ്ങൾ മൂന്നുപേർ മാത്രം; ആരുടെ കൈയിലും ഒരൊററ തോക്കുപോലുമില്ലതാനും. ഇലക്ട്രിഷ്യൻ ഏണിയിൽ കേറി. ആ പതിനൊന്നു ഭടന്മാരും അയാളുടെ നേരെ തോക്കു ചൂണ്ടി നില്ക്കുകയായിരുന്നു. കമ്പി ഘടിപ്പിക്കാൻ ഒരു പക്ഷേ എനിക്കറിയാമായിരുന്നെങ്കിലും അപ്പോഴത്തെ സാഹചര്യങ്ങളിൽ അതു സാദ്ധ്യമാകുമെന്നെനിക്കു തോന്നിയില്ല".

നടപ്പാതയിലൂടെ അല്പം നടക്കാമെന്നു് സോമർ നിർദ്ദേശിച്ചു. ആ വഴിത്താര അപകടകരമായവിധത്തിൽ അതിത്തിരേഖയ്ക്കു വളരെ അടുത്താണെന്നെനിക്കു തോന്നി. എന്നാൽ തൻെറ സാന്നിദ്ധ്യത്തിൽ യാതൊരു കുഴപ്പവുമുണ്ടാവുകയില്ലെന്നു് അദ്ദേഹം എനി

കുറപ്പുതന്നു. അതിർത്തിയെ സൂചിപ്പിക്കുന്ന ഒട്ടനേകം അടയാളക്കല്ലുകൾക്കപ്പുറം പോകാതെ ഞാൻ അവധാനപൂർവ്വം ഞങ്ങളുടെ ഭാഗത്തുതന്നെ കാലുറപ്പിച്ചുനടന്നു. "അതാ കാണുന്ന മരക്കൂട്ടത്തിനപ്പുറം, ഒരു കിടങ്ങിൽ ഏതാനും ചെക്ക് ഭടന്മാരെ കണ്ടാൽ നിങ്ങൾ അമ്പരന്നുപോകരുതു്," ഹെർസോമർ എനിക്കു് കാര്യമാത്രപ്രസക്തമായ ഒരു മുന്നറിവു നല്കി. "ആരെയെങ്കിലും പിടികൂടാമെന്നുള്ള ആശയാണു് അവർക്കെപ്പോഴുമുള്ളതു്. ഒളിച്ചോടാൻ ശ്രമിക്കുന്ന ഒരു തടവുകാരനെ പിടിക്കാൻ കഴിഞ്ഞാൽ, അവക്കു് നാലാഴ്ചത്തെ വിശ്രമവും, ഒരു ബോണസ്സും, ഉദ്യോഗക്കയററവും പാരിതോഷികമായി ലഭിക്കും. ഉം! അതാ! ജാഗ്രത." അദ്ദേഹം പൊടുന്നനെ എൻെറ കൈത്തണ്ടിൽ മുറുക്കിക്കൊണ്ടു് എന്നെ സ്വവശത്തേയ്ക്കു ചേർത്തുപിടിച്ചു. ഈ കടുംപിടിയിൽ ഞാൻ മുട്ടുകുത്തി വീണു. "ഞാൻ നിങ്ങളെ പിടിച്ചുവലിച്ച സമയം രണ്ടു നിമിഷനേരം നിങ്ങൾ ചെക്കൊസ്ലൊവാക്കിയിലായിരുന്നു."

അന്തസ്സുവിട്ടു് തിടുക്കത്തിൽ ഞാൻ അതിർത്തിരേഖയിൽനിന്നു വഴുതിമാറിയതു്, എൻെറ കീശയ്ക്കുള്ളിൽ അമേരിക്കൻ പാസ്പോർട്ടു് ഉണ്ടെന്നുള്ള ബോധ്യത്തോടുകൂടിയായിരുന്നു. ആ പാസ്പോർട്ടിൽ "ജനനസ്ഥലം: ഓസ്ട്രാവാ, ചെക്കൊസ്ലൊവാക്കിയാ," എന്നു രേഖപ്പെടുത്തിയിരുന്നതു് ഈ അവസരത്തിൽ ഞാൻ പ്രത്യേകം ഓർമ്മിക്കുകയുമുണ്ടായി. ഏതെങ്കിലും അതിർത്തിപ്പാറാവുകാരനു് ഒരാഴ്ചത്തെ വിശ്രമമെങ്കിലും നേടിക്കൊടുക്കാമെന്നുള്ള യാതൊരു ഉദ്ദേശവും എനിക്കില്ലായിരുന്നു.

"കഴിഞ്ഞ മേയ് മാസത്തിൽ അതിർത്തിക്കുനെടുകേ സ്റ്റാലിൻേറയും, ഗോട്ട്വാൾഡിൻേറയും വലിയ

ഛായാപടങ്ങൾ ചെക്കുകാർ പ്രദർശിപ്പിച്ചു." ഞങ്ങൾ സംഭാഷണം തുടരവേ ഹെർസോമർ എന്നോടു പറഞ്ഞു. "അവർ അതിത്തിയുടെ തൊട്ടടുത്തുവരെ ഉച്ചഭാഷിണികൾ കൊണ്ടുവന്നു് ഞങ്ങളുടെ ജനങ്ങളോടായി ഒട്ടധികം വീരവാദങ്ങൾ നടത്തി. ജർമ്മൻകാരായ ഞങ്ങൾ അമേരിക്കാക്കാരെ പുറത്തെറിഞ്ഞിട്ട്, സമാധാനപ്പതാകയുടെ കീഴിൽ എന്തുകൊണ്ടു് ഒത്തുചേർന്നില്ലെന്നു് അവർ അലറി നിലവിളിച്ചു. എന്തൊക്കെയായാലും തങ്ങൾക്കു് സോവിയററ് കവചിതകാറുകളും, പട്ടാളങ്ങളും അതിത്തിക്കു സമീപം ഇല്ലെന്നായിരുന്നു ആ ചെക്കുകളുടെ വീരവാദം." ഹെർസോമർ ചിരിച്ചു. "ഇക്കാര്യത്തിൽ അവർ ഇങ്ങനെ വേവലാധിപ്പെടേണ്ട യാതൊരു കാര്യവുമില്ലായിരുന്നു. എന്തൊക്കെയായാലും ഞങ്ങളുടെ ജനങ്ങൾ മരത്തലയന്മാരല്ല. ഞങ്ങളെപ്പോലെ അതിത്തിയുമായി ഇത്രത്തോളം അടുപ്പത്തിൽ കഴിയുകയാണെങ്കിൽ വളരെയധികം കാര്യങ്ങൾ നിങ്ങൾ പഠിക്കും. എന്താണെന്നോ! ഈ അതിത്തിവേലി കേവലം ഇരുപത്തിനാലു മണിക്കൂർ സമയത്തേയ്ക്കു് ഒന്നു മാററിക്കിട്ടിയാൽ ചെക്കൊസ്ലോവാക്കിയായിലെ ജനങ്ങളിൽ പകുതിപ്പേരും പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്കു് അന്തർദ്ധാനം ചെയ്യുമെന്നു് എല്ലാവർക്കുമറിയാം. ഇക്കാലത്തു് അധികമാളുകൾ അതിത്തികടക്കാറില്ല. എന്നാൽ അങ്ങനെ ചെയ്യുന്നവർക്കു് പല കഥകളും പറയാനുണ്ടായിരിക്കും. ഒന്നു തീർച്ചയാണു്. അവർ ആദ്യമായി ഇവിടെ എത്തിച്ചേരുമ്പോൾ സംസാരിക്കാൻപോലും കഴിവില്ലാത്തവരായിട്ടാണു് കാണപ്പെടുന്നതു്. അവർ ഭയചകിതരുമാണു്. ഞങ്ങൾ അഭയാർത്ഥികളോടു് ക്രൂരമായി പെരുമാറുന്നു എന്നു് ചെക്കുകാർ അവരെ പറഞ്ഞുധരിപ്പിച്ചിട്ടുണ്ടെന്നുള്ളതാണു് അവരുടെ സംഭ്രമത്തിനു

കാരണം. എന്നാൽ അങ്ങനെയൊന്നും ഞങ്ങഠം ചെയ്യുന്നില്ലെന്നു് മനസ്സിലാക്കുമ്പോഠം അവർ ആശ്വാസത്തോടുകൂടി സംസാരിക്കാൻ തുടങ്ങുന്നു."

ഞങ്ങഠം നിശ്ശബ്ദരായി കുറേദൂരം നടന്നു. ഇരുവരും നല്ല ജാഗ്രതയോടുകൂടിത്തന്നെ സൂക്ഷിച്ചു ചുവടു വയ്ക്കുകയായിരുന്നു. ഒടുവിൽ സോമർ പറഞ്ഞു: "പരമാൎത്ഥം പറയുകയാണെങ്കിൽ, അതിൎത്തി കടന്നു് ഈ ഭാഗത്തേയ്ക്കു് വരികയെന്നതു് ഇനിമേൽ മിക്കവാറും അസാദ്ധ്യമായിത്തീൎന്നിരിക്കുകയാണു്. ഇതാ നോക്കൂ, ഇവിടെ നിന്നു് ഏററവും അടുത്ത ചെക്ക് നഗരത്തിലേയ്ക്കു് മുപ്പതു കിലോമീററിലധികം ദൂരമുണ്ടു്. വടക്കായി ഇഗറിനു സമീപം അതു കൂടുതൽ എളുപ്പമായിരിക്കും. അവിടെ അതിൎത്തിയുടെ ഒരു സ്ഥാനം ഏററവും അടുത്ത നഗരത്തിൽ നിന്നു് ആറു കിലോമീററർ മാത്രം അകലെയാണു്. സ്വാതന്ത്ര്യത്തിനുവേണ്ടി (ഫ്രീഡം ട്രെയിൻ) സഞ്ചരിക്കുന്ന പാതയിൽ നിന്നു് ഇത്രയും ദൂരം വളരെ കൂടുതലല്ല. ഏതായാലും അവർ നിയന്ത്രണങ്ങഠം കൎക്കശമാക്കിയിരിക്കുകയാണു്. അതിൎത്തിക്കു തൊട്ടുള്ളിലായി അവർ അറുപതു കിലോമീററർ വിസ്തൃതിയുള്ള ഒരു മേഖല സൃഷ്ടിച്ചിട്ടുണ്ടു്. അവിടെനിന്നു തീവണ്ടി കയറാൻ പോകുന്നവരേയോ, പെരുവഴിയേ നടന്നു പോകുന്നവരേയോ എസ്സ്. എൻ. ബി. റോന്തുകാർ തടഞ്ഞു നിൎത്തുമെന്നുള്ളതു് തീർച്ചയാണു്. ഈ മേഖലയിൽ എവിടെയെങ്കിലും സഞ്ചരിക്കാൻ ആഗ്രഹിക്കുന്ന ഒരു ചെക്കുകാരൻെറ പക്കൽ ഒരു പ്രത്യേക പെർമിററുണ്ടായിരിക്കണമെന്നു് നിർബന്ധമാണു്. ദേശീയ സമിതി (നാഷണൽ കമ്മിററി) യിൽ നിന്നാണു് ഈ പെർമിററു നൽകപ്പെടുന്നതു്. യാത്രാ ഹേതുക്കഠം അതിൽ വിവരിച്ചിരിക്കും. അതി

ത്തിക്കളളിൽ കിടക്കുന്ന ആദ്യത്തെ ഇരുപതു കിലോമീററർ പ്രദേശത്തു് ഗതാഗതം ഇതിലും കൂടുതൽ പരിമിതപ്പെടുത്തിയിരിക്കുകയാണു്. പട്ടാളത്തിൽനിന്നു് ഒരു പ്രത്യേക പെർമിററു കൂടാതെ അവിടെ ആരെയും പ്രവേശിപ്പിക്കുകപോലും ചെയ്യില്ല.”

ചെക്കു് ഭാഗത്തുള്ള ഒരു മരക്കൂട്ടത്തെ ഞങ്ങൾ സമീപിക്കുകയായിരുന്നു. ഞാൻ ആ വൃക്ഷസഞ്ചയത്തിനുള്ളിലേയ്ക്കു് സൂക്ഷിച്ചുനോക്കി. ആരെയും കണ്ടില്ല. ഏതായാലും, ഇനി നമുക്കു പുറകോട്ടു തിരിഞ്ഞുനടക്കുകയാണു് നല്ലതെന്നു് എൻെറ സഹയാത്രികൻ പറഞ്ഞപ്പോൾ എനിക്കു സന്തോഷം തോന്നി.

“ഇക്കാലത്തു് അവിടെനിന്നു രക്ഷപ്പെടുന്നതിനു് അനേകമാസക്കാലത്തെ ഒരുക്കങ്ങൾ വേണ്ടിവരുന്നുണ്ടു്. കഴിഞ്ഞ വഷകാലത്തു് സെൽബിനു സമീപം അതിത്തി കടന്ന നാലുപുരുഷന്മാരേയും, അവരുടെ ഭാൎയ്യമാരെയും കുട്ടികളെയുംപോലെ” പുറകോട്ടു തിരിഞ്ഞശേഷം സോമർ പറഞ്ഞു. “ഏതാണ്ടു് രണ്ടുവർഷം മുമ്പു് അവർ ചെക്കുപട്ടാളത്തിനുവേണ്ടി മരംമുറിപ്പു ജോലിക്കപേക്ഷിച്ചു. അനേകമാസക്കാലം അവരെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കുശേഷം അവരെ ജോലിക്കെടുക്കുകയും, പിൽസനു സമീപം പണിക്കു നിയോഗിക്കുകയും ചെയ്തു. പത്തുമാസത്തിനുശേഷം അവരേയും അവരുടെ കുടുംബങ്ങളേയും ഈ അതിൎത്തി പ്രദേശത്തേയ്ക്കു മാററി. അവർ പിന്നെയും കുറേക്കാലംകൂടി കാത്തിരുന്നു. എട്ടുമാസക്കാലം അതിൎത്തി പ്രദേശത്തിന്റെ കൺവെട്ടത്തു് മൎയ്യാദയായി അവർ പണിയെടുത്തു. ഒടുവിൽ ആരും തങ്ങളെ സംശയിക്കുകയില്ലെന്നു് തീൎച്ച വന്നപ്പോൾ ഒരു ദിവസം സ്വന്തം ഉപയോഗത്തിനായി ആർമിടക്കു് അനുവദിച്ചുകിട്ടിയാൽ കൊള്ളാമെ

ന്ന് അവർ അപേക്ഷ ബോധിപ്പിച്ചു. തങ്ങളുടെ പണിയായുധങ്ങൾ കയററിയിറക്കുന്നതിനുവേണ്ടിയാണ് അവർ വാഹനം ആവശ്യപ്പെട്ടതു്. അവർ ട്രക്കിന്റെ പുറംഭാഗത്തു് ഇരുമ്പുതകിടിട്ടു്, അതിന്മേൽ വെടിവച്ചാൽ ഏല്ക്കാത്തവിധം അതിനെ സുരക്ഷിതമാക്കി. അകത്തു് ആരെങ്കിലുമുണ്ടോ എന്നും ഉണ്ടെങ്കിൽ ആരാണെന്നും വെളിയിലുള്ളവക്ക് കണ്ടുപിടിക്കാൻ അസാദ്ധ്യമാകത്തക്കവിധത്തിലായിരുന്നു ഈ സജ്ജീകരണം. ഈ കരുതലുകളോടുകൂടി അവർ തങ്ങളുടെ സാധനങ്ങൾ സഹിതം കുടുംബാംഗങ്ങളെയെല്ലാം വണ്ടി കയററി. ഈ തൊഴിലാളികളിലൊരാൾ മുമ്പു് എസ്. എൻ. ബി–യിലെ ഒരംഗമായിരുന്നു. തന്റെ പഴയ യൂണിഫാറം അപ്പോഴും അയാളുടെ കയ്യിലുണ്ടായിരുന്നു. അയാൾ അതു ധരിക്കുകയും, താൻ ഒരു പാറാവുകാരനാണെന്നു് നടിക്കുകയും ചെയ്തു. തന്റെ തോൾ പട്ടയിൽ സൈനിക മുദ്രയുടെ സ്ഥാനം ചുവപ്പു തുണിക്കഷണങ്ങൾകൊണ്ടു് അയാൾ മറച്ചു. പ്രത്യേക ദൗത്യങ്ങൾക്കു് നിയോഗിക്കപ്പെടുമ്പോൾ എല്ലാ എസ്. എൻ. ബി. ഭടന്മാരും ഇങ്ങനെ ചെയ്യാറുണ്ടു്. എല്ലാം കണക്കിനു കൂട്ടിയശേഷം അയാൾ ഡ്രൈവറുടെ അടുത്തിരിക്കുകയും, എല്ലാവരും നേരേ അതിർത്തിയെ ലക്ഷ്യമാക്കി ഓടിക്കുകയും ചെയ്തു. പല എസ്. എൻ. ബി. പാറാവുകാരും അവരെ കണ്ടു. എന്നാൽ ആ പോക്കു തടയാൻ അവരാരും യാതൊരു ശ്രമവും നടത്തിയില്ല. കാരണം വാഹനത്തിന്റെ മുൻസീററിൽ സ്ഥാനം പിടിച്ചിരുന്നതു് യൂണിഫാറം ധരിച്ച ഒരാളായിരുന്നല്ലോ. അതിർത്തിയിൽനിന്നു് ഏതാണ്ടു് മുപ്പതുവാര അകലെവച്ചു് ട്രക്കു് ഒരു കിടങ്ങിലേയ്ക്കു ചരിഞ്ഞു. ആ പുരുഷന്മാർ നിഷ്പ്രയാസം ട്രക്കിൽനിന്നു്

സാധനങ്ങൾ ഇറക്കുകയും, തങ്ങളുടെ ഭാൎയ്യമാരുടേയും കുട്ടികളുടേയും സഹായത്തോടുകൂടി അവയെ അതിൎത്തിക്കിപ്പുറംകൊണ്ടുവരികയും ചെയ്തു. അവർ അനേക പ്രാവശ്യം ട്രക്കിനടുത്തു നടന്നുചെന്നു. അവരിലൊരാൾ തൻെറ വയലിൻ എടുത്തുകൊണ്ടുവരാനായിപ്പോയി. കുട്ടികൾ അവരുടെ കളിക്കോപ്പുകളെല്ലാം കൊണ്ടുവന്നു. അവർ കാൎയ്യങ്ങളെല്ലാം പൂൎത്തിയാക്കവേ, ചെക്ക് ഭടന്മാരേയും എസ്. എൻ. ബി. പാറാവുകാരേയും വഹിച്ചുകൊണ്ട് രണ്ടു ജീപ്പുകൾ ട്രക്കിനുനേരേ പാഞ്ഞുവന്നു. അതിൎത്തി രേഖക്കിപ്പുറം കടന്നുകൊള്ളുന്നതിന് ഒളിച്ചോട്ടക്കാരായ പുരുഷന്മാർ അവരുടെ സ്ത്രീകളോടും കുട്ടികളോടും പറഞ്ഞു. അനന്തരം അവൻ ട്രക്കിനു പുറകിൽ മറഞ്ഞുനിന്നുകൊണ്ട് വെടിതുടങ്ങി. രംഗത്തിൻെറ താൽമാറായ സ്വഭാവം നിങ്ങൾക്ക് മനസ്സിലായിക്കാണുമല്ലോ. പാറാവുകാരും ഭടന്മാരും കാര്യങ്ങളുടെ യഥാൎത്ഥനില മനസ്സിലാക്കുന്നതിനുമുമ്പ് ആ നാലുപുരുഷന്മാരും ബവേറിയായിൽ തങ്ങളുടെ കുടുംബാംഗങ്ങളോടൊത്തു ചെന്നുചേൎന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ."

ഞങ്ങൾ അതിൎത്തിവേലിയിലെത്തുന്നതിന് അല്പം മുമ്പ് സൂൎയ്യൻ അസ്തമിച്ചു. ഹെർസോമർ എന്നോടു പറഞ്ഞു: "ഇപ്പോൾ നിങ്ങൾക്ക് അവരെ കാണാം; ആ രണ്ടാംനിലയിൽ തുറന്നുകിടക്കുന്ന ജനാലയിലേയ്ക്കു നോക്കൂ."

അദ്ദേഹം ചൂണ്ടിയ വീട്ടിലേയ്ക്കു ഞാൻ നോക്കി; അവരെ കണ്ടു—കാക്കി യൂണിഫാറം ധരിച്ച രണ്ടുപേർ. അവരിലൊരാൾ ഒരു ജോഡി ഫീൽഡ് ഗ്ലാസുകളിലൂടെ ഞങ്ങളെ സൂക്ഷിച്ചുനോക്കുകയായിരുന്നു. മറെറാരാൾ ഞങ്ങളുടെ നേരേ ഉന്മുഖമായിരുന്ന ഒരു

യാന്ത്രികപരീരങ്കിക്കു തൊട്ടരികിൽ നീല്ക്കുകയും ഞങ്ങഠം അങ്ങോട്ടും ഏകാഗ്രമായി തുറിച്ചുനോക്കിയപ്പോഠം അവരിരുവരും ഇരുളിൽ മറഞ്ഞു.

ഞങ്ങഠംക്കും അതിത്തിവേലിക്കും ഇടയ്ക്കു് ഇരുപതു് വാരയോളം സ്ഥലമാണുണ്ടായിരുന്നതു്. അപ്രമേയമായ ഒരു മേഖലയാണതെന്നു് തോന്നി. എങ്കിലും അതിൻെറ സാക്ഷാൽ സ്വഭാവം ഞങ്ങഠം കണ്ടെത്തി. ഹെർസോമർ ഒരലക്ഷ്യഭാവമാണു് പ്രദർശിപ്പിച്ചതു്. "പശ്ചിമ ജമ്മനിക്കും കിഴക്കേ ജമ്മനിക്കും ഇടയ്ക്കുള്ള സാക്സൺ അതിത്തിയിൽ കൂടുതൽ നല്ല ഒരു ഉദ്യോഗം എനിക്കു വാഗ്ദത്തമായിട്ടുണ്ടു്." ഞാൻ കാറിൽ കയറവേ അദ്ദേഹം പറഞ്ഞു. "കൂടുതൽ പണവും ഒരു ഉദ്യോഗക്കയററവും കിട്ടും. പക്ഷേ, ഞാനതു നിരസിക്കാൻ പോവുകയാണു്. ഇവിടത്തെ സ്ഥിതിഗതികഠം വേണ്ടുവോളം മോശമാണു്. എന്നിരുന്നാലും, സാക്സണിക്കു ചുററും ജമ്മൻകാർ ജമ്മൻകാരുടെ നേരേ കഴുത്തറുക്കുകയാണു്. അത്തരത്തിലുള്ള ഒരു സ്ഥിതി ഇവിടത്തെക്കാഠം വഷളായിരിക്കാനാണിടയുള്ളതു്.

വീണ്ടും കാറിലിരുന്നപ്പോഠം എനിക്കു കൂടുതൽ ആശ്വാസം തോന്നി. ഞാൻ വണ്ടി വിട്ടു; എഞ്ചിൻെറ ഘർഘരാരവം കർണ്ണമധുരമായി തോന്നി. ഞങ്ങഠം കാറോടിച്ചുപോകവേ സോമർ പുറകോട്ടു തിരിഞ്ഞു നോക്കി. നേരത്തേ സൂചിപ്പിച്ച കൂട്ടർ ഈ സമയം കെട്ടിടത്തിൻെറ മുമ്പിൽ വന്നു് ഞങ്ങളെ സൂക്ഷിക്കുകയായിരുന്ന എന്നു് അദ്ദേഹം പറഞ്ഞു. എനിക്കും പുറകോട്ടു തിരിഞ്ഞു നോക്കണമെന്നു തോന്നി. എന്നാൽ എൻെറ ആഗ്രഹം എത്രയും വേഗം അവിടം വിടാനായിരുന്നു. വദ്ധമാനമായ ഉത്സാഹത്തോടുകൂടി ഞാൻ പട്ടണത്തിലൂടെ അതിവേഗം ഓടിച്ചു പോയി.

KOTTAYAM PUBLIC LIBRARY

~~JAWAHAR BAL BHAVAN & CHILDREN'S LIBRARY~~

KOTTAYAM.

Cl. No. N00J    Acc. No. 20846

This book should be returned on or before the date last stamped below.

20 SEP 1976
6 OCT 1976
10 JUL 1979
4 OCT 1980
2 JAN 1981
15 JAN 1986
28 AUG 2010

൩൦൨
Wec-S ൧0846

വെഷ്ബെർഗ്ഗ്, ജോസഫ്
സഞ്ചാരിയായ പത്രലേഖകൻ

# ചെമന്ന കൈപ്പത്തി

പതിനെട്ടിൽപ്പരം ഡിറക്ടീവ് നോവലുകളെഴുതി
സഹൃദയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു
പാത്രീഭൂതനായ ഹിന്ദി സാഹിത്യകാരൻ
**ദുർഗ്ഗാപ്രസാദ് ഖത്രിയുടെ**
ഏററവും പ്രസിദ്ധമായ കൃതി!

വിവ: **മോഹൻ ഡി. കങ്ങഴ.** വില 2 രൂ.

# മൃത്യുകിരണം

ദുർഗ്ഗാപ്രസാദ് [illegible] ഏററവും മികച്ച കൃതിയായ
'രക്തമണ്ഡലം' [illegible] 4 ഭാഗങ്ങളു [illegible]
ഈ പുസ്തകം [illegible] വികാരപാരമ്യ
യിലെത്തിക്കുന്ന [illegible] തികളും സ്വാഭാവികമായ
സംഭവഗതികൾ, അനവദ്യസുന്ദരമായ
അവതരണരീതി–ഈ നോവലിന്റെ
സവിശേഷതകളാണ് ഇവ
എല്ലാററിലും ഉപരിയായ
വെറുമൊരു ഡിറക്ടീവ് നോവൽ
മാത്രമല്ല, [illegible]
സത്യങ്ങളുടെ [illegible] ആവിഷ്കരണം!

വിവ: **മോഹൻ ഡി. കങ്ങഴ.**

ഒന്നാംഭാഗം വില 2 രൂപാ.
ബാക്കി ഓരോ ഭാഗത്തിനും വില 2-50 രൂ. വീതം

ആവശ്യപ്പെടുക:-
വിദ്യാരംഭം പ്രസ്സ് & ബുക്കുഡിപ്പോ പ്രൈ: ലിമിറ്റഡ്
മുല്ലയ്ക്കൽ — ആലപ്പുഴ

ജോസഫ് വെഷ്ബെട്ട്